## അദ്ധ്യായം 1

# ജാതികളെക്കുറിച്ചുള്ള ചിത്രീകരണം

**അനുശാസനം (1:1-7)**

ഒരു സമൂഹത്തിൽ നിന്ന് മറ്റൊരു സമൂഹത്തിൽ കത്തെഴുതുന്ന ശൈലി വ്യത്യസ്തമാണ്. ഞാൻ ഒരു കത്ത് എഴുതുമ്പോൾ, ആർക്കാണോ കത്ത് എഴുതുന്നത് ആ വ്യക്തിയുടെ പേര് ഏറ്റവും ആദ്യം ചേർക്കുന്നു, പിന്നീട് കത്തിന്റെ ഒടുവിലായി എന്റെ പേരും. പുതിയ നിയമ കാലയളവിൽ, സാധാരണയായി കത്തുകൾ എഴുതപ്പെട്ടിരുന്നത് ഒരു നീളത്തിലുള്ള, ചുരുൾ താളുകളിലാണ്. എഴുത്ത് എഴുതുന്ന വ്യക്തി കത്തിന്റെ ആരംഭത്തിൽ തന്നെ പേര് ചേർത്തിരുന്നു; അതിലൂടെ കത്ത് ലഭിക്കുന്ന വ്യക്തിക്ക്, കത്ത് ലഭിക്കുന്നയുടൻ തന്നെ ആരാണ് അത് അയച്ചതെന്ന് മനസ്സിലാക്കുന്നതിന് സാധിച്ചിരുന്നു. ആ കാലഘട്ടത്തിൽ, കത്ത് അയയ്ക്കുന്ന വ്യക്തിയുടെ പേര്, ആർക്കാണോ കത്ത് എഴുതപ്പെടുന്നത് അയാളുടെ പദവിയും തുർന്നുള്ള അഭിവാദ്യങ്ങളും കൊണ്ടായിരുന്നു സാമ്പ്രദായികമായി കത്തുകൾ ആരംഭിച്ചിരുന്നത്. വായനക്കാർക്ക് പരിചി തമായ ഒരു ശൈലി തന്നെയാണ് പൗലൊസും തന്റെ കത്തുകളിൽ പിന്തുടർന്നത് – ദൈനംദിന എഴുത്തുകുത്തു കളിൽ ഉപയോഗിച്ചിരുന്ന അതേ ശൈലി.

പൗലൊസ് റോമർക്ക് എഴുതുന്ന കത്തിന്റെ പ്രാരംഭ വാക്യങ്ങളിൽ തന്നെ സാധാരണമായ ഈ മൂന്ന് ഘടകങ്ങളും ഉണ്ട്:

എഴുതുന്ന വ്യക്തിയുടെ പേര്: ''പൗലൊസ്'' (1:1)
കത്ത് ലഭിക്കുന്ന വ്യക്തികളുടെ പദവികൾ: ''റോമിലുള്ള... എല്ലാവർക്കും'' (1:7എ)
ഒരു അഭിവാദനം: ''കൃപയും ...സമാധാനവും'' (1:7ബി)

എങ്കിലും, പൗലൊസ് തന്റെ സ്വന്തം ഉദ്ദേശ്യങ്ങൾക്കായി പരിചിതമായ ക്രമീകരണം സ്വീകരിച്ചുവെങ്കിലും ഓരോ ഭാഗങ്ങളിലും, മഹത്തരമായ ആത്മീയ സത്യങ്ങൾ നിറച്ചു. അതിനാൽ, ഓരോ പദശൈലിയും നാം ശ്രദ്ധാപ പൂർവ്വം ചിന്തിക്കേണ്ടത് ആവശ്യമാണ്.

**ലേഖകനായ പൗലൊസ് (1:1-6)**

**[1]ദൈവം തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ചു വിശുദ്ധരേഖകളിൽ [2]തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തിന്നായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൗലൊസ്**

**റോമയിൽ ദൈവത്തിന്നു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നതു: നമ്മുടെ പിതാവായ ദൈവത്തിങ്കൽന ിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപ യും സമാധ ാനവും ഉണ്ടാകട്ടെ. [3]ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽനിന്നു ജനിക്കയും [4]മരിച്ചിട്ടു ഉയിർത്തെ ഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു [5]ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ [6]ഞങ്ങൾ അവന്റെ നാമത്തിന്നായി സകലജാതികളുടെയും ഇടയിൽ വിശ്വാസത്തിന്നു അന ുസരണം വരുത്തേണ്ടതിന്നു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചതു.**

റോമാ ലേഖനത്തിന്റെ ആരംഭ വചനങ്ങൾ, പൗലൊസിന്റെ കത്തുകളുടെ ഒരു സവിശേഷത വെളിവാക്കുന്നുണ്ട്. ഒരു ചിന്ത അദ്ദേഹത്തെ വ്യത്യസ്തമായ മറ്റൊരു ചർച്ചയിലേക്കും പിന്നീട് അത് അദ്ദേഹത്തെ മറ്റൊരു വിഷയത്തിന്റെ ചർച്ചയിലേക്കും നയിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഒരു ആശയത്തിൽ നിന്ന് മറ്റൊരു ആശയത്തിലേക്കും അവിടെ നിന്ന് ഇനിയുമൊരു ആശയത്തി ലേക്കും തെന്നി നീങ്ങിക്കൊണ്ടിരുന്നു. ഏറെ ദൈർഘ്യമുള്ള ഒറ്റ വാക്യങ്ങളാ യിരുന്നു ഇതിന്റെ ഫലം. ഈ കത്തിലെ ആദ്യത്തെ ഏഴ് വചനങ്ങൾ ഒറ്റ വാക്യ മാണ് ഗ്രീക്ക് വാക്യത്തിൽ – 93 വാക്കുകളും എൻഎഎസ്ബി–യിൽ 127ഉം.[1] പൗലൊസിന്റെ ചിന്താധാരയെ പിന്തുടരുക ഏറെ വെല്ലുവിളിയുയർത്തുന്നതാണ്!

**വാക്യം 1. പൗലൊസ്** ഒരിക്കലും റോമിലേക്ക് പോയിട്ടില്ലാഞ്ഞതിന ാൽ (1:13), അദ്ദേഹത്തിന്റെ തുടക്കത്തിലുള്ള വാക്കുകൾ ഒരു വ്യക്തിഗത മുഖവുരയായി തീരുന്നു. റോമിലെ ക്രിസ്തീയ വിശ്വാസികൾക്ക് മുൻപിൽ, ഇരു കൈകളും നീട്ടി നിന്ന് അപ്പൊസ്തലൻ പറയുന്നതു പോലെയാണിത്, ''എന്നെ ഞാൻ സ്വയം പരിചയപ്പെടുത്തട്ടെ!''

തന്നെ ''പൗലൊസ്'' എന്ന് സ്വയം പരിചയപ്പെടുത്തിയ ശേഷം, അദ്ദേഹം തന്റെ സ്ഥാനം അഥവാ പദവിയെക്കുറിച്ച് സംസാരിക്കുന്നു: **അദ്ദേഹം യേശുക്രിസ്തുവിന്റെ ഒരു ദാസനാണ്** (ഇംഗ്ലീഷ് ഭാഷാന്തരത്തിൽ ''ഉടമ്പടിയി ലൂടെ ബന്ധിക്കപ്പെട്ടിട്ടുള്ള അടിമ''). ''ഉടമ്പടിയിലൂടെ'' ബന്ധിക്കപ്പെട്ടിട്ടുള്ള അടിമ എന്ന പദം മൊഴിമാറ്റം ചെയ്തിരിക്കുന്നത് ''അടിമ'' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് (δοῦλος, *doulos*). ''അടിമ'' എന്ന പദവും അത് എന്തൊക്കെ അർത്ഥമാക്കുന്നുവോ അതും റോമിലെ നിവാസികൾക്ക് സുപരിചിതമായിരുന്നു. റോമിലെ ജനസംഖ്യയിൽ പകുതിയിൽ ഏറെയും അടിമകളായിരുന്നുവെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട് (ഒരു പക്ഷേ 600,000). ഒരു അടിമ എന്ന് പേര് ഉപയോഗിച്ച് വിളിക്കുന്നത് തന്നെ ഒരു ശരാശരി റോമാ പൗരൻ അപമാനകരമായി കണക്കാക്കിയിരുന്നു. ഒരു അടിമ മറ്റൊരു വ്യക്തിയുടെ സ്വന്തമായിരുന്നു; അയാൾ ഒരു സ്വത്തായിരുന്നു. അയാൾക്ക് വ്യക്തിപരമായ മറ്റൊരു അവകാശങ്ങളും ഉണ്ടായിരുന്നുമില്ല. അയാളുടെ ജീവിതത്തിന്റെ മുഴു ഉദ്ദേശ്യം തന്നെ, സ്വന്തം യജമാനനെ പ്രീതിപ്പെടുത്തുക എന്നത് മാത്രമായിരുന്നു. എങ്കിൽക്കൂടിയും, പൗലൊസ് തന്നെത്തന്നെ ഒരു അടിമയായി വിശേഷിപ്പിക്കുകയാണ് – "യേശുക്രിസ്തുവിന്റെ" ഒരു അടിമ. അപ്പൊസ്തലൻ സ്വമേധയാ അടിമയായിത്തീർന്ന ഒരു അടിമായിരുന്നു. അദ്ദേഹം സ്വന്തം ജീവിതത്തെക്കുറിച്ച് ചിന്തിച്ചില്ല; മറിച്ച് തന്റെ യജമാനനെ

അനുസരിക്കുന്നതിനായി സമ്പൂർണ്ണ ജീവിതം ഉഴിഞ്ഞു വെച്ചു (ഗലാ. 2:20).

ഓരോ ക്രിസ്തീയ വിശ്വാസിയും യേശു കർത്താവിന്റെ അടിമയാണ്. അവിടുന്ന് അവനെ സ്വന്ത രക്തത്താൽ വിലയ്ക്ക് വാങ്ങിയതാണ് (1 കൊരി. 6:19, 20:7; 22, 23; 9:19); അവൻ അവനുള്ളതാണ്. പിന്നീട് റോമാ ലേഖനത്തിൽ, ആളുകൾ സ്നാനത്തിലൂടെ ക്രിസ്തുവി നോട് ചേർന്നപ്പോൾ (6:3–6), അവർ "നീതിയുടെ ദാസന്മാർ" ആയിത്തീർന്നു (6:17, 18) എന്ന് അടിവരയിട്ട് പൗലൊസ് പറഞ്ഞു. അതിനാൽ, ക്രിസ്തീയ വിശ്വാസികൾ, ചെയ്യുന്നഎല്ലാറ്റിലും നീതിമാനായ യജമാനനെ (കർത്താവ്) മഹത്വപ്പെടുത്തുന്നതിന് നിർണ്ണയമെടുക്കേണ്ടതാണ്.

താൻ ഒരു അടിമയായിരുന്നു എന്ന് പ്രസ്താവിച്ചതിന് ശേഷം, പൗലൊസ് തന്റെ പ്രാമുഖ്യം പരാമർശിക്കുന്നു: **അദ്ദേഹത്തെ ഒരു അപ്പൊസ്തലനായി വിളിച്ചിരിക്കുന്നു**. മുഖ്യമായും അദ്ദേഹം ക്രിസ്തുവിന്റെ ഒരു അടിമയാണ്; രണ്ടാമതായി, അദ്ദേഹം ഒരു അപ്പൊസ്തലനാണ്. ദൈവരാജ്യത്തിലെ നമ്മുടെ പങ്ക് എന്താണെങ്കിലും, നാം പ്രാഥമികമായും സർവ്വപ്രധാനമായും സേവകരാണ്.

''അപ്പൊസ്തലൻ'' എന്നത് ഒരു ഗ്രീക്ക് പദം (ἀπόστολος, *apostolos*) ആണ്. അത് ഇംഗ്ലീഷ് ഭാഷയിൽ ലിപ്യന്തരം ചെയ്തിരിക്കുകയാണ്. ''-ൽ നിന്ന്'' (ἀπό, *apo*) എന്ന ഉപസർഗ്ഗവും ''അയയ്ക്കുക'' (στέλλω, *stellō*) എന്ന അർത്ഥം വരുന്ന ഒരു ക്രിയയുടെ ''നാമ'' വകഭേദവും അത് ഒരുമിച്ച് കൂട്ടിയിണക്കുന്നു. ''അപ്പൊസ്തലൻ'' എന്ന പദത്തിന്റെ ആക്ഷരികമായ അർത്ഥം ''അയയ്ക്കപ്പെട്ടവൻ'' എന്നാണ്.[2] ഈ വാക്ക് ചിലപ്പോൾ പൊതുവായ അർത്ഥത്തിൽ ഉപയോഗി ക്കാറുണ്ട്. യോഹ. 13:16–ൽ "അയച്ചവൻ" എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ളപ്പോൾ, ഫിലി. 2:25–ൽ "ദൂതൻ" എന്നാണ് ഭാഷാന്തരം ചെയ്തിട്ടുള്ളത്. അന്തോക്യയിലെ സഭയാൽ അയയ്ക്കപ്പെട്ടതിനാൽ (അപ്പൊ. പ്ര. 13:1–3) ബർന്നബാസിനെ അപ്പോസ്തലൻ എന്ന് പരാമർശിക്കുന്നതായി കാണാം (അപ്പൊ. പ്ര. 14.14). സാധാരണയായി, "അപ്പൊസ്തലൻ" എന്ന വാക്ക് പുതിയ നിയമത്തിൽ ഒരു പ്രത്യേക അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. അതായത്, യേശു തന്നെ തിരഞ്ഞെടുത്ത് അയച്ചിട്ടുള്ളവരെ പരാമർശിക്കുന്നതിനു വേണ്ടി: പന്ത്രണ്ട് പേരും (ലൂക്കോ. 6:13; അപ്പൊ. പ്ര. 1:26) പൗലൊസും. ജാതികൾക്ക് അപ്പൊസ്തലനായിട്ടാണ് പൗലൊസിനെ ക്രിസ്തു തിരഞ്ഞെടുക്കുന്നത് (അപ്പൊ. പ്ര. 9.15).

സ്വയം-അവരോധിതനായ അപ്പൊസ്തലനാണ് പൗലൊസ് എന്ന് അദ്ദേഹത്തിന്റെ വിമർശകർ ആരോപിക്കുന്നു. അതിനാൽ, ''അപ്പൊസ്തലനായി വിളിക്കപ്പെട്ടവൻ ആയിത്തീർന്നിരിക്കുന്നു" എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. "ദൈവേഷ്ടത്താൽ ... വിളിച്ചു'' (1 കൊരി. 1:1; കാണുക ഗലാ. 1:1; എഫെ. 1:1; കൊലൊ. 1:1; 1 തിമൊ. 1:1; 2 തിമൊ. 1:1). ഈ ദൈവിക വിളി, ''കൃപയും അപ്പൊസ്തലത്വവും'' പ്രാപിച്ച ദമേസ്കൊസിൽ വെച്ചാണ് ഉണ്ടായത് (1:5).

തന്റെ സ്ഥാനവും പ്രാമുഖ്യവും പരാമർശിച്ചതിന് ശേഷം, പൗലൊസ് തന്റെ ഉദ്ദേശ്യം ഉയർത്തിക്കാട്ടുന്നു: അദ്ദേഹം, **ദൈവത്തിന്റെ സുവിശേഷത്തിനായി വേർതിരി ക്കപ്പെട്ടിരിക്കുന്നു**. ഗുഡ്സ്പീഡിന്റെ ഭാഷ്യത്തിൽ, ''ദൈവത്തിന്റെ സുവാർത്ത ഘോഷിക്കുന്നതിനായി വേർതിരിക്കപ്പെട്ടിരിക്കുന്നു.'' വാക്യം 15–ൽ, പൗലൊസ് തന്റെ വായനക്കാരോട് പറഞ്ഞു, ''നിങ്ങളോടും സുവിശേഷം അറിയിക്കു ന്നതിനായി ഞാൻ എന്നാൽ

ആവോളം ഒരുങ്ങിയിരിക്കുന്നു." അദ്ദേഹത്തിന്റെ ജീവിതത്തിലെ ഉദ്ദേശ്യം, എല്ലാ ആൾക്കാരോടും സുവിശേഷം പങ്കിടുകയാണ്.

പൗലൊസ് തീഷ്ണതയുള്ള ഒരു പരീശൻ (ഫിലി. 3:5, 6) ആയിരുന്നതിനാൽ, അദ്ദേഹം വാക്കുകൾ സമർത്ഥമായി ഉപയോഗിച്ചിട്ടു ണ്ടാകാം. "വേർതിരിച്ചു വിളിക്കപ്പെടുക" (ἀφωρισμένος, *aphōrismenos*) എന്ന പദത്തിന് "പരീശൻ" (Φαρισαῖος, *Pharisaios*) എന്ന അതേ മൂലപദ അർത്ഥമാണുള്ളത്.[3] ആൻഡ്രൂ നൈഗ്രേൻ സമാനമായ ചിന്തകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നുണ്ട്: "ഒരു പരീശൻ എന്ന നിലയിൽ അദ്ദേഹം ന്യായപ്രമാണത്തിനായി സ്വയം വേർ തിരിച്ചു. എന്നാൽ ഇപ്പോൾ ദൈവമാകട്ടെ അദ്ദേഹത്തെ തികച്ചും വ്യത്യസ്തമായി ഒന്നിനു വേണ്ടി വേർതിരിക്കുകയാണ്, 'ദൈവത്തിന്റെ സുവിശേഷത്തിനായി.' "[4]

പൗലൊസ് വ്യക്തിഗതമായ ഒരു പരിചയപ്പെടുത്തൽ നൽകുന്നുണ്ടെങ്കിലും, അദ്ദേഹം ഇനിപ്പറയുന്ന വാക്കുകളോടെ തന്നിൽ നിന്ന് അതിവേഗം ശ്രദ്ധ സുവിശേഷത്തി ലേക്ക് തിരിച്ചു വിടുകയാണ്: "സുവിശേഷത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ടിരിക്കുന്നു." "സുവിശേഷം" (εὐαγγέλιον, *euangelion*) എന്ന് ഭാഷാന്തരം ചെയ്യപ്പെടുന്ന വാക്കിൽ "ശുഭ" (εὖ, *eu*), "വാർത്ത" (ἀγγελία, *angelia*) എന്നീ വാക്കുകൾ അടങ്ങുന്നു.

യഥാർത്ഥത്തിൽ സംഭവിച്ച ഒന്നിന്റെ റിപ്പോർട്ടാണ് വാർത്ത; എന്നാൽ അത് അതിലും സവിശേഷതയേറിയ ഒന്നാണ്. ഞാൻ ഇന്ന് രാവിലെ തലമുടി ചീകിയത് ഒരു വാർത്തയേ അല്ല. വാർത്ത, സംഭവിച്ചതും എന്നാൽ പ്രാധാന്യമർഹിക്കു ന്നതുമായ ഒന്നാണ് സുവിശേഷം ''വാർത്ത'' ആണ് എന്ന വസ്തുത തന്നെ അത് യഥാർത്ഥത്തിൽ സംഭവിച്ചതാണ് - അത് ഒരു കെട്ടുകഥ അല്ല - എന്നും അത് പ്രാധാന്യമർഹിക്കുന്നതാണെന്നും സൂചിപ്പിക്കുന്നു! എങ്കിലും, സുവിശേഷം വെറും വാർത്തയല്ല; അതിനേക്കാൾ ഏറെ മഹത്തരമായ ഒന്നാണ്; അത് സുവാർത്തയാണ്. എനിക്ക് എന്റെ ജോലി നഷ്ടപ്പെടുന്നുവെങ്കിൽ, അത് പ്രാധാന്യമുള്ള ഒന്നായിരിക്കും; എന്നാൽ എന്റെ ഭാര്യയെ സംബന്ധിച്ചിടത്തോളം അത് ശുഭ വാർത്തയായിരിക്കില്ല. ആരെങ്കിലും എനിക്ക് ഒരു വൻ തുക നൽകുന്നുവെങ്കിൽ, അവൾക്ക് അത് ഒരു "വാർത്ത"-യും "നല്ല"-തും ആയിരിക്കും. സുവിശേഷത്തിന്റെ "സുവാർത്ത,'' നാം പാപം മൂലം തെറ്റിപ്പോയവരും നമ്മെത്തന്നെ രക്ഷിക്കുന്നതിന് കഴിയാത്ത വരും ആയിരുന്നുവെങ്കിലും ദൈവം നമ്മെ സ്നേഹിക്കുകയും നാം രക്ഷിക്ക പ്പെടുന്നതിനായി, സ്വന്ത പുത്രനെ നമുക്ക് വേണ്ടി മരിക്കുന്നതിനായി അയയ്ക്കുകയും ചെയ്തു (യോഹ. 3:16) എന്നതാണ്. സുവാർത്തയുടെ ഹൃദയം, യേശു ക്രിസ്തുവിന്റെ മരണവും അടക്കവും പുനരുത്ഥാനവും ആണ് (1 കൊരി. 15:1-4).

സുവാർത്ത സംബന്ധിച്ച്, അത് ദൈവം നൽകിയതാണ് എന്ന് പൗലൊസ് ആദ്യം സൂചിപ്പിക്കുന്നു. അദ്ദേഹം അതിനെ ''ദൈവത്തിന്റെ സുവിശേഷം'' എന്നാണ് വിളി ക്കുന്നത്. സുവിശേഷം പൗലൊസിന്റെ ഹൃദയത്തിൽ ഉദിച്ചതല്ല; അത് മനുഷ്യന്റെ ജ്ഞാനത്തിന്റെ ഒരു ഉൽപ്പന്നവുമല്ല; അത് ദൈവത്തിൽ നിന്ന് തന്നെ വന്നതാണ്. അആ അതിനെ ''ദൈവത്താലും ദൈവത്തിൽ നിന്നുമുള്ളത്" എന്ന വിളിക്കുന്നു.

**വാക്യം 2**. ഇതിനോടൊപ്പം, സുവിശേഷം പ്രവാചകന്മാർ വാഗ്ദാനം ചെയ്തതാണ് എന്ന് പൗലൊസ് പ്രസ്താവിക്കുന്നുണ്ട്: **വിശുദ്ധരേഖകളിൽ**

**തന്റെ പ്രവാചകന്മാർ മുഖാന്തരം മുൻകൂട്ടി വാഗ്ദത്തം ചെയ്ത**. യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം, "പഴയ നിയമത്തിന്റെ മണ്ണിൽ ബലമായി ഉറച്ചിരിക്കുന്നുവെന്ന് എല്ലാവരും അറിയണമന്ന് അദ്ദേഹം ആഗ്രഹിക്കുന്നു''[5] (കാണുക 1:17). റോമാ ലേഖനത്തിൽ, എബ്രായ തിരുവെഴുത്തുകളിൽ നിന്ന് എഴുപത്തി നാല് പ്രാവശ്യം ഉദ്ധരണികളുണ്ട്.[6]

**വാക്യം 3**. ഏറ്റവും പ്രധാനപ്പെട്ടത്, സുവിശേഷം ചൂണ്ടിക്കാണിക്കുന്നത് യേശുക്രിസ്തുവിനെയാണ് എന്നുള്ളതാണ്. തന്റെ **പുത്രനെ സംബന്ധിച്ച്,** ദൈവത്തിൽ നിന്ന് ഉത്ഭവിക്കുന്നതാണ് സുവിശേഷം. ഫിലിപ്പ് പറയുന്നത്, "സുവിശേഷം ദൈവ പുത്രനിൽ കേന്ദ്രീകൃതമാണ്.'' ഈ സന്ദേശത്തിന് ഒരു കേന്ദ്ര സ്ഥാനം മാത്രമേയുള്ളു; ആ കേന്ദ്ര സ്ഥാനം ക്രിസ്തുവാണ്.[7]

ഈ ബിന്ദുവിൽ, പൗലൊസ് തന്റെ ദൃഷ്ടി കേന്ദ്രം വീണ്ടും മാറ്റുകയാണ്-ഈ സമയം യേശുക്രിസ്തുവിലേക്ക്. 3-ഉം 4-ഉം വാക്യങ്ങളിൽ, യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള ഏറ്റവും മഹത്തായ പ്രസ്താവനകളിലൊന്ന് അടങ്ങുന്നു. യേശുക്രിസ്തു, **ജഡം സംബന്ധിച്ച് ദാവീദിൽ നിന്ന് ജനിച്ചു** എന്ന് ആദ്യം പൗലൊസ് പറയുന്നു. ക്രിസ്തുവിന്റെ മനുഷ്യ സ്വഭാവം സംബന്ധിച്ച്, അവിടുന്ന് ദാവീദ് രാജാവിന്റെ നേരിട്ടുള്ള അനന്തര തലമുറക്കാരിയായ (മത്താ. 1:1) മറിയത്തിൽ ജൻമം കൊണ്ടതിനാൽ, ദാവീദ് രാജാവിന്റെ ഒരു സന്തതിയായിരുന്നു (ലൂക്കൊ. 1:27). അതിനാൽ യേശുക്രിസ്തു ഒരു പൂർണ്ണ മനുഷ്യനായിരുന്നു.

**വാക്യം 4**. അതേ സമയം, യേശുക്രിസ്തു ഒരു പൂർണ്ണ ദൈവവുമായിരുന്നു. അവിടുന്ന്, **ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്ക പ്പെട്ടു**. വാക്യം 3-ഉം 4-ഉം തമ്മിലുള്ള വൈരുദ്ധ്യം വളരെ വ്യക്തമാണ്: ശരീരം സംബന്ധിച്ച് യേശുക്രിസ്തു ദാവീദിന്റെ വംശാവലിയിലാണ് ജനിച്ചതെങ്കിലും ആത്മാവ് സംബന്ധിച്ച് അവിടുന്ന് ദൈവത്തിന്റെ പുത്രനായിരുന്നു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനം, അവിടുത്തെ ദൈവീക പുത്രത്വത്തിന്റെ അവിതർക്കിതമായ തെളിവ് നൽകുന്നു. ഈ വാക്യങ്ങളുടെ അന്ത:സത്ത ഗുഡ്സ്പീഡ് ഭാഷാന്തരം ചെയ്യുന്നതിങ്ങനെ യാണ്: "അവിടുന്ന് ദാവീദിന്റെ വംശത്തിൽ ശാരീരികമായി പിറന്നു, എന്നാൽ നിർണ്ണാ യകമായി ദൈവപുത്രനായി പ്രഖ്യാപിതനായി... മരണത്തിൽ നിന്ന് ഉയർത്തെഴുന്നേ റ്റതിലൂടെ.'' അടിസ്ഥാനപരമായ അർത്ഥം വ്യക്തമാണ് - എങ്കിലും, ശ്രദ്ധാ പൂർവ്വം വിശകലനം ചെയ്യേണ്ട അസംഖ്യം വിവരങ്ങൾ ഈ വാക്യത്തിലുണ്ട്.

യേശുക്രിസ്തു "ദൈവപുത്രനായി പ്രഖ്യാപിതനായി.'' ഉയിർത്തെഴുന്നേൽപ്പ് അല്ല യേശുക്രിസ്തുവിനെ ദൈവ പുത്രനാക്കിത്തീർത്തത് - കാരണം, അവൻ എന്നും ദൈവികനായിരുന്നു. മറിച്ച്, "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു" (മത്താ. 17:5; കാണുക 3:17) എന്ന ദൈവത്തിന്റെ തുടരുന്ന പ്രഖ്യാ പനം ആയിരുന്നു ഉയിർത്തെഴുന്നേൽപ്പ്. യേശുക്രിസ്തു ദൈവത്തിന്റെ പുത്രൻ അല്ല എന്ന് പറയുന്നതിനുള്ള ലോകത്തിന്റെ ഒരു മാർഗ്ഗം ആയിരുന്നു ക്രൂശ് എങ്കിൽ (മത്താ. 27:40 കാണുക), "അതേ, അവൻ തന്നെ!" എന്ന് പ്രഖ്യാപിക്കുന്നതിനുള്ള പിതാവായ ദൈവത്തിന്റെ ഒരു മാർഗ്ഗം ആയിരുന്നു ഉയിർത്തെഴുന്നേൽപ്പ്.

യേശുക്രിസ്തു "ദൈവ പുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെട്ടു.'' റോമാക്കാർക്ക് ശക്തിയെക്കുറിച്ച് നന്നായി അറിയാമായിരുന്നു. അവർ

അധികാരം കൈയ്യാളി യിരുന്നു; അവർ ശക്തിയെ ആരാധിച്ചിരുന്നു. നിങ്ങൾ അവരോട് "ആർക്കാണ് ശക്തി യുള്ളത്?" എന്ന് ചോദിച്ചാൽ, അവർ ഒരു പക്ഷേ ഇങ്ങനെ പറയുമായിരുന്നു, "ചക്ര വർത്തിക്ക്, സൈന്യത്തിന്റെ പിൻബലത്തോടെ അതാണ് ശക്തി." അവരുടെ വീക്ഷണ ത്തിന് ഘടക വിരുദ്ധമായി, ശക്തനായവൻ ദൈവമാണ്; അവിടുന്ന്, തന്റെ പുത്രനെ മരണത്തിൽ നിന്ന് ഉയിർപ്പിക്കുന്നതിനായി തന്റെ മഹിമാ ശക്തി ഉപയോഗിച്ചു.

യേശുക്രിസ്തു ''മരിച്ചിട്ട് ഉയിർത്തെഴുന്നേൽക്കയാൽ... ദൈവ പുത്രൻ എന്ന് നിർണ്ണയിക്കപ്പെട്ടു.''[8] ദൈവത്തിന്റെ രക്ഷാ പദ്ധതിയിൽ, ഉയിർത്തെഴുന്നേ ൽപ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ട് (കാണുക 6:4. 5, 9; 7:4; 8:11, 34; 10:9). യേശുക്രിസ്തുവിന്റെ ശരീരം കല്ലറയിൽ തന്നെയായിരുന്നിരുന്നുവെങ്കിൽ, പാപങ്ങൾക്ക് വേണ്ടിയുള്ള അവിടുത്തെ ബലിദാനം, ദൈവത്തിന് സ്വീകാര്യമായി രുന്നുവോ അല്ലായിരുന്നുവോ എന്ന ഒരു ചോദ്യം നിലനിൽക്കും. ദൈവം യേശുക്രിസ്തുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചു എന്ന യാഥാർത്ഥ്യം, ആ ബലിദാനം സ്വീകരിക്കപ്പെട്ടുവെന്നും ദൈവത്തിന്റെ പാപത്തോടുള്ള വിശുദ്ധ ക്രോധത്തിന് (1:18) പരിഹാരമായി എന്നും പ്രഖ്യാപിക്കുകയാണ് (3:25)! ഠയശു ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് സമാനതകളില്ലാത്തതായിരുന്നു. മറ്റ് പലരും ഉയിർത്തെഴുന്നേറ്റുവെങ്കിലും യേശുക്രിസ്തുവിനെ മാത്രമാണ് "ഇനിയൊരി ക്കലും മരിക്കാത്ത വിധത്തിൽ" എഴുന്നേൽപ്പിച്ചത് (6:9). ഇത്തരത്തിൽ ഉള്ള ഏക മാത്രമായ ഒരു ഉയിർത്തെഴുന്നേൽക്കൽ, യേശുക്രിസ്തു എന്തായിരുന്നുവോ അതിന്റെയെല്ലാം മുകളിലും അവിടുത്തെ എല്ലാ പ്രവർത്തികളുടെയും മുകളിലും പതിയപ്പെട്ട ദൈവത്തിന്റെ മുദ്രയായിരുന്നു.

"വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്" ആണ് യേശുക്രിസ്തു ദൈവ പുത്രൻ എന്ന് നിർണ്ണയിക്കപ്പെട്ടത്. ചില ഭാഷാന്തരങ്ങളിൽ, "ആത്മാവ്" എന്ന വാക്കിന്റെ (ഇംഗ്ലീഷ് ഭാഷയിൽ) പ്രഥമ അക്ഷരം, യേശുക്രിസ്തുവിന്റെ ആത്മാവിനെയോ അല്ലെങ്കിൽ അദ്ദേഹ ത്തിന്റെ ആത്മിക പ്രകൃതിയെയോ (കെജെവി; എൻആർഎസ്‌വി; ഗുഡ്സ്പീഡ്) കുറിക്കുന്ന വിധത്തിൽ, ചെറിയതായി നൽകിയിരിക്കുന്നു. എങ്കിലും, ഭൂരിഭാഗം ഇംഗ്ലീഷ് പരിഭാഷകളിലും ഇത് വലിയ അക്ഷരത്തിൽ തന്നെയാണ് നൽകിയിരിക്കുന്നത്. റോമാ ലേഖനത്തിൽ പലപ്പോഴും, ജഡത്തിന്റെ വിപരീതാർത്ഥം കാണിക്കുന്ന തിനായി (പരി ശുദ്ധ) ആത്മാവ് എന്ന് പ്രയോഗിച്ചിട്ടുണ്ട് (കാണുക 8:4–6, 9, 13). എഫ്. എഫ്. ബ്രൂസ്-ന്റെ അഭിപ്രായത്തിൽ, *"വിശുദ്ധിയുടെ ആത്മാവ്* എന്നത് 'പരിശുദ്ധാത്മാവ്' എന്ന് പറയുന്നതിനുള്ള പതിവായി ഉപയോഗിക്കപ്പെടുന്ന എബ്രായ ശൈലിയാണ്."[9] വിശുദ്ധിയുടെ "ആത്മാവ് സംബന്ധിച്ച്" എന്ന പ്രയോഗം, ഉയർത്തെഴുന്നേൽപ്പിന്റെ സംഭവത്തിലൂടെ പരിശുദ്ധാത്മാവ് വെളിപ്പെടുന്നു എന്ന യാഥാർത്ഥ്യത്തെ പരാമർശിക്കുക യാകാം; എന്നാൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ യേശുക്രിസ്തുവിന്റെ ഉയിർ ത്തെഴുന്നേൽപ്പുമായി ഒരു പക്ഷേ ഇത് ബന്ധപ്പെട്ടിരിക്കുന്നു (കാണുക 8:11).

റോമർ 1:3, 4 സമാപിക്കുന്നത് നമ്മുടെ **കർത്താവായ യേശു ക്രിസ്തു**, എന്ന പദവിയുടെ പ്രഖ്യാപനത്തോടെയാണ്. ഈ വാക്കുകൾ വാക്യം 3-ന്റെ ആരംഭ ത്തിലെ വാക്കുകളുമായി യോജിക്കുന്നുണ്ട്. രണ്ടും കൂട്ടി യോജിപ്പിക്കുമ്പോൾ ചിന്ത ഇതാണ്: ''ദൈവം തന്റെ പുത്രനും ... നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ ക്കുറിച്ച്.'' ഈ മൂന്ന് വാക്കുകൾ,

''യേശു ക്രിസ്തു നമ്മുടെ കർത്താവ്,'' യേശു ക്രിസ്തു ആരാണ് എന്നതിന്റെ പൂർണ്ണമായ പ്രകടനമാണ്; ഓരോ വാക്കും അതീവ പ്രാധാന്യമുള്ള ചിന്തകൾ കൊണ്ട് നിറഞ്ഞവയുമാണ്. ''യേശു'' (Ἰησοῦς, *Iēsous*) താൻ രക്ഷയുടെ സ്രോതസ്സായി പ്രഖ്യാപിക്കുന്നു (മത്താ. 1:21). "ക്രിസ്തു" (Χριστός, *Christos*) എന്ന നാമം, "മെസായ (മശിഹ)" - അഭിഷിക്തൻ, രാജാവ്, നൂറ്റാണ്ടുകളായി യഹൂദർ കാത്തിരുന്നവൻ - എന്ന എബ്രായ പദത്തിന്റെ ഗ്രീക്ക് രൂപമാണ് "കർത്താവ്" (Κύριος, *Kurios*) എന്ന പദം അർത്ഥമാക്കുന്നത് ''യജമാനൻ'' അല്ലെങ്കിൽ ''പ്രഭു'' എന്നാണ്. ഈ മൂന്ന് വിധത്തിലുള്ളതും സർവ്വവും അടങ്ങുന്നതുമായ പദവി, യഹൂദർക്ക് ഏറ്റവും പ്രാധാന്യമുള്ള (''മെസായ'' (മശിഹ) എന്ന നാമവും ജാതികൾക്ക് ഏറ്റവും അർത്ഥപൂർണ്ണ വുമായ മറ്റൊരു നാമവുമായി ("കർത്താവ്") സംയോജിപ്പി ക്കുന്നു. തന്റെ ലേഖനത്തിലുടന ീളം പൗലൊസ് യഹൂദരോടും ജാതികളോടും ഒരേ പോലെ നിവേദനം നടത്തുന്നതിന് ഉദ്യമിക്കുന്നുണ്ട്.

**വാക്യം 5**. യേശുക്രിസ്തു എന്ന വിഷയം, പൗലൊസിനെ ഒരു പൂർണ്ണ വൃത്തം ചുറ്റി മടങ്ങുന്നതിന് പ്രേരിപ്പിക്കുകയാണ് - തന്നിലേക്ക് തന്നെ: ... **അവന്റെ നാമ ത്തിനായി ... കൃപയും അപ്പൊസ്തലത്വവും പ്രാപ ിച്ചത്**. ''ഞങ്ങൾ'' എന്ന ബഹു വചനം ഉപയോഗിക്കുന്നതിലൂടെ, അദ്ദേഹം എല്ലാ അപ്പൊസ്തലൻമാരെക്കുറിച്ചും പരാമർശിക്കുകയാണ് എന്നതിന് സാദ്ധ്യതയുണ്ട്. എങ്കിലും, ഞങ്ങളുടെ ''എഡിറ്റോറിയൽ ഞങ്ങൾ''-ളെ പേ ാലെ, സ്വയമായി വിശേഷിപ്പിക്കുന്നതിനാണ് അദ്ദേഹം ഇങ്ങനെയുള്ള വാക്ക് ഉപയോഗിച്ചത് എന്നതിന് കൂടുതൽ സാദ്ധ്യതയുണ്ട്.

''കൃപ (χάρις, *charis*) അപ്പൊസ്തലന്റെ പ്രിയങ്കരമായ വാക്കുകളിൽ ഒന്നായിരുന്നു; ... വ്യത്യസ്ത വിധങ്ങളിൽ അദ്ദേഹം ഇത് ഉപ യോഗിച്ചിട്ടുണ്ടെങ്കിലും, അനർഹരായവർക്കുള്ള ദൈവത്തിന്റെ ദാനമാണ് അത് എന്ന ചിന്തയോടെയാണ് അദ്ദേഹം ഈ വാക്ക് എപ്പോഴും ഉപ യോഗിച്ചിട്ടുള്ളത്.''[10] യേശുക്രിസ്തുവിലൂടെ തനിക്ക് "കൃപ" ലഭിച്ചു എന്ന് അദ്ദേഹം പറഞ്ഞപ്പോൾ, രക്ഷയെക്കുറിച്ചായിരിക്കാം അദ്ദേഹം ഉദ്ദേശിച്ചത് (കാണുക 1 തിമൊ. 1:15, 16). എന്നാൽ, തെല്ലും അർഹത ഇല്ലാതിരുന്നിട്ടു കൂടിയും, ജാതികളുടെ അപ്പൊസ്തലനായി തന്നെ യേശുക്രിസ്തു തിരഞ്ഞെടുത്തു എന്ന അത്ഭുതകരമായ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള പരാമർശമാകുന്നതിനാണ് ഇതിനേക്കാൾ കൂടുതൽ സാദ്ധ്യത (കാണുക 15:15, 16; 1 കൊരി. 15:9, 10; എഫെ. 3:7, 8; 1 തിമൊ. 1:12–14). പൗലൊസിനെ സംബന്ധിച്ചിടത്തോളം, ഓരോ ക്രിസ്തീയ നിപുണതയും ദൗത്യവും, കർത്താവിന്റെ അൽഭുതകരമായ കൃപ യുടെ ഒരു പ്രകടനമാണ് (12:6–8).

ദമേസ്കൊസിലെ പ്രാരംഭ വർഷങ്ങളിൽ തന്നെ പൗലൊസ് "കൃപയും അപ്പൊ സ്തോലത്വവും പ്രാപിച്ചിരുന്നു.'' ആ നഗരത്തിലേക്കുള്ള പാതയിൽ വെച്ച് യേശു ക്രിസ്തു അദ്ദേഹത്തിന് പ്രത്യക്ഷനാകുകയും (അപ്പൊ. പ്ര. 9:3–5) അപ്പൊസ്തലനായി ത്തീരുന്നതിനുള്ള യോഗ്യത സമ്മാനിക്കുകയും ചെയ്തിരു ന്നു (അപ്പൊ. പ്ര. 1:22; 1 കൊരി. 15:8–10). ഇതിനെത്തുടർന്ന്, പൗലൊസിനെ സ്നാനം കഴിപ്പിക്കുന്നതിനായും ഒരു ദൈവീക ദൗത്യത്തിനായി നിയോഗിക്കു ന്നതിനായും, അനന്യാസ് എന്നൊരു ശിഷ്യനെ കർത്താവ് അയയ്ക്കുകയും ചെയ്തിരുന്നു (അപ്പൊ. പ്ര. 9:18; 22:16). ''അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ

തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു'' (അപ്പൊ. പ്ര. 9:15).

ജാതികളുടെ അപ്പൊസ്തലനായി, പൗലൊസ് എന്ത് ചെയ്യുകയായിരുന്നു? തന്റെ മുഖവുരയുടെ തുടർച്ചയായി, പൗലൊസ് തന്റെ അപ്പൊസ്തലിക ദൗത്യത്തെ വിശദീകരിക്കുന്നു: **അവന്റെ നാമത്തിനായി സകല ജാതികളുടേയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന്**. ''വിശ്വാസത്തിന് അനുസരണം'' എന്ന പ്രയോഗം ഗ്രീക്ക് വചനഭാഗത്തിന്റെ അക്ഷരികമായ ഉപയോഗമാണ്. ''വിശ്വാസം'' (πίστις, *pistis*) എന്ന പദം ആദ്യമായി പരാമർശിക്കപ്പെടുന്നത് ഇവിടെയാണ്; തന്റെ പ്രബന്ധം വികസിപ്പിക്കുന്നതിനായി പൗലൊസ് ഉപയോഗിക്കുന്ന ഒരു മുഖ്യ സൂചക പദമാണിത്. വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ആളുകൾ രക്ഷിക്കപ്പെടുന്നത് എന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. എങ്കിൽത്തന്നെയും, അദ്ദേഹം അർത്ഥമാക്കിയത് മൃതമായ, നിർജ്ജീവമായ ഒരു വിശ്വാസം അല്ല എന്ന് നാം ഓർക്കേണ്ടതുണ്ട് (യാക്കൊ. 2:17, 26 കാണുക); മറിച്ച് ജീവസ്സുറ്റവും സജീവതയുള്ളതുമായ ഒരു വിശ്വാസത്തിലേക്കാണ് അദ്ദേഹം ചൂണ്ടുന്നത്. ഈ വാക്കിന്റെ പരിഭാഷ “അനുസരണം” (ὑπακοή, *hupakoē*), ''കേൾക്കുക'' (ἀκούω, *akouō*) എന്നുള്ളതിന്റെ വാക്കിനെ, “കീഴിൽ” (ὑπό, *hupo*) എന്ന ഉപസർഗ്ഗത്തോട് സംയോജിപ്പിക്കുന്നു. ഇത് വിധേയത്വം എന്ന ആശയത്തെയാണ് വഹിക്കുന്നത്.[11]

നിരവധി പരിഭാഷകൾ, ''വിശ്വാസത്തിന് അനുസരണം'' എന്ന പ്രയോഗം രൂപപ്പെടുത്തിയിരിക്കുന്നത് ഇനിപ്പറയുന്ന വിധത്തിലാണ്:

> ''വിശ്വാസത്തിൽ നിന്ന് വരുന്ന അനുസരണം'' (എൻഐവി)
> ''വിശ്വാസത്തിനോട് അനുസരണം” (ഫിലിപ്സ്)
> ''വിശ്വാസവും അനുസരണവും'' (എൻഇബി)
> ''അനുസരിക്കുകയും'' (എൻസിവി)
> ''വിശ്വാസം നിറഞ്ഞ അനുസരണം'' (ബാർക്ലെ)

ഡഗ്ലസ് ജെ. മൂവിന്റെ വാക്കുകളിൽ പറഞ്ഞാൽ: ''വിശ്വാസം ആത്മാർത്ഥതയോടെയുള്ളതാണെങ്കിൽ, അതിന്റെ പരിണിത ഫലം എപ്പോഴും അനുസരണം തന്നെയായിരിക്കും; അനുസരണം, ദൈവത്തെ പ്രസാദിപ്പിക്കേണ്ടതാണെങ്കിൽ, എപ്പോഴും വിശ്വാസത്തോടൊപ്പമാകണം എത്തേണ്ടത്.''[12] ഇതിന് പുറമേ, ഡി. സ്ട്രുവർട്ട് ബ്രിസ്കോ വിശ്വാസത്തിന്റെ അർത്ഥ തലത്തിന് മികച്ച ഒരു വിശദീകരണം നൽകിയിട്ടുണ്ട്:

> ബുദ്ധിപരമായ ഒരു അംഗീകരണത്തേക്കാളും അല്ലെങ്കിൽ പരസ്പരമുള്ള വിശ്വാസത്തിന്റെ ഒരു മനോഭാവത്തേക്കാളുമെല്ലാം ഏറെ ഉപരിയായിരുന്നു പൗലൊസിന് “വിശ്വാസം.'' അദ്ദേഹത്തിന്റെ വചന ഘോഷണത്തിൽ, വിശ്വാസം, അനുസരണത്തിന്റെ ഒരു ജീവിത ശൈലി തന്നെയായിരുന്നു. അതിനാൽ, അദ്ദേഹം പോയ സ്ഥലങ്ങളിലൊക്കെ, ആളുകൾ സ്വീകരിക്കേണ്ട സത്യവും അവർ വിശ്വസിക്കേണ്ട വാഗ്ദാനങ്ങളും അവർ അനുസരിക്കേണ്ട പ്രമാണങ്ങളും അദ്ദേഹം അവതരിപ്പിച്ചു.[13]

പൗലൊസിന്റെ ചിന്തയിൽ, സത്യവിശ്വാസവും യഥാർത്ഥ അനുസരണവും തമ്മിൽ വേർതിരിക്കുവാൻ സാധിക്കാത്തതാണ്. ചില സന്ദർഭങ്ങളിൽ സത്യവി

ശ്വാസത്തിനു പകരം അനുസരണവും, അനുസരണത്തിനു പകരം സത്യവിശ്വാസം എന്നതും ഉപയോഗിക്കുന്നത് കാണാം (10:16 കെജെവി). രക്ഷണ്യ വിശ്വാസവും ദൈവം അംഗീകരിക്കുന്ന അനുസരണവും ഒരേ നാണയത്തിന്റെ ഇരു വശങ്ങളാണ് അവ തമ്മിൽ വേർതിരിക്കുവാൻ സാധിക്കുകയില്ല. അവ പിന്നീട് വിശദീകരിക്കാം.[14]

ആത്യന്തികമായി യേശു പൗലൊസിനെ ജാതികളുടെ അപ്പൊസ്തലനായി നിയമിച്ചത് അവർ തന്റെ നാമത്തോടു വിശ്വസ്തതയോടെ അനുസരണയുള്ളവരാകുവാനാണ്. ജാതികളോടു സുവിശേഷം അറിയിക്കുന്നതിന് രണ്ടു കാരണങ്ങളായിരുന്നു പൗലൊസിനുണ്ടായിരുന്നത്. ആദ്യത്തേത്, ദൈവത്തിൽ നിന്നു വേർപ്പെട്ടുപോയ ലോക ജനതയെ നേടുവാനും; രണ്ടാമത്തേത്, താൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും തന്റെ ഉടയവനായ ദൈവത്തിനു മഹത്വം കരേറ്റുക എന്നതുമായിരുന്നു.

**വാക്യം 6**. വ്യക്തിപരമായ അഭിവാദ്യം കഴിഞ്ഞ ശേഷം പൊതുവിലുള്ള ജാതികളിൽ നിന്നും താൻ റോമിലുള്ള ജാതികളിലേക്കു തിരിയുന്നു (1:5) **അവരിൽ യേശുക്രിസ്തുവിനായി വിളിക്കപ്പെട്ട നിങ്ങളും ഉൾപ്പെട്ടിരിക്കുന്നു**. ''വിളിക്കപ്പെട്ട'' എന്നതിനുള്ള ഗ്രീക്കു പദം (κλητός, *klētos*) എന്നാണ്; ഇതേ പദമാണ് പൗലൊസ് 1-ാം വാക്യത്തിലും ഉപയോഗി ച്ചിരിക്കുന്നത്; അത് അർത്ഥമാക്കുന്നത് ''ദൈവീക വിളിയാണ്.'' റോമയിലുള്ള വിശ്വാസികൾ പൗലൊസിനു ലഭിച്ച സ്വർഗ്ഗീയ ദർശനം പോലെ ഉണ്ടായിട്ടു വിളിക്കപ്പെട്ടവരല്ല, മറിച്ച് സുവിശേഷത്താൽ വിളിക്കപ്പെട്ടവരാണ് (2 തെസ്സ. 2:14 കാണുക). പൗലൊസിനെപ്പോലെ അപ്പൊസ്തലനാകുവാൻ വിളിക്കപ്പെട്ടവരല്ല അവർ, യേശുക്രിസ്തുവിനു അവകാശികളാകുവാൻ വിളിക്കപ്പെട്ടവരാണ് (എൻ. ആർ. എസ്. വി.) ആ സ്വർഗ്ഗീയ വിളി അവർക്കു യോഗ്യതയും മാനവും നൽകി.

## റോമയിലുള്ള വിശുദ്ധൻമാർക്ക് വന്ദനം (1:7)

**7 നിങ്ങളുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ ഞാൻ ആദ്യംതന്നെ എന്റെ ദൈവത്തിന് യേശുക്രിസ്തു മുഖാന്താരം നിങ്ങൾക്കെല്ലാവർക്കും വേണ്ടി സ്തോത്രം ചെയ്യുന്നു**.

**വാക്യം 7**. പൗലൊസ് ഇതെഴുന്നതാർക്കാണോ അവരെ സംബോധന ചെയ്യുന്നത് ശ്രദ്ധിക്കാം. റോമയിലുള്ള സഭക്കെന്നോ, ക്രിസ്ത്യാനികൾക്കെന്നോ മറ്റോ എഴുന്നതിനു പകരം അർത്ഥ സംമ്പുഷ്ടമായ വാക്കുകളാൽ അവരെ അഭിവാദ്യം ചെയ്യുന്നു. **റോമയിൽ ദൈവത്തിനു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധരുമായ ഏല്ലവർക്കും** എന്ന്.

ക്രിസ്ത്യാനികൾ പ്രത്യേക വിധത്തിൽ ദൈവത്തിനു പ്രിയരാണ്. ദൈവം എല്ലാവരേയും സ്നേഹിക്കുന്നു എന്നുള്ളത് വാസ്തവമാണ് (യോഹ. 3:16). എന്നാൽ തന്റെ വിളിക്ക് ''അതെ'' എന്നു ഉത്തരം കൊടുക്കുന്നവരോട് നിസ്തുല്യമായ സ്നേഹം ദൈവത്തിനുണ്ട്. യോഹന്നാൻ എഴുതിയിരിക്കുന്നു, ''കാൺമീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു'' (1 യോഹ. 3:1). യേശുവിനെ അനുഗമിക്കുന്നവരെ ''ദൈവസ്നേഹത്തിന്റെ അടുത്ത വലയത്തിനുള്ളിലേക്ക് ചേർത്തിരിക്കുന്നു ''[15]

തുടർന്ന്, ''ക്രിസ്ത്യാനികളെ വിശുദ്ധർ'' എന്നാണ് വിളിച്ചിരിക്കുന്നത്. ''വിശുദ്ധൻ'' എന്നത് (ἅγιος, *hagios*) "വേർതിരിക്കപ്പെട്ട" എന്ന ഗ്രീക്കു പദത്തിന്റെ തർജ്ജമയാണ്; അതൊരു വിശേഷണനാമപദമായി ചിലപ്പോൾ ഉപയോഗിച്ചിട്ടുണ്ട്. "വിശുദ്ധമായത്" എന്നതിന്റ ബന്ധപ്പെട്ട ക്രിയാപദം "വിശുദ്ധീകരിക്കുക" എന്നതാണ്. ഒരാൾ രക്ഷിക്കപ്പെടുമ്പോൾ "ദൈവത്താൽ വേർതിരിക്കപ്പെട്ടു" എന്നതാണർത്ഥം. (1 കൊരി. 6:11; എബ്രാ. 2:11; 13:12). വിശുദ്ധീകരിക്കപ്പെട്ട ജീവിത ശൈലിക്കായി വെല്ലുവിളി നൽകുന്നു. (എബ്രാ. 12:14; റോമർ 6:19, 22; 1 തെസ്സ. 4:3 എന്നിവ കാണുക) ക്രിസ്ത്യാനിക്ക് വിശുദ്ധീകരിക്കപ്പെട്ട അവസ്ഥക്ക് വിശുദ്ധൻ എന്ന പദവിയും അനുഭവത്തിൽ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയും ലഭിക്കുന്നു. ദൈവ സഹായത്താൽ കൂടുതൽ ഭക്തിയും ക്രിസ്തുവിൽ പക്വതയും വന്നു എന്നു വിവിധ എഴുത്തുകാർ സൂചിപ്പിച്ചുണ്ട്.

"വിശുദ്ധൻ" എന്ന വാക്ക് വളരെ തെറ്റായി ഉപയോഗിക്കാറുണ്ട്. മരണാനന്തരം ചില പ്രത്യേക വ്യക്തികൾക്കു മാത്രം അവരുടെ ഭക്തിക്കനുസര ണമായി നൽകപ്പെടുന്ന ഒരു പദവിയായി ചില മതക്കാർ ഇതിനെ ഉപയോഗി ക്കുന്നു. പൊതുവെ ലോകത്തിൽ ഈ വിശുദ്ധി എന്ന പദത്തെ പരിപൂർണ്ണ തയിലേക്കെത്തുന്നതിന്റേയോ, സമ്പൂർണ്ണതയുടേതോ ആശയമായി ചിന്തിക്കാ റുണ്ട്. അതിനുവിപരീതമായി ബൈബിൾ പഠിപ്പിക്കുന്നത്, ഓരോ ക്രിസ്ത്യ ാനിയും വിശുദ്ധരാണെന്നാണ്. ഉദാഹരണമായി "ക്രിസ്തുവിൽ വിശ്വസി ച്ചിരിക്കുന്ന" എല്ലാവർക്കും "വിശുദ്ധൻ" എന്ന നാമം ഉപയോഗിച്ചിട്ടുണ്ട് 2 തെസ്സ. 1:10. പൗലൊസ് അതുകൊണ്ട് ഉദ്ദേശിച്ചത് ഓരോ ക്രിസ്ത്യാനിയും തന്നെത്തന്നെ വിശുദ്ധൻ എന്നു വിളിക്കണമെന്നോ മറ്റുള്ളവരെകൊണ്ട് തന്നെ അങ്ങനെ വിളിപ്പിക്കണമെന്നോ, അതിനായി ശ്രമിക്കണമോ എന്നല്ല (മത്തായി 23:8–10 കാണുക). ക്രിസ്ത്യാനി ദൈവത്തിനു ഒരു പ്രത്യേക ആൾ ആണന്ന് ചുരുക്കം.

പൗലൊസ് അഭിവാദ്യം ചെയ്യുമ്പോൾ 1:1–7 വരെ, **പിതാവാം ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ എന്നു പറയുന്നു.** ''കൃപ'' (χάρις, *charis*) എന്നത് ഗ്രീക്ക് ഭാഷയിലെ സാധാരണ വന്ദന വാക്കാണ്. എന്നാൽ സമാധാനം (εἰρήνη, *eirēnē*) എന്നത് ഷാലോം എന്ന എബ്രായ വന്ദനത്തിന്റെ ഗ്രീക്കു പദമാണ്. കൃപയും സമാധാനവും എന്ന വാക്കുകൾ പൗലൊസ് ഉപയോഗിച്ചിരിക്കുന്നത് അവിടെയുള്ള യഹൂദന്മാ രേയും ഗ്രീക്കുകാരേയും ഉദ്ദേശിച്ചാണ്. ഇവിടെ കൃപയും സമാധാനവും പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും വരട്ടെ എന്ന് പ്രത്യാശിക്കുന്നത് കൃപയുടെ ഉറവിടം പിതാവായ ദൈവവും പിൻവരുന്ന സമാധാനം നിലനിൽക്കുന്നത് യേശു ക്രിസ്തു മുഖാന്തരം ലഭ്യമാകുന്നതിനാലും ആണ്.

## ഇത് എഴുതുന്നതിനുള്ള കാരണം (1:8-15)

1:1–7 വരെയുള്ള അഭിവാദനത്തിനു ശേഷം റോമാക്കാരെ ഓർത്ത് ദൈവമുമ്പാകെ നന്ദിയോടെ പ്രാർത്ഥിക്കുകയാണ്. പൗരാണിക കാലങ്ങളിലെ ലേഖനങ്ങളിലെ ആദ്യഭാഗത്തു ഇങ്ങനെ കാണാറുണ്ട്. തന്റെ വായനക്കാരെ ഓർത്ത് പൗലൊസ് ദൈവത്തിന് നന്ദി കരേറ്റി. അവരെ നേരിൽ കാണുവാൻ പൗലൊസ് എത്രമാത്രം ആഗ്രഹമുണ്ടെന്നും എന്നാൽ

ഇത്രനാളും അതെന്തുകൊണ്ട് സാധിച്ചില്ല എന്നും അവരെ അറിയിക്കുവാൻ ശ്രമിക്കുകയാണ്.

## നന്ദി പ്രകടനം (1:8)

**[8]നിങ്ങളുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ ഞാൻ ആദ്യം തന്നേ എന്റെ ദൈവത്തിനു യേശുക്രിസ്തുമുഖാന്തരം നിങ്ങൾ ക്കെല്ലാവർക്കും വേണ്ടി സ്തോത്രം ചെയ്യുന്നു.**

**വാക്യം 8. ആദ്യം എന്റെ ദൈവത്തിന് സ്തോത്രം ചെയ്യുന്നു.** "ആദ്യം" എന്നു പറഞ്ഞതിനാൽ തുടർന്നു രണ്ടും മൂന്നും കാര്യങ്ങൾ വരുന്നു എന്നതല്ല, മറിച്ച് താൻ പ്രത്യേകമായി അവരെയോർത്ത് നന്ദി അർപ്പിക്കുന്നു എന്നതാണ്. പൗലൊസ് സാധാരണയായി തന്റെ ലേഖനങ്ങളുടെ ആരംഭത്തിൽ പരമാർത്ഥമായി അഭിനന്ദനം അർപ്പിക്കാറുണ്ട് (1 കൊരി. 1:4–7). തന്റെ നന്ദി പ്രകടനം യേശുക്രിസ്തു മുഖാന്തരം പിതാവായ ദൈവത്തിനാണ് അർപ്പിച്ചിട്ടുള്ളത്. യേശുക്രിസ്തു മുഖാന്തരം എന്നത് യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ ശക്തീകരിച്ച് പറയുന്നതാണ് (1 തിമൊ. 2:5; എഫെ. 5:20; കൊലൊ. 3:17; എബ്രാ. 13:15; 1 പത്രൊ. 2:5).

റോമയിലെ സഭയെക്കുറിച്ച് നന്ദിയർപ്പിക്കുമ്പോൾ പൗലൊസ് സഭയുടെ വലിപ്പത്തെക്കുറിച്ചോ അതിന്റെ പ്രവർത്തികളെകുറിച്ചോ ഒന്നും തന്നെ പറയുന്നില്ല. പിന്നെയോ സഭാംഗങ്ങളുടെ "*വിശ്വാസത്തെക്കുറിച്ചാണ്*" സൂചിപ്പിക്കുന്നത്. **നിങ്ങളുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ** – "സർവ്വലോകത്തിലും" എന്നതിന് "റോമാ സാമ്രാജ്യത്തിൽ മുഴുവനും" എന്നർത്ഥമാക്കാം. എവിടെയെല്ലാം എപ്പോഴെല്ലാം ക്രിസ്ത്യാനികൾ കൂടി വന്നോ അവിടെയെല്ലാം റോമാ പട്ടണത്തിലെ സഭയുടെ വിശ്വാസത്തിന്റെ ഉറപ്പിനെകുറിച്ച് സന്തോഷിക്കുവാൻ ഇടയായിരുന്നു. "മിഥ്യാമൂർത്തികളുടെ ഇരിപ്പിടവും വിഗ്രഹാരാധന, ഭൗതീകവാദം എന്നിവയും ക്രിസ്തീയ മാർഗ്ഗത്തിനെതിരായി വർദ്ധിച്ചുവരുന്ന എതിർപ്പിന്റെയും കേന്ദ്രമായ റോമാ പട്ടണത്തിൽ നിന്നും ക്രിസ്തുവിന്റെ പ്രകാശം റോമാ സാമ്രാജ്യം മുഴുവൻ എത്തുവാൻ തക്കവണ്ണം പ്രകാശപൂരിതമായിരുന്നു."[16]

## റോമയിലെ വിശുദ്ധന്മാരെ കാണുവാനുള്ള ആകാംക്ഷ (1:9-15)

**[9]ഞാൻ ഇടവിടാതെ നിങ്ങളെ ഓർത്തു കൊണ്ടു ദൈവേഷ്ടത്താൽ എപ്പോൾ എങ്കിലും നിങ്ങളുടെ അടുക്കൽ വരുവാൻ സാധിക്കേണ്ടതിനു [10]എന്റെ പ്രാർത്ഥനയിൽ എപ്പോഴും യാചിക്കുന്നു എന്നുള്ളതിനു അവന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷഘോഷണത്തിൽ ഞാൻ എന്റെ ആത്മാവിൽ ആരാധിക്കുന്ന ദൈവം എനിക്കു സാക്ഷി. [11]നിങ്ങളുടെ സ്ഥിരീകരണത്തിനായി ആത്മികവരം വല്ലതും നിങ്ങൾക്കു നൽകേണ്ടതിനു, [12]അതായതു നിങ്ങൾക്കും എനിക്കും ഒത്തൊരുമിച്ചുള്ള വിശ്വാസത്താൽ നിങ്ങളോടുകൂടെ എനിക്കും ആശ്വാസം ലഭിക്കേണ്ടതിനു ഞാൻ നിങ്ങളെ കാണ്മാൻ വാഞ്ജിക്കുന്നു. [13]എന്നാൽ സഹോദരന്മാരേ, എനിക്കു ശേഷം ജാതികളിൽ എന്നപോലെ നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിനു നിങ്ങളുടെ**

**അടുക്കൽ വരുവാൻ പലപ്പോഴും ഭാവിച്ചു എങ്കിലും ഇതുവരെ മുടക്കം വന്നു എന്നു നിങ്ങൾ അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. [14]യവനന്മാർക്കും ബർബരൻമാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു. [15]അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ അവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു.**

**വാക്യം 9**. റോമിലെ ക്രിസ്ത്യാനികൾക്കും തനിക്കും ഇടയിൽ ഒരു പാലം (ബന്ധം) സ്ഥാപിക്കുവാനുള്ള ശ്രമം തുടരുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നന്ദി അർപ്പിക്കുന്നു: തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷഘോഷണത്തിൽ താൻ ആത്മാവിൽ ആരാധിക്കുന്ന ദൈവം സാക്ഷിയാണെന്നു പറയുന്നു. ദൈവത്തെക്കുറിച്ചു വളരെ ഭക്തി നിർഭരമായ ഒരു സൂചനയാണ് നൽകുന്നത്. പുത്രനെക്കുറിച്ചുള്ള സുവിശേഷഘോഷണത്തിൽ ഞാൻ ആത്മാവിൽ ആരാധിക്കുന്ന ദൈവം എനിക്ക് സാക്ഷി. ഇതിൽ നിന്നും തന്റെ വായനക്കാർ തനിക്ക് എത്ര പ്രാധാന്യമുള്ളവർ എന്ന സൂചന നൽകുന്നു. ''ഞാൻ എന്റെ ആത്മാവിൽ ആരാധിക്കുന്ന ദൈവം'' എന്ന പ്രയോഗം തന്റെ ദൈവത്തോടുള്ള ഭക്തി ബാഹ്യമായുള്ളതു മാത്രമല്ലെന്നും ആന്തരികമായിട്ടുള്ളതാണെന്നും ഊന്നിപ്പറയുകയാണ്. ''ഞാൻ എന്റെ പൂർണ്ണഹൃദയത്തോടെ സേവിക്കുന്ന ദൈവം" എന്ന് ഈ വാക്യത്തെ തർജ്ജമ ചെയ്തിട്ടുണ്ട് (എൻ. സി.വി.)

റോമിലെ ക്രിസ്ത്യാനികൾക്കുവേണ്ടി അപ്പൊസ്തലൻ നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഗുഡ്സ്പീഡ്-ന്റെ തർജ്ജിമയിൽ ''ഞാൻ പ്രാർത്ഥിക്കുന്ന സമയങ്ങളിൽ നിങ്ങളെ ഓർത്തു പ്രാർത്ഥിക്കാതിരുന്നിട്ടില്ല'' എന്നും വില്യം ബാർക്ലേ, ''ഇതിന്റെ ആത്മാവിനെകുറിച്ച് ആയിരത്തിതൊള്ളായിരത്തിലധികം വർഷങ്ങൾക്കു ശേഷവും ഈ ഭാഗത്ത് അവരോടുള്ള സ്നേഹോഷ്മളത മനസ്സിലാക്കാൻ കഴിയുന്നു.''[17] എന്നും പറയുന്നു. പൗലൊസ് പ്രവർത്തിച്ച എല്ലാ സ്ഥലങ്ങളേയും പ്രാർത്ഥനയിൽ ഇതുപോലെ ഓർത്തതായി കാണുന്നു (എഫെ. 1:15, 16; ഫിലി. 1:3, 4; 1 തെസ്സ. 1:2, 3 എന്നീ ഭാഗങ്ങൾ കാണുക). താൻ സന്ദർശിച്ചിട്ടില്ലാത്ത പട്ടണങ്ങളിലെ സഭകളെ ഓർത്തും പ്രാർത്ഥിച്ചിരുന്നു. അങ്ങനെയുള്ള ഒരു സഭയായിരുന്നു റോമിലേത്. തന്റെ ഹൃദയപൂർവ്വമുള്ള അഭിവാദ്യവചനങ്ങൾ തന്നെയും തന്റെ ലേഖനങ്ങളേയും അംഗീകരിക്കുവാൻ അവരെ അധികമായി പ്രേരിപ്പിച്ചിരുന്നു.

**വാക്യം 10**. റോമിലെ ക്രിസ്ത്യാനികൾക്കുവേണ്ടി പൗലൊസ് പ്രാർത്ഥിച്ചപ്പോൾ ഒക്കെയും ഒരു പ്രത്യേകമായ അപേക്ഷ കൂടെ ചേർത്തിരുന്നു: **ദൈവേഷ്ടത്താൽ എപ്പോഴെങ്കിലും നിങ്ങളുടെ അടുക്കൽ വരുവാൻ സാധിക്കേണ്ടതിന്**. യൂഡോ (εὐοδόω, *euodoō*) എന്ന ഗ്രീക്ക് പദം വളരെ കുറച്ച് മാത്രമേ പുതിയനിയമത്തിൽ കാണാറുള്ളൂ. ആ വാക്കിന്റെ അർത്ഥം ശുഭയാത്ര, ശുഭവഴി (εὖ, *eu*) എന്നൊക്കെയാണ്. അതിന്റെ യഥാർത്ഥ അർത്ഥം നല്ല വഴിയിലൂടെയുള്ള പ്രയാണം (ὁδός, *hodos*) എന്നാണ്. മറ്റൊരർത്ഥത്തിൽ ശുഭകരമായ യാത്രയുടെ ഉദ്ദേശ്യം എന്നും കാണാം (1 കൊരി. 16:2; 3 യോഹ. 2 കാണുക).[18]

റോമിൽ എത്തുവാനുള്ള ആഗ്രഹം ദൈവേഷ്ടപ്രകാരം മാത്രമായിരിക്കണമെന്ന് അപ്പൊസ്തലൻ ഗ്രഹിച്ചിരുന്നു (15:32; 1 കൊരി. 4:19; 16:7 കാണുക). താൻ താല്ക്കാലികമായി ഒരു പദ്ധതി അതിനായി ഒരുക്കിയിരുന്നു (15:22–32), എങ്കിലും ദൈവഹിതപ്രകാരം അത് പലപ്പോഴും മാറ്റിവെക്കേണ്ടതായി വന്നു.

ജോൺ ആർ. ഡബ്ല്യു. സ്റ്റോർട്ട്-ന്റെ അഭിപ്രായത്തിൽ "പൗലൊസ് തന്റെ ഇഷ്ടം ദൈവേഷ്ടത്തിൻമേൽ അടിച്ചേൽപ്പിക്കുകയോ ദൈവേഷ്ടം തനിക്ക് അറിയാമെന്ന് അവകാശപ്പെടുകയോ ചെയ്തില്ല. പകരം തന്റെ ഇഷ്ടം ദൈവേഷ്ടത്തിന് കീഴ്പെടുത്തുകയായിരുന്നു."[19]

**വാക്യം 11.** റോമാ സഭ സന്ദർശിക്കുക എന്നുള്ളത് പൗലൊസിന്റെ ആഴമേറിയ ആഗ്രഹങ്ങളിലൊന്നായിരുന്നു (15:23-ൽ). അങ്ങോട്ട് വരുവാൻ അനേക സംവത്സരമായി വാഞ്ഛ ഉണ്ടാകകൊണ്ടും. **വാഞ്ഛ എന്നുള്ളത് എപ്പിപ്പോത്തിയോ** (ἐπιποθέω, *epipotheō*) എന്ന ഗ്രീക്ക് പദത്തിൽ നിന്നും ഉത്ഭവിച്ചതാണ്.[20] കൈയ്യെഴുത്തു പ്രതിയിൽ 1:11-ാം വാക്യത്തിൽ ഭാവാർത്ഥമായി ഇത് കാത്തിരിക്കും തോറും വേദന കൂടുന്നു എന്ന് കാണാം.

എന്തുകൊണ്ട് പൗലൊസ് അവരെ കാണുവാൻ വാഞ്ഛിച്ചു? നിങ്ങളുടെ സ്ഥിരീകരണത്തിനായി **ആത്മീയ വരം വല്ലതും നിങ്ങൾക്ക് നൽകേണ്ടതിന്.** "ആ ആത്മീയ വരം" എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. ആത്മീകം എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് "ന്യൂമാട്ടിക്കോസ്" (πνευματικός, *pneumatikos*) എന്നതാണ്. അത് പരിശുദ്ധാത്മാവിനാൽ നൽകപ്പെടു ന്നതാണ്. അത് "ക്രിസ്തീയ വിശ്വാസികൾക്ക് ആത്മീക ജീവനുണ്ടാകുവാൻ നൽകപ്പെടു ന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു."[21] "ആത്മീക ജീവിതത്തെ പടുത്തുയർത്തു ന്നതിനുള്ള എന്തും" ആകാം അത്.[22] "ദാനം" എന്ന വാക്ക് പരിഭാഷപ്പെടുത്തി യിരിക്കുന്നത് "കരിസ്മാ" (χάρισμα, *charisma*) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്. കൃപ (χάρις, *charis*) എന്നാണ് അതിന്റെ അർത്ഥം. അതിന്റെ സാമാന്യ അർത്ഥം നേടിയെടുത്തതല്ല, ദാനമായി കിട്ടിയതാണ്. "ആത്യന്തികമായി ദൈവത്തിൽ നിന്ന് ദാനമായി മനുഷ്യർക്ക് ലഭിക്കുന്ന ഒരു വരദാനമാണ് ഇത് എന്ന് പുതിയനിയമം വ്യക്തമാക്കുന്നു."[23]

അത്ഭുതകരമായ ഒരു വരത്തെക്കുറിച്ചല്ല പൗലൊസ് പറയുന്നത് എന്ന് ചിലർക്ക് ബോധ്യമായിട്ടുണ്ട്. ഒരു പ്രത്യേക അസാധാരണ വരം എന്ന് പഴയ വ്യാഖ്യാതാക്കൾ പറയുന്നത്, പരിശുദ്ധാത്മാവിന് മാത്രമേ അത്ഭുതകരമായ വരം നൽകാൻ സാധിക്കൂ എന്നുള്ളതുകൊണ്ടാണ്. "ഒരുപക്ഷെ അപ്പൊസ്തലൻമാരുടെ കൈവെപ്പിനാൽ അസാധാരണ വരങ്ങൾ നൽകപ്പെടുമെന്നുള്ള കാര്യം" അവർ ഗ്രഹിച്ചിട്ടുണ്ടാകുകയില്ല.[24] അപ്പോ. പ്ര. 8:18-ൽ അപ്പൊസ്തലൻമാരുടെ കൈവെപ്പിനാൽ പരിശുദ്ധാത്മാവ് നൽകപ്പെട്ടു എന്നു കാണുന്നു. ക്രിസ്ത്യാനിക്ക് അത്ഭുതകരമായ വരങ്ങൾ നൽകുന്നതിന് ഉത്തരവാദിത്വം പരിശുദ്ധാത്മാവിനാണ് ഉള്ളത്. എഫെസൊസിൽ അപ്പൊസ്തലനായ പൗലൊസ് ചില ശിഷ്യൻമാരുടെ മേൽ കൈവെച്ചപ്പോൾ അവർക്ക് പ്രവചന വരവും അന്യഭാഷാ വരവും ലഭിച്ചു (അപ്പൊ. പ്ര. 19:6). "ഭാഷാവരം" എന്നത് പ്രവർത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിലെ സന്ദർഭം അനുസരിച്ച്, പറയുന്ന ആൾ പഠിക്കാത്ത ഭാഷകൾ പറയുന്നു എന്നാണ് അർത്ഥമാക്കേണ്ടത്. റോമിലെ ക്രിസ്ത്യാനികളുടെ കാര്യത്തിൽ അവർക്കു നേരത്തെതന്നെ ഉണ്ടായിരുന്ന അത്ഭുത വരങ്ങളോടുകൂടെ ചിലതുംകൂടെ പുതുതായി നല്കുന്ന കാര്യം ആയിരിക്കുവാൻ സാദ്ധ്യതയുണ്ട് (12:6-8 കാണുക).

വേറെ ചിലർ പറയുന്നത് പൗലൊസിന്റെ വരങ്ങളെക്കുറിച്ചുള്ള വാക്കുകൾ വച്ച് നോക്കുമ്പോൾ 1:11-ൽ അസാധാരണവരങ്ങളെക്കുറിച്ച് പറയുന്നത് ബഹുവചനത്തിലാകയാൽ 1 കൊരി. 12:4-ൽ കൊരിന്ത്യ സഭയിൽ അസാധാരണവരങ്ങളെ ക്കുറിച്ച് പരാമർശിക്കുന്ന ഭാഗത്ത് പറഞ്ഞിരിക്കുന്ന

കൃപാവരങ്ങൾ ആയിരിക്കാം എന്നാണ്. അങ്ങനെ പറയുന്നവർക്ക് കരിസ്മ എന്ന പദത്തിന്റെ പൊതുവിലുള്ള സ്വഭാവത്തെക്കുറിച്ച് അറിവില്ലാത്തതിനാലായിരിക്കാം. റോമർ 6:23–ൽ അതിനെ രക്ഷ എന്ന വരത്തെക്കുറിച്ചാണ് പറയുന്നത്. പുതിയനിയമത്തിൽ പല ഭാഗങ്ങളിൽ പല വിധത്തിൽ "കരിസ്മ" ഉപയോഗിച്ചിരിക്കുന്നു. 12:6–8–ൽ അത്ഭുതവരങ്ങളെയും അല്ലാത്തവരങ്ങളെയും ഉദ്ദേശിച്ച് ഉപയോഗിച്ചിട്ടുണ്ട്. ജോൺ മുറേ വാദിക്കുന്നത് "അവ്യക്തതയോടെ വരങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നതിനാൽ ആത്മാവിന്റെ പ്രത്യേക അത്ഭുത വരങ്ങളാണെന്നു പറയാൻ സാദ്ധ്യമല്ല എന്നാണ്."[25]

മൂ എന്ന പണ്ഡിതൻ പറയുന്നത് "ആത്മീകം" എന്നും "വരം" മെന്നുമുള്ള വാക്കുകൾ ചേർത്ത് ആത്മീക വരത്തിന് പൗലൊസ് ഉപയോഗിച്ചിട്ടില്ല.[26] ജോൺ മാക്ക് ആർതർ, ജൂനിയർ, പറയുന്നത് 1:11–ൽ റോമയിലെ ക്രിസ്ത്യാനികൾക്ക് തന്റെ പ്രസംഗത്താലും, പഠിപ്പിക്കലിനാലും, പ്രബോധനത്താലും, ആശ്വസിപ്പിക്കുന്നതിനാലും, പ്രാർത്ഥിക്കുന്നതിനാലും, നേരായി നയിക്കുന്നതിനാലും, ശിഷ്യത്വം നൽകുന്നതിനാലും ആത്മീക പ്രയോജനം നൽകാം എന്ന് പൗലൊസ് ചിന്തിച്ചിരുന്നതത്രെ.[27] സ്റ്റോട്ട് പറയുന്നത് "പൗലൊസ് അവ്യക്തമായിട്ട് ആത്മീക വരത്തെക്കുറിച്ച് സംസാരിച്ചു. എന്തുകൊണ്ടെന്നാൽ അവരുടെ പ്രധാന ആത്മീക ആവശ്യങ്ങൾ എന്ത് എന്ന് തനിക്ക് അറിഞ്ഞുകൂടായിരുന്നു. തനിക്ക് സാദ്ധ്യമായ ഏതു മാർഗ്ഗത്തിൽ കൂടിയും അവരെ ആത്മീകമായി സഹായിക്കണമെന്ന് താൻ മനപൂർവ്വമായി ആഗ്രഹിച്ചു.''[28] അത് ശരിയാകാനാണ് സാദ്ധ്യത.

തന്റെ സന്ദർശനത്തിന്റെ ആത്യന്തിക ഉദ്ദേശവും അതിന്റെ അനന്തരഫലവും തന്റെ മനസ്സിൽ കരുതിയിരുന്നത് **നിങ്ങളുടെ സ്ഥിരീകരണ ത്തിനായി ആത്മീകവരം വല്ലതും നിങ്ങൾക്കു നൽകേണ്ടതിന്** എന്നാണ്. സ്റ്റെറീസോ (στηρίζω, *stērizō*) എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം ഉറപ്പുള്ളതാക്കി തീർക്കുക, വേഗത്തിലാക്കുക എന്നുള്ളതാണ്.[29] ചകഢയിൽ നിങ്ങളെ ബലപ്പെടുത്തുക എന്നാണ്. അപ്പൊ. പ്ര. 18:23–ൽ ശിഷ്യന്മാരെ *ബലപ്പെടുത്തുക* എന്നാണ് കാണുന്നത്. ജെയിംസ് മാക്ക്നൈറ്റ് ചിന്തിക്കുന്നത് "ജാതികൾക്കെതിരായി ക്രിസ്ത്യാനിയെ ശക്തിപ്പെടുത്തുക"[30] എന്നാണ്. കാരണം അവർ ക്രിസ്ത്യാനികളെ പഴയ വിഗ്രഹാരാധനയിലേക്കും യഹൂദരെ ന്യായപ്രമാണത്തിലേക്കും തിരിയ്ക്കുവാൻ ശ്രമിച്ചിരുന്നു.

**വാക്യം 12.** 11–ാം വാക്യത്തിൽ പൗലൊസ് മാത്രം അവർക്ക് കൊടുക്കുന്നവനും അവരെല്ലാം വാങ്ങുന്നവരുമാണെന്ന് അവർ തെറ്റിദ്ധരിയ് ക്കുമെന്നു കരുതി വാക്യത്തിൽ, **അതായത് നിങ്ങൾക്കും എനിയ്ക്കും ഒത്തൊരുമിച്ചുള്ള വിശ്വാസത്താൽ നിങ്ങളോടുകൂടെ എനിയ്ക്കും ആശ്വാസം ലഭിക്കേണ്ടതിന് ഞാൻ നിങ്ങളെ കാണുവാൻ വാഞ്ഛിക്കുന്നു.** എന്നെഴുതി. അതായത് "ഞാൻ നിങ്ങളെ കാണ്മാൻ വാഞ്ഛിയ്ക്കുന്നത് *നിങ്ങൾക്കു മാത്രമല്ല എനിക്കും* പ്രയോജനം ലഭിക്കേണ്ടതിന് ആണ്" എന്ന് എഴുതുന്നു. വീണ്ടും 15:32–ൽ നിങ്ങളുടെ അടു ക്കൽ വന്ന് നിങ്ങളുടെ മനം തണുക്കേണ്ടതിനു എന്നെഴുതി. സ്റ്റോട്ട് അവർക്ക് കൂട്ടായ്മയിൽലുള്ള പരസ്പര പ്രയോജനം ശക്തിപ്പെടുത്തി കാണിച്ചുതരുന്നു.

> പൗലൊസ്, അപ്പൊസ്തലൻ ആയിരുന്നെങ്കിലും ക്രിസ്തീയ അനുഗ്രഹങ്ങളും കൂട്ടായ്മകളും സഹ വിശ്വാസികളിൽനിന്നും സ്വീകരിക്കുന്നതിന

> ും കൊടുക്കുന്നതിനും യാതൊരു വൈമുഖ്യവും കാണിച്ചിരുന്നില്ല എന്നു മാത്രമല്ല, അത് ആവശ്യമായി തോന്നുകയും ചെയ്തു. ആധുനിക മിഷണറിമാരും മറ്റ് രാജ്യങ്ങളിലേക്കും സംസ്ക്കാരങ്ങളിലേക്കും പോകുമ്പോൾ മറ്റുള്ളവരാൽ അന്യോന്യം ഉത്തേജനം പ്രാപിക്കുവാൻ ഇടയാകുന്നത് സന്തോഷകരമാണ്. അതുപോലെ തന്നെ ക്രിസ്തീയ നേതാക്കൻമാരും സഭാ വിശ്വാസികളിൽ നിന്ന് ഉത്തേജനം ലഭിക്കുന്നതിനുള്ള താഴ്മയുടെ മനോഭാവം ഉണ്ടാകണം![31]

**വാക്യം 13.** പൗലൊസ് ഇവരിൽനിന്ന് ഒരു എതിർവാക്ക് പ്രതീക്ഷിച്ചു. ഒരാൾ ചോദിച്ചേക്കാം, ''ഞങ്ങളെ സന്ദർശിക്കാൻ ഇത്ര വലിയ ആഗ്രഹമാണെങ്കിൽ എന്താണിതുവരെ ഒന്നു വരാത്തത്?'' നിങ്ങൾ പലപ്പോഴും മക്കെദോന്യയിൽ ഉണ്ടായിരുന്നല്ലോ. ഇറ്റലിയിൽ നിന്നും അഡ്രിയാറ്റിക് കടൽ കടന്ന് അധികം അകലെയല്ലാതെയുള്ള രാജ്യമാണല്ലോ ഇത് - അതിനു മറുപടി ആയി പൗലൊസ് ഇങ്ങനെ പറഞ്ഞു: **നിങ്ങളുടെ അടുക്കൽ വരുവാൻ പലപ്പോഴും ഭാവിച്ചു എങ്കിലും ഇതുവരെ മുടക്കം വന്നു എന്ന് നിങ്ങൾ അറിയാതിരിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു.** 15-ാം അദ്ധ്യായത്തിൽ, റോമാ സാമ്രാജ്യത്തിലെ കിഴക്കൻ ഭാഗങ്ങളിൽ ദൈവം കൊടുത്ത ശുശ്രൂഷയിൽ മുഴുകിയിരുന്നതിനാലാണ് വരാൻ ''തടസ്സമായി തീർന്നത്'' എന്ന് എഴുതിയിരിക്കുന്നു:

> ... യെരുശലേം മുതൽ ഇല്ല്യൂര്യ ദേശംവരെ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കപ്പെട്ടു ...
>
> *അതുകൊണ്ടു തന്നേ ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിനു പലപ്പോഴും മുടക്കം വന്നു.* ഇപ്പോഴോ എനിക്കു ഈ ദിക്കുകളിൽ ഇനി സ്ഥലമില്ലായ്മയായാലും അങ്ങോട്ടുവരുവാൻ അനേകസംവത്സരമായി വാഞ്ഛ ഉണ്ടാകകൊണ്ടും, ഞാൻ സ്പാന്യയിലേക്ക് യാത്ര ചെയ്യുമ്പോൾ പോകുന്ന വഴിക്കു നിങ്ങളെ കാണ്മാനും ആദ്യം നിങ്ങളെ കണ്ടു സന്തോഷിച്ചശേഷം നിങ്ങളാൽ യാത്ര അയക്കപ്പെടുവാനും ആശിക്കുന്നു (15:19-24).

വേറൊരു കാരണം അദ്ദേഹം പറയുന്നത് **ശേഷം ജാതികളിൽ എന്നപോലെ നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന്**. ചിലർ ഇതിനെ ''ആത്മാവിന്റെ ഫലം'', (καρπός, *karpos*) (ഗലാ. 5:22, 23) ആയി വ്യാഖ്യാനിക്കുന്നു. ആത്മീയമായി ക്രിസ്ത്യാനികൾ വളരേണ്ടതിന് അവരെ സഹായിക്കുന്നതിനെക്കുറിച്ചാണ് എന്ന് ചിന്തിക്കുന്നു. എങ്ങനെയായാലും ചിലരെ താൻ കർത്താവിനുവേണ്ടി റോമിൽനിന്ന് നേടാനാഗ്രഹിക്കുന്നു. അത്തരം വിശ്വാസികളെ ഉദ്ദേശിച്ചാണ് പൗലൊസ് ഫലം എന്ന് എഴുതുന്നത്. ചില "ആത്മാക്കളെ റോമിൽ നേടണം എന്ന് പൗലൊസ് ആഗ്രഹിച്ചു.''[32] സിഇവിയിൽ "റോമിൽ ചിലരെ ക്രിസ്തുവിന്റെ അനുകാരികളാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

**വാക്യം 14.** പൗലൊസ് റോമയിൽ പോകുവാനാഗ്രഹിക്കുന്നതിന്റെ ഒടുവിലത്തെ കാരണം തനിയ്ക്ക് തിരിച്ചടയ്ക്കുവാൻ ഒരു കടമുണ്ട് എന്നതിനാലാണ്. **യവനന്മാർ (ഗ്രീക്കുകാർ) ക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു**. പൗലൊസ് പറയുന്നു,

“യവനന്മാർ ... ബർബരന്മാർ,’’ “ജ്ഞാനികൾ ... ബുദ്ധിഹീനർ’’ എന്നിങ്ങനെ ഓരോ കൂട്ടരെയും പ്രത്യേകം വകതിരിച്ചു പറയുന്നതിനർത്ഥം ഞാൻ *എല്ലാ ആളുകളോടും* കടപ്പെട്ടിരിയ്ക്കുന്നു എന്നത്രെ. മിക്ക സമൂഹങ്ങൾക്കും അവരെ ഇതരരിൽ നിന്നും തിരിച്ചറിയേണ്ടതിന് ഒരു പേർ ഉണ്ട്. യഹൂദർ “യഹൂദന്മാരും ജാതികളും’’ എന്നും റോമാക്കാർ, “റോമാക്കരെ വിജാതിയർ’’ എന്നും ഗ്രീക്കുകാർ “യവനന്മാരും ബർബരന്മാരും’’ എന്നു പറഞ്ഞുവന്നു.

പൗലൊസിന്റെ കാലത്ത് യവനന്മാർ (ഗ്രീക്കുകാർ) അവരുടെ സംസ്ക്കാരവും അറിവും മൂലം ലോകപ്രസിദ്ധരായിരുന്നു. ബർബരന്മാർ അപരിഷ്കൃതരായി അറിയപ്പെട്ടിരുന്നു. ബർബരന്മാർ എന്ന ഗ്രീക്ക് വാക്ക് (Βάρβαρος, *Barbaros*) ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഇത് പരുപരുത്ത ബുദ്ധിപൂർവ്വ മല്ലാത്ത വിദേശഭാഷകളുടെ ശബ്ദമായിരുന്നു.[33] യവനന്മാരും ബർബരന്മാരും ജാതികളും ബുദ്ധിഹീനരും എന്ന പ്രയോഗത്തിൽകൂടെ പൗലൊസ് വിവക്ഷിക്കുന്നത് സംസ്കൃതരും, അസംസ്കൃതരും, വിദ്യാഭ്യാസം ഉള്ളവരും ഇല്ലാത്തവരുമായ സകല മനുഷ്യർക്കും താൻ കടക്കാരനാണ് എന്നാണ്.

ഒഫിലെറ്റസ് (ὀφειλέτης, *opheiletēs*) എന്ന ഗ്രീക്കുപദമാണ് “കടക്കാരൻ” എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.[34] കൊടുത്തുതീർക്കുവാനുള്ള ഒരു കടത്തെ സൂചിപ്പിക്കുന്നതാണ് കെ.ജെ.വിയിൽ “കടക്കാരാൻ’’ എന്നു പറഞ്ഞിരിക്കുന്നത്. അതിന്റെ അർത്ഥം “മറ്റുള്ളവരോട് എന്തോ കടംപെട്ടവൻ എന്നാണ്. ഒരു പരിഭാഷയിൽ ഞാൻ ചില ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തത് ചെയ്തുതീർക്കുവാനുണ്ട്” എന്ന് കാണാം.

എങ്ങനെയാണ് പൗലൊസിന് ഈ കടം ഉണ്ടായത്? അ, ആയിൽ നിന്നും കടം വാങ്ങി എന്ന അർത്ഥത്തിലല്ല, പിന്നെയോ ഇ യ്ക്കുകൊടുക്കാനായി അ, ആയ്ക്ക് ഒരു കാര്യം ഏൽപിച്ചു. അപ്പോൾ ആ, ഇയക്ക് അത് കൊടുക്കുന്നതുവരെ കടക്കാരൻ ആണ്. അതായത് കുറെ പണം ഒരാൾക്ക് കൊടുക്കുവാനായി വേറൊരാൾ എന്നെ ഏൽപിച്ചാൽ ആ പണം എന്റെതായി സൂക്ഷിക്കുവാൻ സാധിക്കയില്ല. അത് നിയമപ്രകാരവും, ധാർമ്മികമായും ഞാൻ മറ്റെയാൾക്ക് കൊടുത്തേ മതിയാവൂ.

പൗലൊസ് തന്റെ ഭൂതകാലജീവിതം ഓർത്തുനോക്കിയാൽ താൻ കടപ്പെട്ടിട്ടുള്ള അനേകരെക്കുറിച്ച് ഓർമ്മവരും. ദൈവഹിതത്താൽ തനിയ്ക്ക് ഒരു യഹൂദപാരമ്പര്യം ഉണ്ട്. യവന വിദ്യാഭ്യാസം, റോമാപൗരത്വം ഇതൊക്കെയും ലഭിച്ചിട്ടുണ്ട്. ഇതിനൊക്കെയും മേലായി ദൈവത്തോടുള്ള തന്റെ കടപ്പാടും മനസ്സിലാക്കിയിട്ടുണ്ട്. റോമർ. 5-ാം അദ്ധ്യായത്തിലെ വാക്യങ്ങൾ പൗലൊസിന്റെ കടപ്പാടിനെ ഓർപ്പിയ്ക്കുന്നു:

> നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു.... പാപികളായിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പുവന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി

രക്ഷിക്കപ്പെടും (5:6-10 കാണുക).

അതിനെല്ലാം ഉപരിയായി യേശു തന്നെ രക്ഷിച്ചതുമാത്രമല്ല രക്ഷക്കായി ദൈവശക്തിയായ (1:16) സുവിശേഷം തന്നെ ഭരമേൽപ്പിച്ചതാണ് പൗലൊസിനെ കടക്കാരനാക്കിയതു. മറ്റുള്ളവർ ക്രിസ്തുവിങ്കൽ വന്ന് താനനുഭവിയ്ക്കുന്ന അനുഗ്രഹം അനുഭവിപ്പാനാണ് ക്രിസ്തു ഈ സുവിശേഷം തന്നെ ഭരമേൽപ്പിച്ചത്.

ക്രിസ്തു പൗലൊസിനെ രക്ഷിക്കയും അപ്പൊസ്തലത്വം കൊടുക്കുകയും ചെയ്തതുകൊണ്ട് "സുവിശേഷം അറിയാത്ത" ലോകത്തോടു തനിയ്ക്ക് കടമുണ്ട്.

ഈ കടപ്പാടാണ് പൗലൊസിന്റെ ജീവിതത്തെ നയിച്ച പ്രേരകശക്തി. അത് തന്റെ ജീവിതത്തിന്റെ ഏക ലക്ഷ്യവും ശ്രദ്ധയും ആയിത്തീർന്നു. താൻ ജീവിയ്ക്കുന്നതിന്റെ ഏകകാരണവും അതായിരുന്നു. കൊരിന്ത്യർക്ക് എഴുതുന്നു, ''ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിലോ എനിക്ക് അയ്യോ കഷ്ടം.... മനഃപൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ ഭരമേല്പ്പിച്ചിരിക്കുന്നു'' (1 കൊരി. 9:16, 17).

ശ്രേഷ്ഠനായ ഈ അപ്പൊസ്തലന് സർവ്വ മനുഷ്യരോടുമുള്ള ഉത്തരാവാദിത്വത്തെക്കുറിച്ച്-അവർ എവിടെയൊക്കെ വസിച്ചാലും ആരൊക്കെയായിരുന്നാലും ആഴമായ ബോദ്ധ്യം ഉണ്ടായിരുന്നു. രാജാക്കന്മാരോടും നാടുവാഴികളോടും പ്രസംഗിച്ചു (അപ്പൊ. പ്ര. 24-26). താൻ രാജാക്കൻമാരോടും ഭരണകർത്താക്കളോടും ബലഹീനരോടും എളിയവരോടും സുവിശേഷം അറിയിച്ചു (12:16; കാണുക 1 കൊരി. 1:18-31). "ഏതു വിധത്തിലും ചിലരെ നേടേണ്ടതിന് എല്ലാവർക്കും എല്ലാമായിതീർന്നു" എന്ന് പറയുന്നു (1 കൊരി. 9:22).

**വാക്യം 15**. നന്ദിപറച്ചിൽ താഴെപറയുന്ന വാക്കുകളിൽ അവസാനിപ്പിയ്ക്കുന്നു. 1:8-15. **അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു**. അങ്ങനെ എന്നത് ഇതുവരെ താൻ പറഞ്ഞുവന്ന വിഷയത്തെ പരാമർശിച്ചാണ്. "*അതുകൊണ്ടാണ്* ഞാൻ സുവിശേഷം അറിയിപ്പാൻ ഒരുങ്ങിയിരിക്കുന്നത്.'' പ്രൊത്തോമോസ് (πρόθυμος, *prothumos*) എന്ന ഗ്രീക്കുവാക്കാണ് "ആകാംക്ഷ" എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് അത് സന്നദ്ധതയെ കാണിക്കുന്നതാണ്.[35] അപ്പൊസ്തലന്റെ ഒരുങ്ങിയിരിപ്പിനെ കുറിച്ച് ബിർസ്ക്കോയ് ഇങ്ങനെ പറയുന്നു:

> റോമാലേഖനം എഴുതുന്ന സമയത്ത് പൗലൊസ് ശുശ്രൂഷയിൽ ബദ്ധശ്രദ്ധനായിട്ട് 30 വർഷങ്ങളോളം ആയിരുന്നു. അനേക നാളുകൾ അനവധി ആഘാതങ്ങളിലും മനോവിഭ്രാന്തി ഉളവാക്കത്തക്ക അനുഭവങ്ങളിലും കൂടി കടന്നുപോകേണ്ടി വന്നു. എന്നിട്ടും അദ്ദേഹത്തിന്റെ ശുഷ്കാന്തിയും തീഷ്ണതയും ഒട്ടും ശമിക്കാതവണ്ണം മുന്നോട്ട് നയിച്ചുകൊണ്ടിരുന്നു.[36]

അക്കാലത്ത് റോമാ നഗരത്തിൽ പോകണമെന്നാഗ്രഹിച്ചത് പൗലൊസ്

മാത്രമായിരുന്നില്ല. അന്ന് അനേക റോമാപൗരന്മാരും സാമ്രാജ്യത്തിന്റെ ഹൃദയഭാഗമായ റോം കാണുവാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അവർക്കും പൗലൊസിനും തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ അവർ കാഴ്ചകൾ കാണുവാനും പൗലൊസ് ദൈവത്തിന്റെ ദൂതുവാഹിയായും പോകണമെന്നാണ് ആഗ്രഹിച്ചത്.[37] ആത്മാ ക്കൾ രക്ഷിയ്ക്കപ്പെടേണമെന്നുള്ളതായിരുന്നു അപ്പൊസ്തലന്റെ സുവിശേഷ പ്രസംഗത്തിന്റെ പ്രഥമമായ ഉദ്ദേശം. ഏവൻ ഗേലിയോൻ എന്ന വാക്കിൽ നിന്നാണ് ''ഇവാൻജലിസം അതായത് സുവിശേഷീകരണം'' (εὐαγγελίζω, *euangelizō*) എന്ന പദമുണ്ടായത്. റോമിൽ പോകുന്നതിന് പൗലൊസിനു ഒരു "സുവിശേഷീകരണ" ഉദ്ദേശം ഉണ്ടായിരുന്നു. റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ പൂർവ്വപ്രദേശങ്ങളിൽ നിന്ന് ധാരാളം ആത്മാക്കളെ കൊയ്തെടുക്കുവാനുള്ള ആഗ്രഹം ഉണ്ടായി. റോമാപട്ടണത്തിൽനിന്നും അതുപോലെയൊരു ഫലം ഉണ്ടാകുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ചു.

## പ്രബന്ധത്തിന്റെ പ്രസ്താവന: സുവിശേഷം യഹൂദന്മാരെയും ജാതികളെയും ഒരേ രീതിയിൽ ഒരുപോലെ രക്ഷിക്കുന്നു (1:16, 17)

റോമർ 1:16, 17 വാകൃങ്ങളിൽ പൗലൊസിന്റെ ലേഖനത്തിന്റെ മുഖവുരയുടെ അവസാനഭാഗം കാണുന്നു. അക്കാലത്തെ കത്തുകളുടെ രൂപമനുസരിച്ച് ഒരു ലേഖനം തുടങ്ങുന്നത്, (1) എഴുത്തുകാരന്റെ പേര് (1:1), (2) സ്വീകരിക്കുന്നവരുടെ വിലാസം (1:7a), (3) അഭിവാദനം (1:7b), (4) നന്ദി വാക്കുകൾ (1:8). പൗലൊസിന് ഒരു കാര്യംകൂടെ ചെയ്വാനുണ്ടായിരുന്നു, കത്തിന്റെ പ്രധാന ഭാഗം എഴുതുന്ന തിനു മുൻപേ തന്റെ പ്രബന്ധത്തിന്റെ വിഷയം പ്രസ്താവിക്കുക. അതിങ്ങനെ,

**16സുവിശേഷത്തെക്കുറിച്ച് എനിയ്ക്കു ലജ്ജയില്ല. അത് വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അത് രക്ഷയ്ക്കായി ദൈവശക്തി യാകുന്നുവല്ലോ. 17അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായിക്കൊണ്ടും വെളിപ്പെടുന്നു. നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്ന് എഴുതിയിരിക്കുന്നുവല്ലോ.**

**വാക്യം 16.** പ്രബന്ധത്തിന്റെ പ്രസ്താവന കത്തിന്റെ പ്രധാന ഭാഗത്തിനും മുഖവുരയ്ക്കും ഇടയിൽ ഒരു പാലം പോലെ ഉപയോഗപ്പെടുന്നു. ഗാർ (γάρ, *gar*) എന്നുള്ള ഗ്രീക്ക് ബിന്ദു ആണ് 16-ാം വാക്യത്തെ തൊട്ടുമുൻപുള്ള വാക്യ വുമായി ഘടിപ്പിക്കുന്നത്. റോമിൽ പോകുവാൻ ആഗ്രഹമുണ്ടെന്ന് പൗലൊസ് വായനക്കാരോടു പറഞ്ഞ ശേഷം അവിടെ സുവിശേഷം പ്രസംഗിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചു പറഞ്ഞു. കത്തിന്റെ പ്രധാനഭാഗത്തെക്കുറിച്ച് പൗലൊസിനു പറയാനുള്ളതെല്ലാം പറയുന്നതിനുള്ള രംഗം ഒരുക്കുന്നു.

വാക്യം 14, 15, 16 മൂന്ന് "ഞാനാകുന്നു" എന്ന പ്രസ്താവനകൾ ഉണ്ട്. 14-ാം വാക്യത്തിൽ "ഞാൻ കടക്കാരൻ ആകുന്നു." 15-ാം വാക്യത്തിൽ ''ഞാൻ ഒരുങ്ങി യിരിക്കുന്നു.'' 16-ാം വാക്യത്തിൽ **എനിക്കു ലജ്ജയില്ല**. അക്കാലത്ത് ക്രൂശിൽ മരിച്ച ഒരു മനുഷ്യനെ ആരാധിക്കുന്നു എന്നു പറഞ്ഞ് ക്രിസ്ത്യാന ികളെ പരിഹസിച്ചിരുന്നു. പൗലൊസ് സുവിശേഷം എത്തിയ്ക്കുവ നാഗ്രഹിച്ച പലയാളുകൾക്കും കുരിശ് ഒരു അർത്ഥവുമില്ലതെ പോയതിനെ ക്കുറിച്ച്

പൗലൊസ് സങ്കടപ്പെട്ടിരുന്നു. അദ്ദേഹം ഇങ്ങനെ എഴുതി. "ഞങ്ങളോ ക്രൂശിയ്ക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. യഹൂദന്മാർക്ക് ഇടർച്ച യായും ജാതികൾക്ക് ഭോഷത്വവുമായ ക്രിസ്തുവിനെ തന്നെ" (1 കൊരി. 1:23). എവററ്റ് ഫെർഗ്യുസൺ ജാതികൾ ക്രിസ്തുവിനെ തള്ളിക്കളഞ്ഞതിനെ ഇങ്ങനെ വിവരിച്ചു:

> "ക്രിസ്ത്യാനിത്വത്തിനെതിരെ പൊതുവായുള്ള പരിഹാസത്തെ റോമിലെ സിർക്കസ് മാക്സിമസിനരികിലുള്ള പലറ്റെൻ കുന്നിലെ ഗാർഡ് റൂമിലെ ഒരു കല്ലിൽ വരച്ചിരുന്ന ഒരു ചിത്രം സൂചിപ്പിയ്ക്കു ന്നതിങ്ങ നെയാണ്: കഴുതയുടെ തലയോടുകൂടിയ ഒരു മനുഷ്യനെ ക്രൂശിൽ തൂങ്ങ പ്പെട്ടവനായി കാണിയ്ക്കുന്നു. അതിനടുത്ത് വേറൊരു മനുഷ്യൻ കൈകളു യർത്തി ആരാധന രീതിയിൽ സ്തുതിയ്ക്കുന്നു. അവിടെ എഴുതിയിരി ക്കുന്നത് അലക്സഷിനോസ് അവന്റെ ദൈവത്തെ ആരാധിക്കുന്നു. കഴുതയെ ആരാധിയ്ക്കുന്നു എന്ന കുറ്റം യഹൂദൻമാരും ക്രിസ്ത്യാനികളുടെ മേൽ ചുമത്തി. ഈ ഒരു കള്ള കുറ്റം യേശുവിന മേൽ ചുമത്തി യിരുന്നു. ഇപ്പോഴുള്ള ക്രിസ്ത്യാനികൾക്ക് ഈ ചിത്രം എത്ര അരോച കമാണ്. അതുപോലെ ക്രൂശിയ്ക്കപ്പെട്ട കർത്താവ് എന്ന ആശയം അന്നെ ത്ത ജാതികൾക്ക് വളരെ നിന്ദ്യമായിരുന്നു."[38]

ഇത്തരം പരിഹാസങ്ങൾ പല ക്രസ്ത്യാനികളുടെയും തല കുനിയുവാൻ കാരണമായി. എന്നാൽ പൗലൊസിന് അതിനിടയായില്ല. അദ്ദേഹം ധൈര്യമായി സുവിശേഷ ദൂത് പ്രഖ്യാപിച്ചു. കുരിശിന്റെ കഥ നാടിന്റെ കുറുകെയും നെടുകെയും പ്രഘോഷിച്ചു.

നേരത്തെ സൂചിപ്പിച്ചതുപോലെ "സുവിശേഷം" (*euangelion*) എന്ന പദം ഏവൻഗേലിയോൻ എന്ന ഗ്രീക്കുപദത്തിന്റെ പരിഭാഷയാണ്. "നല്ല വാർത്ത" എന്ന അർത്ഥമാണുള്ളത് (1:1 കാണുക). കഴിഞ്ഞ വർഷങ്ങളിൽ *"ഏവൻഗേലിയോൻ"* പല വിധത്തിൽ ഉപയോഗിച്ചിട്ടുണ്ട്.[39] എന്നാൽ പൗലൊസിന്റെ കാലത്ത് നല്ല വാർത്ത എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്നു. ഏതു നല്ല വാർത്തയേയും കാണിക്കുവാൻ ഈ വാക്ക് ഉപയോഗിച്ചുവന്നു. എന്നാൽ പുതിയനിയമത്തിൽ ദൈവത്തിൽ നിന്നുമുള്ള നല്ല വാർത്തയെ ഉദ്ദേശിച്ചുമാത്രം ഇതുപയോഗി ച്ചിരുന്നു. സുവിശേഷ രേഖകളിൽ മശിഹായുടെ ആഗമനം മാത്രം "നല്ല വാർത്ത" യായി, സുവിശേഷമായി ഉപയോഗിച്ചുവന്നു (മർക്കൊ 1:1). യേശുവും മറ്റുള്ളവരും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു (മത്തായി 4:23; 9:35). മശിഹ, തന്റെ രാജ്യം (സഭ) സ്ഥാപിക്കുവാൻ പോകുന്നു. തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നുള്ള നല്ല വാർത്ത ജനത്തെ അറിയിച്ചു (ലൂക്കൊ. 4:18).

ലേഖനങ്ങളിൽ ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു എന്നതാണ് നല്ല വാർത്ത. റോബർട്ട് മൌൺസ് പറയുന്നു. "പാപത്തിന ടിമയായ മനുഷ്യനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ നിവർത്തിച്ച വീണ്ടെടുപ്പിന്റെ പ്രവർത്തിയെ ഘോഷിയ്ക്കുന്നതാണ് സുവിശേഷം."[40] ഈ "നല്ല വാർത്ത" യ്ക്ക് രണ്ടു വശങ്ങളുണ്ട്. ചരിത്രപരമായതു യേശുവിന്റെ മരണം, കബറടക്കം, ഉയർത്തെഴുന്നേൽപ് എന്ന "*ഭൗമിക കാര്യങ്ങൾ*" പൗലൊസ് കൊരിന്ത്യർക്കെഴുതി,

എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചു കൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻപ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി (1 കൊരി. 15:1–4).

നാം മനുഷ്യൻ രക്ഷിയ്ക്കപ്പെടേണ്ടതിന് എന്തെല്ലാം ചെയ്യണം എന്നു പ്രസംഗിക്കുകയും യേശുവിന്റെ മരണ–കബറടക്ക–ഉയിർത്തെഴുന്നേൽപുകളെ വിട്ടുകള കയും ചെയ്താൽ നാം സുവിശേഷം അല്ല പ്രസംഗിക്കുന്നത്.

രണ്ടാമത് സുവിശേഷത്തിന് "ഉപദേശപരമായ ഒരു വശം" ണജമപുഛരണ്ട്. ചിലർ ചിന്തിയ്ക്കുന്നത് സുവിശേഷത്തിൽ കുരിശിന്റെ കഥ മാത്രമെ ഉള്ളൂ എന്നാണ്. എന്നാൽ പലയിടത്തും സുവിശേഷം *അനുസരിയ്ക്കുന്നതിനെ*പ്പറ്റി പുതിയനിയമത്തിൽ കാണുന്നു. (2 തെസ്സ. 1:8; 1 പത്രൊ. 4:17; റോമ. 10:16; KJV കാണുക) സുവിശേഷത്തിൽ കല്പനകളും ഉണ്ട്. സുവിശേഷത്തിന്റെ ഉപദേശപരമായ രൂപം നല്ല വാർത്തയുടെ *ആത്മീയത* കേന്ദ്രീകരിച്ചുള്ളതാണ്.

സുവിശേഷത്തിന്റെ ഉപദേശം ആണ് നല്ല വാർത്തയുടെ *കേന്ദ്രമായി* പ്രധാനം. ദൈവം നമുക്കു വേണ്ടി ചെയ്ത കാര്യങ്ങൾ നമുക്ക് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് സുവിശേഷം പറയുന്നു. അതിനും, നമ്മുടെ ജീവിതത്തിനുമേൽ എന്തു ചെയ്വാൻ കഴിയും എന്നും, ശക്തിപ്പെടുത്തി പറയുന്നു (ഫിലി. 1:27 കാണുക). മാർഗ്ഗദർശകരായ (പൈനിയർ വർക്കേഴ്സ്) പ്രസംഗികൾ സുവിശേഷത്തെ ഇങ്ങനെ ചുരുക്കി പറഞ്ഞിട്ടുണ്ട്:

*വസ്തുതകൾ* – വിശ്വസിയ്ക്കുവാനുള്ളവ: പ്രത്യേകിച്ച് യേശുവിന്റെ മരണം, കബറടക്കം, പുനരുത്ഥാനം എന്നിവ (1 കൊരി. 15:1–4).
*കൽപനകൾ* – അനുസരിക്കുവാനുള്ളവ: വിശ്വാസം, മാനസാന്തരം, സ്നാനം (6:3–6, 17, 18).
*വാഗ്ദത്തങ്ങൾ* – അനുഭവിക്കാനുള്ളവ: അതിൽ പാപമോചനം, പരിശുദ്ധാത്മവരം, സ്വർഗ്ഗത്തെക്കുറിച്ചുള്ള വാഗ്ദാനം (അപ്പൊ. പ്ര. 2:38; കൊലൊ 1:21–23; തീത്തൊ. 1:2).

പൗലൊസിന് സുവിശേഷത്തെക്കുറിച്ച് ലജ്ജയില്ലായിരുന്നു. കാരണം സുവിശേഷം **ദൈവശക്തിയാണ്.** "പവർ" എന്ന ഇംഗ്ലീഷ് വാക്ക് ഡുനാമിസ് (δύναμις, *dunamis*) എന്ന ഗ്രീക്കുപദമാണ്. "ഡൈനാമൊ", "ഡൈനാമിക്ക്", "ഡൈനാമിറ്റ്", എന്നും അത് പരിഭാഷപ്പെടുത്തിയിരിക്കുന്നു.

റോമ ഗവൺമെന്റിനെ ഒരു വാക്കിൽ സംഗ്രഹിച്ചാൽ *ശക്തി* എന്നു വിളിക്കാം. കക്തിയേറിയ റോമാസാമ്രാജ്യം എന്നും നിലനിൽക്കുന്ന തായി തോന്നി. അവരുടെ സൈന്യബലത്തെ ഒന്നിനും തോൽപിക്കുവാൻ കഴിയാത്തതു പോലെയും. റോമിൽ ജീവിച്ചിരുന്ന ആളുകൾ തുടർച്ചയായി തെരുവീഥി കളിൽ കൂടെയുള്ള സേനാനായകന്മാരുടെ വിജയാഘോഷ

> യാത്രകൾ സാധാരണ കാണുകയും ജയിച്ചടക്കിയ രാജ്യങ്ങളിലെ ആയിരക്ക ണക്കിന് സ്ത്രീപുരുഷന്മാരെ അടിമകളാക്കി തങ്ങളെ സേവിപ്പിക്കുവാനും ചക്രവർ ത്തിമാരെ ആരാധിക്കണമെന്ന് ആവശ്യപ്പെ ടുകയും ഒക്കെ ചെയ്യുന്നതു കാണുന്നവർക്ക് മുന്നിൽ പൗലൊസിന്റെ സന്ദേശം ദൈവമാണ് സർവാധിപതി എന്നായിരുന്നു.[41]

റോമക്കാർ തങ്ങളുടെ ശക്തിയിൽ അഹംഭാവമുള്ളവരായി തീർന്നിരിക്കാം. എന്നാൽ തങ്ങളുടെ സാമ്രാജ്യത്തെ നശിപ്പിച്ചുകൊണ്ടിരുന്ന ധാർമ്മിക വീഴ്ച്ചക്കെ തിരായി പ്രവർത്തിപ്പാൻ ശക്തിയില്ലായിരുന്നു. ഒരു ഭവനത്തിൽ തെറ്റായ പെരുമാറ്റത്തിൽ ജീവിയ്ക്കുന്ന ഒരു മനുഷ്യനെ തിരികെ ഒരു നല്ല ഭർത്താവായും പിതാവായും ആക്കിത്തീർക്കുന്നതിനുള്ള ശക്തി അവർക്കില്ലായിരുന്നു.[42] ആ ശക്തി ദൈവത്തിനു മാത്രമേ ഉള്ളൂ.

സൊറ്റിരിയ (σωτηρία, *sōtēria*) എന്ന വാക്ക് **രക്ഷക്ക്** അടിസ്ഥാനമായി ഉപയോഗിച്ചിരിക്കുന്നു. അതിന്റെ അർത്ഥം ''വിടുതൽ'' എന്നാണ്. അത് സ്വറ്റേരിയ എന്ന പദത്തിൽനിന്നു വന്നതാണ്. സൈനിക വിജയത്തിനും രോഗ സൗഖ്യത്തിനും മറ്റുമായി ആ വാക്ക് ഉപയോഗിച്ചു വന്നു. പൗലൊസ് ആ വാക്ക് പാപത്തിന്റെ കുറ്റം, ജീവിതത്തിൽ തുടരുന്നത്, പാപത്തിന്റെ ശക്തി പാപത്തിന്റെ നിത്യമായ പരിണിതഫലം എന്നിവയിൽ നിന്നുള്ള വിടുതലായി ഉപയോഗിച്ചു.

**വിശ്വസിക്കുന്ന ഏവർക്കും** ഈ ശക്തി ലഭ്യമാണെന്ന് ദൈവം ഉദ്ദേശിച്ചു. ആദ്യം യഹൂദനും പിന്നെ യവനനും എന്ന വാക്കിന് എല്ലാവരും എന്ന അർത്ഥമാണ്. പൗലൊസ് ഊന്നിപറയുന്നത് സാർവ്വ ലൗകിക സുവിശേഷ ത്തിൽ, **ആദ്യം യഹൂദന്മാരും ഗ്രീക്ക് ഭാഷ സംസാരിക്കുന്ന വിജാതിയരും.** (Ἕλλην, *Hellēn*) ചേർന്ന് സകല മനുഷ്യരും എന്നർത്ഥം വരുന്നു. തീർച്ചയായും, സുവിശേഷം സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ് (മത്തായി 28:18–20; മർക്കൊസ് 16:15, 16; അപ്പൊ. പ്ര. 1:8).

''ആദ്യം'' യഹൂദൻ എന്നതിന് ദൈവം അവരെ മറ്റുജാതികളെക്കാൾ നല്ലവരോ പ്രധാനപ്പെട്ടവരോ എന്നു പറയുകയല്ല. അടുത്ത അദ്ധ്യായത്തിൽ ഇതേ ഭാഷാശൈലി രണ്ടണ്ടു പ്രാവശ്യം പൗലൊസ് ഉപയോഗിച്ചിട്ടുണ്ടണ്ട് (2:9, 10). ഉടൻ തന്നെ ''ദൈവത്തിന് മുഖപക്ഷമില്ലെന്ന്'' പറയുകയും ചെയ്യുന്നു (2:11). 10:12–ൽ "യഹൂദനും യവനനും തമ്മിൽ ഒരു വ്യത്യാസവുമില്ല" എന്നും എഴുതിയിരിക്കുന്നു. "എല്ലാവർക്കും പിതാവ് ഒരുവൻ തന്നെ.''

പൗലൊസിന്റെ പ്രസ്താവന പല ചരിത്ര സംഭവങ്ങളെ സൂചിപ്പിയ്ക്കുന്നു. മശിഹാ ലോകത്തിലേക്കു വരുന്നതിനുള്ള വഴിയൊരുക്കുവാൻ യഹൂദരെ ഒരു പ്രത്യേക ജാതിയായി ദൈവം തെരഞ്ഞെടുത്തു. മശിഹാ (ക്രിസ്തു) ഒരു യഹൂദനായിരുന്നു. യഹൂദ ദേശമായ പലസ്തീനിൽ ജീവിക്കയും മരിക്കയും ചെയ്തു. ശതാബ്ദങ്ങളായിരുന്നവർക്കും ദൈവത്തിനുമിടയിലുള്ള ദീർഘമായ ബന്ധത്തിന്റെ പേരിൽ യഹൂദന് മശിഹയെയും അവന്റെ രാജ്യത്തെയും സ്വീകരിപ്പാനോ ത്യജിപ്പാനോ ഉള്ള ആദ്യ അവസരം നൽകി. മശിഹായുടെ രാജ്യം അഥവാ സഭ യഹൂദലോകത്തിന്റെ തലസ്ഥാനമായ യരുശലേമിലാണ് ആരംഭിച്ചത്. ഒന്നാമത്തെ സുവിശേഷ പ്രസംഗം യഹൂദന്മാരോടായിരുന്നു. സുവിശേഷം പരന്നത് പലസ്തീനിൽ നിന്നും ജാതീയ ലോകത്തിലേ ക്കായിരുന്നു. ഓരോ പ്രത്യേക സ്ഥലങ്ങളിലും സുവിശേഷം ആദ്യം യഹൂദ

രാടും പിന്നീട് ജാതികളോടും പ്രസംഗിച്ചുവന്നു. ആസ്യയിലെ അന്ത്യോക്യക്കാരോട് പൗലൊസ് പറഞ്ഞത് "ദൈവവചനം അവരോടു ആദ്യം പറയേണ്ടത് ആവശ്യമായിരുന്നു എന്നത്രെ. നിങ്ങൾ ത്യജിച്ചു കളയുന്നതു കൊണ്ട് ഞങ്ങൾ ജാതികളിലേക്കു തിരിയും എന്നു പറഞ്ഞു" (അപ്പൊ. പ്ര. 13:46).

വചനം ആദ്യം യഹൂദന്മാരോടും പിന്നെ യവനൻമാരോടും (ഇതേപോലെയുള്ള ഭാവങ്ങൾ ഈ ലേഖനത്തിൽ ഉടനീളം കാണാം) എന്നത് സൂചിപ്പിക്കുന്നത്. പൗലൊസ് റോമിലെ സഭയിൽ യഹൂദന്മാരെയും വിജാതീയരെയും ക്രിസ്തുവിൽ ഒന്നാക്കി ഇണക്കണം എന്നാഗ്രഹത്തോടുകൂടെയാണ്. ക്ലൗഡിയസ് ചക്രവർത്തിയുടെ കാലത്ത് (എ.ഡി. 49) യഹൂദന്മാരും യഹൂദക്രിസ്ത്യാനികളും റോമിൽ നിന്ന് പുറത്താക്കപ്പെട്ടു. എങ്കിലും അവർ എല്ലാവരും റോമിലേക്ക് മടങ്ങിവന്നു (എ.ഡി. 54-ൽ). അവരുടെ മടങ്ങിവരവ് പൗലൊസ് ഈ ലേഖനം എഴുതുന്നതിന് തൊട്ടുമുൻപായി സംഭവിച്ചു. (എ.ഡി. 57 അല്ലങ്കിൽ 58). യഹൂദ ക്രിസ്ത്യാനികൾ ജാതികളിൽനിന്നും ക്രിസ്ത്യാനികളായ വിശ്വാസികളുമായ് ഒത്തുപോകുന്നത് ബുദ്ധിമുട്ടായിരുന്നു.

കോയ് റോപ്പർ ഈ രണ്ട് പദങ്ങളെ ഒരേ ദിശയിൽ ചേർത്തുകൊണ്ട് പറഞ്ഞത്: 'യഹൂദന്മാർക്കാദ്യ' വും എന്നുള്ളതിന്: ജാതികൾ ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് അറിയുമ്പോൾ, യഹൂദന്മാർക്കുണ്ടായിരുന്ന മുൻഗണന അവർ അറിയണം എന്നുള്ളതായിരുന്നു. യവനന്മാരെയും, മറ്റ് ജാതികളെയും ദൈവത്തിന്റെ പദ്ധതിയിൽ രക്ഷക്കായി ദൈവം കൂട്ടിചേർക്കുന്നു എന്നുള്ളത് യഹൂദന്മാർ അറിയണം എന്നും പൗലൊസ് ആഗ്രഹിച്ചു."[43] സഭയിൽ അവരുടെ വംശീയ പശ്ചാത്തലത്തിൽ നിഗളിക്കുവാനോ ഉന്നതഭാവ മനോഭാവമുള്ളവരായിരിക്കുവാനോ പാടില്ല. (2:1, 17; 3:9, 27, 29; 11:13, 18, 25; 14:10). പകരം സ്നേഹത്തിൽ അന്യോന്യം സ്വീകരിക്കപ്പെടണം (12:3-5, 10, 16; 14:1, 13; 15:7).

**വാക്യം 17.** യഹൂദ, യഹൂദേതര ക്രിസ്ത്യാനികൾ തമ്മിലുള്ള നടുച്ചുവരിനെ ഇടിച്ചുകളഞ്ഞ് പൊതുവിൽ എല്ലാവർക്കും ലഭിക്കുന്ന ക്രിസ്തീയ രക്ഷയെക്കുറിച്ച് പൗലൊസ് ഊന്നൽ കൊടുക്കുന്നു. **അതിൽ** (സുവിശേഷം) **ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായിക്കൊണ്ടും വെളിപ്പെടുന്നു. നീതിമാൻ വിശ്വാസത്താൽ ജീവിക്കും** എന്ന് എഴുതിയിരിക്കുന്നുവല്ലോ. ഇരുകൂട്ടരും ക്രിസ്തുവിന്റെ വിശ്വാസത്താലാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത് അല്ലാതെ മോശെയുടെ ന്യായപ്രമാണം പാലിച്ചതുകൊണ്ടോ ധാർമ്മിക പൂർണ്ണതയിൽ ജീവിച്ചതുകൊണ്ടോ അല്ല.

ഈ വാക്യത്തിൽ "നീതി" എന്നുള്ളത് ദൈവത്തിന്റെ ഒരുക്കൽകൊണ്ട് രക്ഷപെടുവാൻ ഒരാൾക്ക് സാധിക്കുന്നതാണ്. അതുകൊണ്ട് "നീതി" എന്നുള്ളത് "ദൈവത്തിന്റെ നീതിയാണ്." കാരണം ദൈവത്തിൽനിന്നാണ് അത് ലഭിക്കുന്നത്. ആ ഭാഗം ഊന്നൽ കൊടുക്കുന്നത് സുവിശേഷ പ്രസംഗത്താലാണ് നീതി വരുന്നത് എന്നാണ്.

സുവിശേഷം കേൾക്കുന്നതിന്റെ ഫലമായി മനുഷ്യഹൃദയങ്ങളിൽ വിശ്വാസം ഉരുവാക്കപ്പെടുന്നു (10:17). ഈ വിധത്തിൽ ദൈവത്തിന്റെ നീതി വിശ്വാസത്തിൽ നിന്ന് വിശ്വാസത്തിലേക്ക് അറിയിക്കപ്പെടുന്നു. അതിന്റെ ഗ്രീക്ക് ഭാഗം "എക്ക്" [ἐκ, *ek*] എന്നാൽ ഉള്ളിൽ നിന്നും "എയിസ്" [εἰς, *eis*] എന്നാൽ ഉള്ളിലേക്കും എന്നാണ്. അഥവാ വിശ്വാസത്തിന്റെ ഉള്ളിൽ നിന്ന് വിശ്വാസത്തിലേക്കും. ഇതിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ വ്യക്തമാക്കാന

ുണ്ടെങ്കിലും ഈ ചെറിയ വാക്കിൽ ഒരുപാടു കാര്യങ്ങൾ മനസ്സിലാക്കാം. പൗലൊസിന്റെ തത്വചിന്തയിൽ ഈ കാര്യങ്ങൾ വളരെ പ്രത്യക്ഷമാണ്. നാം വിശ്വാസത്താലാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത്. ദൈവവുമായി നിരപ്പുണ്ടായി. അതിനെ വിശ്വാസത്തിന്റെ ഫലം എന്നും വിളിക്കാം. അതേ സമയം തന്നെ തന്റെ വായനക്കാർ ഒരിക്കൽ ക്രിസ്ത്യാനി ആയിക്കഴിഞ്ഞാൽ പിന്നീട് വിശ്വാസത്തിന് പ്രാധാന്യമില്ല എന്ന് ചിന്തിക്കരുത് എന്ന് പൗലൊസ് ആഗ്രഹിച്ചു. ഒരു വ്യക്തിയെ രക്ഷിച്ച അതേ വിശ്വാസം തന്നെ ആ വ്യക്തിയെ വിശ്വാസത്തിൽ നയിക്കണം. അത് ജീവിത ശൈലിയിലും വിശ്വാസം വെളിപ്പെടുത്തുന്നതായിരിക്കണം (2 കൊരി. 5:7) എൻ.ഐ.വി. ബൈബിളിൽ ഈ ആശയത്തിന് കൊടുത്തിരിക്കുന്ന ഊന്നൽ ഇതാണ്: വിശ്വാസത്താലുള്ള "നീതീകരണം *ആദ്യംമുതൽ അവസാനം വരേയും*."

ഈ ഒരു ആശയത്തെ ശക്തിപ്പെടുത്തുവാൻ പൗലൊസ് പഴയനിയമ ഭാഗം ഉദ്ധരിക്കുന്നു: ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും.'' ഹബ. 2:4-ൽ വീണ്ടും പണ്ഡിതൻമാർ പൗലൊസ് ഈ ഉദ്ധരണിയെ ഉദ്ധരിച്ചതിന്റെ വ്യാഖ്യാനത്തിൽ വ്യത്യാസം കാണുന്നു. അവിടെ വിശ്വാസിക്ക് ആത്മീക ജീവനെക്കുറിച്ചാണോ വിശ്വാസ ജീവിതത്തെക്കുറിച്ചാണോ എന്ന്. അതിനാൽ മറ്റൊരു പരിഭാഷയിൽ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവൻ വിശ്വാസത്താൽ ജീവിക്കും എന്ന് പറയുന്നു. ഈ വാക്കിന്റെ അർത്ഥം വിശ്വാസി (ആത്മീക) ജീവൻ പ്രാപിച്ചവനും, വിശ്വാസത്തിലുള്ള ജീവൻ ഉള്ളവൻ എന്ന് ആണോ? ഈ ചോദ്യം സംശയാസ്പദമായി ആർ.എസ്.വി. യിലും എൻ.ആർ.എസ്.വി.യിലും ചേർത്തിരിക്കുന്നു. ആർ.എസ്.വി.യുടെ വിവർത്തകർ 17-ാം വാക്യത്തിന്റെ അവസാന ഭാഗത്ത് ഇങ്ങനെ ചേർത്തിരിക്കുന്നു "വിശ്വാസത്തിൽ കൂടെ നീതീകരിക്കപ്പെട്ടവർ ജീവിക്കും.'' പരിഭാഷ നവീകരിച്ചവർ ഈ ഭാഗത്തെ ഇങ്ങനെ കൊടുത്തിരിക്കുന്നു, മറ്റൊന്നിൽ "നീതീകരിക്കപ്പെട്ടവൻ വിശ്വസ്തതയാൽ ജീവിക്കും എന്നു പറയുന്നു.''

സാധാരണയായി നാം ''വിശ്വാസത്താൽ ജീവിക്കും'' എന്നുപറയുമ്പോൾ നമ്മുടെ ജീവിത ശൈലിയെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാക്കണം എന്നാണ് പൗലൊസ് ആഗ്രഹിച്ചത്. ഹബക്കുക്ക് പ്രവചനത്തിൽ നിന്നും റോമാ ലേഖനത്തിലേക്ക് അത് ഉദ്ധരിച്ചപ്പോൾ വിശ്വാസികൾക്ക് ആത്മീകവും നിത്യവുമായ ജീവനെക്കുറിച്ച് ഉറപ്പ് നൽകുന്നതുമാണ് (6:23).

ഹബക്കുക് പറയുന്നു, "അവന്റെ മനസ്സു അവനിൽ അഹങ്കരിച്ചിരിക്കുന്നു; അതു നേരുള്ളതല്ല; നീതിമാനോ വിശ്വസത്താൽ ജീവിച്ചിരിക്കും" (ഹബ. 2:4). ഹബക്കുക് പ്രവാചക പുസ്തകത്തിന്റെ മുഖ്യവിഷയം ബാബിലോണിയൻ തകർച്ചയാണ്. ദൈവം ഹബക്കുക്കിനോട് പറയുന്നു യഹൂദയെ ശിക്ഷിക്കുവാൻ കല്ദയരെ ഉയർത്തുമെന്ന്. കൽദയർ യഹൂദൻമാരെക്കാളും മ്ലേച്ഛത ഏറിയവരായിരുന്നിട്ടും എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത് എന്ന് ഹബക്കുക്ക് അത്ഭുതപ്പെട്ടു. ദൈവം അതിന് മറുപടിയായി അവരേയും താൻ നശിപ്പിക്കും എന്ന് ഹബക്കുക്കിന് ഉറപ്പ് കൊടുക്കുന്നു. പ്രവാചകനോട് പറയുന്നത് നീ ഇതിനെക്കുറിച്ച് ഭാരപ്പെടേണ്ട, എന്നിൽ ആശ്രയം വെയ്ക്കുക. രണ്ടിന്റെ അവസാനഭാഗത്ത് "എന്നിൽ ആശ്രയം വെയ്ക്കുന്ന നീതിമാന് ചുറ്റുപാടും ഭീകരത ഉണ്ടായാൽ പോലും ഞാൻ അവന് സംരക്ഷണം നൽകും." ഡബ്ല്യു. ജെ. ഡീനെ ഈ 2:4 വാക്യത്തെ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു: "നിഗളവും അത്യാഗ്രഹവുമുള്ള രാജ്യം മുങ്ങിനശിക്കും, വിശ്വസ്തരായ

മനുഷ്യരോ സുരക്ഷിതരായി ജീവിക്കും.''[44] പൗലൊസ് ആ വാക്യത്തിന്റെ ഉത്ഭവത്തെക്കുറിച്ച് നന്നായി അറിഞ്ഞിരുന്നു. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടതിനാൽ അതിന്റെ ആഴമേറിയ അർത്ഥവും ഗ്രഹിച്ചു.[45] ഹബക്കൂക്കിന്റെ കാലഘട്ടത്തിൽ വിശ്വാസത്താലുള്ള ശാരീരിക സംരക്ഷണം ലഭിച്ചു എങ്കിൽ പൗലൊസിന്റെ കാലഘട്ടത്തിൽ ആത്മീക ജീവൻ ലഭിച്ചു എന്നുള്ളതാണ് വിശ്വാസത്തിന്റെ ഫലം.

രണ്ട് സാധ്യതകളെയും മനസ്സിലാക്കിക്കൊണ്ട് ''നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും'' എന്നതിൽനിന്ന് ഒന്ന് തെരഞ്ഞെടുക്കപ്പെടേണ്ടിയിരിക്കുന്നില്ലേ? ഒരുപക്ഷെ ഇല്ലായിരിക്കാം. പൗലൊസ് ഈ ഭാഗത്തെക്കുറിച്ച് ക്രിസ്തീയ ജീവിതം *ആരംഭിക്കുന്നത്* വിശ്വാസത്താലും *തുടരുന്നതും* വിശ്വാസത്താലാണെന്നും ചോദ്യകർത്താക്കളുടെ ചിന്തയെ മനസ്സിലാക്കി പറയുന്നു. വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് ക്രിസ്തീയ ജീവിതം ആരംഭിക്കുകയും അതേ വിശ്വസത്തിൽ വിശ്വാസത്തോട് മുന്നോട്ട് പോകുകയും നീതികരണത്തിനുള്ള ദൈവത്തിന്റെ പദ്ധതി നമ്മിൽ നിറവേറ്റുകയും വേണം എന്നുള്ളത് നാം അറിഞ്ഞിരിക്കേണ്ടുണ്ടത് പ്രധാനമാണ് (ഫിലി. 1:17-ൽ). ആരംഭം മുതൽ അവസാനം വരെയും ആശ്രയത്തോടുകൂടെ നിലനിൽക്കുന്നു (1:17; Phillips).

### ദൈവത്തിന്റെ കോപം ജാതികളുടെമേൽ (1:18-32)

രക്ഷയെക്കുറിച്ചുള്ള സദ്വാർത്തക്ക് ശേഷം പൗലൊസ് തന്റെ പ്രബന്ധത്തിൽ ഊന്നൽ കൊടുത്ത് പറയുമെന്ന് പ്രതീക്ഷിക്കുന്നത് ദൈവസ്നേഹത്തെക്കുറിച്ചായിരിക്കും എന്നതാണ് (1:16, 17). എന്നാൽ അതിന് പകരം പൗലൊസ് *ദൈവകോപത്തെക്കുറിച്ച്* (1:18–32) ശ്രദ്ധ കൊടുക്കുന്നു. 16–ാം വാക്യത്തിൽ സാർവത്രികമായി *ദൈവസ്വഭാവത്തിന്റെ* ശ്രേഷ്ടതയായ *സ്നേഹം* ''എല്ലാവർക്കും'' എന്നുള്ളതിന് ഊന്നൽകൊടുത്തു. ഇപ്പോൾ ആ ഒരു അവകാശത്തെ സാർവ്വത്രികമായി ആവശ്യമായിരിക്കുന്നത് എന്തുകൊണ്ടാണന്ന് പറയുന്നു. തുടർന്ന് യഹൂദൻമാർക്കും ജാതികൾക്കും രക്ഷയുണ്ടെന്ന് പ്രഖ്യാപിക്കുന്നു. ഇപ്പോൾ പൗലൊസ് വ്യക്തമാക്കുന്നത് "യഹൂദന്മാരും യവനന്മാരും" പാപത്തിന് കീഴാകുന്നു (3:9). പൗലൊസിന് പ്രാരംഭമായി തന്റെ മനസ്സിലുണ്ടായിരുന്നത് ജാതികളായിരുന്നു 1:18–32. തുടർന്ന് യഹൂദന്മാരും 2:1–3:8 കൂടാതെ സർവ്വമനുഷ്യരും 3:9–20.

### വിഗ്രഹാരാധനയാൽ ദൈവത്തെ തള്ളിക്കളയുന്നു (1:18-25)

**18അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. 20അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. 21അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു.**

**അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. [22]ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി; [23]അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു.**

**[24]അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങ ളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിനു അശുദ്ധി യിൽ ഏൽപ്പിച്ചു. [25]ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ ആമേൻ.**

ഈ ഭാഗത്ത് വാക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ''വേണ്ടി'' എന്നതും ''എന്തുകൊണ്ട്'' എന്നീ വാക്കുകൾ ഉടന്നീളം കാണാം. ചില വിവർത്ത കർ ചിന്തിക്കുന്നത് ഈ പദങ്ങളില്ലാതെ ഈ ഭാഗത്തെ വളരെ ഭംഗിയായി വായിക്കാൻ സാധിക്കും എന്നുള്ളതിനാൽ ആ പദങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ട്. എന്നാൽ ചിലത് വളരെ പ്രധാനപ്പെട്ടതാണെന്ന് സ്റ്റോട്ട് ഊന്നൽ കൊടുത്തു പറയുന്നു. ''പൗലൊസ് പറഞ്ഞിരിക്കുന്ന ഓരോ വാചകങ്ങളും മുൻപറഞ്ഞ തിന്റെ പിൻതുടർച്ചായാണെന്ന് ഗ്രീക്കു ഭാഷയിലെ ഗർ (γάρ) അല്ലെങ്കിൽ ദിയോത്തി (διότι) എന്ന വാചകങ്ങളെ തമ്മിൽ ഘടിപ്പിക്കുന്ന വാക്ക് കാണി ക്കുന്നു. അപ്പൊസ്തലൻ ക്രമമായി ജാതികൾക്കെതിരെയുള്ള തന്റെ ആരോ പണങ്ങളെ ഓരോന്നായി എടുത്ത് കാണിക്കുവാൻ ഈ ഘടനാ വാക്കുകൾ ഉപയോഗിക്കുന്നു. കോടതി മുറിയിൽ നിന്ന് തന്റെ കേസ് വിവരിക്കുന്നതുപേ ാലെയാണ് പൗലൊസ് ഈ വാക്കുകൾ പറഞ്ഞത്. ഓരോ പ്രാവശ്യവും ഗർ – വേണ്ടി എന്നും ദിയോത്തി – എന്തുകൊണ്ടെന്നാൽ എന്നും വിവരിക്കുമ്പോൾ എതിരാളി ഉയർത്തുന്ന ചോദ്യങ്ങൾക്ക് യോജ്യമായ ഉത്തരങ്ങളായി മാറുന്നു. അത് പൗലൊസിന്റെ ചിന്തകളെ ഉത്തരങ്ങൾ പറയുവാൻ പ്രോത്സാഹനജന കമായി തീരുന്നു.

**വാക്യം 18എ.** 17–ാം വാക്യത്തിൽ ദൈവത്തിന്റെ നീതിയെക്കുറിച്ച് നാം ചർച്ച ചെയ്തതുപോലെ ഇവിടെ ദൈവത്തിന്റെ നീതിയെക്കുറിച്ചുള്ള ചോദ്യം ചെയ്യൽ തുടരുകയാണ്.

> *എതിരാളി:* "മനുഷ്യനെ നീതീകരിക്കുന്നതാണ് സുവിശേഷത്തിൽ വെളി പ്പെട്ടിരിക്കുന്ന നീതി എന്ന് നിങ്ങൾ വാദിക്കുന്നു. ദൈവം സ്നേഹത്തിന്റെ ദൈവമായതുകൊണ്ട് ആരെയും വിധിക്കയില്ല എന്നുള്ളത് യാഥാർത്ഥ്യ മായിരിക്കെ പിന്നെന്തിനാണ് ഈ ഒരു നീതീകരണം?"
>
> *പൗലൊസ്:* ''അതെ, ന്യായവിധി ഉണ്ടാകും കാരണം, ദൈവം കോപ ത്തിന്റെ ദൈവംകൂടെയാണ്. എല്ലാവരും പാപികളാണ്. അതുകൊ ണ്ട്തന്നെ ദൈവകോപം പാപത്തെ ശിക്ഷിക്കാൻ ആവശ്യപ്പെടുന്നു!"

ഈ ഭാഗം ആരംഭിക്കുന്നത് **അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനു ഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു.** ദൈവത്തിന്റെ നീതിയും അതിനോടൊപ്പം വെളിപ്പെടുന്നതുപോലെ ദൈവത്തിന്റെ കോപവും വെളിപ്പെടുന്നു. ദൈവ

ത്തിന്റെ നീതി സുവിശേഷത്തിൽ വെളിപ്പെട്ടിരിക്കുന്നു (1:16, 17). ദൈവത്തിന്റെ കോപം ബൈബിളിൽ വെളിപ്പെട്ടത് ചരിത്രത്തിലും ഇന്നത്തെ ജീവിതത്തിലും കാണാം. അതുകൊണ്ടുതന്നെ സുവിശേഷത്തിൽ വെളിപ്പട്ടതിനെ വേറെ ഒരു മാർഗ്ഗത്തിലൂടെ നാം കാണാൻ പാടില്ല. ദൈവത്തിന്റെ നീതി എന്ന ആശയം രക്ഷയിൽനിന്ന് വിടർത്തി ചിന്തിക്കാൻ കഴികയില്ല. പൗലൊസ് ഊന്നൽ കൊടുത്ത് വെളിപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യം സ്വർഗ്ഗത്തിൽനിന്നുള്ളത് എന്ന താണ്. ദൈവം പാപത്തെ ശിക്ഷിക്കും എന്നുള്ളത് പൗലൊസിന്റെ പഠിപ്പിക്കലിൽ സാങ്കൽപ്പികമായി ഉടലെടുത്തത് അല്ല. ഇത് ദൈവത്തിൽ നിന്ന് തന്നെ വന്നതാണ്.

ദൈവത്തിന്റെ കോപം എല്ലാ അനീതിക്കും അഭക്തിക്കും എതിരായിട്ട് മനുഷ്യനിൽ വരുന്നതാണ്. അഭക്തി എന്നുള്ളത് അസ്ബിയ (ἀσέβεια, *asebeia*) എന്ന ഗ്രീക്കു പദത്തിൽനിന്നാണ്. അത് സ്നേഹാദരവുകൾക്കെതിരെ എന്നുള്ള അർത്ഥമാണ്. ദൈവത്തിന്റെ വ്യക്തിത്തത്തോട് എതിരെയുള്ളത്.[47] അനീതി എന്നുള്ളത് അഡിക്കിയ (ἀδικία, *adikia*) എന്ന ഗ്രീക്ക് പദത്തിൽ ന ിന്ന് ഉടലെടുത്തതും തെറ്റായ ചെയ്തികൾ വ്യക്തികൾ തമ്മിലുള്ളതുമാണ്.[48] ഈ രണ്ട് പദങ്ങൾകൊണ്ട് എല്ലാതരം പാപങ്ങൾ മനുഷ്യനോടോ ദൈവ ത്തോടോ ഉള്ളത് കൂട്ടി ചേർക്കുന്നു. ദൈവം പാപസംബന്ധമായി മൃദുലൻ അല്ല. ഏതുതരം പാപത്തിൻമേലും അവന്റെ ശിക്ഷയുണ്ട്.

ദൈവകോപം എന്ന വിഷയം തിരസ്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതിന്റെ ഒരു കാരണം ദൈവസ്നേഹവും ദൈവകോപവും തമ്മിൽ ഒരുമി പ്പിച്ചു കൊണ്ടുപോകാനുള്ള ചിലരുടെ ബുദ്ധിമുട്ടാണ്. ദൈവസ്നേഹത്തെ തെറ്റിധരിക്കുന്നതുകൊണ്ട് അവർ കണ്ടെത്തുന്ന കാരണം "ദൈവം സ്നേഹ വാനായതുകൊണ്ട് നമ്മളോട് ദേഷ്യപ്പെടുവാൻ കഴിയുകയില്ല! നാം ബലഹീനർ എന്ന് അവന് അറിയാം. "

അതുകൊണ്ട് തന്നെ നമ്മുടെ കുറവുകളെ അവൻ "കാര്യമാക്കുകയില്ല." അതിനോട് ബന്ധപ്പെട്ട മറ്റൊരു പ്രശ്നം ചിലർ ദൈവകോപത്തെ മനുഷ്യന്റെ കോപവുമായി തുലനപ്പെടുത്തുന്നു. നമ്മുടെ ദേഷ്യം നിസാരമായതും സ്വാർത്ഥതയിൽനിന്നും ഉത്ഭവിക്കുന്നതുകൊണ്ട് പ്രതികാരം ഉള്ളതാണ്.[49] വേദപുസ്തകം കോപത്തിന്റെ അപകടത്തെക്കുറിച്ച് താക്കീത് തരുകയും അത്തരം പൊതുവായ നശിപ്പിക്കുന്ന വികാരങ്ങൾ ഒഴിവാക്കുവാൻ ആവശ്യ പ്പെടുകയും ചെയ്യുന്നു (മത്താ. 5:22; ഗലാ. 5:19–21; എഫെ. 4:31; കൊലൊ. 3:8; യാക്കോ. 1:19, 20). എന്നിരുന്നാലും, വേദപുസ്തകം ദൈവകോപത്തെക്കുറിച്ച് സംസാരിക്കുന്നു. അതുകൊണ്ടുതന്നെ ആത്മീകമായ എഴുത്തുകാർ ഇതിനെ ക്കുറിച്ച് പറയന്നുത് നാം പഠിക്കണം.

കോപം ദൈവവുമായി ബന്ധപ്പെട്ടു പറയുമ്പോൾ ഓർഗെ (ὀργή, *orgē*) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. തിന്മയോടുള്ള ദൈവീക പ്രതികരണ മാണുള്ളത് "ഒരു ന്യായാധിപന്റെ ന്യായപൂർണ്ണമായ വികാരമാണത്"[50] ഡേവ് മില്ലർ ഇതിനെ "ദൈവത്തിന്റെ ന്യായവിധിയുടെ കോപം എന്നാണ് പ്രതിപ ാദിച്ചിരിക്കുന്നത്."[51] ലിയോൺ മോറീസ് ഈ പദത്തെ വിവരിച്ചിരിക്കുന്നത് "ദൈവത്തിന്റെ വിശുദ്ധമായ സ്വഭാവത്തിന് എതിരായി നിലനിൽക്കുന്ന എല്ലാംതന്നെ തിന്മയാണ്."[52]

ദൈവത്തിന്റെ വിശുദ്ധസ്വഭാവം പാപത്തെ ശിക്ഷിക്കുക എന്നുള്ളത് ഒരു വ്യവസ്ഥയാണ്. ബ്രിസ്ക്കോ ദൈവകോപത്തെ വിളിക്കുന്നത് "അശുദ്ധിക്കെ തിരെയുള്ള ഒരു വിശുദ്ധ പ്രതികരണം. അനീതിക്കെതിരെയുള്ള നീതീപൂർവ്വമായ

പ്രതികരണം, കളങ്കത്തിനെതിരെയുള്ള നേരായ തള്ളിക്കളയൽ.''[53] സ്റ്റോട്ടിന്റെ വീക്ഷണ ത്തിൽ "*ദൈവകോപം* ഉണ്ടാകുന്നത് തിന്മക്കെതിരെ എപ്പോഴും അതുണ്ടാകും.''[54]

ചില വ്യാഖ്യാതാക്കൾ ദൈവത്തിന്റെ വിശുദ്ധമായ കോപത്തെ മനുഷ്യന്റെ സ്വാർത്ഥതയിൽ നിന്നുള്ള ദേഷ്യത്തോട് സമാനമാക്കുവാൻ ശ്രമിച്ചു. അത് മുഴുവനായും ദൈവവ്യവസ്ഥയുമായി കൂട്ടിചേർക്കുമ്പോൾ ശരിയല്ല, എന്നിരുന്നാലും ദൈവത്തിന്റെ നിയമങ്ങൾ അവനാരാകുന്നു എന്ന് വെളിപ്പെടുത്തുന്നു. ആരെങ്കിലും ദൈവ വ്യവസ്ഥ ലംഘിക്കുക്കുമ്പോൾ അവൻ ദൈവത്തോടാണ് പാപം ചെയ്യുന്നത്. പാപം വ്യക്തിപരമാണ്, അതുപോലെ ദൈവത്തിന്റെ പ്രതികരണവും വ്യക്തിപരമാണ്. അത് വിണ്ടുവിചാരമില്ലാത്തതല്ല, വ്യക്തിപരമായിട്ടുള്ളതാണ്.

''ദൈവകോപം'' എന്ന വാക്ക് നാം കേൾക്കുമ്പോൾ വരുവാനുള്ള ന്യായവിധിയുടെ കോപത്തെക്കുറിച്ചാണ് ചിന്തിക്കാറുള്ളത് (1 തെസ്സ. 1:10). ''കോപം'' എന്ന വാക്ക് ആ അർത്ഥത്തിൽ റോമർ 2:5-ൽ കാണാമെങ്കിലും അതല്ലാത്തവിധത്തിലും അത് ഉപയോഗിച്ചിരിക്കുന്നു. ഒരു ഉദാഹരണത്തിന് സിവിൽ നിയമം ലംഘിച്ചിരിക്കുന്ന ആൾക്ക് ലഭിക്കുന്ന ശിക്ഷ (13:4). 1:18-ൽ ഇത് വർത്തമാനകാല ക്രിയയിൽ ഉപയോഗിച്ചിരിക്കുന്നു എന്നുള്ളതാണ്. ''ദൈവകോപം സകല അഭക്തന്മാരുടെമേലും വെളിപ്പെടുന്നു. അവിടെ പറഞ്ഞിരിക്കുന്ന 1:18 ഭൂതകാലത്തെയോ ഭാവികാലത്തെയോ ഉദ്ദേശിച്ചല്ല വർത്തമാനകാലത്തെ ഉദ്ദേശിച്ചാണ്.

ദൈവത്തിന്റെ ഇന്നത്തെ കോപം മനുഷ്യന്റെ മനസാക്ഷിയെ കുറ്റംവിധിക്കുന്നതും ഉൾപ്പെടുന്നു (2:15). കൂടാതെ വിവിധ പരിണിത ഫലങ്ങളും ദൈവത്തിൽ നിന്ന് അകലുന്നതിന് ഉണ്ടാകുന്നു (യെശ. 59:1, 2; റോമ. 9:3). എന്നിരുന്നാലും 1:18 ന്റെ അടുത്ത പശ്ചാത്തലത്തിൽ പൗലൊസിന്റെ മനസ്സിൽ ദൈവീക ശിക്ഷാവിധി പാപത്തിന്റെ പരിണിതഫലമായി അനുഭവിക്കേണ്ടതിനെക്കുറിച്ച് പറയുന്നു. ഈ അദ്ധ്യായത്തിൽ മൂന്ന് പ്രാവശ്യം പൗലൊസ് പ്രഖ്യാപിക്കുന്നത് ദൈവം അവരെ കൈവിട്ടു എന്നതാണ് (1:24, 26, 28).

**വാക്യങ്ങൾ 18യ, 19.** അടുത്ത വിഷയം ജാതികൾ പാപം ചെയ്യുന്നതിന് കാരണം അവരുടെ അറിവില്ലായ്മ അഥവാ അജ്ഞത കൊണ്ടാണെന്നുള്ള ഒഴിവ്കഴിവ്.

> *എതിരാളി:* "ഞങ്ങൾക്കെതിരായി ദൈവം കോപിയ്ക്കുന്നുവെന്ന് എന്തുകൊണ്ടാണ് പറയുന്നത്? യഹൂദന്മാരെപ്പോലെ ഞങ്ങൾക്ക് എഴുതപ്പെട്ട ന്യായപ്രാമാണം ഉണ്ടെന്നുള്ള വിധത്തിൽ ഞങ്ങൾ ദൈവിക പ്രമാണങ്ങളെ അധികമൊന്നും അറിയാതിരിക്കെ എന്തുകൊണ്ടാണ് ദൈവം ഞങ്ങളോടു കോപിക്കുന്നത്?"

> *പൗലൊസ്:* ''ജാതികളായ നിങ്ങൾ നന്നായി അറിഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് എഴുതപ്പെട്ട ഒരു ന്യായപ്രാമാണം ഇല്ല പക്ഷേ നിങ്ങൾക്കും ഒരു വെളിപ്പാടു ഉണ്ടല്ലോ. നിങ്ങൾ ദൈവം തന്ന അറിവിനെ നിങ്ങൾ അടിച്ചമർത്തിക്കളഞ്ഞു എന്നുള്ള കാര്യം സംശയാതീതമാണ്. *നിങ്ങളുടെ* പാപത്തിന് നിങ്ങൾ തന്നെയാണ് ഉത്തരവാദികൾ!''

സകല അഭക്തിക്കും, അനീതിക്കും നേരേ ''ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു അഭക്തന്മാരുടെമേലും അനീതിക്കാരുടെമേലും വെളിപ്പെടുന്നു" എന്ന് പറഞ്ഞതിന്റേശേഷം ദൈവത്തിന്റെ സത്യത്തെ അനീതിയുടെ കീഴിലാക്കി കളഞ്ഞു, കാരണം ദൈവത്തെക്കുറിച്ച് അവർക്ക് അറിയാകുന്നത് ദൈവം അവർക്ക് വെളിപ്പെടുത്തിയല്ലോ.[55] ദൈവത്തെക്കുറിച്ച് അറിയാകുന്നതും അവർക്കു വെളിവാക്കിയല്ലോ. വാക്യം 18 ലെ സത്യം എല്ലാ സത്യവും എന്നർത്ഥമാക്കുന്നില്ല (യോഹ. 16:13). ദൈവം അവർക്ക് പങ്കിട്ടുകൊടുത്തത് അത്രയും 25-ാം വാക്യം അതിനെക്കുറിച്ച് ''ദൈവത്തിന്റെ സത്യം'' എന്നാണ് പറയുന്നത്. 21-ാം വാക്യം അവർ ദൈവത്തെക്കുറിച്ച് അറിഞ്ഞു എന്നു പറയുന്നു. 32-ാം വാകൃത്തിൽ തെറ്റുചെയ്യുന്നവർ ശിക്ഷിക്കപ്പെടുമെന്നും അവരറിഞ്ഞിരുന്നു എന്നു പറയുന്നു.

1, 2 അദ്ധ്യായങ്ങളിൽ ദൈവം അവർക്കു വെളിപ്പെടുത്തിക്കൊടുത്ത രണ്ടു പ്രത്യേക വിധങ്ങളെക്കുറിച്ച് പറയുന്നുണ്ട്. സൃഷ്ടി (1:20) മനസ്സാക്ഷി (2:15) ജാതികൾക്ക് ദൈവത്തിന്റെ പ്രത്യക്ഷമായും വ്യക്തിപരമായുമുള്ള വെളിപ്പാടുകളെ ആ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ് ദൈവം യഹൂദജാതിയെ വേർതിരിച്ച് അവർക്കു മാത്രമായി ഒരു കല്പന എഴുതിക്കൊടുത്തതിനാൽ (3:1, 2) ദൈവത്തിന് ഇതര ജാതികളെക്കുറിച്ച് ഒരു താൽപര്യവുമില്ലെന്നും അവർക്കായി ഒരു പ്രകാശവും നൽകിയിട്ടില്ലെന്നും തോന്നാം. എന്നാൽ അത് അങ്ങനെയല്ലെന്ന് തിരുവചനം പല സൂചനകളും തരുന്നുണ്ട്. ജയിംസ് ബർട്ടൺ കോഫ്മാൻ അനേകം പേജുകളിൽ, ദൈവം യെഹൂദന്മാരെ മാത്രമല്ല സകലമനുഷ്യവർഗ്ഗത്തേയും കുറിച്ച് കരുതുന്നതും എഴുതിയിട്ടുണ്ട്.[56] ചില ഉദാഹരണങ്ങൾ:

മൽക്കിസേദെക്ക് ''അത്യുന്നതനായ ദൈവത്തിന്റെ'' പുരോഹിതൻ (ഉല്പ. 14:18) എന്നാൽ അദ്ദേഹം അബ്രഹാമിന്റെ സന്തതിയല്ലായിരുന്നു.
ബിലെയാം ''ദൈവാത്മാവിനാൽ'' നടത്തപ്പെട്ടു. ബിലെയാം യിസ്രാേയല്ല്യ നല്ലായിരുന്നു.
യോന, ദൈവം യോനയെ നിനവെ എന്ന ജാതിയ പട്ടണത്തി ലേക്കയച്ചു (യോന 1:2).
ഏലീശ നയമാനെ സൗഖ്യമാക്കി (2 രാജ. 5, അരാമ്യസേനാപതി).
ജാതികളായ വിദ്വാന്മാർ എങ്ങനെയോ യഹൂദന്മാരുടെ മശിഹായെ ക്കുറിച്ച് മനസ്സിലാക്കി (മത്തായി. 2).

ദൈവം തന്നെക്കുറിച്ച് എപ്പോൾ, എവിടെവച്ച് എങ്ങനെ ജാതികൾക്ക് വെളിപ്പെടുത്തിക്കൊടുത്തു എന്നുള്ളതിനെക്കുറിച്ചും അത് എന്തായിരുന്നു എന്നും സംശയലേശമെന്യെ ഉറപ്പിച്ചുപറയുവാൻ സാദ്ധ്യമല്ല. എന്നിരുന്നാലും, നമുക്ക് രണ്ടണ്ട് കാര്യങ്ങൾ ഉറപ്പിനായി അറിയുവാൻ സാധിക്കുന്നുണ്ടണ്ട്. ഒന്ന് ദൈവീകമായ വെളിപ്പാട് ഒരിയ്ക്കലും അവ്യക്തമോ നിശ്ചയമില്ലാത്തതോ അല്ലായിരുന്നു. അത് മനസിലാക്കാവുന്നതായിരുന്നു എന്ന് പൗലൊസ് പറയുന്നു. "ദൈവം അവർക്ക് വെളിവാക്കിയല്ലോ ആർ.ഇ.ബി. പറയുന്നു ദൈവത്തെക്കുറിച്ച് അറിയാവുന്നതെല്ലാം ദൈവം അവർക്ക് മുമ്പിൽ തെളിവായികിടക്കുന്നു. ഗിീഃന്റെ തർജ്ജിമയിൽ ദൈവം അവർക്ക് വ്യക്താക്കിയിട്ടുണ്ട് എന്നാണ് രണ്ടാമത്തേത്."

രണ്ടാമത്, ദൈവത്തിന്റെ വെളിപ്പാട് അവർ ആരാഞ്ഞ് നോക്കേണ്ട തിന് പകരം ജാതികൾ അതിനെ ചവിട്ടി കളഞ്ഞു. കറ്റാഗോ (κατέχω, *katechō*) എന്ന ഘടനാ വാക്കാണ് നിർദ്ദേശിച്ചിരിക്കുന്നത്. പിടിച്ചുവെക്കുക എന്നും ഇതിന് അർത്ഥമുണ്ട്. ഇതൊരു പോസിറ്റീവായ വാക്കാണ് (1 കൊരി. 11:2), എന്നാൽ 1:18 ഗുസ്തിക്കാരനുമായി മൽപിടുത്തം നടത്തുന്നതിന് ഉപയോഗിച്ചിരിക്കുന്ന പദമാണ്. എതിരാളി രക്ഷപെടാതിരിക്കുവാൻ പിടിച്ചു വെക്കുക എന്നാണ് ആ പദത്തിന്റെ അർത്ഥം.[57] സി.ഇ.വി. പറയുന്നത് ജാതികൾ "സത്യത്തെ ചവിട്ടി മെതിച്ചു" എന്നാണ്.

ജാതികൾക്ക് യഹൂദന്മാരോളം ആത്മീക പ്രകാശം ലഭിച്ചില്ലായിരിയ്ക്കാം. എന്നാൽ കുറെയൊക്കെ പ്രകാശം ലഭിച്ചിരുന്നു. ദുഃഖകരമെന്നു പറയട്ടെ അവർ ദൈവം കൊടുത്ത പ്രകാശത്തെ കെടുത്തിക്കളഞ്ഞു. അവരെ ഇരുട്ടിൽക്കൂടി തപ്പിത്തടഞ്ഞ് ഒരു ചെറിയവെളിച്ചവും കൊണ്ടുപോകുന്ന ഒരു മനുഷ്യനോട് ഉപമിക്കാം. അവൻ തിരിഞ്ഞ് ആ ദീപവും കെടുത്തിക്കളയുന്നു. അവരുടെ "വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി" (1:21) - അവർ ആയിരിക്കുന്ന ഇരുട്ടിന് അവർ തന്നെയാണ് ഉത്തരവാദികൾ.

എന്തുകൊണ്ടാണ് അവർ ഭോഷത്വമായി പ്രവർത്തിച്ചത്? പൗലൊസ് പറയുന്നത് അവർ "അനീതി" കൊണ്ട് സത്യത്തെ തടുത്തു. (അമർച്ചചെയ്തു) എന്നാണ്. ഇവിടെ "അനീതി" എന്നത് പൊതുവായി പാപത്തിനുള്ള വാക്കാണ് (1 യോഹന്നാൻ 5:17). ഒരു മനുഷ്യനിൽ പാപം കർത്തൃത്വം നടത്തുമ്പോൾ സത്യം അവനെ വിഷമിപ്പിക്കുന്നതായി തോന്നും. അങ്ങനെ വരുമ്പോൾ അവന് രണ്ട് ദിക്കുകളിലേക്കു പോകാം. ഒന്നുകിൽ സത്യത്തെ ഉപേക്ഷിക്കാം അല്ലങ്കിൽ പാപത്തെ ഉപേക്ഷിക്കാം. മിക്ക ജാതീയ സമൂഹങ്ങളും സത്യത്തെ ഉപേക്ഷിച്ചു പൗലൊസ് വർത്തമാനകാലക്രിയ ഉപയോഗിക്കുന്നതിനാധാരം ഇത് ഭൂതകാല അനുഭവമല്ല എന്നും നടന്നുകൊണ്ടിരിക്കുന്ന രീതിയാണെന്ന് മനസ്സിലാക്കാം.

**വാക്യം 20.** ഇവിടെ പൗലൊസ് വ്യക്തമാക്കുന്നത് ജാതീയ ലോകത്തിനു മുഴുവൻ ദൈവീക വെളിപ്പാട് ലഭിക്കുവാൻ സാദ്ധ്യത ഉണ്ടായിരുന്നു. അതുകൊണ്ട് അവർ കുറ്റക്കാരാണെന്നുതന്നെ.

> *എതിരാളി:* "ഒരു പക്ഷേ ദൈവം ചിലപ്പോൾ ചില പ്രത്യേക സന്ദർഭങ്ങളിൽ അവിടെയും ഇവിടെയും ഉള്ള ജാതികൾക്ക് വെളിപ്പെടുത്തിക്കാണും. എന്നാൽ അതെന്താണെന്ന് നമുക്ക് അറിയുവാൻ കഴിയാത്തതുകൊണ്ട് എല്ലായിടത്തുമുള്ള ജാതികളെ ശിക്ഷവിധിയ്ക്കുന്നത് ന്യായമല്ല. ഭൂരിപക്ഷം ആളുകളെയും ഒഴിവാക്കാം!"

> *പൗലൊസ്:* ''ആരും ഒഴിവുള്ളവരല്ല. മറ്റു വെളിപ്പാടുകളൊന്നും കണക്കാക്കാതിരുന്നാലും അവർക്കെല്ലാവർക്കും പ്രകൃതിയിൽ ദൈവീക വെളിപ്പാട് ലഭിച്ചിട്ടുണ്ട്. ദൈവം സൃഷ്ടിച്ച വസ്തുക്കളെക്കൊണ്ട് അവർ ചുറ്റപ്പെട്ടിരിക്കുന്നു. സൂര്യചന്ദ്ര നക്ഷത്രങ്ങളെ കാണാൻ കഴിയും. അവരെ ഒഴിവാക്കാൻ സാധ്യമല്ല!''

19-ാം വാക്യത്തിൽ ദൈവത്തെക്കുറിച്ചുള്ള ചില സത്യങ്ങൾ എല്ലാവർക്കും വെളിവായിരിക്കയാണ് എന്ന് പൗലൊസ് രണ്ടുപ്രാവശ്യം പറഞ്ഞു. 20-ാം

വാക്യത്തിൽ എന്തുകൊണ്ടാണ് ഇതു സത്യമാണെന്ന് പറയുന്നത് എന്നും പറയുന്നു: **അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യ ലക്ഷ ണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവർത്തികളാൽ ബുദ്ധിക്ക് തെളിവാ യി വെളിപ്പെട്ടുമിരിക്കുന്നു.**

ദൈവംതന്നെക്കുറിച്ച് രണ്ടു ''വെളിപ്പാടുകൾ'' നൽകിയിട്ടുണ്ട്: ''പ്രകൃ തിയിൽ'' കൂടെയുള്ള വെളിപ്പാട് ഈ *ലോകത്തിലും* ''പ്രകൃത്യാതീതമായ'' വെളിപ്പാട് തന്റെ ''വചനത്തിൽ'' കൂടെയും 19-ാം സങ്കീർത്തനത്തിൽ ദാവീദ് രണ്ടിനെക്കുറിച്ചു എഴുതി. 19-ാം സങ്കീർത്തനത്തിന്റെ ആദ്യഭാഗത്ത് രണ്ടു വെളിപ്പാടുകളെക്കുറിച്ചും പറയുന്നുണ്ട്. ''ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു'' (സങ്കീ. 19:1). ഒടുവിലത്തെ ഭാഗം ദൈവത്തിന്റെ പ്രകൃതിയ്ക്കതീതമായ വെളി പ്പാടിനെക്കുറിച്ചു പറയുന്നു. "ദൈവത്തിന്റെ ന്യായപ്രമാണം തികവുള്ളത്. അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമായത്. അത് അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു" (സങ്കീ. 19:7).

പൗലൊസ് ലുസ്ത്രയിലായിരുന്നപ്പോൾ ദൈവത്തിന്റെ പ്രകൃതിയിലുള്ള വെളിപ്പാടിനെക്കുറിച്ചു സംസാരിച്ചു. അവനെ ശ്രവിക്കുന്നവർക്ക് അവൻ ദൈവത്തിന്റെ ഈ വാക്കുകൾ നൽകി:

> ഇങ്ങനെ ''ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയണം എന്നുള്ള സുവി ശേഷം ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു... എങ്കിലും അവൻ നന്മചെ യ്യുകയും ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ളകാലങ്ങളും നിങ്ങൾക്കു തരികയും ആഹാരവും സന്തോഷവും നൽകി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ *തന്നെക്കുറിച്ചു സാക്ഷ്യം തരാതീരുന്നില്ല*'' (അപ്പൊ. പ്ര. 14:15-17).

20-ാം വാക്യത്തിൽ പൗലൊസ് ''ലോകസൃഷ്ടി'' യെക്കുറിച്ചും ''സൃഷ്ടി യ്ക്കപ്പെട്ടതിനെ'' ക്കുറിച്ചും പറഞ്ഞു. ഇന്ന് അഭ്യസ്തവിദ്യരായ ആളുകൾ അങ്ങനെ ഒരു പ്രത്യേക സൃഷ്ടിയ്ക്കപ്പെട്ടതിനെക്കുറിച്ചും പറഞ്ഞു. ഇന്ന് അഭ്യസ്തവിദ്യരായ ആളുകൾ അങ്ങനെ ഒരു പ്രത്യേക സൃഷ്ടിപ്പ് ഇല്ലായി രുന്നു എന്നും ലോകത്തിലുള്ള സർവവും പരിണാമത്തിന്റെ ഫലമായുണ്ടാ യതാണെന്നും അഭ്യസ്ത വിദ്യനും ദൈവത്തിൽ വിശ്വാസം ഉള്ളവനുമായ പൗലൊസ് *സൃഷ്ടിപ്പിൽ* വിശ്വസിച്ചിരുന്നു. എല്ലാ കാര്യങ്ങളും *നിർമ്മിക്കപ്പെ ട്ടതാണെന്ന്* താൻ വിശ്വസിച്ചിരുന്നു.

ദൈവം സൃഷ്ടിച്ചതിനെ എല്ലാം നോക്കി നമുക്ക് ദൈവത്തെക്കുറിച്ച് പല കാര്യങ്ങളും പഠിയ്ക്കാൻ സാധിക്കുമെന്ന് പൗലൊസ് മനസ്സിലാക്കി. ലോകത്തെ നോക്കിക്കൊണ്ട് ദൈവം ജീവിക്കുന്നു എന്ന് നമുക്ക് അനുമാ നിക്കാം എന്നായിരുന്നു പൗലൊസ് സൂചിപ്പിക്കേണ്ടിയിരുന്നത്. അതിന്റെ തത്വം എന്തെന്നാൽ ഒരു ചെറിയ കുട്ടിയ്ക്കുപോലും മനസ്സിലാക്കാവുന്നതാണ്: സൃഷ്ടി ക്കപ്പെട്ടതിനെല്ലാം ഒരു സൃഷ്ടി കർത്താവുണ്ട്. ഒരു വാച്ച് കാണുമ്പോൾ അതു ണ്ടാക്കിയ ഒരു ആൾ ഉണ്ടെന്ന് മനസ്സിലാക്കും. എബ്രായ ലേഖന കർത്താവ് ഇങ്ങനെ പറയുന്നു. (എബ്രാ. 3:4) "ഏതു ഭവനവും ചമെപ്പാൻ ഒരാൾ വേണം സകലവും ചമച്ചവൻ ദൈവം തന്നെ.''

ദൈവമുണ്ടെന്നു സമർത്ഥിക്കുകയല്ല പൗലൊസിന്റെ ലക്ഷ്യം. മിക്ക വാറും എല്ലാ മനുഷ്യരും ഉന്നതമായ ഒരു ശക്തി ഉണ്ടെന്നു സമ്മതിക്കുന്നു. അപ്പൊസ്തലനായ പൗലൊസിന്റെ ഊന്നൽ അത് ഏതു ദൈവമാണെന്നുള്ള തിനെ കുറിച്ചത്രേ. എന്താണ് അവന്റെ ''അദൃശ്യ ലക്ഷണങ്ങൾ.'' ഗ്രീക്കുഭാഷ യിൽ അദൃശ്യകാര്യങ്ങൾ (കെജെവി കാണുക). എൻ.ഐ.വി.യിൽ ദൈവത്തിന്റെ അദൃശ്യലക്ഷണങ്ങൾ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടിരിക്കുന്നു എന്നതിൽ ഒരു വിരോധാഭാസം കാണുന്നു.

*"ദൈവത്തിന്റെ അദൃശ്യലക്ഷണങ്ങളിൽ... വ്യക്തമായി തെളിവായിരി ക്കുന്നു.''* എന്ന വാക്കിൽ ഒരു വിരോധാഭാസം തോന്നിയേക്കാം. കത്തോ റാവു (καθοράω, *kathoraō*) എന്ന വാക്കിൽനിന്നാണ് വെളിപ്പെട്ടു എന്നുള്ളത് വന്നിരിക്കുന്നത്. കാറ്റ (κατά, *kata*) എന്ന ഘടിപ്പിക്കുന്ന വാക്കും, ഹോറോ (ὁράω, *horaō*) എന്ന പദവും ചേർന്നാൽ കാഴ്ചയിൽ വരുക എന്നതാണ്. പുതിയനിയമത്തിൽ കത്താരോ എന്നത് കാഴ്ച്ചപ്പാട്, തിരിച്ചറിവ് എന്നർത്ഥ ങ്ങളിലാണ് ഉപയോഗിച്ചിരിക്കുന്നത്.''[58] "കണ്ണുകൊണ്ട് കാണുന്നതിനെ അല്ല *മനസ്സുകൊണ്ട് മനസ്സിലാക്കുന്നതും ഗ്രഹിക്കുന്നതുമാണ്.''*[59]

അവന്റെ സൃഷ്ടിയിൽ ഏത് ''അദൃശ്യ ലക്ഷണങ്ങൾ'' ആണ് കാണുന്നത്? പൗലൊസ് രണ്ടെണ്ണത്തിന്റെ പേർ പറയുന്നു. ഒന്ന് നിത്യശക്തി [δύναμις, *dunamis*]. വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കൽപിച്ചപ്പോൾ വെളിച്ചം ഉണ്ടാ കത്തക്കവണ്ണം ശക്തിമാനാണ് ദൈവം (ഉല്പത്തി 1:3) ആ ഒരു വാക്കിൽ നിന്നും ഉത്ഭവിച്ച ശക്തി എത്രയെന്ന് ഊഹിക്കാൻ പ്രയാസം!

സൃഷ്ടിയിൽകൂടെ കാണുന്ന രണ്ടാമത്തെ ലക്ഷണം. ദിവ്യത്വം [θειότης, (*theiotēs*)] എന്നത് ദൈവം (θεός, *theos*) എന്ന വാക്കിൽ നിന്നും വന്നതാണ്. അതുകൊണ്ട് ദിവ്യസ്വഭാവം എന്ന് തർജ്ജമ ചെയ്തിരിക്കുന്നു. എൻ.സി.വി. തർജ്ജമ ചെയ്തിരിക്കുന്നത് അവനെ ദൈവമാക്കുന്ന സർവഗുണങ്ങളും എന്നാണ്.[60] സൃഷ്ടിയെ നോക്കിയാൽ ദൈവത്തിന്റെ ദിവ്യസ്വഭാവങ്ങൾഎല്ലാം അവനെ ദൈവമാക്കുന്ന എല്ലാഗുണഗണങ്ങളും കാണാമെന്നാണ്.

പൗലൊസ് പറയുന്നത് ''ദൈവത്തിന്റെ ദൈവീക സ്വഭാവത്തെ താൻ ഉണ്ടാക്കിയവയിൽ നിന്ന് ഗ്രഹിക്കാവുന്നത് ആകുന്നു.'' ചുറ്റുപാടുമുള്ള ലോകത്തെ നോക്കുമ്പോൾ അതിന്റെ സൃഷ്ടിതാവിന്റെ സ്വഭാവം തിരിച്ച റിയും എന്ന് പൗലൊസ് പറയുന്നു. മാറ്റിക്കൂടാത്ത ഉറപ്പുള്ള പ്രകൃതി ''ന ിയമങ്ങളിൽ'' നടത്തപ്പെടുന്ന ലോകത്തെ കാണുമ്പോൾ (''ഗുരുത്വാകർഷണ ശക്തി'') സൃഷ്ടിതാവ് എത്ര ക്രമമായി കാര്യങ്ങൾ നടത്തുന്നത് ദൈവമാ ണെന്നു മനസ്സിലാകും. ധാർമ്മികവും ആത്മീകവുമായ മേഖലകളിലും ദൈവം സ്ഥിരമായും ക്രമമായും ''നിയമങ്ങളിൽ'' വച്ചിട്ടുണ്ട് എന്നു ചിന്തിക്കുന്നത് യുക്തിക്കു ചേർന്നതാണ്. പ്രകൃതി നിയമങ്ങൾ ലംഘിക്കുമ്പോൾ അതിന് അനന്തരഫലങ്ങൾ ഉണ്ടാകുമെന്നുള്ളതുപോലെ ധാർമ്മികവും ആത്മീയവു മായ നിയമങ്ങൾ ലംഘിച്ചാലും ശിക്ഷ അഥവാ അനന്തരഫലം ഉണ്ടാകുമെന്നു മനസ്സിലാക്കണം. ഇതേ രീതിയിൽ കൂടുതൽ കാര്യങ്ങളിലേക്ക് ചിന്തയെ വളർത്താം. നമുക്ക് ധാരാളമായി ദൈവം നൽകുന്ന അവശ്യസാധനങ്ങൾ എല്ലാം ദൈവ ത്തിന്റെ സമൃദ്ധമായ ഔദാര്യത്തെ സാക്ഷ്യപ്പെടുത്തുന്നു. സൗന്ദര്യമുള്ളതായി ഈ പ്രപഞ്ചത്തെ നിർമ്മിച്ച ദൈവം എത്ര സൗന്ദര്യ സ്വഭാവമുള്ളവനാണെന്ന് കാണിക്കുന്നു. അങ്ങനെ അനേക കാര്യങ്ങൾ മൂലം ദിവ്യ സ്വഭാവത്തെ മനസ്സി ലാക്കാം (സങ്കീ. 27:4).

ജാതികൾ ഈ അനേകമായ സത്യങ്ങളെല്ലാം തങ്ങളുടെ ഓർമ്മയിൽ നിന്നും മങ്ങിപോവാൻ ഇടയാക്കി. ശേഷിച്ച ചില സത്യങ്ങൾ വളച്ചൊടിച്ച് അതിനെ വിരൂപമാക്കിക്കളഞ്ഞു. എന്നിട്ടും, നദി പിന്നെയും ഒഴുകിക്കൊണ്ടേയിരുന്നു. പുഷ്പ ങ്ങൾ വിടരുകയും സൂര്യൻ പ്രകാശിയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരു കൊടുങ്കാറ്റുകഴിഞ്ഞാലും മഴവില്ല് ആകാശത്തിൽ പ്രത്യക്ഷപ്പെടുമായിരുന്നു. നക്ഷത്രങ്ങൾ രാത്രികാലങ്ങളിൽ പ്രകാശിച്ചുകൊണ്ടിരുന്നു. ദൈവം തന്നെ ക്കുറിച്ച് സാക്ഷ്യം തരാതെയിരുന്നില്ല. ജാതികൾക്കു കുറെയൊക്കെ ആത്മീയ വെളിച്ചം ഉണ്ടായിരുന്നു. പക്ഷേ അവർ ആ വെളിച്ചത്തെ മനപൂർവ്വം അവഗണിച്ചുകളഞ്ഞു. ലഭിച്ച വെളിച്ചത്തിനനുസരിച്ചു ജീവിയ്ക്കുന്നതിൽ തോൽവിയടഞ്ഞു.

അതുകൊണ്ടാണ് പൗലൊസ് ഇങ്ങനെയുള്ള നിഗമനത്തിലെത്തിയത്, **അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നെ.** അദ്ധ്യായം 2-ൽ (2:1) യഹൂദന്മാരെക്കുറിച്ച് ഇങ്ങനെയൊരു പരാമർശം ഉണ്ട്. ഇതിനർത്ഥം മനുഷ്യർക്ക് ദൈവേഷ്ടം ചെയ്യുവാൻ ഒഴിവുകഴിവുകൾ ഇല്ലെന്നല്ല. പണ സഞ്ചി കൈവശം ഇല്ലാത്ത ഒരാളെ കാണാൻ കഴിഞ്ഞെന്നുവരാം. എന്നാൽ ഒഴികഴിവ് പറയാത്ത ഒരു മനുഷ്യനെ കാണുവാൻ സാധിക്കയില്ല. പൗലൊസ് അർത്ഥമാക്കിയത് ദൈവത്തെ അറിയാത്തിതിനും അനുസരിയ്ക്കാത്തതിനും ആർക്കും ഒരു ഒഴികഴിവ് പറയുവാൻ സാധിയ്ക്കുകയില്ല. എൻ.ഇ.ബി. യനുസരിച്ച് അവരുടെ സ്വഭാവത്തെക്കുറിച്ച് ഒരു പ്രതിരോധവുമില്ല എന്നാണ് എഴുതിയിരിക്കുന്നത്.

**വാക്യങ്ങൾ 21, 22.** സാങ്കൽപികമായ അടുത്ത കൈമാറ്റത്തിൽ, ദൈവത്തെ അറിയാനുള്ള സാധ്യത മനുഷ്യന്റെ അറിയുവാനുള്ള ത്വരയുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്.

> *എതിരാളി:* ''നിങ്ങൾ വളരെ കട്ടിയായി വാദിയ്ക്കുന്നല്ലോ! മനുഷ്യവർഗ്ഗത്തിന് ദൈവത്തെ അറിയുവാൻ എക്കാലത്തും സാദ്ധ്യമല്ലായിരുന്നു.''
>
> *പൗലൊസ്:* ''മനുഷ്യന് ദൈവത്തെ അറിയുവാൻ *കഴിവില്ലെന്നുള്ളതായിരുന്നില്ല* പ്രശ്നം. പിന്നയോ അവർക്ക് ദൈവത്തെ *അറിയണമെന്ന്* ആഗ്രഹമില്ലെന്നുള്ളതായിരുന്നു. ദൈവത്തെ അറിയുന്നു അറിയാമെന്നു സമ്മതിയ്ക്കുന്നത് അത്ര യോഗ്യമായി *കണ്ടില്ല* (1:28; പാഠം തുടരുന്നു)!"

**ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്ത് മഹത്വീകരിച്ചില്ല.** ദൈവത്തെ അറിഞ്ഞു എന്നുള്ളതിന് വിശദീകരണം ആവശ്യമുണ്ട് കാരണം വേറൊരു സ്ഥാനത്ത് അവർ ദൈവത്തെ അറിഞ്ഞില്ല എന്നു പറയുന്നുണ്ട്. (ഗലാ. 4:8; 1 കൊരി. 1:21; 1 തെസ്സ. 4:5) ഈ ഭാഗങ്ങളിൽ ജാതികൾ കഴിഞ്ഞകാലത്ത് ദൈവത്തെ അറിഞ്ഞിരുന്നു എന്നു പറയുന്നുണ്ട്. എങ്ങനെയായാലും ദൈവദത്തമായ അവരുടെ അറിവ് (ദൈവത്തെക്കുറിച്ചുള്ള) (1:18) ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അവർ ദൈവത്തെ അറിയുന്നില്ല.

എങ്ങനെയാണ് അവർ ഈ സ്ഥിതിയിൽ എത്തിചേർന്നതു? പൗലൊസ് അവരുടെ ദൈവത്തിൽ നിന്നും അകന്നുപോയ വഴിയെക്കുറിച്ച് ഒരു ചിത്രീകരണം നടത്തുന്നു. ആദ്യമായി അവർ ദൈവത്തെ മഹത്വപ്പെടുത്തിയില്ല. (ബഹുമാനിയ്ക്കുക എന്ന ഡീിഊൃ (δοξάζω, *doxazō*) വാക്കിന് ഴഹീൃ്യ (δόξα, *doxa*) എന്നാണ് മഹത്വകരമായ ഒരു സൂര്യാസ്തമയമുള്ള ലോകത്തെ നിർമ്മി

ക്കുവാൻ മഹത്വമുള്ള ദൈവത്തിനു മാത്രമേ സാധിയ്ക്കൂ എന്ന് മനുഷ്യർ ചിന്തിക്കണമായിരുന്നു. രാജപ്രൗഢിയോടെ കാണപ്പെടുന്ന വൃക്ഷങ്ങളെയും പർവതങ്ങളെയും കാണുമ്പോൾ അതിനേക്കാൾ വലിയ രാജപ്രൗഢിയുള്ള ഒരു ദൈവമാണ് ഇവയെ സൃഷ്ടിച്ചതെന്ന് ചിന്തിക്കണമായിരുന്നു. അതിശയിപ്പിക്കുന്ന അനേക അത്ഭുതങ്ങളെ നിറച്ചു വച്ചിരിക്കുന്ന ഈ ലോകത്തെ രൂപനിർദ്ദേശം ചെയ്ത നിർമിതാവായ ദൈവം എത്ര അത്ഭുതവാൻ എന്നതിന് സംശയമില്ല. എന്നിട്ട് അവർ ദൈവത്തിന്റെ നിസ്തുല്യമായ മഹത്വത്തെ സമ്മതിയ്ക്കുവാൻ മനസ്സുവച്ചില്ല.

രണ്ടാമത് അവർ ദൈവത്തോട് **നന്ദി** കാണിച്ചില്ല. അവരുടെ സിരകളിൽകൂടെ ഒഴുകിയ ജീവനെ അവർ സ്വീകരിച്ചു. അവൻ നല്കിയ വായുവിനെ അവർ ശ്വസിച്ചു (അപ്പൊ. പ്ര. 17:25). അവന്റെ സൂര്യന്റെ ചൂട് അനുഭവിച്ചു. അവനയച്ച മഴമൂലം പ്രയോജനം അനുഭവിച്ചു (മത്താ. 5:45) അവന്റെ സഹായത്താൽ ലഭിക്കുന്ന ഭക്ഷണം കഴിച്ചു ഫലപ്രദങ്ങളായ കാലാവസ്ഥയും കാലങ്ങളും അനുഭവിച്ചു സന്തോഷിച്ചു സുഖിച്ചു. ഇവയും മറ്റു നന്മകളും ദൈവത്തിൽ നിന്നും അനുഭവിച്ചു (അപ്പൊ. പ്ര. 14:17). എന്നാൽ ദാതാവായ ദൈവത്തിങ്കലേക്ക് മുഖമുയർത്തി "ദൈവമേ നന്ദി" എന്നുപറയുവാൻ അവർക്കു തോന്നിയില്ല.

ജാതീയ ലോകം ദൈവത്തെ അവഗണിച്ചു. തിരസ്ക്കരിച്ചു. എന്തായിരുന്നു ഫലം? ദൈവത്തെ സമീകരണത്തിൽ നിന്നും മാറ്റി നിർത്തിയാൽ ഈ ലോകം ശരിയാവുകയില്ല അതിന് ഒരു അർത്ഥവും ഉണ്ടാകയില്ല. യുഗങ്ങളുടെ ചോദ്യങ്ങൾ നാം എവിടെനിന്നു വന്നു? നാം എന്തിന് ഇവിടെ ആയിരിക്കുന്നു. നാം എങ്ങോട്ടുപോകുന്നു? ദൈവത്തെ മാറ്റിനിർത്തിയാൽ ഉത്തരമില്ലാത്തതാകും. "ദൈവത്തെ ഉപേക്ഷിച്ചാൽ പിന്നെ എവിടെ തുടങ്ങണം എന്ന് അറിയാതെ പോകും."[61]

ജാതികൾ ദൈവത്തെ മറന്നപ്പോൾ അവർ അവരുടെ **ചിന്തകളിൽ വ്യർത്ഥരായി തീർന്നു. അങ്ങനെ അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി**. (ματαιόω മറ്റായോ) എന്ന ഗ്രീക്ക് വാക്ക് വ്യർത്ഥമായി തീർന്നു എന്ന് പരിഭാഷപെടുത്തിയിരിക്കുന്നു. അതിന്റെ അർത്ഥം ''ഫലത്തിൽ ശൂന്യമായി പോയി എന്നുള്ളതാണ്''[62] (διαλογισμός, ഡയലോഗിസ്മോസ്) എന്ന പദം നിരൂപണങ്ങളിൽ എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. അതിന്റെ അർത്ഥം ബൗദ്ധിക ചിന്തകളാണ്. എ.എസ്.വി.യിൽ പൗലൊസ് പറയുന്നത് കാരണം പറയാൻ ഇല്ലാത്തവിധം അവർ ചിന്തിച്ചു. ടി.ഇ.വി.യിൽ ''പരിപൂർണ്ണ വിഡ്ഢിത്തമായി തീർന്നു.'' അങ്ങനെ അവർ ദൈവത്തിന്റെ സത്യത്തെ ത്യജിച്ചതിനാൽ ഹൃദയം ഇരുണ്ടുപോകുകയും തിരിച്ചറിവ് ഇല്ലാതാവുകയും ഹൃദയത്തിൽ അവർ വിഢികളാകുകയും ചെയ്തു.

(ἀσύνετος, അസ്യൂംന്യൂറ്റോസ്) എന്ന ഗ്രീക്ക് പദമാണ് അപമാനരാഗം എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. അതിന്റെ അർത്ഥം തിരിച്ചറിവ് ഇല്ലാത്ത പ്രവൃത്തി, ഗ്രഹിക്കാതെ ചെയ്യുന്നവ എന്നാണ്.[63] ആർ.എസ്.വി. പരിഭാഷയിൽ "വിവേകമില്ലായ്മ" എന്നും സി.ഇ.വി. "വിഡ്ഢിത്തരം" എന്നും കാണാം. ദൈവത്തിന്റെ സത്യത്തെ ജാതികൾ തള്ളിക്കളഞ്ഞപ്പോൾ ദൈവം അവരെ മൗഢ്യത്തിലേക്കും വിവേകമില്ലായ്മയിലേക്കും തിരിച്ചറവ് ഇല്ലായ്മയിലേക്കും വിഡ്ഢിത്തരത്തിലേക്കും ഏൽപിച്ചു കൊടുത്തു. അവരുടെ ഹൃദയം ഇരിട്ടിനാൽ നിറഞ്ഞു. ദൈവം അവർക്ക് കൊടുത്തതിനെ അവർ തങ്ങളുടെ വിഡ്ഢിത്തരത്തിൽ

ഞെക്കിക്കളഞ്ഞു.

22-ാം വാക്യത്തിൽ പൗലോസിന്റെ കഠിനമായ വിശകലനം അതിന്റെ ഉച്ച സ്ഥായിയിലെത്തുന്നു: **ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായി പ്പോയി**. റോമിലും അതുപോലെയുള്ള പട്ടണങ്ങളിലും വാഗ്മികളെക്കൊണ്ടും പണ്ഡിതന്മാരെക്കൊണ്ടും ഗ്രന്ഥകർത്താക്കളെക്കൊണ്ടും നിറഞ്ഞിരുന്നു. തങ്ങൾ ബുദ്ധിമാന്മാരെന്ന് പറയുക മാത്രമല്ല അവരുടെ ജ്ഞാനം ലോകപ്ര സിദ്ധവുമായിരുന്നു. പക്ഷേ പൗലൊസ് അവരെയെല്ലാം "മൂഢർ" എന്നുവിളിച്ചാണ് തള്ളിക്കളഞ്ഞത്.

"മൂഢൻ" എന്ന പ്രയോഗത്തിൽ വിദ്യാഭ്യാസത്തോടും ബുദ്ധിയോടും ഒരു ബന്ധവുമില്ല. ലോകത്തെയും അതിലുള്ള എല്ലാ കാര്യങ്ങളെയും ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു. മോറൈനോ μωραίνω (*mōrainō*) എന്ന ക്രിയാപദം മൂഢരായിതീർന്നു. മോറോസ് μωρός (*mōros*) എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് മോറോൺ എന്ന ഇംഗ്ലീഷ് പദം ഉത്ഭവിച്ചത്. പൗലൊസിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസമുള്ള ഒരാൾ ദൈവീക വെളി പ്പാടിനെ അവഗണിച്ചുകൊണ്ട് അതിന് വിരുദ്ധമായി ധൈര്യ പൂർവ്വം ഒരു അഭിപ്രായം സ്ഥാപിക്കുമ്പോൾ അയാൾ വിദ്യാഭ്യാസമുള്ള ഒരു മൂഢനാണ്. കോഫ്മാൻ ഈ വിധത്തിൽ അതിനെ പറഞ്ഞിരിക്കുന്നു "ഒരാൾ ദൈവത്തെ ത്യജിക്കുമ്പോൾ അദ്ദേഹം ബുദ്ധിമാൻമാരുടെ ഗണത്തിൽ ഉൾപെടുന്നതിന് പകരം വിഡ്ഢികളുടെ ഗണത്തിൽ പെടുന്നു!."[65] യിരെമ്യാവ് മുൻപ് പറഞ്ഞ തുപോലെ ഒരു മനുഷ്യന് ധതന്റെപ വഴിയും നടക്കുന്നവന് തന്റെ കാലടി കളേയും നേരയാക്കുന്നതും സ്വാധീനമല്ല (യിരെ. 10:23). പൗലോസിന്റെ വാക്കുകളുടെ ആശയവും "ദൈവത്തെ കൂടാതെ മനുഷ്യന്റെ ആലോചനകൾ മൗഢ്യമാണ്. സംഗതി മനസ്സിലാക്കാതെ പറയുന്നത് മൗഢ്യത്തിന്റെ കൂമ്പാ രത്തെ കൂട്ടി വെക്കുന്നതാണ്!"

**വാക്യം 23**. അടുത്ത സാങ്കൽപിക വാദത്തിൽ അജ്ഞാനിയായ മനുഷ്യൻ വിഗ്രഹത്തെ ആരാധിച്ച് ഉദാഹരിക്കുന്നത് കാണാം.

> *എതിരാളി:* "മൂഢനോ? മനസ്സിലാക്കാത്തവനോ അറിവില്ലായ്മയുടെ ഒരു കൂമ്പാരമോ? നിശ്ചയമായും നിങ്ങൾ ഉള്ളതിലധികമായി സംസാ രിക്കുന്നു!"
>
> *പൗലൊസ്:* "മനുഷ്യവർഗ്ഗം എത്രമാത്രം ബുദ്ധികെട്ടവരായി തീർന്നെന്നുള്ളതിന് ഒരു ഉദാഹരണം വേണോ ഇതാ ഒരു ഉദാഹരണം. മനുഷ്യർ മരം, കല്ല്, കളിമണ്ണ്, ലോഹങ്ങൾ എന്നിവ കൊണ്ട് രൂപങ്ങൾ ഉണ്ടാക്കി തങ്ങൾ നിർമ്മിച്ചതിനെ *ആരാധിക്കുന്നു*!"

"ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢൻമാരായി പോയി" (1:22) എന്നത് മുഖവുരയായിട്ടുള്ള ഒരു പ്രസ്താവനയാണ്. പൗലൊസ് തുടർന്ന് അവർ എത്രമാത്രം മൂഢന്മാരായി എന്ന് തെളിയിക്കുന്നു. **അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു**.

ദൈവം ആരാധനയുടെ ആവശ്യം മനുഷ്യരിൽ പടിപടിയായി കടത്തിവി ട്ടു. ഒരാൾ ഭൂമിയിൽ എവിടെപോയാലും ഉന്നതമായ ഒരു ശക്തിയെ ആരാ

ധിക്കുവാനുള്ള ഒരു ത്വര എല്ലാ മനുഷ്യരിലും കാണാം. സത്യദൈവത്തെ മനുഷ്യർ ത്യജിച്ചപ്പോഴും ആരാധനയ്ക്കായുള്ള ഒരു ആവേശം അവരുടെ ഹൃദയത്തിൽ എരിഞ്ഞുകൊണ്ടിരുന്നു. ഈ ആഗ്രഹനിവർത്തിക്കായി അവർ കപടദൈവങ്ങളെ കണ്ടുപിടിച്ചു. അവരെ പ്രതിനിധീകരിക്കുവാൻ വിഗ്രഹങ്ങളെയും കണ്ടുപിടിച്ചു. അവയെ നമസ്ക്കരിച്ചാരാധിച്ചു.

യഹൂദന്മാർതന്നെയും ദൈവത്തോട് നിയമം ചെയ്തശേഷവും വിഗ്രഹാരാധനയുമായി പോരാടിക്കൊണ്ടിരുന്നു (പുറപ്പാട്. 32). യിസ്രായേൽ രാജ്യവിഭജനകാലത്ത് (1 രാജാ. 12). റോമ. 1:23–ൽ പറയുന്നതുപോലെ 106–ാം സങ്കീർത്തനക്കാരൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ‘‘അവർ തങ്ങളുടെ മഹത്വമായവനെ പുല്ലുതിന്നുന്ന കാളയോട് സദൃശനാക്കിത്തീർത്തു” (സങ്കീ. 106:20).

വേദപുസ്തകത്തിൽ വിഗ്രഹാരാധനക്കെതിരായ കഠിനമായ ആക്രമണം യിരെമ്യ 10–ാം അദ്ധ്യായത്തിൽ കാണുന്നു. യിരെമ്യ 10:8, 14 പ്രവാചകൻ ശക്തിയോടെ പറയുന്നു ‘‘വിഗ്രഹാരാധികൾ ഒരുപോലെ മൃഗപ്രായരും ദോഷന്മാരും ആകുന്നു.’’ മരം കൊണ്ട് ഉണ്ടാക്കിയ വിഗ്രഹങ്ങളെക്കുറിച്ച് പറയുന്നു, ‘‘കാട്ടിൽ നിന്നും വെട്ടിക്കൊണ്ടുവന്ന മരം (യിരെ. 10:3) ആശാരി വാളുകൊണ്ടു ചെയ്ത പണിയുമാണ്.’’ ‘‘അവർ അതിനെ വെള്ളിയും പൊന്നും കൊണ്ട് ധഅലങ്കരിക്കുന്നുപ. അത് ഇളകാതെയിരിക്കേണ്ടതിന് അവർ അതിനെ ആണിയും ചുറ്റികയുംകൊണ്ട് ഉറപ്പാക്കുന്നു” (10:4). ഈ വിഗ്രഹങ്ങൾ വെള്ളരിത്തോട്ടത്തിലെ തൂണുപോലെയാകുന്നു, “അവ സംസാരിക്കുന്നില്ല.’’ അവെക്കു നടപ്പാൻ വഹിയാത്തതുകൊണ്ട് അവയെ ചുമന്നും കൊണ്ടു പോകേണം (10:5യ). “തട്ടാന്മാരൊക്കെയും വിഗ്രഹം നിമിത്തം ലജ്ജിച്ചു പോകുന്നു” (10:14).

മനുഷ്യവർഗ്ഗം ദൈവത്തിന്റെ മഹത്വത്തെ അവരുടെ വിഗ്രഹങ്ങൾക്കു പകരം ആക്കി മാറ്റിയിരിക്കുന്നു (*ἀλλάσσω*, *allassō*). ‘‘ആ മഹത്വം വിഗ്രഹങ്ങളെ ആരാധിക്കുന്നതിനോട് കൈമാറ്റം ചെയ്തു.’’ തനിക്കുള്ളതിന്റെ വില മനസ്സിലാക്കാത്ത മനുഷ്യൻ അതിനെക്കാൾ വളരെ വിലകുറഞ്ഞ വസ്തുവിനുവേണ്ടി അതിനെ വിറ്റുകളയുന്നു. ഒരു ചെറിയ കുട്ടി തനിക്കുള്ള വിലയേറിയ ആഭരണത്തെ തിളങ്ങുന്ന ഒരു ചെറിയ ആഭരണത്തിനുവേണ്ടി കൈമാറ്റം ചെയ്യുമായിരിക്കും. ജാതികൾ അതിലും മോശമായ കച്ചവടം നടത്തിയിരിക്കുന്നു. അവർ ദൈവത്തിന്റെ സത്യത്തെ വെറും കള്ളത്തിനായി വിറ്റുകളഞ്ഞു. ഫലത്തിൽ നശിച്ചു പോകാത്ത മഹത്വമുള്ള ദൈവത്തെ നശിച്ചുപോകുന്ന പ്രയോജനമില്ലാത്ത കപട ദൈവങ്ങൾക്കു വേണ്ടി കച്ചവടം ചെയ്തു.

ഓർക്കുക അവർ ദൈവത്തെ ത്യജിച്ചു കളഞ്ഞപ്പോൾ അവരുടെ മനസ്സ് അന്ധകാരപൂർണ്ണമായി. ഒരു കുട്ടി കൂരിരുട്ടിലേക്കു നോക്കിയിരുന്നുകൊണ്ട് എല്ലാത്തരം ഇല്ലാത്ത ഭീകരരൂപങ്ങളെയും സങ്കൽപിക്കുന്നു. അതുപോലെതന്നെയാണ് മനുഷ്യൻ അന്ധകാരപൂർണ്ണമായ മനസ്സോടുകൂടെ സർവ്വശക്തനായ ദൈവത്തെ നോക്കുവാൻ ശ്രമിക്കുന്നത്. ‘‘ക്ഷയിച്ചുപോകുന്ന മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി തങ്ങളുടെ ദൈവത്തെ ഉണ്ടാക്കി.’’ പൗലൊസ് എല്ലാവരോടും ആ ദിവസം നടത്തിയ പ്രസ്താവനയ്ക്ക് ഉദാഹരണങ്ങൾ:

‘‘*മനുഷ്യൻ*”: റോമാക്കാർ റോമൻ കൈസരെ ആരാധിച്ചിരുന്നു. ഗ്രീക്കുകാർ അവരുടെ ദൈവത്തെ മനുഷ്യരൂപങ്ങളിൽ സങ്കല്പിച്ചിരുന്നു.

*“പക്ഷികൾ”*: ഈജിപ്തുകാർ പലതരം പക്ഷികളെ ആരാധിച്ചിരുന്നു. ‘ഇബിസ്’ എന്നതുൾപ്പെടെ.

*“നാൽക്കാലി”*: ഈജിപ്തുകാർ കാളയെയും ആരാധിച്ചിരുന്നു. യഹൂദർ സ്വർണ്ണകാളക്കുട്ടിയ്ക്കു മുൻപിൽ തല വണക്കിയിരുന്നു.

*“ഇഴജാതി”*: അസിറിയക്കാർ ഇഴജാതികളെ ആരാധിച്ചിരുന്നു. ഈജിപ്തുകാർ ചാണകവണ്ടിനെ ആരാധിച്ചിരുന്നു.

അവരുടെ ഗമനം കീഴോട്ടുതന്നെ ആയിരുന്നു. ചെസ്റ്റർ വാറൻ ക്വിംബി ഇങ്ങനെയാണ് അതിനെ കണ്ടത്. ആദ്യം ദൈവത്തെ ഇരുകാലിയാക്കി. പിന്നീട് നാൽക്കാലിയാക്കി.[66] പിന്നെയും കീഴോട്ട് അവരുടെ മനസ്സിന്റെ ഇരുട്ടിനാൽ അവർ അവസാനം ചാണക വണ്ടിനെ വരെ ആരാധിയ്ക്കുന്നവരായി!.

**വാക്യം 24**. 22, 23 വാക്യങ്ങളിൽ വിഗ്രഹങ്ങളെക്കുറിച്ചു പറഞ്ഞശേഷം അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏൽപിച്ചു. ദൈവം അവരെ ഏൽപിച്ചു എന്നതിന് എന്തർത്ഥമാണ് പൗലൊസ് ചിന്തിച്ചത്, ദൈവം എന്തുചെയ്തു? ഏൽപിച്ചപ്പോൾ? ദൈവം അവരെ ഏൽപ്പിച്ചു എന്ന് പൗലൊസ് പറയുമ്പോൾ എന്ത് അർത്ഥം ആയിരുന്നു അതിന്? പാരാഡിഡോമി παραδίδωμι (*paradidōmi*) എന്ന പദത്തിൽനിന്നാണ് ഏൽപ്പിച്ചുകൊടുക്കുക എന്ന് പരിഭാഷപെടുത്തിയിരിക്കുന്നത്. പാരാ παρά (*para*) എന്ന പദവും ഡിഡോമി δίδωμι (*didōmi*) (കൊടുക്കുക).[67] എന്ന വാക്കും ചേർന്ന് “കരങ്ങളിൽ കൊടുക്കുക, ഏൽപിച്ച് കൊടുക്കുക എന്നൊ ക്കായാണ് അർത്ഥം.”[68] പിലാത്തോസ് യേശുക്രിസ്തുവിനെ ക്രൂശിൽ തറ ക്കുവാൻ പടയാളികൾക്ക് ഏൽപിച്ചുകൊടുത്ത പദവുമായി ഇത് ബന്ധപ്പെട്ട് കിടക്കുന്നു (മർക്കൊ. 15:1, 15).

യേശുവിനെ വിസ്താരത്തിന് പിലാത്തോസിനെ ഏൽപിച്ചു എന്ന പ്രയോഗം തന്നെ ചില തർജ്ജിമയിൽ വിട്ടുകളഞ്ഞു എന്നും കാണുന്നു. എന്നാൽ തീരെ താല്പര്യമില്ലാതെ ഉപേക്ഷിച്ചുകളഞ്ഞില്ല. പിന്നെയും ദൈവ ത്തിന് അവരെ കുറിച്ച് കരുതലുണ്ടായിരുന്നു (2 പത്രൊസ് 3:9). അവർ ദൈവ ത്തിങ്കലേക്കു വരുമെന്ന് പ്രത്യാശിച്ചിരുന്നു. പരാഡിഡോം (*paradidōmi*) എന്ന ഗ്രീക്കുപദത്തിന് പോകാൻ അനുവദിച്ചു എന്നും ചിലർ തർജ്ജമ ചെയ്തിട്ടുണ്ട്. സമാന്തര പ്രയോഗം നടത്തുന്നത് “ദൈവം അവരെ പോകാൻ അനുവദിച്ചു” എന്നാണ് (1:26).

എന്നാൽ പൗലൊസ് അർത്ഥമാക്കിയത് ഏതുവിധത്തിലാണ്. വ്യാഖ്യാ താക്കൾ പൗലൊസിന്റെ അഭിപ്രായത്തെക്കുറിച്ച്[69] വിവിധ തരത്തിലാണ് പ്രതികരിക്കുന്നത്. എന്നാലും എല്ലാവരും ഒരേ നിഗമനത്തിലാണ് അവസാനം എത്തിച്ചേരുന്നത്. മനുഷ്യജാതിയെ അവരുടെ പാപത്തിൽ കീഴോട്ടുള്ള കറങ്ങിപ്പോക്കിനെ തടയാതെ ദൈവം അവരുടെ ഇഷ്ടംപോലെ പ്രവർത്തി പ്പാൻ ദൈവം അനുവദിച്ചു (ഉല്പത്തി 6:3). താരതമ്യപ്പെടുത്തുക. എൻഐടി ഇങ്ങനെയാണു പറയുന്നത്. ദൈവം അവരെ അവരുടെ നാണം കെട്ട ഹൃദയം ആഗ്രഹിച്ചതൊക്കെ ചെയ്തു മുന്നോട്ടുപോവാൻ അനുവദിച്ചുവിട്ടു. കൂടാതെ അവരുടെ പാപപ്രവർത്തികളുടെ അനന്തരഫലത്തിൽ നിന്നും അവരെ രക്ഷി യ്ക്കുന്നതിനു തുനിയാതെ ദൈവം അവർ തെരഞ്ഞെടുത്ത ജീവിത രീതിക ളുടെ തിക്തഫലങ്ങളും അനുഭവിയ്ക്കുവാൻ ദൈവം അനുവദിച്ചു. അത് അന

ുഭവിച്ചുകൊണ്ടു ജീവിക്കുവാൻ പൂർണ്ണ സ്വാതന്ത്ര്യവും കൊടുത്തു (ഗലാ. 6:7). ബ്രിസ്കോസിന്റെ വാക്കുകൾ:

> ''മനുഷ്യരുടെ പ്രവർത്തികൾക്ക് പ്രതികരണമായി ദൈവത്തിന്റെ പ്രതികരണം തീയും ഗന്ധകവും മനുഷ്യന്റെ മേൽ അയക്കുക എന്നുള്ളതല്ല. ഇന്നും ദൈവം അങ്ങനെ ചെയ്യുന്നില്ലല്ലോ. അതുപോലെതന്നെ കൂടുതൽ ഭയപ്പെടുത്തുന്ന ഒരു കാര്യവും ദൈവം ചെയ്തു. അതെന്താണെന്നു വച്ചാൽ ദൈവം മനുഷ്യന് ശരിയും തെറ്റും തെരഞ്ഞടുക്കുവാനുള്ള പൂർണ്ണസാതന്ത്ര്യവും അതിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്നവർക്കുള്ള പരിണിത ഫലവും നൽകുന്നു.''[70]

ജെ. ഡി. തോമസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "നിങ്ങൾ ദൈവത്തിൽനിന്നും പിരിഞ്ഞ് ജീവിക്കുവാൻ തീരുമാനിച്ചാൽ ദൈവം നിങ്ങളെ തടഞ്ഞു നിർത്തുവാൻ ഒരു സംഘം ദൂതന്മാരെ അയക്കുവാൻ പോകുന്നില്ല. അത് ദൈവത്തിന്റെ ഹൃദയത്തെ തകർക്കും. പക്ഷേ അവൻ നിങ്ങളെ അനുവദിക്കും."[71] റിച്ചാർഡ് റോ ജേർഡ് ഈ വിധത്തിൽ പറയുന്നു. "നിങ്ങൾ ഒരു കാര്യത്തിനൊരുങ്ങുമ്പോൾ ദൈവം നിങ്ങളെ അതിനു വിടും. അവൻ കോപിക്കുന്നതുകൊണ്ടല്ല. അതിനും സാദ്ധ്യതയുണ്ടെങ്കിലും അവൻ നമ്മെ സ്നേഹിക്കുന്നതുകൊണ്ടാണ് നിശ്ചയമായും.''[72] മൂന്നെഴുത്തുകാർ ചേർന്നു പറയുന്നത് പൗലൊസ് തന്റെ കാലത്തെ ആളുകളോടു പറയുകയാണ്: "ചുറ്റും നോക്കുക ദൈവം തന്റെ കോപത്തിൽ പാപസ്വഭാവം അതിനിഷ്ടം പോലെ നടമാടുവാൻ അനുവദിക്കുകയാണ് മനുഷ്യർക്കു ഉപദ്രവം തന്നെ!.''[73]

യൂജിൻ പെറ്റേഴ്സൺ റോമ 1:24 ലെ സന്ദേശം ഇങ്ങനെ വെളിപ്പെടുത്തി. ''അതുകൊണ്ട് ദൈവം പറഞ്ഞു'' നിങ്ങൾക്ക് അതാണ് വേണ്ടതെങ്കിൽ അതാണ് നിങ്ങൾക്ക് ലഭിക്കുന്നത്. അവർ ഒരു പന്നിക്കൂട്ടിൽ താമസിക്കുന്നതിനു മുൻപായിരുന്നു അത് പെറ്റേസന്റെ സങ്കല്പം മുടിയനായ പുത്രന്റെ ഉപമയെ ആസ്പദമാക്കിയുള്ളതായിരുന്നു (ലൂക്കൊ. 15:11–32). പിതാവിനുള്ള പുത്രൻ വീടുവിട്ടുപോകുന്നത് ഇഷ്ടമില്ലായിരുന്നു. എന്നിട്ടും പോകാൻ അനുവദിച്ചു. ചെറുപ്പക്കാരൻ നാശത്തിലേക്കാണ് പോകുന്നതെന്ന് പിതാവ് അറിഞ്ഞിട്ടും, അനുവദിച്ചു. പൗലൊസിന്റെ ഭാഷയിൽ പറഞ്ഞാൽ പിതാവ് അവനെ തന്റെ സ്വാർത്ഥപരമായ അഭിലാഷങ്ങൾക്കു ഏൽപിച്ചുകൊടുത്തു. പന്നിക്കൂട് വരെയുള്ള വഴിയിൽ നടക്കുവാൻ അനുവദിച്ചു. ഈ സമയമെല്ലാം തന്റെ മകൻ സൽബുദ്ധി വരുമെന്നും വിട്ടിലേക്കുതിരികെ വരുമെന്നും പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

ജനങ്ങൾ ''ദൈവത്തിൽ ഉപേക്ഷിയ്ക്കപ്പെട്ടവരായിരുന്നില്ല (അആയിൽ പറയും പ്രകാരം).'' എന്നാൽ ''ദൈവം അവരെ ത്യജിച്ചുകളഞ്ഞിരുന്നില്ല.'' പാപം മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുന്നു (യെശയ്യ 59:1, 2). പാപി ഒരുനാളും ദൈവത്താൽ ഈ ജീവിതത്തിൽ ഉപേക്ഷിയ്ക്കപ്പെടുന്നില്ല. ഈ ലോകം ദൈവത്തിന്റെ കൃപയുടെയും കരുണയുടെയും (മത്താ. 5:45) വെളിപ്പെടുത്തലിൽ ആശ്രയിച്ചു നിൽക്കുന്നതെന്ന് ഈ പാപപങ്കിലമായ ലോകം മനസ്സിലാക്കുന്നില്ല. എന്നാൽ ഒരുവൻ മരണം വരെയും അനുതപിയ്ക്കാതെയിരുന്നാൽ നിത്യത മുഴുവനും ദൈവത്താൽ ഉപേക്ഷിയ്ക്കപ്പെട്ടവനാകും (2 തെസ്സലോ. 1:9). നഷ്ടപ്പെട്ടുപോയവർ ''ഭയങ്കരമായ സ്വാതന്ത്ര്യം

എന്നേക്കും ആസ്വദിക്കുമെന്ന്'' സി. എസ്. ലൂയിസ് പറഞ്ഞത് എത്ര ശരിയാണ്.[74]

ജാതികളെ അവരുടെ ''മോഹങ്ങൾക്ക്'' (ἐπιθυμία, *epithumia*) ഏൽപ്പിച്ചു കൊടുത്തു. ഈ വാക്ക് എതുതരത്തിലുള്ള ശക്തിയായ ആഗ്രഹത്തെയാണ് കാണിക്കുന്നത്. ശുദ്ധമായ ആഗ്രഹത്തിനും ഈ വാക്ക് ഉപയോഗിക്കാം (ലൂക്കൊ. 22:15) എന്നാൽ സാധാരണയായി ദുഷിച്ച ആഗ്രഹങ്ങളെയാണ് ഇതു കാണിക്കുന്നത്.[75] റോമർ 1:24-ൽ 'അശുദ്ധി', ഒരു ശക്തിയായ ആഗ്രഹമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്.

''ശുദ്ധി'' (ἀκαθαρσία, *akatharsia*) എന്ന വാക്കിനോട് ചേർന്ന് ഒരു നിഷേധാത്മകമായ രീതിയിൽ പറയുന്ന ഉപസർഗ്ഗമാണ് [prefix (a, *a*)]. ഈ വാക്ക് അടിസ്ഥാനപരമായി "അശുദ്ധി" (കെ.ജെ.വി കാണുക), ഈ അശുദ്ധി ശാരീരികമോ, ആചാരപരമോ, ധാർമ്മികമോ[76] ഒക്കെ ആകാം. 24-ാം വാക്യത്തിന്റെ സന്ദർഭം വച്ചു നോക്കിയാൽ ഒരു പ്രത്യേകതരം ധാർമ്മികമായ അശുദ്ധിയാണ് പൗലൊസ് വിവക്ഷി ക്കുന്നത് എന്ന് മനസ്സിലാകും എൻ.ഐ.വി. യിൽ "ലൈംഗിക അശുദ്ധി" എന്നാണ്.

മനുഷ്യൻ ദൈവത്തിൽ നിന്നും അകലുമ്പോൾ അവർ ധാർമ്മികമായ നിയന്ത്രണങ്ങൾ എല്ലാം എറിഞ്ഞു കളയുന്നു. അധോഗതിയിലേക്കു നിലംപതിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ലക്ഷണങ്ങൾ (1) വർദ്ധിച്ചുവരുന്ന ലൈംഗിക സ്വാതന്ത്ര്യം (2) ലൈംഗിക സ്വാതന്ത്ര്യത്തിനായി വാദം (3) അതിനുനസരണമായി തുടർച്ചായായുള്ള വിവേചന ശൂന്യമായ ലൈംഗിക ബന്ധം. റോമിൽ വ്യക്തിപരമായ ലൈംഗിക ആവേശം രാജാവായി വാഴുകയായിരുന്നു എന്ന് പറയപ്പെടുന്നു.

വാക്യം 24 നു മുൻപായി വിഗ്രഹങ്ങളെ നിർമ്മിക്കുന്നതിനെക്കുറിച്ച് ഒരു ഭാഗവും (1:23) അതിനു ശേഷമായി ഒരു ഭാഗവും (1:25) ഉണ്ട്. വിഗ്രഹാരാധനയെകുറിച്ചുള്ള ഈ രണ്ടു വാക്യങ്ങളുടെ ഇടയിലായി അസന്മാർഗ്ഗികതെയെക്കുറി ച്ചുള്ള വാക്കുകൾ വന്നത് അബദ്ധവശാലല്ല. വിഗ്രഹാരാധികളുടെ ക്ഷേത്രങ്ങൾ ദേവദാസികളെക്കൊണ്ടണ്ട് കുപ്രസിദ്ധമായിരുന്നു. (സ്ത്രീകളും-പുരുഷന്മാരും) അവർ ഏത് ലൈംഗീക വൈകൃത പ്രവർത്തിയും പ്രതിഫലത്തിനുവേണ്ടി ചെയ്തിരുന്നു. വിഗ്രഹാരാധകരുടെ ഇടയിൽ ലൈംഗീക അസാന്മാർഗ്ഗികത്വം അതിരുകൾ ലംഘിച്ച് നടമാടിയിരുന്നു. അവരുടെ ആരാധനയിൽ മാത്രമല്ല അനുദിനജീവിതത്തിലും അങ്ങനെതന്നെ ആയിരുന്നു.

ഇപ്രകാരമുള്ള വിഗ്രഹാരാധകരുടെ ചെയ്തികൾ ദൈവഹിതത്തിനു വിപരീതമായിട്ടുള്ളതാണ്. പുറപ്പാട് 20-ാം അദ്ധ്യായത്തിൽ ദൈവം പത്തുകല്പനകൾ നൽകിയപ്പോൾ ഏഴാമത്തെ കല്പന നീ വ്യഭിചാരം ചെയ്യരുത് എന്നായിരുന്നു. (പുറപ്പാട്. 20:14; റോമ. 13:9) തുടർന്നുള്ള അദ്ധ്യായങ്ങളിൽ അടിസ്ഥാനപരമായ ഈ കല്പന വിശദമാക്കിയിട്ടുണ്ട്. അവയിൽ ലൈംഗിക പാപങ്ങളെക്കുറിച്ച് പൊതുവായി വിശദമാക്കിയിട്ടുണ്ട് (ലേവ്യാ. 18:6-23). പഴയനിയമത്തിൽ ദൈവികമായി അംഗീകരിക്കപ്പെട്ട ഒരു വിവാഹബന്ധത്തെ[77] ശാസിക്കയും ശിക്ഷ പ്രഖ്യാപിക്കയും ചെയ്തിട്ടുണ്ട് (ആവ. 22:22).

മിക്ക തർജ്ജമയിലും "ലൈംഗികം അഥവാ ലിംഗം" എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല, എന്നാൽ വേദപുസ്തകം ഈ വിഷയത്തെക്കുറിച്ച് വളരെ കാര്യങ്ങൾ പറയുന്നുണ്ട്. ഉദാഹരണത്തിന് (സദൃ. 5:1-6; 7:6-27; കൂടാതെ ഉത്തമഗീതം മുഴുവനും). കൂടുതൽ പ്രാവശ്യവും ലൈംഗികവേഴ്ച്ചയ്ക്ക് രൂക്ഷത

കുറഞ്ഞ വാക്കിനാൽ എഴുതിയിരിക്കുന്നു. നാം ചെയ്യുന്നതുപോലെതന്നെ. ഒരു സാധാരണ ഉപയോഗം ''അറിയുക'' എന്നതാണ്. ഉദാഹരണം ആദാം അവന്റെ ഭാര്യയെ അറിഞ്ഞു.[78] അവൾ ഗർഭിണി ആയി. (ഉല്പ. 4:1; ഗഖഢ മത്തായി. 1:25; ലൂക്കൊ. 1:34; കെജെവി). വേറെ ഉപയോഗങ്ങൾ ''ചേർന്നു'' ''ഒരു ജഡമായിത്തീർന്നു'' എന്നിവ (ഉല്പ. 2:24 മത്താ. 19:5; എഫെ. 5:31).

പുതിയനിയമത്തിൽ ഒരു തിരുവചനപ്രകാരമുള്ള വിവാഹത്തിൽ ഭാര്യയ്ക്കും ഭർത്താവിനും തമ്മിലുള്ള ലൈംഗിക ബന്ധം ദൈവം അനുവദിച്ചതും പ്രോത്സാഹിപ്പിച്ചിട്ടുള്ളതുമാണ് (1 കൊരി. 7:2–5; എബ്രാ. 13:4). ഈ ബന്ധത്തിനുപുറത്തുള്ള ബന്ധങ്ങളെ വിവാഹത്തിനും കുടുംബത്തിനും വേണ്ടിയുള്ള ദൈവിക പ്രമാണത്തിന് വിപരീതമാണ്. അവിവാഹിതാരായ രണ്ടു വ്യക്തികളുടെ ലൈംഗിക ബന്ധത്തെ ''ദുർന്നടപ്പ്'' എന്നാണ് വിവക്ഷിച്ചിരിക്കുന്നത്. വിവാഹിതനായ ഒരു വ്യക്തി തന്റെ എതിർലിംഗത്തിൽപെട്ട സ്വന്തം ഭാര്യയോ ഭർത്താവോ അല്ലാത്ത ഒരാളുമായി ബന്ധപ്പെടുന്നതിന് ''വ്യഭിചാരമെന്നും''[79] പറയുന്നു (7:3). ദൈവശ്വാസീയമായ എഴുത്തുകളിലെല്ലാം ഇതും ഇതുപോലെയുള്ള ലൈംഗികപാപങ്ങളും കഠിനമായി ശാസിച്ചിരിക്കുന്നു-ശിക്ഷിച്ചിരിക്കുന്നു (ലൂക്കൊ. 16:18; അപ്പൊ. പ്ര. 15:20; ഗലാ. 5:19–21; 1 തെസ്സ. 4:2–5).

**വാക്യം 25.** സാന്മാർഗ്ഗിക കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ചശേഷം പൗലൊസ് വീണ്ടും വിഗ്രഹാരാധനയിലേക്കുവരുന്നു: **അവർ ദൈവത്തിന്റെ സത്യം വ്യാജമാക്കി മാറ്റിക്കളഞ്ഞു** എന്ന് പ്രസ്താവിക്കുന്നു. ''മാറ്റിക്കളഞ്ഞു'' (μεταλλάσσω, *metallassō*) 23-ാം വാക്യത്തോട് ബന്ധപ്പെടുത്തിയിരിക്കുന്നു. സത്യദൈവത്തെ മാറ്റിക്കച്ചവടം നടത്തി എന്ന് ചലആ പറയുന്നു. ചഅടആ പറയുന്നത് ദൈവത്തിന്റെ സത്യത്തെ ''വ്യാജ'' മാക്കിമാറ്റിക്കളഞ്ഞു എന്നാണ്. പൗലൊസിനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ വെളിപ്പെടുത്തലിനെ തള്ളിക്കളയുന്നതും തത്ഫലമായി വിഗ്രഹത്തെ സ്വീകരിക്കുന്നതുമാണ്. മനുഷ്യർ ''വ്യാജം'' സ്വീകരിച്ചപ്പോൾ **അവർ സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു**. സൃഷ്ടിക്കപ്പെട്ടവയെ അവർ സ്രഷ്ടാവിനേക്കാൾ പുകഴ്ത്തി.

സൃഷ്ടിയെ സൃഷ്ടിച്ചവന് മീതെയായി ഉയർത്ത മനുഷ്യർ തങ്ങളെ സൃഷ്ടിച്ചവനേ ഉപേക്ഷിക്കയും മഹത്വപ്പെടുത്താതെയും ഇരുന്നത് പൗലൊസിന് സഹിക്കുവാൻ കഴിഞ്ഞില്ല. 25-ാം വാക്യം ഇങ്ങനെ അവസാനിപ്പിച്ചിരിക്കുന്നു **അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ ആമേൻ**. ''വാഴ്ത്തപ്പെട്ടവൻ'' എന്ന വാക്ക് (εὐλογητός, *eulogētos*) ''ഏലോഗി'' (''ഒരു നല്ല വാക്ക്'') എന്ന വാക്കിനോടു ബന്ധപ്പെട്ടതാണ്. അതിന്റെ അർത്ഥം ''സ്തുതിക്കപ്പെടുവാൻ യോഗ്യൻ''[80] എന്നാണ്. പുതിയനിയമത്തിൽ ദൈവത്തിനു മാത്രമെ അതു ഉപയോഗിച്ചിട്ടുള്ളൂ. ഫിലിപ്സിന്റെ തർജ്ജമയിൽ "അവൻ മാത്രം എന്നും എന്നേക്കും ആരാധിക്കപ്പെടുവാൻ യോഗ്യൻ," ആമേൻ എന്ന് ഉപയോഗിച്ചിരിക്കുന്നു.

## ദുർമാർഗ്ഗംകൊണ്ട് ദൈവത്തെ ത്യജിക്കുന്നു (1:26, 27)

**[26]അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു; അവ**

**രുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ അസ്വാഭാവികമാക്കിക്കളഞ്ഞു. [27]അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ടു അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിനു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നേ പ്രാപിച്ചു.**

**വാക്യങ്ങൾ 26, 27.** മനുഷ്യസമൂഹം എത്തിച്ചേർന്നിരിക്കുന്ന ഒരു പ്രത്യേക പാപത്തിന്റെ ആഴത്തെക്കുറിച്ച് ഒരു ഉദാഹരണം അപ്പൊസ്തലൻ കാണിച്ചുതരുന്നു. അധിക വായനക്കാർക്കു ഇവിടെ വിവരിക്കുന്ന പാപത്തെ മനസ്സിലാകും എന്നു ചിന്തിക്കുന്നു. സ്വവർഗ്ഗഭോഗത്തെക്കുറിച്ച് വേദപുസ്തകത്തിൽ ഏറ്റവും വ്യക്തമായും ശക്തമായും എഴുതിയിരിക്കുന്ന ഭാഗമാണിത്. (ബന്ധപ്പെട്ട വചനങ്ങൾ ഉല്പ. 19:1-28; ലേവ്യാ. 18:22; 20:13; ആവ. 23:17, 18; 1 കൊരി. 6:9, 10; 1 തിമോ. 1:8-10.)

ഗ്രീക്കിൽ ὁμός (*homos*) ''ഹോമോ'' എന്ന ഭാഗത്തിന്റെ അർത്ഥം അതേപോലെ എന്നാണ്. സ്വവർഗ്ഗത്തിൽ എന്നാൽ ഒരേ ലിംഗത്തിൽ പെട്ട രണ്ടുപേർ തമ്മിലുള്ള ലൈംഗിക വേഴ്ച്ച നടത്തുക എന്നാണ് (രണ്ട് ആണും അല്ലെങ്കിൽ രണ്ടു പെണ്ണും തമ്മിൽ). ''ഒലലേ്യൗലെഃൗമഹശ്യേ'' എന്ന പദത്തിന് എതിർപദം. അതിന് ഒരാണും ഒരു പെണ്ണും തമ്മിൽ എന്നർത്ഥം. ἕτερος, (*heteros*) ഗ്രീക്കിൽ ''വേറെ.'' പുരുഷ സ്വവർഗ്ഗരതിക്കാരെ ''ഴമ്യ'' എന്നും സ്ത്രീ സ്വവർഗ്ഗ രതിക്കാരെ ''ഘലയെശമി'' എന്നും പറയുന്നു. ഘലയെശമി എന്ന വാക്ക് ലെസ്ബോസിലെ ഈജിയൻ ദീപ് എന്നതിൽ നിന്നാണ് ഈ പേരുണ്ടായത്. പ്രസിദ്ധയായ ഒരു കവിയത്രിയുടെ നാടായിരുന്നു ഇത് അവരുടെ പേര് ടമ്മുവീ. സ്വവർഗ്ഗരതിക്കാരെ കുറിച്ച് ഉള്ള അവരുടെ എഴുത്തുകൾ മൂലമാണ് അവർക്കു ഘലയെശമി എന്നപേർ ലഭിച്ചത്.

ഈ വിഷയം എഴുതിയ ആളിന്റെ സ്വദേശത്തെ ബന്ധിപ്പിച്ചത്. പൗലൊസ് റോമർ 1:26, 27 സ്വവർഗ്ഗരതിയെക്കുറിച്ചല്ല എഴുതിയത് എന്നു പറയുന്നവരുണ്ട്. ഇതിൽ കൂടുതൽ വ്യക്തമാക്കാൻ തനിക്ക് എങ്ങനെയാണെഴുതാൻ സാധിക്കുന്നത്. **അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവ വിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷൻമാരും സ്വാഭാവിക സ്ത്രീ ഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച ആണോട് ആൺ അവലക്ഷണമായതു പ്രവർത്തിച്ചു.** സിഇവി യിൽ സ്വാഭാവികമായ ലൈംഗിക ബന്ധം ആഗ്രഹിക്കാതെ സ്ത്രീകൾ. പുരുഷന്മാരും അതുപോലെ പെരുമാറി. അവർ സ്ത്രീയുമായി ബന്ധപ്പെടാൻ ആഗ്രഹിക്കാതെ മറ്റു പുരുഷന്മാരുമായി ലൈംഗിക ബന്ധം നടത്തുവാൻ അതിയായി ആഗ്രഹിച്ചു.

റോമർ 1:26, 27 സ്വവർഗ്ഗരതിയെക്കുറിച്ച് കാണിച്ചു തരുന്നെന്നു മാത്രമല്ല അത് ദൈവയിഷ്ടത്തിനു വിപരീതമാണെന്നും കാണിച്ചുതരുന്നു. തുടക്കം മുതൽ തന്നെ അത് അധഃപതിച്ച ആഗ്രഹത്തിന്റെ ഫലമാണെന്ന് പൗലൊസ് കാണിച്ചുതരുന്നുണ്ട്. ആസക്തി (πάθος, *pathos*) തെറ്റായ അർത്ഥത്തിലാണ് പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുള്ളത്.[81] "അറ്റീമയ" (ἀτιμία, *atimia*) എന്ന വാക്കാണ് അപമാനരാഗങ്ങൾക്ക് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം ''നാണക്കേട്,'' ''മാന്യതയില്ലായ്മ''[82] അശുദ്ധമായ വികാരങ്ങൾ എന്ന് അതിന് അർത്ഥം എന്ന് ഫിലിപ്പ് പറയുന്നു.

പൗലൊസ്, സ്വവർഗ്ഗരതിയെ "പ്രകൃതി വിരുദ്ധം" എന്നു വിളിക്കുന്നു.

ഇത് മനസ്സിടിങ്ങിയ ഒരു പ്രസംഗകന്റെ വിധിയല്ല കർത്താവിന്റെ ആത്മാവിന ാൽ നിറയപ്പെട്ട ഒരു അപ്പൊസ്തലന്റെ പ്രഖ്യാപനമാണ്. "പാര" (παρά, *para*) എന്ന ഗ്രീക്ക് വാക്ക് ''എതിർ'' എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. ''ഫ്യൂസിസ്'' (φύσις, *phusis*) എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം പ്രകൃതി എന്നാണ്. ഈ രണ്ടു പദങ്ങൾ ചേരുമ്പോഴാണ് ''പ്രകൃതി വിരുദ്ധം'' എന്ന വാക്കുണ്ടാകുന്നത് (കെ.ജെ.വി കാണുക) അആ പരിഭാഷയിൽ പ്രകൃതി "വിരുദ്ധവും" "അറപ്പായതും" എന്ന് കാണുന്നു. ഇത് മനുഷ്യശരീര ശാസ്ത്ര ത്തെക്കുറിച്ച് അറിയാകുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാക്കാം. ആണോട് ആൺ അവലക്ഷണമായി പെരുമാറുന്നതിനെകുറിച്ച് പറയുന്നു.

പൗലൊസ് പറഞ്ഞു അവരുടെ സ്ത്രീകളും സ്വാഭാവിക ഭോഗത്തെ സ്വഭാവ വിരുദ്ധമാക്കികളഞ്ഞു "വിരുദ്ധമാക്കുക" എന്നത് 23-ാം വാക്യത്തിൽ കാണുന്ന ഗ്രീക്ക് വാക്കാണ്. ദൈവത്തിന്റെ മഹത്വത്തെ രൂപസാദൃശ്യമുള്ള വിഗ്രഹങ്ങ ളോട് തുല്യമാക്കി കളഞ്ഞു. പുരുഷൻമാരോടുള്ള ബന്ധം വിട്ട് സ്ത്രീകൾ സ്ത്രീകളോട് ബന്ധപ്പെടുകയും പ്രകൃതി അനുശാസിക്കുന്ന നിയമങ്ങളെ ലംഘിക്കുകയും ചെയ്തു.

സ്വവർഗ്ഗ രതിയെക്കുറിച്ച് പൗലൊസ് പറഞ്ഞത് "സ്ത്രീകളോടുള്ള ഭോഗം വിട്ടു എന്നുള്ളതാണ്."[83] അഭീമി (ἀφίημι, *aphiēmi*) എന്ന വാക്ക് വളരെ ശക്തമായി ആണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്.[84] 23-ാം വാക്യത്തിൽ ഇത് കാണാം. തൽഫലമായി വിഗ്രഹങ്ങളിലേക്ക് അവർ ഏൽപ്പിക്കപ്പെട്ടു. പുരുഷൻമാർ നിന്ദക്കും സ്ത്രീകൾ പുരുഷൻമാരോടുള്ള താല്പര്യം വിട്ട് സ്ത്രീകളിലേക്കും തരം താഴ്ത്തപെട്ടു. "ഹിമി" (ἵημι, *hiēmi*) എന്ന ഗ്രീക്ക് വാക്കിന് പിരിച്ചുവിടുക, ദൂരത്തേക്ക് അയക്കുക എന്നാണർത്ഥം.[85] പുരുഷ സ്വവർഗ്ഗരതിക്കാർ സ്ത്രീകളോടുള്ള സ്വാഭാവിക ബന്ധത്തെ തള്ളിക്കളഞ്ഞു.

എന്തുകൊണ്ടാണ് അവർ അങ്ങനെ ചെയ്തത്? കാരണം അവർക്ക് അവ രോട് തന്നെ തീക്ഷ്ണമായ ഒരു ആഗ്രഹമുണ്ടായി. "എക്കായോ" ἐκκαίω (*ekkaiō*) എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം പൊള്ളുക എന്നതാണ്. "ക്കായോ" (καίω, *kaiō*) എന്ന പദവും എക്ക് ἐκ (*ek*) എന്ന ക്രിയയേയും ചേർന്നുണ്ടായ തീക്ഷ്ണമായ ആഗ്രഹം. അതിന് കെജെവിയിൽ തിന്മ എന്ന് കൊടുത്തിരിക്കുന്നു. "പുരുഷൻ തിന്മയാൽ നിറയപ്പെട്ട് ജ്വലിക്കുന്നു.'' അത് സ്വയമേ നിയന്ത്രിക്കേണ്ടതിന് പകരം നിയന്ത്രണത്തിന് അപ്പുറമായി സ്വവർഗ്ഗ രതിയെ അനുവദിക്കുന്നു.

വീണ്ടും പൗലൊസ് സ്വവർഗ്ഗരതികളുടെ ചെയ്തികളെ മാന്യമല്ലാത്ത പ്രവർത്തി എന്നു വിളിക്കുന്നു ''അസ്ക്കെമൊസ്യൂൺ'' (ἀσχημοσύνη, *aschēmosunē*) എന്ന വാക്ക് അമാന്യ പ്രവർത്തികളെ കാണിക്കുന്നതാണ്. "മനു ഷ്യരുടെ നല്ലപ്രവർത്തിക്കൾക്ക് എതിരായിട്ടുള്ളതാണ് അവ"[86] പൗലൊസ് ഏക വചനത്തിലാണ് ഇത് ഉപയോഗിച്ചിരിക്കുന്നത്. എൻ.എസ്.എ.ബി. പരി ഭാഷയിൽ "നാണംകെട്ട പ്രവൃത്തി" എന്നു വിളിക്കുന്നു. അവരുടെ പ്രവർത്തി കളിൽ അഭിമാനിക്കേണ്ടതിന് പകരം സ്വവർഗ്ഗ രതികൾ നാണംകെട്ടവരാണ്.

27-ാം വാക്യത്തിന്റെ അവസാനത്തിൽ സ്വവർഗ്ഗരതിക്ക് ഉപയോഗിച്ചി രിക്കുന്ന പദം തെറ്റ് എന്നാണ് ''പ്ലെയിൻ'' (πλάνη, *planē*) എന്ന വാക്കാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം "ശരിയായ വഴിയിൽ നിന്ന് മാറിനടക്കുന്നത്...അത് ഉപദേശപരമായിട്ടാണെങ്കിലും ധാർമ്മിക പരമായിട്ടാ ണെങ്കിലും.''[87] സ്വവർഗ്ഗരതികൾ ശരിയായ പാതയിലല്ല മറിച്ച് തെറ്റായ വഴിയിലാണ്.

പൗലൊസിന്റെ കർക്കശമായ താക്കീതിന് ശേഷവും തങ്ങളുടെ സ്വവർഗ്ഗരതിപ്രവൃത്തികളെ ന്യായീകരിക്കാൻ ചിലർ തുനിഞ്ഞു. ചിലർ പ്രകൃതിയെന്നും പ്രകൃതിവിരുദ്ധം എന്നും റോമർ 1:26, 27 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായി ചിന്തിക്കുന്നു. ‘‘അവർ വിചാരിക്കുന്നത് സ്വവർഗ്ഗരതികളെ പ്രകൃതിദത്തം എന്ന് വിളിക്കുന്നില്ലായെന്നേയുള്ളൂ സ്വവർഗ്ഗരതി പ്രകൃതി വിരുദ്ധം എന്നു പറയുന്നതേയുള്ളൂ.’’ അവർ പറയുന്നത് പൗലൊസ് സ്ത്രീപുരുഷ ബനധത്തിൽ ഇരിക്കുന്ന ആളുകൾ സ്വവർഗ്ഗരതിയിൽ പ്രവേശിക്കുന്നതിനെയാണ് താക്കീത് ചെയ്തിരിക്കുന്നത്. മൂ ഇതിനെകുറിച്ച് കാര്യക്ഷമമായി വിശുദ്ധമാക്കുന്നത്:

> പൗലൊസിന്റെ സ്വാഭാവിക ഭാഷയെ മനസ്സിലാക്കാതെയും പശ്ചാത്തലം ഗ്രഹിക്കാതെയും പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതുകൊണ്ടാണ് മനസ്സിലാക്കുവാൻ പരാജയപ്പെടുന്നത്. *ദൈവം നിയമിച്ചിരിക്കുന്ന വ്യവസ്ഥിതിയെ സ്വാഭാവികമായി* മനസ്സിലാക്കുകയും മറ്റു യഹൂദ എഴുത്തുകാർ മനസ്സിലാക്കിയതുപോലെ കാര്യങ്ങൾ എഴുതുകയും ചെയ്തു. ഉദാഹരണത്തിന് ചരിത്രകാരനായ ജോസിഫസ് ‘‘മോശയുടെ ന്യായപ്രമാണത്തിൽ പ്രകൃതിക്കനുസ്രുതമായി ഭാര്യയോട് ബന്ധപ്പെടുന്നതാണ് എഴുതിയിരിക്കുന്നത്’’ (*അപ്പിയോന് എതിരെ 2:24*). ‘‘പ്രകൃതി’’ എന്ന് ഇവിടെ വിശേഷിപ്പിക്കുന്നത് മനുഷ്യവ്യക്തിത്തങ്ങളുടെ പ്രകൃതി അല്ല ദൈവം നിർമ്മിച്ച പ്രകൃതിയെയാണ്. സ്വവർഗ്ഗ രതി പ്രവർത്തനത്തിൽ ഏർപ്പെടുക എന്നുള്ളത് സൃഷ്ടിക്കപ്പെട്ട സ്ത്രീപുരഷ ബന്ധത്തിന് എതിരാണ്.[88]

മൂവ് വീണ്ടും പറയുന്നത് ‘‘പൗലൊസ് സ്ത്രീ എന്നതിനുപയോഗിച്ചിരിക്കുന്ന തെലിയസ് എന്നും പുരുഷൻ എന്നതിന് അർസൻ എന്നും ഉള്ള ദൈവീക സൃഷ്ടിപ്പിന്റെ രണ്ട് വിഭാഗങ്ങളാണ്. അവ രണ്ടും ലിംഗപരമായി വ്യത്യസ്തതയാർന്ന ലൈംഗീക ഇച്ഛകളുള്ളവരാണ്.’’[89]

സ്റ്റോട്ടും ഈ ചോദ്യത്തെക്കുറിച്ച് ‘‘പ്രകൃതി’’ എന്നുള്ള പദത്തിന് ‘‘പ്രകൃതിദത്തമായ’’ അർത്ഥം കൽപിക്കുന്നു:

> ... പ്രകൃതി എന്ന നാമത്തെ എന്റെ പ്രകൃതം എന്ന് പരിഭാഷപ്പെടുത്തുവാൻ നമുക്ക് യാതൊരു സ്വാതന്ത്രവും ഇല്ല. വിശേഷണ വാക്കായ ‘‘പ്രകൃതിയുടെ’’ അർത്ഥം എനിക്ക് പ്രകൃതിയാൽ തോന്നുന്നതാണ്. അതിനു വിരുദ്ധമായി ഫിസിസ് (അല്ലെങ്കിൽ ഫ്യൂഡിസ്) ‘‘സ്വാഭാവികമായ’’ അർത്ഥം ദൈവം സൃഷ്ടിക്കും. ‘‘പ്രകൃതിക്കെതിരെ പ്രവർത്തിക്കുക എന്നാൽ ദൈവത്തിന്റെ സൃഷ്ടിക്കപ്പെട്ട ക്രമത്തിനെതിരേയും സ്ഥാപിക്കപ്പെട്ട ദൈവീക വ്യവസ്ഥക്കെതിരെയും പ്രവർത്തിക്കുക എന്നുള്ളതാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ചപ്പോൾ പ്രകൃതിക്കനുസൃതമായത് പ്രവർത്തിക്കുവാൻ സൃഷ്ടി കർത്താവ് ക്രമം വെച്ചിരുന്നു. അതിനെതിരെ പെരുമാറുന്നതാണ് ദൈവവ്യവസ്ഥയെ ലംഘിക്കുന്നത് ...’’ ഉൽപത്തിയിൽ പറഞ്ഞിരിക്കുന്ന കാര്യത്തെ യേശു ഉറപ്പിച്ചു പറയുകയാണ്; ‘‘സൃഷ്ടിയുടെ ആരംഭത്തിങ്കൽ സൃഷ്ടിതാവ് അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ പുരുഷൻ അപ്പനെയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. അതുകൊണ്ട്

> അവർ മേലാൽ രണ്ടല്ല ഒന്നത്രെ...'' ഈ... ദൈവത്തിന്റെ പ്രവൃത്തി സംസ്ഥാപിക്കപ്പെട്ടത് ഒരു ദേഹമായിത്തീരുന്ന പ്രക്രിയയിലൂടെയാണ്. അത് സ്ത്രീപുരഷ ബന്ധത്തിലെ ഏകാൽമകതയിൽ നിൽക്കുമ്പോഴാണ്. അതുകൊണ്ടുതന്നെ സ്വവർഗ്ഗരതിയിലെ പങ്കാളികൾ എത്ര സ്നേഹമുള്ളവരാണെങ്കിലും സമർപ്പണമുള്ളവരാണെങ്കിലും പ്രകൃതിക്കെതിരും വിവാഹവ്യവസ്ഥക്ക് പകരം വെക്കാൻ കഴിയാത്തതുമാണ്.[90]

പൗലൊസ് സ്വവർഗ്ഗരതിയെ ഇത്ര കർക്കശമായി – സ്വവർഗ്ഗരതികളാലോ എതിർലിംഗ രതി ചെയ്യുന്നവരാലോ താക്കീത് ചെയ്യുന്നത് എന്തുകൊണ്ടാണ്? അതിന്റെ കാരണം ''സ്വവർഗ്ഗരതി'' പ്രവർത്തനവും ലൈംഗീക മ്ലേച്ഛതകളും പൗലൊസിന്റെ കാലഘട്ടത്തിൽ വിജാതീയരുടെ ഇടയിൽ പൊതുവായിട്ടുണ്ടായിരുന്ന ഒന്നായിരുന്നു. ബാർക്ലെ അതിനെകുറിച്ച് പറയുന്നത് ആദ്യത്തെ പതിനഞ്ച് റോമാ ചക്രവർത്തിമാരിൽ പതിനാലു പേരും സ്വവർഗ്ഗരതികളായിരുന്നു.[91] ഗ്രീക്ക് തത്വജ്ഞാനികളിൽ പലരും ലൈംഗികമായി തിന്മയുള്ളവരായിരുന്നു.

പൗലൊസ് സ്വവർഗ്ഗരതിയെക്കുറിച്ച് കണക്കാക്കിയത് ദൈവത്തെ തള്ളിക്കളഞ്ഞതിന്റെ ഫലമായി ദൈവം മനുഷ്യരെ തങ്ങളുടെ പാപത്തിന് ഏൽപ്പിച്ചുകൊടുത്ത നല്ല ഒരു ഉദാഹരണമായിട്ടാണ്. ആണോട് ആൺ അവലക്ഷണമായി പെരുമാറിയതിന് ശേഷം എന്ന് പൗലൊസ് പറഞ്ഞിട്ട് അവർക്ക് **തങ്ങളുടെ പ്രവർത്തികൾക്ക് തക്ക ശിക്ഷ ലഭിച്ചു എന്ന് വിവരിക്കുന്നു**. അവരുടെ എന്നുള്ളതിന് അക്ഷരികമായ അർത്ഥം ''അവരിലേക്ക് തന്നെയെന്നാണ്'' (കെ.ജെ.വി കാണുക).

അവർക്ക് തക്കതായ ശിക്ഷ അവരിലേക്ക് എന്ന് പൗലൊസ് അർത്ഥമാക്കിയത് അവർക്കുണ്ടായ ലൈംഗിക രോഗങ്ങളായിരിക്കാം. സാധാരണ ജനങ്ങളിൽ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ ലൈംഗിക രോഗങ്ങൾ സ്വവർഗ്ഗരതികൾക്കല്ലേ ഉണ്ടാകാറുള്ളത്? 27-ാം വാകൃത്തിന്റെ അവസാന ഭാഗം വായിക്കുമ്പോൾ സമൂഹത്തെ കാർന്നു തിന്നുന്ന എയ്ഡ്സ് എന്ന സാംക്രമിക മഹാ വിപത്ത് സ്വവർഗ്ഗരതികൾക്ക് മാത്രമല്ല ഉണ്ടായതെങ്കിലും അതൊരു പ്രത്യേക കാരണമായി തീർന്നിട്ടുണ്ട്.

പല എഴുത്തുകാരും ചിന്തിക്കുന്നത് പൗലൊസ് സ്വവർഗ്ഗരതിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ നിഷേധവ്യക്തിത്വത്തിന്റെ ശക്തിയായിട്ടാണ് (ഫിലിപ്പിന്റെ ആശയം). ചാൾസ് സ്വിൻഡോൾ ഈ വാക്കുകളെ ഉപസംഹരിച്ചിരിക്കുന്നത് പ്രത്യേക തരത്തിൽ വ്യക്തിത്വത്തിന്റെ നഷ്ടബോധം, ജീവിതത്തിന്റെ ഉദ്ദേശ്യ ലക്ഷ്യത്തിന്റെ അസ്ഥിരത എന്നിവ വെളിപ്പെടുത്തുന്നു എന്നുള്ളതാണ്.[92] നിങ്ങൾ ആരെന്ന ചോദ്യത്തിന്റെ അടിസ്ഥാനപരമായ മനസ്സിലാക്കൽ ഞാൻ ഒരു പുരുഷൻ അല്ലങ്കിൽ "ഞാൻ ഒരു സ്ത്രീ" എന്നു പറയുമ്പോഴാണ്." എന്നാൽ മനുഷ്യൻ ദൈവത്തിൽനിന്ന് അകന്നു പോകുമ്പോൾ ദൈവം ക്രമീകരിച്ചിരിക്കുന്ന പ്രത്യേകതകൾ നിറം മങ്ങുകയും വിരൂപമാകുകയും ചെയ്യും. അതുകൊണ്ടാണ് വ്യക്തികളുടെ പരാതിപെടലിന്റെ പ്രതിഭാസമായിരിക്കുന്ന "ഞാൻ ആരാണെന്ന് എനിക്ക് അറിഞ്ഞികൂടാ" എന്ന വാക്കുകൾ എഫ്. ലാഗാഡ് സ്മിത്ത് ഇതിനോട് കൂട്ടി ച്ചേർത്തിരിക്കുന്നത് സ്വവർഗ്ഗരതിയിൽ ഉൾപ്പെട്ടവർ ഭയത്താലും, ഏകാന്തതയാലും, തിരസ്ക്കരണത്താലും കുറ്റബോധത്താലും നയിക്കപ്പെടുന്നവരായിരിക്കും.''[93]

ഒരു പക്ഷെ പൗലൊസിന്റെ മനസ്സിൽ സ്വവർഗ്ഗരതികൾക്ക് ലഭിക്കുന്ന എല്ലാത്തരം കഷ്ടപാടുകളും ദൈവത്തിൽനിന്ന് അവർക്ക് ലഭിക്കുന്ന ശിക്ഷ യായി കണക്കാക്കിയിരുന്നിരിക്കാം. ദൈവത്തെ കുറിച്ചുള്ള അറിവ് പോലും അവർക്ക് നിഷേധിക്കപ്പെട്ടു. 27-ാം വാകൃത്തിന്റെ അവസാനത്തിൽ ''ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന് യോഗ്യമായ പ്രതിഫലം തങ്ങളിൽതന്നെ പ്രാപ ിച്ചു.'' ഒരാൾ പറഞ്ഞിട്ടുണ്ട് ''പാപത്തിന്റെ യഥാർത്ഥ പരിണിത ഫലം എല്ലാ വർക്കും എപ്പോഴും പ്രവചിക്കാൻ കഴിയുകയില്ല. എന്നാൽ അവ ഒഴിച്ചുകൂ ടാൻ കഴിയാത്തവയാണ്.''[94]

പൗലൊസ് തന്റെ വായനക്കാർ മനസ്സിലാക്കുവാന് ആഗ്രഹിച്ചത് സ്വവർഗ്ഗ രതികൾ കഷ്ടപ്പെടുന്നത് ''അവരുടെ ശിക്ഷയായിട്ടാണ്.'' അത് അവർ നേ ടിയെടുത്തതാണ് (6:23) ''യഥാർത്ഥ കൂലി'' അവരുടെ തെറ്റായ നടപടിക്ക് (1:27; എൻ.ഇ.ബി.), ടി.ഇ.വി. യിൽ അവർക്ക് യോജ്യമായ ശിക്ഷ എന്നാണ്.

## ദൈവത്തെ തള്ളിക്കളഞ്ഞ പാപത്തിന്റെ പട്ടിക (1:28-32)

**[28]ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാഞ്ഞതിനു തക്ക വണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. അവർ സകല അനീതിയും ദുഷ്ടതയും [29]അത്യാഗ്രഹവും ദുർബു ദ്ധിയും നിറഞ്ഞവർ; അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, [30]എഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ടന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കൽപ്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, [31]ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ. [32]ഈ വക പ്രവർത്തിക്കുന്നവർ മരണ യോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കയുംകൂടെ ചെയ്യുന്നു.**

1:28-32 വരെയുള്ള ഭാഗത്ത് വിജാതിയ ലോകത്തിലെ പാപത്തിന്റെ മ്ലേച്ഛ തകളെകുറിച്ചു പൗലൊസ് കുറ്റപ്പെടുത്തുകയാണ്. ലൈംഗീക അധാർമ്മി കത (സ്വവർഗ്ഗ രതിയടക്കമുള്ള), വിഗ്രഹാരാധന എന്നിവ അതിൽപ്പെടുന്നു. ഡോണാൾഡ് ബേൺഹൗസ് ഇതിനെ വിളിക്കുന്നത് ''പാപങ്ങളുടെ ഏറ്റവും കറുത്തുറ്റ പട്ടികയായിട്ടാണ് വേദപുസ്തകം ഇതിനെ കണ്ടെത്തിയിരിക്കു ന്നത്.''[95] ഈ ഭാഗത്തെക്കുറിച്ചു.[96] പറയുന്നത് ''ക്ഷയിച്ചുപോകുന്ന ഒരു സംസ്ക്കാര" ത്തിന്റെ അടയാളമെന്നതാണ് നാം ജീവിക്കുന്ന ലോകത്തിലും ഈ ചിത്രം നമുക്കു കാണാൻ കഴിയുമെന്നത് വളരെ ഖേദകരമാണെന്നു പറയേണ്ടിരിക്കുന്നു.

**വാക്യം 28.** പൗലൊസ് പറയുന്നത് ''ദൈവം അവരെ ഏൽപിച്ചു'' എന്ന പ്രസ്താവന ഒരു വിവരണത്തിന്റെ മുഖവുരയാണ്: **ദൈവത്തെ പ രിജ്ഞാനത്തിൽ ധരിക്കുവാൻ ഇഷ്ടമില്ലാത്തതിനാൽ ദൈവം അവരെ ന ികൃഷ്ടബുദ്ധിയിൽ ഏൽപിക്കുകയായിരുന്നു.** ഇതൊരു കേന്ദ്രസ്ഥാനിയായ പ്രസ്താവനയായതിനാൽ ഓരോ വാക്കുകളും ശ്രദ്ധയോടെ പരിശോധിക്ക ണം.

''ദൈവത്തെ പരിജ്ഞാനത്താൽ ധരിക്കുവാൻ ഇഷ്ടമില്ലാത്തതിനാൽ.'' അവരുടെ അവിശ്വാസം വളരെ കരുതിക്കുട്ടിയുള്ളതും കണക്കാക്കപ്പെട്ട

തുമായ പ്രവർത്തിയായിരുന്നു. ''മനുഷ്യർ ഇരുന്നു ദൈവത്തെ കുറിച്ചുള്ള ന്യായവിധി പ്രസ്താവിച്ചപ്പോൾ അവരുടെ ചിന്തകൾക്ക് യോജ്യമായ കാര്യങ്ങളൊന്നും ദൈവത്തിൽ കണ്ടെത്തിയില്ല; അവരുടെ ആഗ്രഹിച്ച തരത്തിലുള്ള യോഗ്യതകളൊന്നുമില്ലാത്തതിനാൽ ദൈവത്തെ അവരുടെ ജീവിതങ്ങളിൽ നിന്നും അകറ്റികളഞ്ഞു.''[97] ജിംമാക്ഗുയിഗൻ ഇപ്രകാരം അഭിപ്രായപ്പെട്ടു "അവർ ദൈവത്തെ അവരുടെ ജ്ഞാനത്തിൽ തൂക്കി നോക്കി; അവരുടെ ബുദ്ധിയിൽ അവർ ദൈവത്തെ പരീക്ഷിച്ചു. അവർ ദൈവത്തിന്റെ സാമ്പിൾ നോക്കി, അതിനുശേഷം അവരുടെ യോഗ്യതകൾ കാണാഞ്ഞതിനാൽ ദൈവത്തെ എറിഞ്ഞു കളഞ്ഞു.''[98] എത്ര വിഡ്ഢിത്തവും അപകടകരവുമാണത്. അവർ ദൈവത്തെ തള്ളികളഞ്ഞപ്പോൾ ദൈവം അവരെ ഏൽപിച്ചുകൊടുത്തു. അവർ അവനെ ഉപേക്ഷിക്കുന്നതുവരെ ദൈവം അവരെ ഉപേക്ഷിച്ചില്ല.

ദൈവം അവർക്കൊരു നികൃഷ്ട ബുദ്ധി നൽകി. നികൃഷ്ടബുദ്ധി എന്നതിനു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം ''അഡോക്കിമോസ്'' (ἀδόκιμος, *adokimos*) എന്നാണ്. അത് അംഗീകരിച്ചു എന്ന അർത്ഥം വരുന്ന ''ഡോക്കിമോസ്'' (δόκιμος, *dokimos*) എന്ന പദത്തിന്റെ എതിർ പദമാണ് (α, *മ*). അംഗീകരിക്കപ്പെടാത്ത പരിശോധനയിൽ പരാജയപ്പെട്ട ഒരു സംഗതിക്കായിട്ടാണ് ഏൽപിച്ചുകൊടുത്തത്.[99] ഈ ഒരു പദത്തിന് ഗ്രീക്കു ഭാഷയിൽ ഒരു പ്രത്യേകതയാണ് അഡോകിമോസ് എന്നത് ചെയ്തു എന്നതിന്റെ എതിർപദമാണ്. "ഇഡോകിമാസൻ" (ἐδοκίμασαν, *edokimasan*) എന്നത് ഈ വാക്യത്തിന്റെ ആദ്യഭാഗത്തു കാണാൻ കഴിയും. സ്റ്റോട്ട് ഈ ഒരു പരിഭാഷ നൽകുന്നു ''ദൈവത്തിന്റെ അറിവിൽ നില്ക്കുവാൻ അവർ താല്പര്യപ്പെടായ്കയാൽ ദൈവം അവർക്കൊരു നികൃഷ്ട ബുദ്ധിയെ നൽകി.''[100] മോറീസ് പറയുന്നത് "അവർ ദൈവത്തെ അംഗീകരിച്ചില്ല അതിനാൽ അവരിൽ ഒരു അംഗീകരിക്കപ്പെടാത്ത മനസ്സുണ്ടായി എന്നാണ്.''[101]

ദൈവത്തെ ത്യജിച്ചവരുടെ മനസ്സുകൾ, ധാർമ്മിക വിശ്വാസ്യത കൈവരിക്കുന്നതിനും ധാർമ്മിക വിധികൾ നടത്തുന്നതിനും കഴിവില്ലാത്തവരായി തീർന്നു.[102] ശരിയും തെറ്റും വിഭജിക്കുവാൻ സാധിക്കാതെ പോകുന്നു. ലൗകീക ജനത്തിന് വിശ്വാസികളുടെ കരുതലും ജീവിത ശൈലിയും ശരിയായ തീരുമാനങ്ങളും മനസ്സിലാക്കുവാൻ സാധിക്കാതെ, ധാർമ്മികതയിൽ താഴ്ന്നിരിക്കുന്നു എന്നത് ഖേദകരമാണ്; അതുകൊണ്ടു തന്നെ ക്രിസ്തീയ വിശ്വാസിയെ "ഭ്രാന്തൻ" എന്നു മുദ്രകുത്തപ്പെടാം. പൗലൊസിന്റെ ഭാഷയിൽ അവരുടെ മനസ്സ് ഇരുണ്ടുപോയതിനാലാണത്!

ഫെഡോർ ഡോസ്റ്റോക്കി (1821–1881) ഒരിക്കൽ എഴുതി "ദൈവമില്ലായെങ്കിൽ ഒന്നും തന്നെ അധാർമ്മികമല്ല.''[103] മനുഷ്യവർഗ്ഗം "ദൈവത്തെക്കുറിച്ച് പരിജ്ഞാനം പ്രാപിക്കുവൻ തയ്യാറല്ലാതാകുമ്പോൾ" അഭക്തിപരമായ കാര്യങ്ങൾ ചെയ്യുന്നതിന് യാതൊരു മടിയുമുണ്ടാകുകയില്ല. അവർ ചെയ്യുന്ന കാര്യങ്ങൾ ശരിയായതാകുകയില്ല.

തെറ്റായ ഒരു തീരുമാനം (''ദൈവത്തെ കുറിച്ച് അറിയുവാൻ ഒരിക്കലും കഴിയുകയില്ല'') തെറ്റായ ചിന്തയിലേക്കും (''ഇരുണ്ട മനസ്സ്'') ഒരു തെറ്റായ ജീവിതം നയിക്കുവാനും ഇടയാക്കി. അവർ ഉചിതമല്ലാത്ത കാര്യം ചെയ്യുവാൻ തുനിഞ്ഞു. ''അനുയോജ്യമായ'' എന്നതു യോജിപ്പിക്കൽ എന്നർത്ഥമുള്ള ''കഥേകോ'' (καθήκω, *kathēkō*) എന്ന ഗ്രീക്കുകൂട്ടു വാക്കിൽ നിന്നും പരിഭാഷപ്പെടുത്തിയതാണ് ഏറ്റവും യോജ്യമായ ഒരു പരിഭാഷയാണിത്. എന്താണ്

യോജ്യമായ ചെയ്തികൾ എന്നത് ഏതുരൂപത്തിൽ അവ ചെയ്യുന്നു എന്നതല്ല. ധാർമ്മികത എന്നതാണ് ഇവിടത്തെ പ്രധാന ചിന്താഭാരം – ആ ധാർമ്മികതകൾ ദൈവീക കണ്ണുകളിൽ അനുയോജ്യവും അംഗീകാരവുമില്ലാത്തവയെല്ലാം വെറുപ്പും അറപ്പുമുള്ളവയാണ്[105] താഴെ പറയുന്ന വാക്യങ്ങളിൽ നിന്ന് പൗലൊസിന്റെ മനസ്സിൽ ഉണ്ടായിരുന്ന വെറുപ്പും അറപ്പുമുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നു.

**വാക്യം 29**. മനുഷ്യന്റെ ഹീനത നിമിത്തം രൂപപ്പെട്ട ഇരുപതിൽപരം പാപത്തിന്റെ പട്ടികകൾ പൗലൊസ് ഉദാഹരിക്കുന്നുണ്ട് (1:29–31). തന്റെ കാലഘട്ടത്തിലുണ്ടായിരുന്ന പാപത്തിന്റെ പ്രവൃത്തികളെകുറിച്ചല്ല, മറിച്ച് ചില പ്രത്യേക പാപത്തിന്റെ ലിസ്റ്റുകളാണിതിലൂടെ വ്യക്തമാക്കുന്നത്. പൗലൊസിന്റെ കാലത്ത് എല്ലാ പാപങ്ങളുടെയും കളങ്കം എല്ലാവർക്കും ഇല്ലായിരുന്നു. എന്നാൽ എല്ലാ കുറ്റവാളികളും ഒന്നോ അതിൽ കൂടുതലോ പാപം ചെയ്യുന്നവരായിരുന്നു.

പൗലൊസിന്റെ പട്ടികയിൽ പാപത്തിന്റെ ക്രമീകൃതമായ ഒരു പട്ടിക തയ്യാറാക്കുക എന്നതായിരുന്നില്ല തന്റെ ലക്ഷ്യം. തന്റെ ഉദ്ദേശം മനുഷ്യൻ ദൈവത്തെ ഉപേക്ഷിച്ചപ്പോൾ ദൈവം അവരെ കൈവിടുകയും അവർ നിഷ്ക്രിയരായി മാറുകയും ചെയ്തു.'' പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട അപ്പൊസ്തലൻ പാപത്തിന്റെ തൊലി ഉരിഞ്ഞ് പൊതുസമൂഹത്തിന് വെളിപ്പെടുത്തി കൊടുക്കുകയാണ്.

പൗലൊസ് തന്റെ പട്ടിക ആരംഭിക്കുന്നത് ജാതികൾ സകല **അനീതികളാലും നിറയപ്പെട്ടിരിക്കുന്നു**. ''അനീതികൾ'' എന്നത് നീതിയുടെ എതിർപദമാണ്. ഇത് ''അഡികിയ'' (ἀδικία, *adikia*) എന്ന ഗ്രീക്ക് പദത്തിൽ നിന്നുമുള്ളതാണ്. ''നീതി'' എന്നതിന്റെ ഒരർത്ഥം ശരിയായ ജീവിതം എന്നതാണ്. അതിനാൽ അനീതിയെന്നുപറഞ്ഞാൽ ''തെറ്റായ ജീവിത രീതി'' എന്നതുമാണ്. എല്ലാ അനീതിപൂർവ്വമായ ജീവിത രീതികളും ഏവർക്കും മനസ്സിലാക്കാവുന്ന പാപത്തിന്റെ ആവരണങ്ങളാൽ മൂടപ്പെട്ടിരിക്കുന്ന അവസ്ഥകളാണ്. പൗലൊസ് പറയുന്നത്. അവർ അനീതികളാൽ നിറയപ്പെട്ടിരിക്കുന്നു എന്നാണ്. അവരിൽ ചെറിയ തെറ്റുകൾ അഥവാ പാപ പ്രവർത്തികളുണ്ടെന്നല്ല, അവർ മുഴുവനായും പാപത്തിൽ ആകുന്നു; അനീതിയിൽ നിറഞ്ഞിരിക്കുന്നു എന്നതാണ്. മറ്റൊരു ഭാഷാന്തരത്തിൽ (അആ) ''അവർ അനീതികളാൽ (അകത്തും, പുറത്തും) എല്ലാ മേഖലകളിലും നിറഞ്ഞു തുളുമ്പുന്നു.''

''അനീതി'' യെക്കുറിച്ചുപറഞ്ഞശേഷം പൗലൊസിന്റെ പട്ടികയിൽ **ദുഷ്ടതയെ** കുറിച്ചു കാണുന്നു.[106] "പൊനേറിയ" (πονηρία, *ponēria*) എന്ന പൊതുവായ ഒരു പദമാണുപയോഗിച്ചിട്ടുള്ളത്. അത് എല്ലാതരം തിന്മകളെയും ദോഷത്തെയും കുറിക്കുന്ന പദമാണ്.[107]

അടുത്തതായി പൗലൊസ് ഉപയോഗിക്കുന്നത് **അത്യാഗ്രഹത്തെയാണ്**. ''പ്ലിയോനെക്സിയ'' (πλεονεξία, *pleonexia*) എന്ന അമിതമായ ആഗ്രഹത്തെയാണ് അത്യാഗ്രഹമെന്നതിനുപയോഗിച്ചിരിക്കുന്നത്. കൂടുതൽ വേണം, ഉള്ളതുകൊണ്ട് തൃപ്തിയില്ലാത്ത അവസ്ഥ. ജെ. ഡബ്ല്യു. മാക്ഗ്രെവി ഇതിനെ വിളിച്ചിരിക്കുന്നത്, ''മറ്റുള്ളവരുടെ അവകാശത്തിൽ ഉൾപ്പെട്ടതിനെ തനിക്കായി ആർജ്ജിച്ചെടുക്കുവാനുള്ള അമിതാവേശം.'' അദ്ദേഹം പറയുന്നത് അത്യാഗ്രഹമെന്ന പാപം ഒരു രാഷ്ട്രത്തിന്റെയും നിയമത്താൽ താക്കീതു ചെയ്യപ്പെട്ടിട്ടില്ല, എന്നാൽ ഇതെല്ലാ രാഷ്ട്രങ്ങളുടെയും അസ്വസ്ഥതക്ക് കാരണമാണ്.[108]

**തിന്മ** എന്നതു ''കാക്കിയ'' (κακία, *kakia*) എന്ന പദത്തിന്റെ പരിഭാഷ യാണ്. ദുഷ്ടതക്കും, അഴുക്കിനും ഏറ്റവും കൂടുതലായി പൊതുവിൽ ഉപ യോഗിക്കുന്ന ഒരു ഗ്രീക്കു പദമാണിത്. ഈ പദം ഹൃദയവുമായി ബന്ധപ്പെ ട്ടിട്ടുള്ളതാണ്.[109] ഹൃദയത്തിലെ തിന്മയാണ് ദുഷ്ടതക്കും, അനീതിക്കും കാര ണമായിട്ടുള്ളത്.

ഇതിനെ തുടർന്നു പൗലൊസ് ജാതികളെക്കുറിച്ചു പറയുമ്പോൾ അവരിൽ **അസൂയ നിറഞ്ഞിരിക്കുന്നു** എന്നു വ്യക്തമാക്കുന്നു. ഡബ്ല്യു. ജെ. കോണി ബെയർ അതിനെ പരിഭാഷപ്പെടുത്തിയിരിക്കുന്നത് ''അവർ അസൂയകൊണ്ട് നുരഞ്ഞു പൊങ്ങുന്നു.''[110] "അസൂയ" എന്നതിനു ഗ്രീക്കിലുപയോഗിച്ചിരിക്കുന്ന പദം ''പാത്തോനോസ്'' (φθόνος, *phthonos*) എന്നതാണ്. മറ്റുള്ളവരുടെ ഐശ്വ ര്യത്തിൽ ഒരാൾക്കുണ്ടാകുന്ന എതിരായ ഒരു വികാരമാണ്. ''മോറീസിന്റെ'' ''വീക്ഷണത്തിൽ അസൂയ എന്നത് നമ്മിൽ വസിക്കുന്ന സന്തുഷ്ടരായ ഒരുപ റ്റം തിന്മയുടെ സഹോദരരല്ല. ഒരാളെ മറ്റൊരാളിൽ നിന്നും തിന്മയാൽ വേർപ ിരിക്കുന്ന ശൃംഘലയാണ്''[111] ദ *ഡിവൈൻ കോമഡി* എന്ന തന്റെ സാദൃശ്യ ങ്ങൾ നിറഞ്ഞ കവിതയിൽ 'ഡാന്റെ' (ര. 1265–1321) കാവ്യാത്മകമായി രചിച്ചി രിക്കുന്നത്, അസൂയ ഒരുവന്റെ കൺപോളകളെ എപ്പോഴും അടച്ചിരിക്കുവാൻ ഇടയാക്കുന്നുവെന്നതാണ്. അദ്ദേഹം ഇങ്ങനെയാണതിൽ ചൊല്ലിയിരിക്കുന്ന ത്, "അസൂയ ഒരുവന്റെ കണ്ണുകളെ യോഗ്യമായതും മനോഹരമായതിനെയും കാണാതെവണ്ണം കൺപോളകളെ മയക്കത്തിലാഴ്ത്തുമെന്ന്"[112] ഹാൾഫോൾഡ്. ഇ. ലൂക്കോക്ക് പറഞ്ഞു "അസൂയ നിറഞ്ഞ കണ്ണുകളോടെ ജീവിതത്തെ നോക്കു ന്നവൻ, പല്ലുവേദനയാൽ വിഷമിക്കുന്ന ഒരുവൻ മനോഹരമായ ഒരു സ്ഥലത്തെ വീക്ഷിക്കുന്നതുപോലെയിരിക്കുമെന്നാണ്.''[113]

അവർക്കാവശ്യമായിരിക്കുന്നതു നേടിയെടുക്കുവാൻ അവർ എത്ര ത്തോളം ദൂരം പോകുമായിരിക്കും? **കൊലപാതക** ത്തിനുപോലും അവർ മടിക്കുകയില്ല (φόνος, *phonos*)! അവർക്ക് എതിരെ വരുന്നതിനെയെല്ലാം അവർ വെട്ടിനിരത്തും!

പൗലൊസ് ജാതികളിൽ നിറഞ്ഞിരിക്കുന്ന **കൊലയെ** (ἔρις, *eris*) കുറിച്ചു കുറ്റപ്പെടുത്തുന്നു. ആ കൊലയിൽ തർക്കങ്ങളും, വഴക്കുകളും വാദങ്ങളു മെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

''ചതി'' എന്ന കാര്യം (δόλος, *dolos*) എന്നതിന്റെ അക്ഷരീകാർത്ഥം ''കുരുക്ക്'' എന്നാണ്. മൃഗങ്ങളെയും മൽസ്യങ്ങളെയുമൊക്കെ പിടിക്കാൻ ഉതകുന്ന തരത്തിൽ, ചൂണ്ട, കുരുക്ക് എന്നിവ ഉപയോഗിക്കുന്നതും[114] മറ്റു ള്ളവരെ തന്റെ വലയത്തിൽ കൊണ്ടെത്തിക്കുവാനായി "ഏതു തരത്തിലുള്ള കുതന്ത്രങ്ങളും" ഉപയോഗിക്കുന്നതിനാണീ പദം ഉപയോഗിച്ചിരിക്കുന്നത്.[115]

''കാകോഎത്തേറിയ'' (κακοήθεια, *kakoētheia*) എന്ന ഗ്രീക്കുപദത്തിൽ ന ിന്നും പരിഭാഷപ്പടുത്തിയ ദുശ്ശീലമാണ് ജാതികളിൽ ഉള്ളതെന്ന് പൗലൊസ് പറയുന്നു. ''കാകോ'' ''എത്തോസ്'' എന്ന രണ്ടു പദങ്ങളുടെ സംയോജന മാണ് ''കാകോ എത്തേറിയ'' **അഴുക്കു സ്വഭാവം** എന്നാണീ വാക്കിന്റെ യഥാർത്ഥ അർത്ഥം – മറ്റൊരു വാക്കിൽ പറഞ്ഞാൽ ''ദുശ്ശീലം'' (κακός, *kakos*)[116] മാക്നൈറ്റ് ഇതിനെ വിളിക്കുന്നത് "അഴുക്കു നിറഞ്ഞ ശീലങ്ങളുടെ കൂമ്പാരം"[117] എന്നാണ്. വൈൻ ഈ വാക്കിനെ വിശദീകരിക്കുന്നത് "എല്ലാ റ്റിനെയും അഴുക്കിന്റെ കൂമ്പാരംകൊണ്ട് പടുത്തുയർത്തുന്നത്"[118] എന്നാണ്.

**"ഏഷണി"** എന്ന പദം പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഒരു ബഹുവച

നമായിരിക്കുന്ന "ചെവിയിൽ മന്ത്രിക്കുക" എന്നർത്ഥമുള്ള "സിന്തൂരിറ്റസ്" (ψιθυριστής, *psithuristēs*) എന്നവാക്കിൽ നിന്നാണ് മോസസ് ഇ. ലാർഡ് അവരുടെ അനുകരണിയമല്ലാത്ത ഈ പ്രവർത്തിയെ ഈ വിധത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്:

> ഏഷണിക്കാർ... എല്ലായിപ്പോഴും അവർ സത്യസന്ധരാണന്ന് നടിക്കും, എന്നിട്ടവരുടെ മുറിവേല്ക്കപ്പെട്ട കഥ അനുശോചനമാംവണ്ണം അവതരിപ്പിക്കും. അതു ചെയ്തശേഷം, അതു മറ്റുള്ളവരോടു പറയരുതെന്നും അതവരെ ദോഷകരമായി ബാധിക്കുമെന്നും പറയും.[119]

**വാക്യം 30**. കുരളക്കാർ, **ഏഷണിക്കാർ** (κατάλαλος, *katalalos*) ഇവർ രണ്ടു കൂട്ടരും സ്വഭാവഹത്യ നടത്തുന്നവരാണ്. എന്നാൽ ഏഷണിക്കാർ കതകിന് മറഞ്ഞു നിന്ന് ചെയ്യും, മറ്റവർ പരസ്യമായി ചെയ്യും ഈ പാപത്തെക്കുറിച്ചും ലാർഡ് എഴുതിയിട്ടുണ്ട്,

> കുരുളക്കാർ.... അവർ അറിയാൻ പാടില്ലാത്തതെല്ലാം അറിയും അവൻ പറയാൻ പാടില്ലാത്തതെല്ലാം പറയും. അവർ ഒരിക്കലും രഹസ്യമായിട്ടല്ല അതു പറയുക, അത് കുസൃതിയുള്ള സത്യങ്ങളായിരിക്കും! അവരുടെ നുണയെ സത്യമാക്കുവാനുള്ള സ്വാധീനമായി ജനക്കൂട്ടത്തിൽ അവരത് അവതരിപ്പിക്കും.[120]

വിജാതിയർ **ദൈവദോഷികൾ** ആകുന്നു എന്നു പൗലൊസ് പറയുന്നു. "തിയോസ്," "സ്റ്റിജിയോ" (στυγέω, *stugeō*) എന്ന രണ്ടു പദങ്ങളെ കൂട്ടിയിണക്കി "തിയോസ്സ്റ്റജസ്" (θεοστυγής, *theostugēs*) എന്ന ഒരു വാക്കാണ് "ദൈവ ദോഷികൾ" എന്നതിനുപയോഗിച്ചിരിക്കുന്നത് ഇത് "ദൈവം വെറുക്കുന്നവർ" എന്നർത്ഥത്തിലും ഉപയോഗിക്കാം; അല്ലെങ്കിൽ "ദൈവത്തെ വെറുക്കുന്നവർ" എന്നും പറയാം[121] ഈ ഒരു ഭാഗത്ത് എല്ലാ പദങ്ങളും മനുഷ്യനെ ഉദ്ദേശിച്ചു പറയുന്നതാണ്.[122] അല്ലാതെ ദൈവത്തെ ഉദ്ദേശിച്ചല്ലാത്തതിനാൽ ഇതിന് ദൈവത്തെ വെറുക്കുവാൻ കാരണം ദൈവം പരിശുദ്ധനും മനുഷ്യർ ദൈവത്തെ വെറുക്കുവാൻ കാരണം ദൈവം പരിശുദ്ധനും മനുഷ്യർ അശുദ്ധനുമായതിനാലാണ്. ദൈവം നല്ലവനും മനുഷ്യൻ ദുഷ്ടനുമായതിനാലാണ്. മനുഷ്യരെ മനുഷ്യന്റെ ജഢീക ഉല്ലാസങ്ങൾക്കും മദ്ധ്യേ ദൈവം നിൽക്കുന്നതുകൊണ്ടാണ് മനുഷ്യൻ ദൈവത്തെ വെറുക്കുന്നത്.[123]

"ഹുബ്രിറ്റസ്" (ὑβριστής, *hubristēs*) എന്ന ഗ്രീക്കു പദം ബോധപൂർവ്വം ധിക്കരിക്കുകയാണ്. **ഗർവ്വിഷ്ഠർ** എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു.[124] ബാർക്ലെ എഴുതിയിരിക്കുന്നത്. "*ഹബ്രിസ്...* ഒരു തരം മറ്റുള്ളവരെ വേദനിപ്പിക്കുമ്പോഴുണ്ടാകുന്ന നിർവൃതി എന്നാണ്."[125]

**നിഷ്ഠൂരന്മാർ** എന്ന വാക്കാണ് പിന്നീടുപയോഗിച്ചിക്കുന്നത്. അത് "ഹുപ്പരെഫാനോസ്" (ὑπερήφανος, *huperēphanos*) എന്ന വാക്കിൽ നിന്നുള്ളതാണ്. "മുകളിലായി പ്രത്യക്ഷപ്പെടുന്നത്" എന്നർത്ഥമാണിതിനുള്ളത്. മറ്റുള്ളവരുടെ മുകളിലായി തന്നെ വെളിപ്പെടുത്തി കാണിക്കുക എന്നർത്ഥമാക്കുന്നു. ഒരു പൗരാണിക ഗ്രീക്ക് എഴുത്തുകാരൻ ഇതിനെ വിശദീകരിച്ചിരിക്കുന്നത് ഒരു തരത്തിൽ മറ്റുള്ളവരെ കുറ്റപ്പെടുത്തി തന്നെ ഒഴിവാക്കുക എന്നാണ്."[126]

ഗർവ്വിഷ്ഠന്മാർ, **തങ്ങളെക്കുറിച്ച് അഹങ്കരിച്ചു നടക്കുന്നവർ** (ἀλαζών, *alazōn*) എന്ന ഗ്രീക്കു പദം ഉൽഭവിച്ചിരിക്കുന്നത് "ഏറ്റെ" എന്ന വാക്കിൽ നിന്നാണ്. അതിനർത്ഥം "അലഞ്ഞു നടക്കുന്നവർ" (ἄλη, *alē*)[127] എന്നാണ്. അതിനൊരു രസാവഹമായ ചരിത്രമുണ്ട്.[128] ഈ പദം അത്ഭുത രോഗശാന്തി നടത്തുവാൻ അലഞ്ഞു നടക്കുന്നവർ, വില്ക്കുന്ന സാധനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ്. അവർ പറഞ്ഞു നടക്കുന്ന കാര്യങ്ങൾ പലപ്പോഴും കളവായിരിക്കും, പരിശോധിച്ച് ഉറപ്പുവരുത്താത്തതും തെളിയിക്കപ്പെടാത്തതുമായ കാര്യങ്ങളായിരിക്കും. "അലാസൊൻ" ഗർവ്വമുള്ളതും സ്വന്തമായി പുകഴ്ത്തി പറയുന്നതുമായ കാര്യങ്ങളെ വിളിക്കുന്നതാണ്. ഇന്നും യാഥാർത്ഥ്യമാണ്. "വീഴ്ച്ചക്കു മുമ്പെ നിഗളം, വീഴ്ച്ചക്കുമുമ്പ് ഉന്നതഭാവം" (സദൃ. 16:18).

പുതിയ **ദോഷപ്രവൃത്തികൾ കണ്ടുപിടിക്കുന്നവർ**. ''കണ്ടെത്തുന്നവർ'' എന്നത് രണ്ടു ഗ്രീക്കു പദങ്ങൾ ചേർന്നുള്ള ''എഫിയോററ്റസ്'' (ἐφευρετής, *epheuretēs*) എന്ന വാക്കാണ്. ''തിന്മ'' എന്നതിനുപയോഗിച്ചിരിക്കുന്ന ''കാകോസ്'' (κακός, *kakos*) എന്ന വാക്കുമായി ഇത് ബന്ധപ്പെട്ടു കിടക്കുന്നു (വാ. 29). ഇത്തരക്കാർ തിന്മയിൽ കഴിയുന്നതിൽ മാത്രം സംതൃപതരല്ല. അവർ പുതിയ മാർഗ്ഗങ്ങളെ കണ്ടെത്തി തിന്മചെയ്യുവാൻ കൂടുതൽ ഉൽസുഹരാകുന്നു! അവരുടെ അത്യാഗ്രഹം, വർദ്ധിക്കുന്നു, അവരുടെ ജഢീക ഇച്ഛകൾ വർദ്ധിപ്പിക്കുന്നു. ജിംടൗൺസെന്റ് അവരെ മുദ്രകുത്തിയിരിക്കുന്നത് "തിന്മയുടെ എഡിസൺസ്" എന്നാണ്.[129]

ഈ പട്ടികകളിൽ ഉദാഹരിച്ചിരിക്കുന്ന യഥാർത്ഥ്യങ്ങൾ പരിശോധിച്ചാൽ പാപം സുഖത്തിനായി നൽകുന്ന ഒരുപാടു വാഗ്ദാനങ്ങൾ കാണാം. എന്നാൽ അന്ത്യത്തിൽ അവ അത് നിറവേറ്റുന്നില്ലെന്നു മാത്രമല്ല അസംതൃപ്തിയെ നൽകുകയും ചെയ്യുന്നു. പാപത്തിൽ നിന്നും കൂടുതൽ ഉന്മേഷം കിട്ടാൻ, പാപി കൂടുതൽ പാപം ചെയ്തുകൊണ്ടിരിക്കണം കൂടാതെ അവൻ കൂടുതൽ പാപവഴികളെ പുതുതായി കണ്ടെത്തുകയും വേണം!

അതിക്രമങ്ങളുടെ പട്ടികയിൽ അടുത്തതായി മദ്ധ്യഭാഗത്ത് സ്ഥാനം പിടിച്ചിരിക്കുന്നത് അപകടകരമായ ഒന്നാണ്. **മാതാപിതാക്കളെ അനുസരിക്കാത്തവർ** എന്നതാണ് പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. ''അപ്പിതസ്'' (ἀπειθής, *apeithēs*) എന്ന വാക്കാണ് അനുസരണക്കേടിനായി ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം. ഇതൊരു വിപരീതപദമാണ്. കാര്യങ്ങൾ ചെയ്യുവാനുള്ളതു മനസ്സില്ലായ്മ ... അതാണ് അനുസരണക്കേട്.[130] വേദപുസ്തകം പഠിപ്പിക്കുന്നത് നമ്മൾ മാതാപിതാക്കളെ അനുസരിക്കണം ബഹുമാനിക്കണം, ആദരിക്കണം എന്നതാണ് (എഫേ. 6:1–3), അവർ വയസ്സാകുമ്പോൾ അവരെ കരുതുന്നവരായിരിക്കണം (1 തിമൊ. 5:4, 8) പഴയ നിയമത്തിന്റെ അടിസ്ഥാനത്തിൽ അനുസരണക്കേടുള്ള മക്കളെ കല്ലെറിഞ്ഞു കൊല്ലണം എന്നതായിരുന്നു വ്യവസ്ഥ (ആവ. 21:18–21).

എന്തുകൊണ്ടാണ് മക്കൾ മാതാപിതാക്കളെ അനുസരിക്കണമെന്ന് ഇത്ര കർക്കശമായി ബൈബിൾ പഠിപ്പിക്കുന്നത്? എന്തുകൊണ്ടാണ് മാതാപിതാക്കളെ അനുസരിക്കാത്ത മക്കളുടെ കാര്യം പൗലൊസിന്റെ പട്ടികയിൽ ചേർക്കപ്പെട്ടിരിക്കുന്നത്? കാരണം, ഭവനത്തിൽ മാതാപിതാക്കളെ അനുസരിക്കാത്ത മക്കൾ സ്കൂളുകളിൽ ഭീകരവാദികളായി പെരുമാറും, അവരുടെ പ്രവർത്തന മേഖലകളിൽ അവരെ വിശ്വസിക്കുവാൻ സാധ്യമാകയില്ല. സ്വയ കേന്ദ്രീകൃത ബന്ധങ്ങൾ മാത്രമുള്ളവരായിരിക്കും (അത് ആ വ്യക്തിയുടെ ഹൃദ

യത്തിന്റെ പ്രശ്നമായി തീരും) തൽഫലമായി ദൈവഹിതത്തിന് കീഴ്പ്പെടുവാൻ സന്നദ്ധനാകുകയില്ല. അവർ ദൈവദൃഷ്ടിയിൽ യോജ്യരാകുകയില്ല, കാരണം അവർ കുടുംബത്തിൽ യോജ്യരല്ല, അവരുടെ മാതാപിതാക്കളുടെ ദൃഷ്ടിയിൽ അവർ ആദരണിയരും യോജ്യരുമല്ലാതാകുന്നു.

**വാക്യം 31.** പൗലൊസ് വീണ്ടും പറയുന്നത് ബുദ്ധിഹീനർ എന്നാണ്. വാക്യം 21-ൽ ''അന്യാനേറ്റോസ്'' (ἀσύνετος, *asunetos*) എന്ന പദമാണിതി നുപയോഗിച്ചിരിക്കുന്നത് അതിന്റെ അർത്ഥം "വേർതിരിച്ചറിയാൻ കഴിവില്ലാ ത്തവർ"[131] ഈ ഭാഗത്ത് ഇതു പറഞ്ഞിരിക്കുന്നത് പഠിക്കുവാനുള്ള ബുദ്ധിയി ല്ലാത്തവർ എന്നോ കഴിവില്ലാത്തവരോ എന്നല്ല, നമുക്കു തന്നിരിക്കുന്ന തലച്ചോർ ശരിയായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ അറിവില്ലാത്തവർ എന്നാണ്. ദൈവത്തിൽ നിന്നും സ്വയം അകറ്റപ്പെട്ടവർ ദുഷ്ടന്മാർ മാത്രമല്ല ബുദ്ധിഹീനരുമാണ് (സി.ഇ.വി. കാണുക).

''അസൻതെറ്റോസ്'' (ἀσύνθετος, *asunthetos*) എന്ന ഗ്രീക്കു പദം **നിയമ ലംഘനത്തിനു** ഉപയോഗിച്ചിരിക്കുന്നു. ഇത് എതിർപദമായി (α, *a*) ഉപയോ ഗിച്ചിരിക്കുന്നതാണ്. ''ഒരു കാര്യത്തോടു യോജിച്ചു പോകാൻ കഴിയാത്ത വർ'' എന്നർത്ഥത്തിലാണ് അതു ഉപയോഗിച്ചിരിക്കുന്നത്. വിശ്വസിക്കുവാൻ കൊള്ളാത്തവർ എന്ന പരിഭാഷയും അതിനു യോജ്യമാണ്. ''നിയമ ലംഘി കൾ'' എന്ന ആശയമാണതിനുള്ളത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ചെയ്യാ മെന്ന് പറയുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുന്ന അവസ്ഥ. അതിനാലാണ് ആ വ്യക്തിയെ ആശ്രയിക്കുവാൻ സാധിക്കാത്തത്; ഒരു കാരണവശാലും വിശ്വ സിച്ച് കാര്യങ്ങൾ ഏൽപിക്കുവാൻ സാധിക്കാത്ത വ്യക്തി.

**വാൽസല്യമില്ലാത്തവർ** എന്ന വാക്കിന്റെ ഗ്രീക്ക് പദം ''അസ്തോർഗസ്'' *(ἄστοργος, astorgos)* എന്നാണ്. ഇതൊരു ദുഃഖകരമായ വാക്കാണ്. സ്നേഹ ത്തിനു നേരെ വിപരീതമായ ഒരു വാക്കാണിത്. ''സ്റ്റോർജ്'' (ἄστοργος, *astorgos*) എന്ന ഗ്രീക്കുപദം കുടുംബ സ്നേഹത്തെ കാണിക്കുന്നതാണ്; ആളുകളെ എന്ന ഗ്രീക്കു പദം കുടുംബ സ്നേഹത്തെ കാണിക്കുന്നതാണ്; ആളുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സ്നേഹം.[133] ഇത് മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹത്തിന്റെ ബന്ധമാണ് ഈ പദം.[134] ഇത്തരത്തിൽ ഉള്ള പരസ്പര സ്നേഹം സ്വാഭാവികമായിട്ടുള്ളതായിരിക്കണം. അതിനാൽ കെ.ജെ.വി പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത് "വാൽസല്ല്യമില്ലാത്തവർ" എന്നർത്ഥം വരുന്ന വാക്കാണ്. ഇത്തരം സ്വാഭാവിക സ്നേഹത്തെ ആർക്കെ ങ്കിലും ഇല്ലാതാക്കുവാൻ സാധിക്കുമോ? ചരിത്രം സമ്മതിക്കുന്നത് അതെ എന്നാണ്. ബാർക്ലെ ചരിത്ര തെളിവ് നൽകുന്നു:

> ഈ ഒരു കാലഘട്ടങ്ങളിൽ കുടുംബ സ്നേഹങ്ങൾ നിർജീവമാക്കുന്നു. കുട്ടികളുടെ ജീവൻ വിലപ്പെട്ടതായി കാണുന്നില്ല. മക്കൾ നിർഭാഗ്യവ ന്മാരായി കാണപ്പെടുന്നു. ഒരു കുട്ടി ജനിച്ചുകഴിയുമ്പോൾ അതിനെ പിതാവിന്റെ കാൽക്കൽ വെക്കുന്നു. ആ കുട്ടിയെ പിതാവു എടുക്കുകയാ ണങ്കിൽ ആ പിതാവ് കുഞ്ഞിനെ അംഗീകരിക്കുന്നുവെന്നാണ് അർത്ഥം. റോമൻ രാജ്യത്തിൽ ഒരൊറ്റ രാത്രിപോലും മുപ്പതോ നാൽപതോ കുഞ്ഞു ങ്ങൾ അപ്രകാരം വലിച്ചെറിയപ്പെടാതെ നേരം പുലർന്നിട്ടില്ല...[135]

ഈ പട്ടികയിൽ അവസാനത്തെ വാക്ക് **കനിവറ്റവർ** എന്നതാണ്.[136] "അന

ലീമോൻ" (ἀνελεήμων, *aneleēmōn*) എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് "കനിവ്" എന്ന വാക്കുവന്നത്. എന്നാൽ ഇവിടെ ആ കനിവിനു പകരം ഉപയോഗിച്ചിരിക്കുന്നത് "കനിവറ്റവർ" (ἐλεήμων, *eleēmōn*) എന്നതാണ്. വേമൗത്ത് പറഞ്ഞിരിക്കുന്നത് "ദയയില്ലാത്ത മനുഷ്യർ" എന്നാണ് ബാർക്ലെ വിവരിക്കുന്നത്:

> മനുഷ്യജീവിതത്തിന് തീരെ വില കൽപ്പിക്കാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. ഒരു അടിമയെ കൊല്ലുകയോ പീഡിപ്പിക്കുകയോ ചെയ്യുവാൻ അവന്റെ യജമാനന് പൂർണ്ണ അധികാരം ഉണ്ടായിരുന്നു. കാരണം അടിമ ഒരു സാധനം മാത്രമായിരുന്നു. അതുകൊണ്ട് തന്നെ യജമാനന് അവന്റെ മേൽ ആത്യന്തികമായ ശക്തിയും അധികാരവും ഉണ്ടായിരുന്നു... ആ കാലഘട്ടം ദയാദാക്ഷിണ്യം ഇല്ലാത്തതും വിനോദത്തിന് വേണ്ടി മനുഷ്യരെ തമ്മിൽ കൊന്ന് ആനന്ദിക്കുകയും ചെയ്യുന്ന കളികൾ ഉണ്ടായിരുന്നു.[137]

ഗ്രീക്കു ടെക്സ്റ്റിൽ പൗലൊസിന്റെ അവസാനത്തെ നാലു വാക്കുകളും വിപരീത പദങ്ങളായിട്ടാണ് കാണപ്പെടുന്നത്. നിയമലംഘിതർ, അനുസരിക്കാത്തവർ, കനിവറ്റവർ, വാൽസല്യമില്ലാത്തവർ എന്നിങ്ങനെയാണവ രേഖപ്പെടുത്തിയിരിക്കുന്നത്. എൻ.ഐ.വി.-ൽ ഈ നാല് വാക്കുകളും അവസാനിപ്പിക്കുമ്പോൾ ഇല്ലാത്തവർ എന്നു പറഞ്ഞാണ് അവസാനിപ്പിക്കുന്നത്. ഉദാഹരണത്തിന് "വിവേകമില്ലാത്തവർ, വിശ്വാസമില്ലാത്തവർ, ഹൃദയമില്ലാത്തവർ, കനിവ് ഇല്ലാത്തവർ."

പൗലൊസ് തന്റെ കാലഘട്ടത്തിൽ പൊതുവിൽ ഉണ്ടായിരുന്ന പാപങ്ങളുടെ ഒരു പട്ടികയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഹൃദയ ഭേദകമായ പട്ടികകളാണ് വിവരിച്ചിരിക്കുന്നത് "മാനവ സമൂഹത്തിന്റെ തകർച്ച സാമൂഹ്യ ധ്രുവീകരണത്താൽ ജീവിത നിലവാരങ്ങളുടെ അധഃപതനം"[138] എന്നിവയാണതിന്റെ കാരണങ്ങൾ. പൗലോസ് കൊരിന്തിൽ നിന്നാണിതെഴുന്നതെന്ന് ചിന്തിച്ചു നോക്കുക, തന്റെ ജനാലകൾക്കുള്ളിൽ കൂടെ വെളിയിലേക്കു നോക്കുമ്പോൾ ധാരാളമായ ഉദാഹരണങ്ങൾ ഈ എഴുതിയ കാര്യങ്ങൾക്കു വേണ്ടി പറയുവാൻ ഉണ്ടാകും. ചാൾസ് ഹോഡ്ജ് നമ്മെ ഓർപ്പിക്കുന്നത് "ഇവിടെ വരച്ചുകാട്ടിയിരിക്കുന്ന ചിത്രങ്ങളൊക്കെ ഇരുട്ടിന്റെ പ്രവർത്തനങ്ങളാണങ്കിലും, ഗ്രീക്കു, ലാറ്റിൻ എഴുത്തുകാർ തങ്ങളുടെ സ്വന്തം ജനങ്ങളോടെഴുതിയറിയിച്ചതുമായി നോക്കുമ്പോൾ ഇത്രമാത്രം ഇരുണ്ടതല്ല."[139]

**വാക്യം 32**. തന്റെ ലിസ്റ്റുകൾ പൗലൊസ് അവസാനിപ്പിച്ചുവെങ്കിലും ഈ ഭാഗം എഴുതിയവസാനിപ്പിക്കുന്നതിനു മുമ്പായി രണ്ടു അഭിപ്രായങ്ങളും കൂടെ എഴുതുന്നുണ്ട്. ഒന്നാമതായി അത്ഭുതകരമായ ഒരു വസ്തുത താൻ വെളിപ്പെടുത്തുന്നു: **ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടുണ്ട്**. "ദൈവന്യായം" (δικαίωμα, *dikaiōma*) എന്നുള്ളത് നീതിയായ ഒരു വാക്കാണ്. ഇത് ഇവിടെ ഒരു നിയമ വാക്കായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്[140] "ദൈവം പ്രഖ്യാപിച്ചത് ശരിയായ കാര്യമാണെന്ന്" ബോധ്യമായിട്ടുണ്ട്. പൗലൊസ് തന്റെ ചിന്തയെ കൊണ്ടെത്തിക്കുന്നത്, ഈ പാപികൾ അറിവില്ലാതെയോ, അജ്ഞാതയിലോ അല്ല പ്രവർത്തിക്കുന്നത്. തങ്ങൾ ചെയ്യുന്ന എല്ലാ തിന്മകളുടെയും ചെയ്തികളുടെ ആഴം അവർക്കറി

ഞ്ഞുകൂടായെങ്കിലും അവരുടെ ഹൃദയത്തിന്റെ ആഴത്തിൽ അവർ ചെയ്യുന്നത് ശരിയല്ലായെന്ന ബോധ്യം അവർക്കുണ്ടാകും.[141]

അവർ അറിഞ്ഞു ... എന്നതിന്റെ അർത്ഥം ഗ്രഹിക്കുവാനായി അവരുടെ പ്രവർത്തികൾക്കു ലഭിക്കുന്ന *പ്രതിഫലം മരണം* എന്നതല്ലേ? അതവർക്കറിയാം എന്നതാണതിന്റെ പൊരുൾ. അവർ അതറിഞ്ഞുകൊണ്ടാണ് പാപം ചെയ്തു കൊണ്ടിരിക്കുന്നതെന്നതും (കൊലപാതകങ്ങൾ തുടങ്ങിയ കാര്യങ്ങൾ) അതിന്റെ ശിക്ഷയായ മരണം അവരിൽ വരുമെന്നതും (13:4)-ൽ പറഞ്ഞിരിക്കുന്നതുപോലെ അവരെ ആത്മീകമായി ദൈവത്തിൽ നിന്നും അകറ്റിയിരിക്കുന്നത് പാപമാണന്നവർ അറിഞ്ഞുട്ടുണ്ടോ? (ആത്മീക മരണം 6:23-ൽ പറയുന്നതുപോലെ) ഹോഡ്ജ് ഈ കാര്യങ്ങൾ എഴുതുമ്പോൾ ശരിയായ വിധത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ‘‘മരണം എന്ന ശിക്ഷ പലപ്പോഴും ഈ ആശയവുമായി പൊതുവായി മനസ്സിലാക്കാം.[142] മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവർ ചെയ്തുകൊണ്ടിരിക്കുന്നതെന്താണോ അത് *ശിക്ഷാർഹമായ തെറ്റാണന്ന്* താല്ക്കാലികമായോ, നിത്യമായോ അവർ അറിഞ്ഞു.’’

അതായിരുന്നില്ല അവരുടെ മൽസരത്തിന്റെ പാരമ്യം പൗലൊസ് ഉപസംഹരിക്കുന്നത്, **അവർ അതു ചെയ്യുന്നു എന്നു മാത്രമല്ല, അത് ചെയ്യുന്നവരിൽ പ്രസാദിക്കുകയുംചെയ്യുന്നു.** സുന്യുടോക്യോ (συνευδοκέω, *suneudokeō*) എന്ന ഗ്രീക്ക് വാക്ക് പരിഭാഷപെടുത്തിയിരിക്കുന്നത് ഒരാളോടൊപ്പം ചേർന്ന് ചിന്തിക്കുക, അതിനെ അംഗീകരിക്കുക, ഹൃദയപൂർവ്വം അതിനെ സമ്മതിക്കുക ABയിൽ അത് പറഞ്ഞിരിക്കുന്നത് അംഗീകരിക്കുകയും അനുമോദിക്കുകയും ചെയ്യുക എന്നുള്ളതാണ് എൻ.എ.എസ്.ബി.യിൽ ‘‘ഹൃദയപൂർവ്വം അതിന് അംഗീകാരം കൊടുക്കുക എന്നാണ്’’ എന്നാൽ ഇതിനൊരു ശക്തമായ ഊന്നലുണ്ട്. ഹൃദയപൂർവ്വം അംഗീകരിക്കുന്നുവെന്നതാണത്. എൻഎഎസ്ബിയിൽ അതു ചെയ്യുന്നവരിലുള്ള പ്രസാദമായി കാണിക്കുന്നു.

അവരുടെ താഴെക്കുള്ള പ്രയാണം പൂർണ്ണതയുള്ളതാണ്. ഒന്നാമതായി, അവർക്കു ദൈവത്തെ അറിയുവാൻ താല്പര്യമില്ല. അതിനാൽ അവരുടെ ജീവിതം മുഴുവനും അനീതിയാൽ നിറയപ്പെട്ടു. അവരുടെ ചിന്തകൾ കാഠിന്യമുള്ളതു ദൈവീക താക്കീതുകളോടു നിസ്സംഗത പുലർത്തുകയും ചെയ്തു. അവസാനമായി, ഖേദകരമായ കാര്യം, അവർ മാത്രമല്ല പാപം ചെയ്യുന്നത്, മറ്റുള്ളവരെകൊണ്ടും പാപം ചെയ്യിക്കുന്നവരായിരുന്നു. ബ്രിസ്കോ ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

> അനുതാപമില്ലായ്ക മാത്രമല്ല അപ്പൊസ്തലനെ വിഷമിപ്പിച്ചത്, പിന്നെയോ പാപത്തിന്റെ സാന്നിധ്യത്തെ ആഘോഷിക്കുന്നതും കൂടെയായിരുന്നു. വളരെ വിദൂരത്തിലിരുന്നുപോലും ജഢീക പരാജയത്തിൽ ആഘോഷത്തിന്റെ തിമർപ്പിൽ ആയിരുന്നു. അന്യോന്യം ദേഹികളുടെ സൂക്ഷിപ്പുകാരായിരിക്കേണ്ടുന്നതിനു പകരം അന്യോന്യം നശികരണത്തിൽ പങ്കാളികളായിത്തീർന്നു. വിലാപത്തെ പ്രതീക്ഷിച്ച സ്ഥാനങ്ങളിൽ ആനന്ദിക്കുന്നവരായി കണ്ടു. അങ്ങനെ നീതിയെ മുഴുവനായി വിൽക്കുന്നവരിൽ പ്രസാദിക്കപ്പെട്ട ഒരു കൂട്ടമായിതീർന്നു.[143]

ആർ. സി. ബെൽ അതിനെ വീക്ഷിച്ചത് ‘‘എല്ലാ മതങ്ങളിലും വെച്ച് ക്രിസ്ത്യാനിത്വം മാത്രം പാപത്തെ ചെറുതായി കാണുന്നില്ല, കാരണം പാപ

ത്തിനൊരു പരിഹാരം ക്രിസ്തുവിലൂടെ ഉണ്ടന്നുള്ളതാണ്.''[144] ചിന്താതല്പരനായ ഏതൊരു വ്യക്തിയും പൗലൊസ് സ്ഥാപിച്ച കാര്യങ്ങളെ പൂർണ്ണമായി സമ്മതിക്കും. എല്ലാ ജാതിയരും പാപത്താൽ കളങ്കിതരാണ്; ഓരോരുത്തർക്കും ദൈവത്തിന്റെ നീതി ലഭിക്കേണ്ടതിന്റെ അനിവാര്യതയുണ്ട്.

### തുടർന്നുള്ള പഠനം:
### ''വിശ്വാസം'' എന്ന വാക്കിനെ കുറിച്ചുള്ള പഠനം
### (*PISTIS*)

പിസ്റ്റീയോ πιστεύω (*pisteuō*) എന്ന പദത്തിൽനിന്നും പരിഭാഷപ്പെടുത്തിയതാണ് വിശ്വാസം എന്ന വാക്ക്. 17-ാം വാക്യത്തിൽ വിശ്വാസം എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് പിസ്റ്റിസ് πίστις (*pistis*) എന്നാണ്.[145] ഇംഗ്ലീഷിൽ "ഫെയ്ത്ത്" എന്നും "ബിലീഫ്" എന്നുള്ള പദങ്ങൾ ഈ വാക്കിൽ നിന്നും പരിഭാഷപ്പെടുത്തിയതാണ്. സന്ദർഭോചിതമായി വിശ്വാസത്തെയും ആശയേയും സൂചിപ്പിച്ച് പിസ്റ്റിസ് എന്ന് വാക്ക് മാറിമാറി ഉപയോഗിച്ചിട്ടുണ്ട്. കൂടുതൽ പ്രാവശ്യം പിസ്റ്റിസ് എന്ന വാക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് വിശ്വാസം എന്നുള്ളത് വിവരിക്കാനാണ്. അവിശ്വാസത്തിനു ഉപയോഗിച്ചിരിക്കുന്ന പദം അപിസ്റ്റിയ (ἀπιστία, *apistia*) എന്ന പദമാണ് (3:3; 4:20; 11:20, 23 എന്നീ വാക്യങ്ങൾ കാണുക).[146]

വിശ്വാസം രക്ഷിക്കുന്നത് മനസ്സും ഹൃദയവും ഇച്ഛയും കൂടി ചേർന്നുകൊണ്ടാണ്.[147] ഒന്നാമത് *മനസ്സ്* ഇതിനായി പ്രവൃത്തിക്കണം കാരണം അറിവിനെ അടിസ്ഥാനമാക്കിയുള്ള സാക്ഷ്യം ആണ് കേൾക്കുന്നത്. പൗലൊസ് പ്രസംഗിച്ച വിശ്വാസത്തിന്റെ വചനമാണ് (10:8), അടുത്തത് വിശ്വാസം കേൾവിയാൽ വരുന്നു എന്നു പറയുന്നു, കേൾവി ക്രിസ്തുവിന്റെ വചനത്താൽ വരുന്നു (10:17) രക്ഷിക്കുന്ന വിശ്വാസം വരുന്നത് ക്രിസ്തുവിനെക്കുറിച്ചു പഠിക്കുമ്പോഴാണ്.

രണ്ടാമതായി, വിശ്വാസത്തിന് *ഹൃദയം* അനിവാര്യമാണ് കാരണം വിശ്വാസി കേൾക്കുന്നത് വിശ്വസിക്കുവാനും അതിൽ ആശ്രയിക്കുവാനും തയ്യാറാകുന്നു. ഒ. ല. വിൻ പറയുന്നത്, പുതിയ നിയമത്തിൽ "വിശ്വസിക്കുക" എന്നാൽ "ആശ്രയം വെക്കുക,'' ''ശരണപ്പെടുക,'' ''അതിൽ മുറുകെ പിടിക്കുക'' എന്നൊക്കെയാണ്.[148] 1:16-ൽ അആ പരിഭാഷയിൽ ആശ്രയിക്കുന്നവർക്കും, വ്യക്തിപരമായി ശരണപ്പെടുന്നവർക്കും സുവിശേഷം രക്ഷക്ക് ദൈവശക്തിയാകുന്നു. യേശുക്രിസ്തുവിൽ നമ്മൾ വാസ്തവമായി വിശ്വസിക്കുമ്പോൾ, അവൻ നമുക്കായി ചെയ്തതിനെ പൂർണ്ണമായി നമ്മൾ ആശ്രയിക്കുന്നു. അല്ലാതെ, നമ്മുടെ പ്രവർത്തികളിലല്ല. നമ്മിൽ ആശ്രയിക്കുന്നതിനു പകരമായി, അവനിൽ നമ്മൾ ആശ്രയിക്കുന്നു.

അവസാനമായി, രക്ഷിക്കുന്ന വിശ്വാസത്തിൽ നമ്മുടെ ഇച്ഛ അടങ്ങിയിട്ടുണ്ട്. യേശുക്രിസ്തുവിൽ ശരണപ്പെട്ടു സ്വയം ക്രിസ്തുവിന്റെ ഇഷ്ടം നടപ്പിലാക്കുവാൻ സമ്പൂർണ്ണമായി കീഴ്പ്പെടുന്ന അവസ്ഥയാണ്. പൗലൊസിന്റെ വാക്കുകളിൽ പറഞ്ഞാൽ, വിശ്വാസികൾ ദൈവത്തിന്റെ നീതിക്കായി പൂർണ്ണമായി സമർപ്പണം (10:3) ഹൃദയത്തിൽ നിന്നുള്ള അനുസരണത്തിനായി രക്ഷിക്കുന്ന വിശ്വാസം (6:17). വാസ്തവത്തിൽ, വിശ്വാസി അനുസരിക്കാത്തടത്തോളം വിശ്വാസം അവരെ രക്ഷിക്കുകയില്ല. റോമാലേഖനത്തിൽ പി.പൗലൊസ് വിശ്വാസത്തിനു ഊന്നൽ കൊടുത്തിട്ടുണ്ടെങ്കിലും, അനുസരണമെന്ന കാര്യത്തെ വിസ്മരിക്കുന്നില്ല (1:5; 2:8; 5:19; 6:16, 17; 15:18; 16:19, 26).

*പുതിയനിയമ ദൈവശാസ്ത്ര നിഘണ്ടുവിൽ*, റുഡോൾഫ് ബുൾട്ട്മാൻ ഊന്നൽ നല്കുന്ന ഒരു പദമാണ് ‘‘പിസ്റ്റിയോ’’ അഥവാ ‘‘അനുസരിക്കുക’’ എന്നത്. ഈ സത്യത്തെ താൻ വിവരിക്കുമ്പോൾ പറയുന്നത്, എബ്രാ(യർ) 11ൽ ഊന്നൽ കൊടുക്കുന്നത് വിശ്വാസത്താൽ അനുസരിക്കുന്നതിനെയാണ്. (പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ) പൗലൊസും വെളിവാക്കുന്നത് വിശ്വസിക്കുക എന്നാൽ അനുസരിക്കുക എന്നതാണ്. ബുൾഡ്സ്മാൻ പറയുന്നത് വിശ്വാസത്തിൽ ‘‘അനുസരണം, ശരണം, പ്രത്യാശ, വിശ്വസ്തരായിരിക്കുക’’ എന്നിവയെല്ലാം അടങ്ങിയിരിക്കുന്നുവെന്ന് ‘‘ആ വിശ്വാസത്തോടുകൂടെ അനുസരണത്താലുള്ള അംഗീകാരവും കൃപയും, കുരിശിലെ ന്യായവിധിയും ദൈവീക പ്രവൃത്തിയായി ഒരുവനിൽ ലഭിക്കുന്നുവെന്ന്.’’[149]

‘‘വിശ്വസിക്കുക’’ യും ‘‘അനുസരിക്കുക’’ യും ചെയ്യുക എന്ന രണ്ടു ഘടകങ്ങൾ ചില സന്ദർഭങ്ങളിൽ ഒന്നിനുപകരം മറ്റൊന്നായി മാറി ഉപയോഗിച്ചിരിക്കുന്നത് കാണാം. പല ഉദാഹരണങ്ങൾ അതിനു കാണാമെങ്കിലും[150] രണ്ടെണ്ണം മാത്രം നമുക്ക് ധാരാളമാണ്. 1:8–ൽ പൗലൊസ് പറഞ്ഞു ‘‘റോമിലെ ക്രിസ്ത്യാനികളുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ; എന്നാൽ 16:19–ൽ നിങ്ങളുടെ *അനുസരണം* പരക്കെ എല്ലാവർക്കും പ്രസിദ്ധമായിരിക്കുന്നു. 10:16–ൽ താൻ പറഞ്ഞത് അവരെല്ലാവരും സുവിശേഷം അനുസരിച്ചുവെന്നാണ്. ‘‘ശ്രദ്ധിക്കുക’’ എന്ന പരിഭാഷ ὑπακούω (*hupakouō*) ഹുപ്പാകോവൂ എന്ന ഗ്രീക്കുവാക്കിനു ഉപയോഗിച്ചിട്ടുണ്ട്. അതിന് ‘‘അനുസരിക്കുക’’ (കെ.ജെ. വികാണുക) എന്നാണർത്ഥമാക്കുന്നത്. യെശയ്യാവിലെ പ്രവചനം ഊന്നിപ്പറയുന്നതുപോലെ “ഞങ്ങൾ കേൾപ്പിച്ചത് ആർ *വിശ്വസിച്ചു*.’’

രക്ഷിക്കുന്ന വിശ്വാസത്തിൽ മനസ്സും, ഹൃദയവും, ഇച്ഛയും അന്തർലീനമാണ്. കൂടുതൽ പുസ്തകങ്ങളിലും ഒന്നോ അല്ലങ്കിൽ കൂടുതലോ ഘടകങ്ങൾ ഇതിൽ നിന്നും എടുത്തുപറയുന്നുണ്ട്. അതിലെ സാഹചര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇതിൽ ഏതു ആശയമാണ് അനുയോജ്യമാണെന്ന് തീരുമാനിക്കുന്നത്.[151]

ഈ മൂന്നു ഘടകങ്ങളുടെയും രൂപരേഖക്കുശേഷം രക്ഷിക്കുന്ന വിശ്വാസത്തെക്കുറിച്ചു ചില ചിന്തകൾ കൂടെ കൂട്ടിചേർത്തു മനസ്സിലാക്കേണ്ടതുണ്ട്. (1) “വിശ്വാസം” എന്ന വാക്കു വ്യത്യസ്ത രീതിയിൽ പാഠ്യപുസ്തകങ്ങൾ രേഖപ്പെടുത്തി ഊന്നൽ നല്കിയിട്ടുണ്ടെങ്കിലും ആദ്യവും അവസാനവും, എപ്പോഴും “വിശ്വാസം” തന്നെയാണ് പ്രധാനപ്പെട്ടത്. പിസ്റ്റിസ് എന്ന പദത്തിന്, “ആശ്രയിക്കുക, അനുസരിക്കുക, ശരണപ്പെടുക, പ്രത്യാശിക്കുക, വിശ്വസ്തരായിരിക്കുക” എന്നീ അർത്ഥങ്ങൾ എല്ലാം ഉണ്ടെങ്കിലും ബുൾട്ടുമാൻ പറയുന്നത് “ക്രിസ്തുയേശുവിലുള്ള വിശ്വാസമാണ് പ്രാഥമികമായി ഇതുകൊണ്ടെല്ലാം ഉദ്ദേശിക്കുന്നത്.’’[152] (2) അതുകൊണ്ട്തന്നെ രക്ഷണ്യവിശ്വാസം ശ്രദ്ധിക്കപ്പെടുന്നത് ഒരു വ്യക്തിയിൽ ഉരുവാക്കപ്പെടുന്നതിലല്ല, മറിച്ച് അവനിൽ വിശ്വാസത്താൽ ഉണ്ടാകുന്ന സാക്ഷ്യമാണ്; അതു യേശുക്രിസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണെന്ന പ്രാധാന്യമാണുള്ളത്. വിശ്വാസം “പ്രസംഗത്തിൽ കേന്ദ്രീകൃതമായതും, എന്നാൽ പ്രസംഗത്തിലെ വിശ്വാസം വ്യക്തിയിലേക്കു വന്നിട്ടു ആ സന്ദേശം ധന്യമായി തീരുന്നതാണ്.’’[153]

## തുടർന്നുള്ള പഠനം: "നീതി" എന്ന വാക്കിന്റെ പഠനം (*DIKAIOSUNĒ*)

ദൈവത്തിന്റെ നീതിയെന്നതുകൊണ്ട് പൗലൊസ് അർത്ഥമാക്കിയതെന്താണ്? പൗലൊസ് "നീതി" എന്നവാക്കും അനുബന്ധവാക്കും ഈ ലേഖനത്തിൽ എഴുപതു പ്രാവശ്യം ഉപയോഗിച്ചിട്ടുള്ളതുകൊണ്ട് ഈ പദത്തെ വിവരിക്കുന്നത് നന്നായിരിക്കും.

ഈ ഒരു വാക്കിന്റെ കുടുംബത്തിൽ, നാമരൂപത്തിൽ കൂടുതൽ പ്രാവശ്യം കാണുന്നത് ഡികായിസൂൻ (δικαιοσύνη, *dikaiosunē*) എന്നതാണ്. അതുപോലെ ബന്ധപ്പെട്ട മറ്റൊരു നാമരൂപമായ "ഡിക്കായിമ" (δικαίωμα, *dikaiōma*) എന്നതുമാണ്. ഇവ രണ്ടിന്റെയും അർത്ഥം "നീതി" എന്നാണ്. ഇതിന്റെ ക്രിയാരൂപമായ "ഡിക്കായൂ" (δικαιόω, *dikaioō*) എന്നതിന്റെ അർത്ഥം "നീതീകരിക്കുക" എന്നതാണ്. വിശേഷണരൂപമായ "ഡിക്കായൂസ്" (δικαίος, *dikaios*) ഉം, ക്രിയാവിശേഷണരൂപമായി ചില സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ അർത്ഥം "നീതീകരിക്കുക" എന്നും ആകാം. ഈ എല്ലാ പദങ്ങളും "ഡിക്കെ" δίκη (*dikē*) എന്ന പദത്തിൽ നിന്നും ഉൽഭവിച്ചതാണ്. അതിന്റെ ഒരർത്ഥം "ശരി" എന്നാണ്.[154]

ഈ ഗ്രീക്കുവാക്കുകൾ മിക്കപ്പോഴും പരിഭാഷപ്പെടുത്തിയിട്ടുള്ളത് "നീതി," "നീതീകരിക്കുക," "നീതിയോടെ" അഥവാ "നീതിമാൻ" എന്നൊക്കെയാണ്. എ. ഡബ്ല്യു. ടോസർ ഈ വാക്കുകളുടെ പരിഭാഷയുടെ ബുദ്ധിമുട്ടു മനസ്സിലാക്കി പറഞ്ഞത് ഈ വാക്കു തന്നെ ഇംഗ്ലീഷിൽ "നീതിമാൻ" അഥവ "നീതി" എന്ന മൂലപദത്തിൽ നിന്നുള്ളതാണ്. അതു സംഭവിച്ചതിന്റെ കാരണം പരിഭാഷക്കുള്ള മറ്റു വാക്കുകൾ ഇല്ലാത്തതിനാലാണ്.[155] ഉദാഹരണമായി ഗഖഢയിൽ "ദൈവത്തിന്റെ നീതി" ഇതു പറയുന്നത് "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്നതാണ് (റോമ. 1:17). ഉദാഹരണത്തിന് ചഅടആയിൽ റോമർ 3-ൽ "നീതീകരണം" എന്ന വാക്കു 6 പ്രാവശ്യമുണ്ട്. "അനീതി" ഒരിക്കലും "നീതീകരിക്കുക" 4 പ്രാവശ്യവും "നീതീകരിക്കുന്നവൻ" ഒരു പ്രാവശ്യവും കാണാം. ഈ എല്ലാ പദങ്ങളും ഒരേ മൂലപദത്തിൽ നിന്നും ഉൽഭവിച്ചതാണ്.

"ശരി" എന്ന പദം നമ്മുടെ ചിന്തയിൽ വെക്കുന്നത് നല്ലതാണ്. "നീതി" എന്ന വാക്ക് ദൈവത്തിന്റെ സ്വഭാവത്തെ കുറിച്ചു സംസാരിക്കുന്നതാണ് കൂടുതൽ പ്രാവശ്യം കാണുന്നത് (3:25, 26). ദൈവത്തിന് ആ പദം ഉപയോഗിക്കുമ്പോൾ "ശരിയായ – ആളത്വത്തെ" കുറിക്കുന്നതാണ്. ഇതൊരു *സമ്പൂർണ്ണമായ നീതിയാണ്*. ദൈവം തന്റെ സത്തയിലും, ആളത്വത്തിലും പരിപൂർണ്ണനും, തന്റെ ചെയ്തികളിൽ പൂർണ്ണതയുള്ളവനുമാണ്. ദൈവത്തിന്റെ നീതി അവന്റെ വിശുദ്ധിയുടെ പ്രകടനമാണ് കാരണം ദൈവം പരിശുദ്ധനാണ്, അതിനാൽ ദൈവത്തിന് പാപത്തോടു നിസ്സംഗത പുലർത്തുവാനോ, അതിനെ ചെറുതായി കാണുവാനോ കഴിയുകയില്ല.[156] അവന്റെ നീതിയുള്ള പ്രകൃതം പാപത്തെ ശിക്ഷിക്കുക എന്ന കാര്യം ആവശ്യപ്പെടുന്നു.

"നീതി" എന്ന വാക്ക് *മനുഷ്യരിലും* ഈ രണ്ട് അർത്ഥങ്ങളിൽ സ്വാധീനിക്കപ്പെടാം. ഒന്നാമത്തേത്, *നീതിപൂർവ്വമായ ജീവിത* ത്തെ കുറിക്കുന്നതിന് 1 യോഹ. 2:29; 3:7, 10 എന്നിവ നീതി പ്രവർത്തിക്കുന്നതിനെ കുറിക്കുന്നു, എങ്കിൽ വെളിപ്പാട് 19:8 "നീതിപൂർവ്വമായ വിശുദ്ധന്മാരുടെ പ്രവർത്തികളെ കുറിക്കു

ന്നു.'' അത്തരം "നീതിപൂർവ്വമായി ആർക്കും തന്നെ സമ്പൂർണ്ണതയിൽ ജീവിക്കുവാൻ കഴിയില്ലെങ്കിൽ പോലും ഈ "നീതി" പ്രവർത്തികൾ ചെയ്യുന്നവരെയാണ് നീതിമാന്മാർ എന്നു വിളിക്കുന്നത്"[157] എന്നത് *നന്മയുമായി ബന്ധപ്പെട്ടുള്ള* നീതിയായി കാണാം: നമ്മൾ നമ്മുടെ ഏറ്റവും നല്ല രീതിയിലുള്ള ജീവിതം നയിക്കുവാൻ ശ്രമിച്ചാലും ചിലപ്പോഴൊക്കെ പാപം ചെയ്തുപോകും; അങ്ങനെ "ദൈവ തേജസ്സ് ഇല്ലാത്തവരായി" തീരുന്നു (3:23). പൗലൊസിന്റെ വാക്കുകളിൽ, "നീതിമാൻ ഇല്ല, ഒരുത്തൻപോലുമില്ല" (3:10).

ദൈവത്തിന്റെ നീതിയും മനുഷ്യരുടെ നീതിയും തമ്മിലുള്ള വൈരുദ്ധ്യത്തെക്കുറിച്ച് വിശദീകരണം നൽകുകയാണ് റോമാ ലേഖനത്തിൽ. അതിലൂടെയുണ്ടാകുന്ന സംഘർഷവും അടിസ്ഥാനമായ പഠിപ്പിക്കലാണ് ഈ ലേഖനത്തിൽ. ഈ സംഘർഷത്തിന്റെ പ്രകടനം 3:26-ൽ കാണാം. അനീതി ചെയ്യുന്നവരെ നീതീകരിച്ചുകൊണ്ട് ദൈവം എങ്ങനെയാണ് നീതിമാനാകുന്നത്?

ഇതിനൊരു പരിഹാര ഉത്തരമായി രണ്ടാമത്തെ വഴിയായ "നീതി" എന്ന പദം മനുഷ്യർക്ക് പ്രായോഗികമാക്കുന്നു. അതാണ് റോമാ ലേഖനത്തിൽ അതി പ്രാധാന്യമർഹിക്കുന്നത്. ഈ പദം മനുഷ്യരിൽ ഉപയോഗിക്കുമ്പോൾ, ദൈവത്തിന്റെ മുമ്പാകെ *ശരിയായി നിൽക്കുന്നതിനെ* കുറിക്കുന്നു. 1:17-ൽ പറഞ്ഞിരിക്കുന്ന ആശയത്തിന്റെ അർത്ഥമാണിത്.

ഒരു വ്യക്തി ശരിയല്ലെങ്കിൽപോലും ദൈവം അവനെ ശരിയായി കാണുന്നു. അതിന്റെ കാരണം അവൻ ദൈവത്തിൽ വിശ്വസിക്കുന്നുവെന്നതാണ്. 4:3-ൽ അതിന്റെ ഉത്തമമായ ഉദാഹരണമാണ്, "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവന് നീതിയായി *കണക്കിട്ടു*.'' അബ്രഹാം ദൈവത്തിൽ വിശ്വസിക്കുമ്പോൾ അവൻ നീതിമാനായിരുന്നില്ല, "എന്നാൽ ദൈവം അവനെ കണ്ടത് നീതിമാനായിട്ടാണ്" ചഅടആ യിൽ ദൈവം "അവനിൽ കണക്കിട്ടു" എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത് (4:4-6, 9, 10, 22-24). ഗഖഢയിൽ "കണക്കാക്കി" (4:3, 5), "താരതമ്യപ്പെടുത്തി" (4:9, 10), "അവനിൽ ചേർത്തു കൊടുത്തു" (4:6, 22-24) ഈ "നീതി" എഴുത്തുകാരെല്ലാം *ചേർക്കപ്പെട്ട നീതി*യായി വിവരിക്കുന്നു.

## പ്രായോഗികത

### ഉയർത്തപ്പെട്ട ക്രിസ്തു (1:1-7)

പൗലൊസ് യേശുക്രിസ്തുവിനെക്കുറിച്ച് അതിശക്തമായ ഒരു വിവരണമാണ് റോമാ ലേഖനത്തിന്റെ പ്രാരംഭവാക്യങ്ങളിൽ നൽകുന്നത്. യേശുക്രിസ്തു:

തിരുവെഴുത്തുകളുടെ പൂർത്തീകരണമാണ് (1:1, 2).
ദൈവപുത്രൻ (1:3, 4).
ദാവീദിന്റെ പിന്തുടർച്ചക്കാരൻ (1:3).
ഉയർത്തെഴുന്നേറ്റ കർത്താവ് (1:4).
തന്റെ ജനത്തിന് കൃപയെ പകർന്നു നല്കുന്നവൻ (1:5-7).

### യേശുവിന്റെ ഉയിർത്തെഴുന്നേറ്റ ജഡം. (1:4)

ഉയർത്തെഴുന്നേൽപിനെ സംബന്ധിച്ചു നിരവധി രഹസ്യങ്ങൾ ഉണ്ടായിരുന്നു.

അതിലൊന്നാണ് യേശുവിന്റെ ഉയർത്തെഴുന്നേൽപ്പിൽ ജഡത്തിനെന്തുപറ്റി എന്നത്.

ഒന്നാമതായി, നമ്മൾ മനസ്സിലാക്കേണ്ടത് *ഇതൊരു ജഡം* തന്നെയായിരുന്നു. അപ്പൊസ്തലൻ ആഗ്രഹിച്ചത് യേശുവിന്റെ ഉയർത്തെഴുന്നേൽപ് ഒരു സാങ്കൽപികതയല്ല, ജഡത്തിൽ തന്നെയുള്ള ഉയർത്തെഴുന്നേൽപായിരുന്നു. അവർ ഒരു ദർശനമോ സ്വപ്നമോ കണ്ടതല്ല കർത്താവിന്റെ ഉയർത്തെഴുന്നേല്പിനെ സംബന്ധിച്ച്. അവർ ഒരാത്മാവിനേയോ, ഒരു പ്രേതത്തെയോ അല്ല കണ്ടത്. ഉയർത്തെഴുന്നേറ്റ യേശുവിനെ ജഡത്തോടുകൂടെതന്നെയാണ് ശിഷ്യഗണങ്ങൾ കണ്ടത് (യോഹ. 20:14, 20; അപ്പോ. പ്ര. 10:40). യേശുവിന് മാംസരക്തങ്ങളോടു കൂടിയ ഒരു ശരീരമായിരുന്നു ഉണ്ടായിരുന്നത് (ലൂക്കൊ. 24:39). ഭൂമിയിൽ നടന്ന ഒരു ശരീരമായിരുന്നു യേശുവിന്റേത് (ലൂക്കൊ. 24:15), സ്പർശിക്കാവുന്ന ശരീരവുമായിരുന്നു (മത്താ. 28:9; ലൂക്കൊ. 24:39). ഭക്ഷണം കഴിക്കുവാൻ സാധിച്ച ജഡം (ലൂക്കൊ. 24:41–43, അപ്പൊ. പ്ര. 10:41). ക്രൂശിൽ വെച്ചു തറക്കപ്പെട്ടപ്പോൾ ഉണ്ടായ മുറിവുകൾ വ്യക്തമാക്കുന്ന ഒരു ശരീരമായിരുന്നു കർത്താവിനുണ്ടായിരുന്നത് (യോഹ. 20:20, 25, 27).

അതേ സമയം ഇതൊരു *അസാധാരണ* ശരീരമായിരുന്നു. ശിഷ്യന്മാർ അടച്ചിട്ടിരുന്ന മുറിയിൽ കതകുകൾ പൂട്ടിയിരുന്നപ്പോൾ അവരുടെ നടുവിൽ അവൻ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടു (യോഹ. 20:19, 26). അതിന്റെ അർത്ഥം അവന്റെ ശരീരംകൊണ്ട് ഏത് ശക്തമായി അടച്ചിരിക്കുന്ന മുറിയിൽകൂടെ പ്രവേശിക്കുവാൻ സാധിക്കും. "അടയ്ക്കുക" എന്ന പദം ക്ലിയോ (κλείω, *kleiō*) കതകിന് ഉപയോഗിച്ചിരിക്കുന്ന പദമാണ്.[158] (യോഹ. 20:19, 26) അർഥം "അടക്കുക,'' "പൂട്ടുക" അഥവാ "ബന്ധിക്കുക" എന്നർത്ഥമുണ്ട്. ആരും പ്രവേശിക്കാതിരിക്കുവാൻ ബന്ധസ്ഥമാക്കുക[159] അടച്ചതിനുശേഷം തുറക്കാതിരിക്കുന്നതിന് ഈ പദം പുതിയ നിയമത്തിൽ പലപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (മത്താ. 25:10; ലൂക്കോ. 11:7; അപ്പോ. പ്ര. 21:30; വെളി. 3:7, 8; 20:3; 21:25). ഹോമർ ഹെയ്‌ലി അഭിപ്രായപ്പെട്ടത്, "ഈ കാര്യങ്ങൾ വ്യക്തമാക്കുന്നത് കതകിന്റെ ഇടയിലൂടെ അല്ലാതെ തന്നെ യേശുകർത്താവ് പെട്ടന്ന് അവർക്കു പ്രത്യക്ഷപ്പെട്ടു എന്നാണ്.''[160]

യേശുവിനെ തന്റെ കൂടെയുണ്ടായിരുന്ന ക്ലിയോപ്പാവും കൂട്ടാളിയും തിരിച്ചറിഞ്ഞപ്പോൾ അവൻ അവരുടെ കാഴ്ച്ചക്കു മറഞ്ഞു (ലൂക്കൊ. 24:31). ജോൺ ഫ്രാങ്ക്ളിൻ കാർട്ടൻ, ശരിയായ വിധത്തിൽ ഇതിനെക്കുറിച്ചു പറഞ്ഞത്, "യേശുക്രിസ്തു വിന്റെ ഉയർത്തെഴുന്നേൽപിനുശേഷം ലഭിച്ച ശരീരം ഈ ലോകത്തിലെ എല്ലാ വസ്തുവകകളെയും അതിജീവിക്കുവാൻ കഴിവുള്ളതായിരുന്നു. മുമ്പുണ്ടായിരുന്ന ശരീരത്തെക്കാളും വ്യത്യസ്തമായ ഈ ശരീരത്താൽ ഏതു ലോകത്തേയും അതിജീവിക്കുവാനുള്ള പ്രാപ്തമായ ശരീരത്താലാണ് ക്രിസ്തുവിന്റെ ഉയർപ്പിന്റെ ശരീരം നിലകൊള്ളുന്നത്.''[161] അദ്ദേഹം പറഞ്ഞ ഉദാഹരണത്തിന് പുറമെ പറയുന്നത് "കർത്താവിന്റെ ഉയർത്തെഴുന്നേൽപിന് ശേഷം വിവിധ സമയങ്ങളിലായി വ്യക്തികൾക്കും കൂട്ടങ്ങൾക്കും താൻ പ്രത്യക്ഷപ്പെട്ടപ്പോൾ അതിനിടയിലുള്ള കാലങ്ങളിൽ അവനെ ആർക്കും കാണാൻ കഴിയാതിരിക്കുന്ന ശരീരവുമായിരുന്നു അത്.''[162]

യേശുവിന്റെ ശരീരം മറ്റുള്ളതിനേക്കാൾ വ്യത്യാസമുള്ള, തന്റെ ഉദ്ദേശം സഫലീകരിച്ച് കഴിഞ്ഞപ്പോൾ അപ്രത്യക്ഷനാകുവാൻ കഴിയുന്നതായിരുന്നു. മർക്കൊ. 16:12 ''അവനവർക്ക് മറ്റൊരുപ്രകാരം പ്രത്യക്ഷപ്പെട്ടു. എമൗസിലേക്ക്

പോയ രണ്ട് ശിഷ്യന്മാർക്ക് അവരുടെ വഴിയിൽ ഉണ്ടായ പ്രത്യക്ഷതയാണ് ആർ.എസ്.വി. പരിഭാഷയിൽ ''മറ്റൊരു വിധത്തിൽ'' എന്ന് പറഞ്ഞിരിക്കുന്നു. എൻ.സി.വി. പരിഭാഷയിൽ ''താൻ മുമ്പുണ്ടായിരുന്നതുപോലെ അല്ല എന്ന് ഇപ്പോൾ യേശു വെളിപ്പെടുത്തുന്നു.'' എൻ.എൽ.ടി. പരിഭാഷയിൽ അവന്റെ പ്രത്യക്ഷത തന്നെ വ്യത്യസ്തമാണ്. ആര് തന്നെ ആയിരുന്നാലും യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിന് മുൻപ് അവനെ കണ്ടവർ ഉയർത്തെഴുന്നേറ്റ ഉടനെ അവനെ കണ്ടിട്ട് തിരിച്ചറിഞ്ഞിട്ടില്ല (ലൂക്കൊ. 24:16; യോഹ 20:14).

കാന്റർ അതിനെ ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്. ഉയർത്തെഴുന്നേറ്റ ശേഷം ലഭിച്ച ശരീരം ഒരു പരിമിതികൾക്കുള്ളിലും സ്ത്രീയെന്നോ പുരുഷനെന്നോ നിലയിൽ ഒതുക്കുവാൻ കഴിയുന്നതല്ല - അത് അവന്റെ മരണത്തിന് മുമ്പെ ഉണ്ടായിരുന്നതിന് വ്യത്യസ്തമാണ്.[163] റോബർട്ട് ഡൻക്കൻ കൾവർ വാദിച്ചത് ഇങ്ങനെയാണ് "ഭാവികാലശാസ്ത്രപരമായ[164] ഒന്നിലേക്ക് രൂപാന്തരപ്പെടുകയായിരുന്നു അവന്റെ ശരീരം. അതിനെയാണ് മഹത്ത്വീകരിക്കപ്പെട്ട ശരീരം എന്നു വിളിക്കുന്നത്"[165] ഫിലിപ്പിയർ 3:21-ൽ നിന്നായിരിക്കാം കൾവറിന്റെ ഈ ഒരു ഭാഷാ ശാസ്ത്രം വന്നത്. അവന്റെ "മഹത്വത്തിന്റെ ശരീരം." കാന്റർ നിസംശയം വിവരിച്ചത് ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ ശരീരം അവന്റെ ശക്തിയുടെ വസ്തു ആയിരുന്നു എന്ന് പൗലൊസ് ആത്മീക ശരീരത്തെ വിളിച്ചു" (1 കൊരി. 15:44).[166]

യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരവും ആത്മീക ശരീരവും തമ്മിൽ അടുത്ത ബന്ധമുണ്ട്. നമ്മുടെ ഉയർത്തെഴുന്നേൽപ്പിന് ശേഷം നമുക്കും അത് ലഭിക്കും (2 കൊരി. 4:16-5:4).[167] ആത്മ്മീക ശരീത്തെക്കുറിച്ചുള്ള പൗലോസിന്റെ പഠിപ്പീരിൽ നാം പുനരുത്ഥാന ശരീരത്തെക്കുറിച്ച് 1 കൊരിന്ത്യർ 15-ാം അദ്ധ്യായത്തിൽ പൗലൊസ് വിശദീകരിച്ചിരിക്കുന്നു. പുതിയ "ആത്മീക ശരീരം" പഴയ സ്വാഭാവിക ശരീരത്തോട് ഏതോ ഒരു വിധത്തിൽ ബന്ധപ്പെട്ടതായിരിക്കും (1 കൊരി. 15:38-41) വിത്തു വിതയ്ക്കുന്നതിനെക്കുറിച്ച് താരതമ്യം ചെയ്ത് പൗലൊസ് ഇപ്രകാരം എഴുതി,

> മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു. അദ്രവത്വത്തിൽ ഉയിർക്കുന്നു; അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉയിർക്കുന്നു; ബലഹീനതയിൽ വിതെക്കപ്പെടുന്നു. ശക്തിയിൽ ഉയിർക്കുന്നു; പ്രകൃത്യാലുള്ള ശരീരം വിതെക്കപ്പെടുന്നു, ആത്മികശരീരം ഉയിർക്കുന്നു; പ്രകൃത്യാലുള്ള ഉണ്ടെങ്കിൽ ആത്മിക ശരീരവും ഉണ്ട് (1 കൊരി. 15:42-44).

ക്രിസ്തുതിരികെ വരുമ്പോൾ നമ്മുടെ ശരീരം "രൂപാന്തരം പ്രാപിക്കും.'' നാം മരിച്ചുകഴിഞ്ഞാലും ജീവനിൽ തന്നെ ഇരുന്നാലും (1 കൊരി. 15:51-54) നാം രൂപാന്തരം പ്രാപിക്കും. അപ്പോഴാണ് നമുക്കു പുനരുത്ഥാന ശരീരം ലഭ്യമാക്കുന്നത്.

നമുക്ക് ലഭിക്കാൻ പോകുന്ന ആത്മീക ശരീരവും യേശുവിന്റെ പുനരുത്ഥാന ശരീരവും തമ്മിലുള്ള സമാന സ്വഭാവങ്ങൾ കണ്ടുപിടിക്കാൻ ബുദ്ധിമുട്ടില്ല. എന്നാൽ ഒരു വ്യക്തമായ വ്യത്യാസം ശ്രദ്ധിക്കേണ്ടതുണ്ട്. യേശുവിന്റെ ഉയർത്തെഴുന്നേറ്റ ശരീരത്തിന് ''മാംസവും അസ്ഥിയും ഉണ്ടെന്ന് യേശു എടുത്തു പറഞ്ഞു'' (ലൂക്കൊ. 24:39). 1 കൊരിന്ത്യർ 15:50-ൽ വി. പൗലൊസ്

എഴുതുന്നത് "മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല" എന്നാണ്. അതായത് സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴികയില്ല എന്ന്. യേശു അങ്ങനെ പറഞ്ഞത് വെറും സാധാരണ ശരീരം എന്നുള്ള അർത്ഥത്തിൽ എന്നു പറഞ്ഞതായിരിക്കുവാൻ സാദ്ധ്യതയുണ്ട്.[168] ഉയർത്തെഴുന്നേറ്റശേഷം 40 ദിവസങ്ങളിൽ യേശു ശിഷ്യന്മാർക്കും മറ്റും പ്രത്യക്ഷമായത് തന്റെ ആത്യന്തികമായ മഹത്വത്തോടു കൂടിയ ശരീരത്തിന് അനുരൂപമാക്കിയ ഒരു ശരീരത്തോടെയാവാനും സാദ്ധ്യതയുണ്ട്. തന്റെ ശിഷ്യന്മാരോട് സമ്പർക്കം പുലർത്തുവാനും അവരെ തന്റെ സ്വർഗ്ഗാരോഹണത്തിനു വേണ്ടി ഒരുക്കുവാനും അങ്ങനെ ചെയ്തന്ന് ചിന്തിക്കാം. അങ്ങനെയെങ്കിൽ തന്നിലുണ്ടായ പൂർണ്ണവും അവസാനത്തേതുമായ മാറ്റം താൻ പിതാവിന്റെ സന്നിധിയിലേക്ക് ആരോഹണം ചെയ്തശേഷം വന്നു എന്നു ചിന്തിക്കാം.

ഇത്രയും പറഞ്ഞശേഷം യേശുവിന്റെ പുനരുത്ഥാന ശരീരത്തെക്കുറിച്ച് നമുക്ക് എന്തറിയാൻ സാധിക്കും? അത് ഒരു *അസാധാരണ* ശരീരമായിരുന്നു. എന്നാൽ അതൊരു യഥാർത്ഥ ശരീരവും ആയിരുന്നു. അവൻ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്ന് നാം വിശ്വാസത്താൽ അറിയുന്നു. അതാണ് ആവശ്യമായിട്ടുള്ളത്.

**ഉയർത്തെഴുന്നേൽപ് എന്താണ് പ്രഖ്യാപിക്കുന്നത് (1:4)**

യേശുവിന്റെ മരണം, കല്ലറയിലെ അടക്കം, ഉയർപ്പ് ഇവയാണ് നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രം (1 കൊരി. 15:1–4) ഒരോ ആഴ്ചവട്ടത്തിന്റെയും ഒന്നാം നാളിൽ നാം കർത്തൃമേശക്കു[169] ചുറ്റും കൂടിവരുമ്പോൾ നാം ക്രിസ്തുവിന്റെ മരണ, കബറടക്ക, പുനരുത്ഥാനങ്ങൾക്ക് ഓർമ്മ ആചരിക്കുന്നു. ഇപ്പോൾ നമുക്ക് നമ്മുടെ ചിന്തകളെ യേശുവിന്റെ പുനരുത്ഥാനത്തിൽ കേന്ദ്രീകരിക്കാം. യേശുവിന്റെ പുനരുത്ഥാനം എന്തെല്ലാം വിവരങ്ങൾ മനസ്സിലാക്കിത്തരുന്നു എന്നതുപോലെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം.

1. *യേശു ദൈവപുത്രനാണ്.* യേശുവിന്റെ ഉയർപ്പ് യേശുവിന്റെ ദൈവികത്വത്തെ പ്രഖ്യാപിക്കുന്നു. റോമർ 1:4–ൽ ഉയർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ച് ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവൻ നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവപുത്രനാണെന്ന് യേശുവിന്റെ പുനരുത്ഥാനം തെളിയിച്ചു.

പുനരുത്ഥാന ദിവസം അതിരാവിലെ ആദ്യമായി കല്ലറെക്കൽ വന്നത് യേശുവിന്റെ ശരീരത്തിൽ സുഗന്ധവർഗ്ഗം പൂശുവാൻ വന്ന സ്ത്രീകളാണ്. മഗ്ദലന മറിയം മറ്റുള്ളവരെ വിട്ടിട്ട് പത്രൊസിനോടും യോഹന്നാനോടും പറയുവാൻ പോയി. മറിയയുടെ ഭയം കേട്ടിട്ട് പത്രൊസും യോഹന്നാനും ആ കാര്യം പരിശോധിക്കാൻ കല്ലറക്കലേക്ക് ഓടി. യോഹന്നാൻ പിന്നീട് എഴുതുന്നു. മറ്റെ ശിഷ്യനും അപ്പോൾ അകത്തുചെന്നു കണ്ടു വിശ്വസിച്ചു. അവൻ ആ തോട്ടത്തിൽ എന്തു വിശ്വസിക്കണമെന്നറിയാതെ പത്രൊസിനോടുകൂടെ പ്രവേശിച്ചു. പിന്നെ കല്ലറയിൽ കടന്ന് കണ്ടു വിശ്വസിച്ചു. യോഹന്നാന്റെ സ്വന്തം വാക്കുകൾ:

> ശീമോൻ പത്രൊസും അവന്റെ പിന്നാലെ വന്ന് കല്ലറയിൽ കടന്നു ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടു കൂടെ കിടക്കാതെ വേറിട്ട് ഒരിടത്ത് ചുരുട്ടി വച്ചിരിക്കുന്നതും കണ്ടു.

മറ്റെ ശിഷ്യൻ (യോഹന്നാൻ[170]) ആദ്യം കല്ലറക്കൽ എത്തിയെങ്കിലും അകത്തു ചെന്നു കണ്ടു വിശ്വസിച്ചു (യോഹ. 20:6–8).[171]

യോഹന്നാൻ വിശ്വസിപ്പാൻ തക്കവണ്ണം എന്താണ് കണ്ടത്? "ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടെ കിടക്കാതെ വേറിട്ട് ചുരുട്ടിവച്ചിരിക്കുന്നതും കണ്ടു." മനുഷ്യർ വേഗം വന്ന് അവന്റെ ശരീരം എടുത്തുകൊണ്ടു പോയെങ്കിൽ[172] ശീലകൾ മാറ്റുവാനും റൂമാൽ ചുരുട്ടി മടക്കി വെക്കുവാനും മെനക്കെടുകയില്ലായിരുന്നു. യോഹന്നാൻ കണ്ടത് മനുഷ്യരുടെ പ്രയത്നം അവിടെ ഉണ്ടായതുപോലെയല്ലാ. ദൈവീകമായ ഇടപെടൽ ഉണ്ടായതുപോലെയാണ്. യേശു നേരത്തെ പറഞ്ഞിട്ടുള്ളതുപോലെയാണ് (മത്താ. 16:21; 17:23; 20:19; മർ. 8:31; 9:31; 10:34; ലൂക്കൊ. 9:22; യോഹ. 2:19).

നാം തെളിവുകൾ പരിശോധിക്കുന്നപക്ഷം യോഹന്നാനെപ്പോലെ നമുക്കും വിശ്വസിക്കുവാൻ സാധിക്കും. യേശു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നുള്ളതിന് ധാരാളം തെളിവുകളുണ്ട്. ഉദാഹരണമായി നമുക്ക് ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ട നൂറുകണക്കിന് വിശ്വസിക്കുവാൻ കൊള്ളാവുന്ന ആളുകളുടെ സാക്ഷ്യമുണ്ട് (1 കൊരി. 15:4–8).

ഒരു തെളിവ് യേശുവിന്റെ ശിഷ്യന്മാരിൽ ഉണ്ടായ മാറ്റമാണ്. യേശുവിന്റെ അറസ്റ്റും വിസ്താരവും നടന്ന സമയത്ത് തന്റെ അനുഗാമികളിലുണ്ടായിരുന്ന പെരുമാറ്റരീതികൾ ശ്രദ്ധേയമായിരുന്നു. അവർ തീരെ ധൈര്യഹീനരായിരുന്നു. ഒന്നുകിൽ ജീവരക്ഷക്കായി ഓടിപ്പോയി അല്ലെങ്കിൽ തങ്ങൾക്ക് ഒന്നും ഭവിയ്ക്കാതിരിപ്പാൻ അകലെ മാറിനിന്നു പത്രൊസ് യേശുവിനെ അറിയുകപോലുമില്ലെന്ന് തള്ളിപ്പറഞ്ഞു. എന്നാൽ അതേ ശിഷ്യന്മാർ യേശു ഉയിർത്തെഴുന്നേറ്റശേഷം ധൈര്യമായി പരസ്യമായി യേശുവിനെ പ്രസംഗിച്ചുകൊണ്ടിരുന്നു. അവരുടെ ഉറപ്പും ധൈര്യവും നിശ്ചയവും പുതിയ നിയമത്തിലുടനീളം ധ്വനിക്കുന്നുണ്ട്.

എന്തിനെക്കുറിച്ചായിരുന്നു അവർക്ക് ഉറപ്പ്? യേശു *ജീവിക്കുന്നു* എന്നതായിരുന്നു. ഈ വിശ്വാസവും ഉറപ്പും അപ്പൊസ്തലന്മാരുടെ ജീവിതം മാറ്റിമറിച്ചു. അവരുടെ വിശ്വാസം ഒരു കുലുക്കവുമില്ലാത്തതായിരുന്നു. അവർ കാരാഗൃഹത്തിലടക്കപ്പെട്ടപ്പോഴും, അടിയും കല്ലേറും ഏറ്റപ്പോഴും കൊല്ലപ്പെട്ടപ്പോഴും. ബലഹീനരും സ്ഥിരതയില്ലാത്തവരും അല്പവിശ്വാസികളും ആയിരുന്നു. വ്യക്തികൾ ലോകം കണ്ടിട്ടുള്ളവരിൽ വച്ച് ശക്തിയേറിയ വ്യക്തിത്വങ്ങളായി മാറി. അവരുടെ ഉപദേശം റോമാ സാമ്രാജ്യത്തെ കുലുക്കി. അവസാനം അത് ആടി ഉലഞ്ഞ് വീണുപോയി. ഇവരിലുണ്ടായ ഈ വലിയ മാറ്റത്തിന്റെ കാരണം ക്രിസ്തുവിന്റെ പുനരുത്ഥാനം അല്ലാതെ മറ്റൊന്നും ആയിരുന്നില്ല. ഉയർത്തെഴുന്നേറ്റ കർത്താവിനെ അവർ കണ്ടു. അത് അവരുടെ ജീവിതത്തെ എന്നെന്നേക്കുമായി മാറ്റി മറിച്ചു.

വളരെ നാളുകൾക്കു മുൻപുതന്നെ യേശു ദൈവത്തിന്റെ പുത്രനാണെന്ന് യേശുവിന്റെ പുനരുത്ഥാനം തെളിയിച്ചു. ഇന്നും അത് ഈ സത്യത്തെ പ്രഖ്യാപിക്കുന്നു.

2. *യേശുവിന്റെ യാഗം സ്വീകരിക്കപ്പെട്ടു.* യേശുവിന്റെ ക്രൂശിലെ യാഗം സ്വീകരിയ്ക്കപ്പെട്ടു എന്ന് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് പ്രഖ്യാപിക്കുന്നു. ക്രിസ്തുമാർഗ്ഗത്തിന്റെ കേന്ദ്രം കുരിശു ആണ്. "കുരിശുമൂലം" നമുക്ക്

ദൈവത്തോടു നിരപ്പു ലഭിച്ചു (എഫെ. 2:16). യേശുവിന്റെ ക്രൂശിലെ യാഗത്താൽ ദൈവത്തിന്റെ നീതി തൃപ്തിയാക്കപ്പെട്ടു.[173] നമുക്കു നിത്യജീവൻ ലഭിക്കുമെന്ന് പ്രത്യാശയുണ്ട്. പൗലൊസ് പറയുന്നു. "ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു" (1 കൊരി. 2:2). ഓരോ ആഴ്ചയിലും അതിന്റെ ഒന്നാം നാളിൽ നാം കർത്തൃമേശയ്ക്കു ചുറ്റും കൂടി വരുമ്പോൾ അത് "ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുകയാണ്" (1 കൊരി. 11:26).

എന്നാൽ യേശു മരണത്തിൽനിന്നും ഉയർത്തെഴുന്നേറ്റില്ലായിരുന്നു എങ്കിൽ കുരിശ് അതിന്റെ ഉദ്ദേശം നിവർത്തിച്ചു എന്നുള്ളത് സംശയാസ്പദമായിരുന്നേനേ. ദൈവം വാസ്തവമായി യേശുവിന്റെ ക്രൂശിലെ യാഗം സ്വീകരിച്ചു എന്ന് ഉയർത്തെഴുന്നേൽപ്പു പ്രഖ്യാപിക്കുന്നു. ആ അർത്ഥത്തിൽ യേശുവിന്റെ മരണത്താൽ മാത്രമല്ല ഉയിർത്തെഴുന്നേൽപിനാലുമാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ പൗലൊസ് യേശുവിനെക്കുറിച്ച് 4:25–ൽ "നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന് ഏൽപിച്ചും നമ്മുടെ *നീതീകരണത്തിനായി* ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശു'' (4:25).

3. *നമുക്ക് രക്ഷപെടുവാൻ കഴിയും.* നമ്മെ ഉത്തേജിപ്പിക്കുന്നതായ യേശുക്രിസ്തുവിന്റെ യാഗത്തിന്റെ സ്വീകാര്യത എന്തെന്നാൽ നമുക്ക് രക്ഷിക്കപ്പെടുവാൻ സാധിക്കും! എന്നതാണ്: പാപത്തിൽ മരിച്ചുകിടക്കുന്ന അവസ്ഥയിൽനിന്നും പുതുജീവനിലേക്ക് ഉയരുവാൻ നമുക്കു കഴിയും എന്ന് യേശുവിന്റെ പുനരുത്ഥാനം പ്രഖ്യാപിക്കുന്നു.

ഒരിക്കൽ യേശു ഒരു ശാരീരിക രോഗസൗഖ്യത്തെ തനിക്കു *ആത്മീക സൗഖ്യം* വരുത്താനും കഴിയുമെന്നു പഠിപ്പിക്കുവാൻ ഉപയോഗിച്ചു (മത്താ. 9:6). അതുപോലെ, യേശുവിന്റെ ശാരീരിക ഉത്ഥാനവും നമ്മുടെ *ആത്മീക* ഉത്ഥാനവും തമ്മിലുള്ള ബന്ധം വേദപുസ്തകം ശക്തിപ്പെടുത്തി പറയുന്നു. റോമിലെ ക്രിസ്ത്യാനികൾക്ക് പൗലൊസ് എഴുതി,

> അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിതീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു: ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു (6:4–6).

പൗലൊസ് എഫെസ്യർക്കു എഴുതിയപ്പോൾ അവരുടെ മാനസാന്തരത്തെ ഇങ്ങനെ കുറിച്ചു. ''അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ *ക്രിസ്തുവിനോടു* കൂടെ ജീവിപ്പിക്കും'' (എഫെ. 2:5). *അവൻ ക്രിസ്തുവിനെ മരണത്തിൽ നിന്നു യർപ്പിച്ചപ്പോൾ* വ്യാപരിച്ച അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം അനുസരിച്ചാണ് അവന്റെ ബലത്തിൽ വല്ലഭത്വത്തിന്റെ വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഉള്ളത് (എഫെ. 1:19, 20).

4. *നമുക്കൊരു ജീവിയ്ക്കുന്ന രക്ഷകനാണുള്ളത്.* നാം ഒരിക്കൽ നമ്മുടെ പാപത്തിൽ നിന്നും രക്ഷപെട്ടാൽ നമ്മുടെ ക്രിസ്തീയ ജീവിതം നയിപ്പാൻ

നമുക്ക് സഹായം ആവശ്യമാണ്. യേശുവിന്റെ പുനരുത്ഥാനം പ്രഖ്യപിക്കുന്ന വേറൊരു കാര്യം നമുക്കു വേണ്ടി മദ്ധ്യസ്ഥത ചെയ്യുന്ന ഒരു രക്ഷകനാണ് നമുക്കുള്ളതെന്നാണ് (എബ്രാ. 7:25). നമുക്കുള്ളത് ജീവനില്ലാത്ത ഉപദേശ സംഹിതയല്ല, ജീവിക്കുന്ന ഒരാളാണ്.

ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോടു കൂടെയുണ്ടെന്നാണ് വാഗ്ദത്തം (മത്താ. 28:20). നാം കൂടിവരുന്നേടത്തൊക്കെ മദ്ധ്യത്തിൽ വരാമെന്നു വാഗ്ദത്തമുണ്ട് (മത്താ. 18:20). എബ്രായ ലേഖനത്തിൽ ''അവൻ നമ്മുടെകരുണയുള്ളവനും വിശ്വസ്തനുമായ മഹാപുരോഹിതനാണെന്നത്രെ.'' നമ്മുടെ ബലഹീനതയിൽ ''സഹതപിക്കുന്നവനും നാം പരീക്ഷിയ്ക്കപ്പെടുമ്പോൾ നമ്മുടെ സഹായത്തിനു വരുന്നവനുമാണ്'' (എബ്രാ. 2:17; 4:15; 2:18). അവനിൽ കൂടെ നമുക്കു ''കരുണയും സഹായത്തിനുള്ള കൃപയും തക്കസമയത്ത് ലഭിക്കുവാൻ കഴിയും'' (എബ്രാ. 4:16).

റോമാ ലേഖനം അനുസരിച്ച് അവന്റെ മരണത്താൽ നാം ദൈവത്തോട് നിരപ്പു പ്രാപിച്ചെന്നു മാത്രമല്ല നാം ''അവന്റെ ജീവനാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു'' (5:10). നമുക്കായി ജീവിക്കയും നമ്മെ കരുതുകയും ചെയ്യുന്നു. രക്ഷകനായി സ്തോത്രം ചെയ്യാം!

5. *ഒരു ദിവസം വേർതിരിച്ചു വച്ചിരിക്കുന്നു.* ഒരു പ്രത്യേക ഉദ്ദേശത്തിനായി ഒരു ദിവസം വേർതിരിച്ചിരിക്കുന്നതായി പുനരുത്ഥാനം പ്രഖ്യാപിക്കുന്നു. ക്രിസ്തീയ ആഘോഷങ്ങൾക്കായി വർഷത്തിൽ ഒന്നുരണ്ടു ദിവസം എന്നല്ല ഞാൻ അർത്ഥമാക്കിയത് (ഗലാ. 4:10 കാണുക). പഴയനിയമത്തിലെ ശബ്ബത്തു നാളായ ഏഴാം ദിവസത്തെക്കുറിച്ചുമല്ല (പുറ. 20:8–11; ആവ. 5:12–15) അതുവരെയുള്ളതുമല്ല.

ഞാൻ പറയുന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ''ഞായറാഴ്ച'' യെക്കുറിച്ചാണ്. ആദിമസഭ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ദിവസം ആരാധനക്കായി ഒരുമിച്ചു കൂടി. കർത്താവിന്റെ അത്താഴം ആചരിക്കുന്നതിന് (അപ്പൊ. പ്ര. 20:7) തങ്ങൾ ക്കുള്ളത് അർപ്പിക്കുന്നതിനും (1 കൊരി. 16:2) ആഴ്ച്ചവട്ടത്തിന്റ ഒന്നാം ദിവസത്തെ യോഹന്നാൻ അപ്പൊസ്തലൻ ''കർത്തൃദിവസം'' എന്നു വിളിച്ചു (വെളി. 1:10).

എന്തുകൊണ്ടാണ് ആഴ്ചയുടെ ഒന്നാം നാൾ ക്രിസ്ത്യാനികൾക്ക് വിശേഷപ്പെട്ടത്? കർത്താവ് മരണത്തിൽ നിന്നുയിർത്തതുകൊണ്ട്.[174] മർക്കൊസ് പറയുന്നു "*ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ* അതികാലത്തു സൂര്യൻ ഉദിച്ചപ്പോൾ സ്ത്രീകൾ കല്ലറക്കൽ ചെന്നു" (മർക്കൊ. 16:2). അവിടെ ഒരു മാലാഖ അവരോടു പറഞ്ഞു. "ക്രൂശിക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അവൻ ഇവിടെ ഇല്ല നോക്കുവിൻ അവനെ വച്ചസ്ഥലം ഇതാ" (മർക്കൊ. 16:6). ക്രിസ്ത്യാനിക്ക് എല്ലാ ഞായറാഴ്ചയും സൂര്യനുദിക്കുമ്പോൾ ഉയിർപ്പിൻ പ്രഭാതം ആണ്.

6. *നാമും ഉയിർത്തെഴുന്നേൽക്കും.* അടുത്തതായി ഉയർപ്പിന്റെ പുളകം കൊള്ളിക്കുന്നതായ ദൂതുകളിൽ ഒന്നിലേക്കു നാം വരുകയാണ്: ഒരു ദിവസം നമ്മുടെ ശരീരങ്ങളും മരണത്തിൽ നിന്ന് ഉയിർക്കും! വളരെ വർഷങ്ങൾക്കു മുൻപ് ഇയ്യോബ് (ഇയ്യോ. 14:14) ''മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?'' എന്ന് ചോദിച്ചു. ''അതെ, യേശു ഉയിർത്തെഴുന്നേറ്റതിനാൽ!'' ഈ സത്യം 1 കൊരിന്ത്യർ 15:20–26 വാക്യങ്ങളിൽ ഉറപ്പാക്കിയിരിക്കുന്നു:

എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. ഓരോരുത്തനും താന്താന്റെ നിരയിലത്രെ. ആദ്യഫലം ക്രിസ്തു. പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ പിന്നെ അവസാനം. അന്ന് അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ടു രാജ്യം പിതാവായ ദൈവത്തെ ഏൽപിക്കും. അവൻ സകല ശത്രുക്കളെയും കീഴാക്കുവോളം വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും.

“നന്മ ചെയ്തവർ ജീവനായും തിന്മചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വന്നിരിക്കുന്നു'' (യോഹ. 5:29) നാമെല്ലാവരും ഉയിർത്തെഴന്നേൽക്കും മരണം ഒരു ഭിത്തിയല്ല. ഒരു വാതിൽ ആണ്. അത് അങ്ങനെതന്നെ എന്ന് യേശുവിന്റെ പുനരുത്ഥാനം ഉറപ്പുതരുന്നു!

7. *ദൈവം തന്റെ വാക്കുപാലിക്കുന്നു.* ഒരു സന്ദേശം കൂടെയുണ്ട്. സർവ്വരും പാലിക്കേണ്ട ഒരു പൊതുസത്യം. ദൈവം തന്റെ വാക്കുപോലെ തന്നെ ചെയ്യുന്നവനാണെന്നുള്ള സത്യം പ്രസംഗികൾ പറയാറുള്ളതുപോലെ. ‘‘ദൈവം ചിന്തിക്കുന്നതു പറയുകയും പറയുന്നത് ചെയ്യുകയും ചെയ്യും!''

തന്റെ പുനരുത്ഥാനത്തെക്കുറിച്ച് യേശുവിന്റെ പരസ്യപ്രസ്താവന തന്റെ കേൾവിക്കാരിൽ പതിഞ്ഞു. പ്രത്യേകിച്ച് ദൈവാലയത്തെ പരാമർശിച്ചു പറഞ്ഞകാര്യം ‘‘ഈ മന്ദിരം പൊളിപ്പിൻ ഞാൻ മൂന്നു ദിവസം കൊണ്ട് അതിനെ വീണ്ടും പണിയും'' എന്നത് തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചാണ് പറഞ്ഞിരുന്നത് (യോഹ. 2:19, 21). യേശു കയ്യഫാവിന്റെ മുമ്പാകെ വിസ്തരിക്കപ്പെട്ടപ്പോൾ ഒരു കള്ളസാക്ഷി ഈ വചനം ഉപയോഗിച്ചു (മത്താ. 26:61). ‘‘മന്ദിരം പൊളിച്ചു മൂന്നാംനാൾകൊണ്ട് വീണ്ടും പണിയുന്നവനേ നിന്നെത്തന്നെ രക്ഷിയ്ക്ക'' എന്ന് (മത്താ. 27:40; അപ്പൊ. പ്ര. 6:14).

യേശുവിന്റെ ശത്രുക്കൾ ഈ പ്രവചനം വിശ്വസിച്ചിരുന്നില്ല. പക്ഷേ അതു നടന്നു. അവന്റെ ശരീരം അവന്റെ ഭൗമിക മന്ദിരം ക്രൂശിൽ മരിച്ചു. മൂന്നാംനാൾ ആ ശരീരം മരണത്തിൽനിന്നും ഉയർത്തു. കർത്താവ് ഒരു കാര്യം പറഞ്ഞാൽ അതു സംഭവിക്കുകതന്നെ ചെയ്യും നമുക്ക് അതു വിശ്വസിക്കാം!

*സമാപനം.* തങ്ങൾ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നു എന്ന് ചിലർ പറയും. ആണ്ടിലൊരിക്കൽ അതിന് ശക്തീകരണം കൊടുക്കും. പക്ഷേ അതു സംബന്ധമായ വലിയ സത്യങ്ങൾ അവഗണിക്കുകയും ചെയ്യും:

യേശു ദൈവപുത്രനാണെന്ന് പുനരുത്ഥാനം സാക്ഷ്യപ്പെടുത്തുന്നു. പക്ഷേ പലരും അവന്റെ ദൈവത്വത്തെ നിഷേധിക്കുന്നു.

ദൈവകോപത്തെ തൃപ്തിപ്പെടുത്തിയെന്ന് പുനരുത്ഥാനം പ്രഖ്യാപിക്കുന്നു. പലരും പാപം എന്നതിന്റെ വാസ്തവത്തെ നിഷേധിക്കയും ദൈവം പാപത്തെ ശിക്ഷിക്കും എന്നത് തള്ളിക്കളയുകയും ചെയ്യുന്നു.

നമ്മുടെ വിശ്വാസം നടത്തുന്നതിനനുസരിച്ച് യേശുവിന്റെ മരണത്തോടും അടക്കത്തോടും ഉയർപ്പിനോടും (6:3, 4; ഗലാ. 3:26, 27) താദാത്മ്യപ്പെട്ടു സ്നാനം ഏറ്റു രക്ഷിക്കപ്പെടുവാൻ കഴിയുമെന്ന് യേശുവിന്റെ പുനരുത്ഥാനം

പഠിപ്പിക്കുമ്പോൾ ചിലർ സ്നാനത്തിന്റെ ആവശ്യം നിഷേധിക്കയും ചിലർ സ്നാത്തിൽ യേശുവിനെ ധരിക്കുവാൻ വിസമ്മതിക്കയും ചെയ്യുന്നു.

നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന ഒരു രക്ഷകൻ ജീവിക്കുന്നു എന്ന് പുനരുത്ഥാനം പ്രഖ്യാപിക്കുമ്പോൾ ചിലർ ദൈവം വ്യക്തിപരമായി ശക്തിയും സഹായവും നൽകുന്നു എന്ന കാര്യം നിഷേധിക്കുന്നു.

പുനരുത്ഥാനം നടന്നതനുസരിച്ചു കർത്തൃദിവസത്തിൽ സഭ കൂടിവന്ന് ദൈവത്തെ ആരാധിക്കുമ്പോൾ ചിലർ എപ്പോഴെങ്കിലും ഒരിക്കൽ മാത്രം അതിൽ സംബന്ധിക്കുന്നു.

ഒരു ദിവസം നാമും ഉയിർത്തെഴുന്നേല്ക്കുമെന്നു യേശുവിന്റെ ഉയിർപ്പ് അതിനാധാരമെന്നും പറയുമ്പോൾ ശരീരത്തിന്റെ ഉയർപ്പിനെ അവർ നിഷേധിക്കുന്നു.

യേശുവിന്റെ വാക്കുപോലെതന്നെ അവന്റെ പ്രവർത്തിയും നടക്കുമെന്ന് പുനരുത്ഥാനം പ്രഖ്യാപിക്കുമ്പോൾ പലരും അതിനെ പുച്ഛരിച്ചു തള്ളുന്നു.

വർഷങ്ങൾക്കു മുൻപ് ഒരു വലിയ തീപിടുത്തം ഇംഗ്ലണ്ടിൽ ഉണ്ടാകയും ഇംഗ്ലണ്ടിന് വളരെ ദുഃഖകാരണമായിത്തീരുകയും ചെയ്തിരുന്നു. ബ്രിട്ടനിലുണ്ടായിരുന്ന 760 വർഷത്തെ പഴക്കമുള്ളതും ഏറ്റവും വലിയ കതീഡ്രൽ ആയ യോർക്ക് മിനിസ്ട്രി എന്ന ഗോഫിക് ദേവാലയത്തിന്റെ ഉൾഭാഗം കത്തിനശിച്ചു. വർഷാവർഷം ധാരാളം ടൂറിസ്റ്റുകളെ അത് ആകർഷിച്ചുകൊണ്ടിരുന്നതാണ്. അതിന് ചില ദിവസങ്ങൾക്കു മുൻപ് വേറൊരു സംഭവം നടന്നിരുന്നു. അതു തീപിടുത്തത്തേക്കാൾ കഷ്ടമായ ഒരു കാര്യമായിരുന്നു. ആ സ്ഥലത്ത് വച്ച് "റവ. ഡേവിഡ് ജെൻകിൻസ്" എന്ന കപടനാമമുള്ള ഒരാളെ "ബിഷപ് ഓഫ് ദുറാം" എന്ന പേരിൽ പട്ടംകൊടുത്തു. അയാൾ യേശുവിന്റെ കന്യകാജനനത്തിലോ. പുനരുത്ഥാനത്തിലോ വിശ്വസിച്ചിരുന്നില്ല![175]

നിങ്ങൾ യേശുവിന്റെ ഉയർത്തെഴുന്നേല്പ്പിൽ വിശ്വസിക്കുന്നുവോ? എന്നാൽ അവ വിളിച്ചറിയിക്കുക! അതനുസരിച്ച് ജീവിക്കുക!

നിങ്ങൾ യേശുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ സ്നാനം ഏൽക്കുവാൻ ആവശ്യമെങ്കിൽ അറെച്ചു നിൽക്കരുത് ദൈവശക്തി ഇറങ്ങിവന്ന് യേശുവിന്റെ ജീവനില്ലാത്ത ശരീരത്തിൽ ജീവൻ നൽകി മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽപ്പിച്ചതുപോലെ ദൈവത്തിന്റെ ശക്തിയ്ക്കും സ്നേഹത്തിനും നിങ്ങളിൽ പുതുജീവൻ നൽകുവാൻ കഴിയും അവന്റെ ഇഷ്ടത്തിന് നിങ്ങൾ കീഴ്പെട്ടു കൊടുക്കുമെങ്കിൽ.

### "സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു" (1:8-15)

വായനക്കാർക്കുവേണ്ടി പൗലൊസ് നന്ദി പറഞ്ഞശേഷം ഈ ശക്തിയേറിയ പ്രസ്താവന നടത്തുന്നു. "എന്റെ ഭാഗം പറഞ്ഞാൽ റോമിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ ഒരുങ്ങിരിക്കുന്നു" (1:15). ഈ ഭാഗം വായിച്ചാൽ പൗലൊസ് റോമയിൽ പോകുവാൻ ആഗ്രഹിച്ചതിന് പല കാരണങ്ങൾ അടങ്ങിയിട്ടുണ്ടെന്നു മനസിലാക്കാം.[176]

അവൻ പ്രശംസിച്ച *വിശ്വാസം* (1:8-10).
അവർക്കു കൊടുക്കുവാനുള്ള *സംരക്ഷണം* (1:11).

തനിക്ക് ആവശ്യമായിരുന്ന *കൂട്ടായ്മ* (1:12).
താനാഗ്രഹിച്ച *ഫലം* ഉണ്ടാകേണ്ടതിന് (1:13).
തന്റെ മുഴുവൻ *ശ്രദ്ധയും* കേന്ദ്രീകരിച്ചിരുന്ന കാര്യം തന്നെ കൈവശപ്പെടുത്തിയതിനാൽ (1:14).

റോമാനഗരത്തിൽ പോയി സുവിശേഷം അറിയിക്കുവാൻ ഈ കാര്യങ്ങൾ ചേർന്ന് ഒരുക്കം ഉണ്ടായി.

പൗലൊസിന്റെ അതിതീഷ്ണമായ ഈ ആഗ്രഹത്തെക്കുറിച്ചു വായിക്കുമ്പോൾ നമ്മോടും നാം ചോദിക്കണം, ''പൗലൊസിനെപ്പോലെ സുവിശേഷം അറിയിക്കുവാനുള്ള ആഗ്രഹവും ഒരുക്കവും നമ്മിൽ ഉണ്ടോ?'' മറ്റുള്ളവരെ പഠിപ്പിക്കുന്നത് നമ്മിലനേകരും *ഐച്ഛികമായി* കാണുമ്പോൾ, അതിനെ ഒരു *കടപ്പാടായി* പൗലൊസ് കണക്കാക്കിയിരുന്നു.

*നമ്മുടെ ''കട'' ത്തെക്കുറിച്ച് ബോദ്ധ്യമുണ്ടോ?* നഷ്ടപ്പെടുന്നവർക്ക് നാം കടക്കാരാണ് എന്നുള്ളത് നാം മനസ്സിലാക്കേണ്ടത് ആവശ്യമാണ്. നാം അനേകർക്ക് ധാരാളമായി കടപ്പെട്ടവരാണ്. നമ്മെ പഠിപ്പിച്ചവർക്കും നമ്മെ ഈ നിലയിലാക്കിയവർക്കും നാം കടപ്പെട്ടവരാണ്. എല്ലാറ്റിലും ഉപരിയായി നമ്മെ സ്നേഹിച്ച് നമുക്കായി ജീവൻ വച്ചവനോട് നാം കടപ്പെട്ടിരിക്കുന്നു (എഫേ. 5:2). അവനാണ്, ഈ ലോകമെല്ലാം ഈ സുവിശേഷം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നത് (മത്താ. 28:18-20; മർക്കൊ. 16:15, 16). നമ്മുടെ അയൽവാസി പട്ടിണിയിലാണെങ്കിൽ അവർക്ക് കൊടുക്കുവാൻ നമ്മുടെ പക്കൽ ഉണ്ടെങ്കിൽ അത് കൊടുക്കുക എന്നുള്ളത് നമ്മുടെ കടമയല്ലേ? തീരാരോഗത്തിന് നമ്മുടെ കൈവശം മരുന്നുണ്ടെങ്കിൽ ആ രോഗവുമായി കഷ്ടമനുഭവിക്കുന്നവർക്ക് അത് കൊടുക്കുവാൻ നമ്മൾ ബാദ്ധ്യസ്ഥരല്ലേ? മനുഷ്യാത്മാക്കളെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുത്തുവാനുള്ള മാർഗ്ഗം നാം അറിഞ്ഞിരിക്കെ ആ മാർഗ്ഗം അവരെ അറിയിക്കുക എന്ന ഉത്തരവാദിത്വം നമ്മിൽ നിക്ഷിപ്തമല്ലേ? അതിനെയാണ് കടം എന്നു പൗലൊസ് വിളിച്ചത്!

ഞാൻ ഒക്ളഹോമ പട്ടണത്തിലും പരിസരത്തുള്ള ഗ്രാമീണ സഭയിലും എന്റെ മുഴുസമയ പ്രസംഗ ശുശ്രൂഷ നിറവേറ്റി. ആ സമയത്ത് സ്നാനം സ്വീകരിച്ച രണ്ടു പേർ ഒരു ഡോക്ടറും ഭാര്യയുമായിരുന്നു. അവർ അത്ഭുതത്തോടെ എന്നോട് പറഞ്ഞത് "മറ്റനേകർക്കും അവസരം ഇല്ലാതിരിക്കുമ്പോഴാണല്ലോ ഞങ്ങൾക്ക് ഈ സത്യം അറിയുവാനുള്ള ഭാഗ്യം ലഭിച്ചത്. ഞങ്ങൾ ഇത്രത്തോളം അനുഗ്രഹീതരായതുകൊണ്ട് ഈ സത്യ സുവിശേഷം പറയുവാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്."

നമുക്കു എല്ലാവരോടും കടപ്പാടുണ്ടെന്ന് നാം ഓർക്കണം. പ്രകൃത്യാ തന്നെ നമ്മെപ്പോലുള്ളവരോട് നാം കൂടുതൽ അനുയോജ്യരാണ്. ബർബ്ബരൻമാരോടും ഗ്രീക്കുകാരോടും, ജ്ഞാനികളോടും അജ്ഞാനികളോടും നമുക്ക് കടപ്പാടുണ്ട്. കടം കൊടുക്കുവാനുണ്ടെങ്കിൽ നാം അത് വീട്ടിയെ മതിയാകു എന്ന് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ് (1:14).

കടം വീട്ടണമെന്ന യൂണിവേഴ്സൽ കരാറുണ്ട്. അമേരിക്കയിൽ കടം വീട്ടാതെയിരിക്കുന്നവരെ ഇടിച്ചുതാഴ്ത്തുന്ന നാമനിർദ്ദേശങ്ങൾ കൊടുക്കാറുണ്ട്. ഇവാൻ മക്ലയർ പറഞ്ഞത് ''നമ്മുടെ കടം വീട്ടുന്നത് ശ്രേഷ്ഠമായ സുകൃതം ഒന്നും അല്ല. വീട്ടിയാൽ അതിന് പ്രത്യേക അഭിനന്ദനം ആവശ്യമില്ല. അത് ചെയ്യണമോ വേണ്ടായോ എന്നുള്ള ഒരു സ്വാതന്ത്ര്യവും ഇല്ല. നമ്മുടെ കടം

വീട്ടിയില്ലെങ്കിൽ അതു നമ്മളുടെ അവിശ്വസ്തതയും കള്ളത്തരവുമാണ്.''[177] നഷ്ടപ്പെടുന്നവരോട് നമുക്ക് ഒരു കടം തോന്നുണ്ടോ? ആ കടം വീട്ടുവാൻ അല്പമെങ്കിലും നാം ശ്രമിക്കാറുണ്ടോ?

*സുവിശേഷം പങ്കിടുവാൻ ഒരുങ്ങിയിരിക്കുന്നുവോ?* നമ്മുടെ കടത്തെക്കുറിച്ച് നമുക്ക് ഇപ്പോൾ ബോധ്യമുണ്ടായിക്കാണും. മറ്റുള്ളവരെ പഠിപ്പിക്കുവാൻ ചുമതല തോന്നുണ്ടായിരിക്കും. എന്നാൽ, പൗലൊസിനെപ്പോലെ അതിനായി ഒരുങ്ങി ഇരിക്കുന്നുവോ? നാം വൈമനസ്യമോ ഭയമോ ഉദാസീനതയോ ഉള്ളവരാണോ? അതാണോ നാം ഒരുങ്ങാത്തതിന് തടസ്സം.

മറ്റുള്ളവരിൽ എന്തല്ലാം അനുഗ്രഹങ്ങൾ ഈ സുവിശേഷം നിമിത്തം ലഭിക്കും എന്നോർത്തിട്ട് നാം അതിനായി *മറ്റുള്ളവരെ* പഠിപ്പിക്കുവാൻ ഒരുങ്ങിയിരിക്കണം. അത് അവരുടെ ആത്മാക്കളെ രക്ഷിക്കും, അവർക്ക് ഈ ലോക ജീവിതത്തിൽ ശക്തി പകരും.

വരുവാനുള്ള ജീവിതത്തിനുവേണ്ടി അവരെ ഒരുക്കുക. ഒരു പ്രസംഗകൻ ഒരു ആശുപത്രി സന്ദർശിച്ചുകൊണ്ടിരുന്നു. അപ്പോൾ ഒരാൾ ഒരു രോഗിയുടെ കിടക്കയിൽനിന്നും ഒരു ചാർട്ട് കയ്യിൽ പിടിച്ചുകൊണ്ട് പ്രസംഗകന്റെ കൈയ്യിൽ പിടിച്ച് ചാർട്ടു കാണിച്ചുകൊണ്ട് പറയുകയാണ് "കണ്ടോ! അവളുടെ പനി കുറഞ്ഞുവരുന്നു!" രോഗി ആരെന്നോ ആ മനുഷ്യൻ ആരെന്നോ പ്രസംഗകന് ഒരു ഊഹവും ഇല്ലായിരുന്നു. പിന്നീട് ആ മനുഷ്യനെ കണ്ടേയില്ല. എന്നാൽ സന്തോഷാധിക്യത്താൽ നല്ല വാർത്ത പങ്കിട്ട ആ മനുഷ്യനെക്കുറിച്ച് താൻ ആദ്യം കണ്ട അപരിചതനോട് അതേക്കുറിച്ചു പറഞ്ഞു.[178]

നാമും സുവിശേഷം മറ്റുള്ളവരോടു പങ്കിടുവാൻ തിടുക്കം ഉള്ളവരായിരിക്കണം എന്തെന്നാൽ അത് നമ്മിൽ പലകാര്യങ്ങളും ചെയ്യും...

... ദൈവം നമ്മിൽ ചെയ്ത കാര്യങ്ങളെക്കുറിച്ച് കൂടുതലായി അഭിനന്ദനം ഉണ്ടാകും.

... ആത്മാക്കൾ രക്ഷിയ്ക്കപ്പെടുകയും ശക്തിപ്പെടുകയും ചെയ്യുന്നത് കാണുന്നതിലുള്ള സന്തോഷം.

... കർത്താവ് കല്പിച്ച കാര്യം ചെയ്യുകയാണല്ലോ എന്നതിന്റെ തൃപ്തി.

... പൗലോസിനും മറ്റും ഉണ്ടായതുപോലെ നഷ്ടപ്പെട്ടവരെക്കുറിച്ച് തീഷ്ണമായ എരിവുള്ള ഹൃദയം നമുക്കും ഉണ്ടാകും.

## വിപ്ലവകരമായ പുസ്തകം (1:8-15)

രണ്ടു പെൺകുട്ടികൾ വേദപുസ്തകത്തിലെ അവസാന പുസ്തകം ഏതാണെന്നുള്ളതിനെക്കുറിച്ച് തർക്കിച്ചുകൊണ്ടിരുന്നു. അത് ''തിമോഥെയോസ്'' ൽ അവസാനിക്കുന്നു എന്ന് ഒരാൾ പറഞ്ഞു. മറ്റവൾ ''അല്ലാ അത് വെളിപ്പാടിലാണ്'' അവസാനിക്കുന്നതെന്നു പറഞ്ഞു.[179] വേദപുസ്തകം റെവൊല്യൂഷൻ എന്നൊരു പുസ്തകത്തിൽ അവസാനിക്കുന്നില്ല. എന്നാൽ അത് റെവൊല്യൂഷനറിയാണ് (വിപ്ലവകരമായതാണ്) റോമാലേഖനവും വിപ്ലവകരമായതുതന്നെ. ഒരിയ്ക്കൽ നാം അതിലെ സന്ദേശം മനസ്സിലാക്കി നമ്മുടെ ഹൃദയത്തിൽ പ്രവേശിപ്പിച്ചാൽ നമുക്കും മറ്റുള്ളവരെ സുവിശേഷം പഠിപ്പിക്കുവനുനുള്ള കടമ അനുഭവപ്പെടും. നാമത് അതീവ ആഗ്രഹത്തോടെ ചെയ്യുകയും ചെയ്യും!

**സുവിശേഷം പ്രസംഗിക്കുന്നത് (1:8-15)**

ഈ വചനങ്ങൾ വിവിധമായ ഉപയോഗങ്ങൾ കാണിച്ചു തരുന്നു. ഞാൻ പല സന്ദർഭങ്ങളിൽ പ്രേക്ഷിത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഈ ഭാഗം ഉപയോഗിച്ചിട്ടുണ്ട്.

ഒരു പുതിയസഭയിലേക്ക് കടന്നുചെല്ലുമ്പോൾ പ്രാരംഭപ്രസംഗത്തിന് നല്ല ഒരു അടിസ്ഥാനമായി ഇതുപയോഗിക്കാം. റോമയിലെ സഭയുടെ വിഖ്യാതമായ വിശ്വാസത്തെക്കുറഇച്ച് സംസാരിക്കുമ്പോൾ ആ സഭയുടെ ചരിത്രത്തെക്കുറിച്ച് പുനർ അവലോകനം നടത്തുവാനും ഒരുമിച്ചുള്ള കാലങ്ങൾ അവർക്ക് അനുഗ്രഹപ്രദം ആകുമെന്ന് പ്രത്യശിക്കുകയും നിശ്ചയമായും എനിക്ക് അനുഗ്രഹമായിരിക്കും എന്ന് പ്രതീക്ഷിക്കുകയും ചെയ്യാം. ആ സഭയെ സഹായിക്കുവാൻ വേണ്ടി എനാൽ കഴിവതെല്ലാം ചെയ്യാമെന്നും എന്നാൽ എന്റെ ഒന്നാമത്തെ ശ്രദ്ധ സുവിശേഷം പ്രസംഗിക്കുകയാണെന്നും പറയുവാൻ കഴിയും. പൗലൊസിന്റെ ഭാവിപദ്ധതികളുടെ അനിശ്ചിതത്വത്തെക്കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കാം. പൗലോസിന് കാര്യങ്ങൾ കർത്താവിന്റെ കൈയ്യിൽ ഭരമേൽപ്പിക്കണമായിരുന്നു. അതുപോലെ ഈ സഭയ്ക്കും ഭാവി എന്താകുമെന്നറിയുന്നില്ല. എന്നാൽ ഭാവിയെ നിയന്ത്രിക്കുന്ന ദൈവത്തെ നാം അറിയുന്നു. ദൈവയിഷ്ടം ചെയ്വാൻ നമ്മെ സമർപ്പിക്കാം.

പൗലൊസിന്റെ ആഗ്രഹം നമുക്ക് അവരെക്കുറിച്ചുള്ള ആഗ്രഹമായി പറവനാനുള്ള ഒരു വാക്യമായി പ്രയോഗിക്കാം.

**ഉത്തരം ലഭിയ്ക്കാത്ത പ്രാർത്ഥനകൾ (1:8-10, 13)**

ലഭിച്ചില്ല എങ്കിലും പൗലൊസ് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. നാം ഏതെങ്കിലും കാര്യം പ്രാർത്ഥനയിൽ ദൈവത്തോട് അപേക്ഷിച്ചിട്ട് പെട്ടെന്ന് ലഭിച്ചില്ലെങ്കിലും നാം പ്രാർത്ഥന നിർത്തിക്കളയരുത്. ദൈവം നമ്മുടെ പ്രാർത്ഥനയ്ക്കു ഉത്തരം തന്നില്ലെന്ന് നാം വിചാരിയ്ക്കരുത്. ‘‘ഇല്ല’’ എന്നോ, അതിലും മെച്ചമായത് തരാം എന്നോ, അല്പംകൂടെ താമസിയ്ക്കട്ടെ എന്നോ ഉള്ള ഉത്തരം ‘‘അതെ’’ എന്ന ഉത്തരത്തിന് സമമാണ് പൗലൊസിന്റെ കാര്യത്തിൽ ‘‘അല്പം കാത്തിരിയ്ക്ക’’ എന്ന് ആയിരുന്നു ഉത്തരം.

**പരസ്പരം പ്രോത്സാഹിപ്പിക്കുന്നത് (1:11, 12)**

ക്രിസ്ത്യാനികളായ നമുക്ക് ഓരോരുത്തർക്കും തമ്മിൽ തമ്മിൽ ആവശ്യമുണ്ട്. നമുക്ക് ഒരുമിച്ച് ആരാധിക്കണം, ഒരുമിച്ച് വേലചെയ്യണം സാമൂഹ്യമായ ബന്ധങ്ങളുണ്ടാവണം. അത് മറ്റുള്ളവരോടു ചേർന്ന് ശബ്ദ്ധമുയർത്തി സ്തുതി മുഴക്കുവാൻ സഹയിക്കുന്നു. മറ്റുള്ളവർ വിശ്വസ്തരായി ദൈവത്തെ സേവിക്കുന്നതുകണ്ട് ധൈര്യപ്പെടുവാൻ ഇടയാകുന്നു. മറ്റുള്ളവർ ദൈവസഹായത്താൽ പീഢനം അനുഭവിയ്ക്കുന്നതെങ്ങനെയെന്ന് അറിഞ്ഞ് ബലപ്പെടുവാൻ സാധിക്കുന്നു.

എപ്പോഴെങ്കിലും നിങ്ങൾ തീജ്വാലയ്ക്കടുത്തു നിന്നിട്ടുണ്ടോ? ജ്വലിച്ചുകൊണ്ടിരിക്കുന്ന തീയിൽ നിന്നും ഒരു എരിയുന്ന കനലോ കൊള്ളിയോ എടുത്തു മാറ്റിയാൽ എന്തുസംഭവിക്കുന്നു? പെട്ടെന്ന് അത് കറുത്തുപോകയും തണുത്തു പോകയും ചെയ്യും. കൂട്ടു ക്രിസ്ത്യാനികളുടെ ഇടയിൽ നിന്നും ഒരാൾ വേർപെട്ടുമാറിയാൽ അതുപോലെ സംഭവിക്കും. ദൈവം സഭയെ സ്ഥാപിച്ചതിന്റെ ഉദ്ദേശങ്ങളിലൊന്ന് നമുക്കു ക്രിസ്തീയ ജീവിതം

നയ്ക്കുവാൻ മറ്റുള്ളവരുടെ സഹായം കൂടെ ആവശ്യമുണ്ടെന്ന് കർത്താവു അറിയുന്നതുകൊണ്ടാണ്.

**പൗലൊസിന്റെ "ഞാനാകുന്നു" എന്ന പ്രസ്താവനകൾ (1:14-16)**

പൗലൊസിന്റെ ‘‘ഞാൻ ആകുന്നു’’ എന്ന പ്രസ്താവന പ്രസംഗിയ്ക്കുവാനും പഠിപ്പിയ്ക്കുവാനുമുള്ള സൗകര്യം കാണുക (1:14-16). പൗലൊസ് ഇങ്ങനെ പ്രസ്താവിച്ചു:

‘‘ഞാൻ കടക്കാരാൻ ആകുന്നു (എല്ലാ മനുഷ്യർക്കും)’’ (1:14).
‘‘ഞാൻ ഒരുങ്ങിയിരിക്കുന്നു’’ (1:15).
‘‘സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല’’ (1:16).

**സുവിശേഷം (1:16, 17)**

വാറൻ W. വിയഴ്സബി ഈ വാക്യങ്ങൾക്ക് ഒരു രൂപരേഖ നിർദ്ദേശിച്ചിട്ടുണ്ട്:

സുവിശേഷത്തിന്റെ ഉത്ഭവം: അത് ക്രിസ്തുവിന്റെ സുവിശേഷമാണ് (1:16മ).
സുവിശേഷത്തിന്റെ പ്രയോഗം: അത് ദൈവശക്തിയാണ് (1:16യ).
സുവിശേഷത്തിന്റെ അനന്തരഫലം: രക്ഷക്കായി ദൈവശക്തിയാണ് (1:16ര).
സുവിശേഷത്തിന്റെ മുന്നേറ്റം: വിശ്വസിക്കുന്ന ഏവർക്കും (1:16റ, 17).[180]

**ഒഴിച്ചുകൂടാൻ ആകാത്ത സുവിശേഷം (1:16, 17)**

ഈ ലേഖനത്തിൽ പൗലൊസ് എങ്ങനെയുള്ള ഒരു സന്ദേശമാണ് അവതരിപ്പിക്കുന്നത്? അത് ശാന്തമായതും ഉറപ്പിക്കുന്നതുമായ ഒരു ബുധനാഴ്ച രാത്രി പ്രസംഗമാണോ അതോ ഒരു ജീവന്മരണ ചർച്ചയാണോ? ‘‘ഒഴിച്ചുകൂടാൻ പറ്റാത്ത’’ ഒരു സന്ദേശം എന്നാണ് നമ്മോട് ഉച്ചൈസ്തരം വിളിച്ചു പറയുന്നത്.

ഒഴിച്ചുവെക്കാൻ പറ്റാത്ത രോഗചികിൽസ (1:16, 17).
ഒഴിച്ചുകൂടാനാവത്ത ആവശ്യകത (വ്യവസ്ഥ) വിശ്വാസം (1:16യ, 17).
ഒഴിച്ചുകൂടാനാവാത്ത ഫലം (നീതി) (1:17).

**സുവിശേഷത്തിന്റെ ശക്തി (1:16)**

റോമാ, ശക്തിയുടെ ഭ്രാന്തു പിടിച്ചിരുന്നു എന്നതുപോലെത്തന്നെ ഇന്നത്തെലോകവും നമുക്ക് ഏറിയ ബലം ഏറിയ വേഗം കൂടുതൽ വലിപ്പം. ഇതാണ് എന്നാൽ 2000 വർഷം കഴിഞ്ഞിട്ടും സുവിശേഷത്തെ താരതമ്യപ്പെടുത്താവുന്ന ഒരു ശക്തിയുമില്ല - ക്രൂശിന്റെ ശക്തി ഇന്നും ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ് (1 കൊരി. 1:24). ജയിംസ് മെഡോസ് അതിനെക്കുറിച്ച് പറയുന്നത് ‘‘സുവിശേഷം, പാപത്തെയും, പാരമ്പര്യങ്ങളെയും, വിഗ്രഹാരാധനയേയും, നിസ്സഹായതയേയും, എല്ലാം മനുഷ്യ ജീവിതത്തിൽനിന്നും തരിപ്പണമാക്കുന്ന ഒരു സ്ഫോടക വസ്തു’’ വാണെന്നാണ്.[181]

സുവിശേഷം പാപക്ഷമ തരുവാനുള്ള ദൈവശക്തി മാത്രമല്ല. അത് ദൈവത്തിന്റെ നിർബന്ധിപ്പിക്കുന്ന ശക്തികൂടിയാണ് യേശു പറഞ്ഞു. ‘‘ഞാൻ

ഭൂമിയിൽ നിന്നുയർത്തപ്പെട്ടാൽ (ക്രൂശിന്മേൽ) ഞാൻ എല്ലാവരെയും എങ്കലേക്ക് ആകർഷിയ്ക്കും'' എന്ന് (യോഹ. 12:32). കൂടാതെ സുവിശേഷം ദൈവത്തിന്റെ വീണ്ടും സൃഷ്ടിക്കുന്ന ശക്തിയുമാണ്. ദൈവ സ്നേഹത്തിന്റെ സംഭവത്തോട് പ്രതികരിച്ചിട്ടുള്ള അനേകായിരം ആളുകൾ ജീവിതത്തിൽ രൂപാന്തരം പ്രാപിച്ചിട്ടുണ്ട് (2 കൊരി. 5:17). ജീവിതത്തിൽ മാറ്റം വന്ന ഒരു മനുഷ്യനെക്കുറിച്ച് അദ്ദേഹത്തിന്റെ ഒരു കീഴ്ഉദ്യോഗസ്ഥൻ പറഞ്ഞത് ''അദ്ദേഹം പഴയ മനുഷ്യനേ അല്ല. പുറമേ അയാൾതന്നെ, പക്ഷേ ഉള്ളിൽ ഒരു പുതിയ മനുഷ്യനാണ് എന്നത്രെ!''[182]

നാം സുവിശേഷത്തെ ഉപേക്ഷിയ്ക്കരുത്, അവഗണിയ്ക്കരുത്, മാറ്റം വരുത്തരുത്, വികലമാക്കരുത്, കേൾക്കാതിരിക്കരുത്, വിശ്വാസികൾ അത് പ്രസംഗിയ്ക്കാതെയിരിക്കരുത്. ഇന്നും അത് ദൈവശക്തിതന്നെയാണ്.[183] ദൈവത്തിന്റേതുമാത്രമായശക്തി, രക്ഷയ്ക്കായുള്ള ശക്തി. ഇന്നു ചിലർ ആളുകളെ സഭയിലേക്കുകൊണ്ടുവരുവാൻ പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിയ്ക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കോയ് റോപ്പർ പറയുന്നത്, ''എന്തെല്ലാം കാര്യങ്ങൾ ആളുകളെ സഭയിലേക്ക് ആകർഷിച്ചാലും നാം *സുവിശേഷം* പ്രസംഗിക്കുകയും ആളുകൾ അത് അനുസരിക്കയും ചെയ്യുന്നതുവരെ ആരും തന്നെ രക്ഷിക്കപ്പെടുകയില്ല''[184] പാപരോഗത്താൽ ബാധിതരായവർക്ക് ഇന്നും സുവിശേഷമാണ് അതിനുള്ള ചികിത്സ. നമുക്ക് അറിയാവുന്ന എല്ലാവർക്കും അതു പങ്കിട്ടുകൊടുത്തില്ലെങ്കിൽ അവരെല്ലാം നഷ്ടപ്പെട്ടുപോകും!

പൗലൊസിനെപ്പോലെയല്ലാതെ നാം സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കുന്നുണ്ടോ? നമ്മിൽ അനേകരും സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കുന്നു എന്നു സമ്മതിക്കയില്ല. പക്ഷേ യേശുവിലുള്ള വിശ്വാസത്തെക്കുറിച്ച് സ്നേഹിതരോട് പറവാൻ മടിയ്ക്കുന്നില്ലേ? അവർ നമ്മുടെ സ്നേഹിതരായി തുടരുകയില്ലെന്നു കരുതി അവരെ യേശുവിനെക്കുറിച്ച് പഠിപ്പിയ്ക്കുവാൻ ഭയപ്പെടുന്നില്ലേ? ഇ.ഇ.ഢ. റോമ. 1:16-ൽ വാക്യം ഇങ്ങനെ വെളിപ്പെടുത്തുന്നു ''ഞാൻ സുവിശേഷത്തെക്കുറിച്ച് അഭിമാനിക്കുന്നു.'' സുവിശേഷത്തെക്കുറിച്ച് എപ്പോഴും *അഭിമാനിക്കുവാൻ* ദൈവം നമുക്ക് ഇടയാക്കട്ടെ, അതിനനുസരിച്ച് പ്രവർത്തിക്കുവാനും!

**ദൈവത്തിന്റെ സ്ഫോടക വസ്തു (1:16)**

റിച്ചാർഡ്ണ്ട സി. ഹേൽവേർസൺ എഴുതി,

> ശക്തി.
>
> അത് ഇന്നിന്റെ വാക്കാണ്!
>
> നമ്മുടെ സംസ്ക്കാരത്തിന്റെ വ്യക്തമായ വാക്ക് - പരിസമാപ്തി. സാങ്കേതികമോ, സാമൂഹ്യമോ, രാഷ്ട്രീയമോ, സൈനികമോ, സാമ്പത്തികമോ, ഭരണപരമോ, മതപരമോ, വ്യക്തിപരമോ ഏതായാലും എല്ലാറ്റിനും താക്കോൽ ശക്തി തന്നെ, നേട്ടങ്ങൾക്കും, സംപൂർത്തി യ്ക്കും മനുഷ്യന്റെ അന്തിമമായ വിധിയ്ക്കും ശക്തി തന്നെ.[185]

നിർഭാഗ്യവശാൽ മനുഷ്യൻ തന്റെ കൈവശം നല്കപ്പെട്ട ശക്തിയെ തെറ്റായ രീതിയിൽ കൈകാര്യം ചെയ്തു.

മനുഷ്യർ കണ്ടുപിടിച്ചേക്കാവുന്നതുമായ ശക്തിസ്രോതസ്സിനേക്കാൾ ശക്തിമത്തം ദൈവത്തിന്റെ വൻശക്തിയാണെന്ന് പൗലോസ് സൂചിപ്പിച്ചതുമായ ആ ശക്തിക്കായി ദൈവത്തിനു സ്തോത്രം. "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല, എന്തുകൊണ്ടെന്നാൽ അത് വിശ്വസിക്കുന്ന ഏവർക്കും രക്ഷയ്ക്കായി ദൈവത്തിന്റെ ശക്തിയാകുന്നു. ആദ്യം യഹൂദനും പിന്നെ യവനർക്കും" (1:16). ശക്തിയെന്ന് തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്കുപദം δύναμις (*dunamis*) എന്നതാണ്. അതിൽ നിന്നാണ് "ഡൈനാമിക്, ഡൈനമോ, ഡൈനാമൈറ്റ്" എന്ന പദങ്ങൾ ഉണ്ടായിരിക്കുന്നത്. ദൈവത്തിന്റെ *സുവിശേഷം* രക്ഷയ്ക്കുള്ള ഡൈനമൈറ്റ് ആണ്!

മൂലകൃതിയിൽ "ദ" എന്ന വിശേഷണം "ശക്തി" എന്നതിന് മുമ്പായി ഇല്ല എന്നത് ശ്രദ്ധിക്കണം.[186] പൗലോസ് പറയുന്നത് സുവിശേഷം രക്ഷയ്ക്കായി ദൈവശക്തിയാകുന്നു എന്നാണ്. പ്രകൃതിയിൽ ദൈവശക്തി വെളിപ്പെടുത്തിയിട്ടുണ്ട്. ഭയപ്പെടുന്ന ഇടിമുഴക്കം, കൊടുങ്കാറ്റ് ഇവ സാക്ഷ്യപ്പെടുത്തുന്നു. പുതിയനിയമകാലത്ത് ദൈവശക്തി അത്ഭുതപ്രവർത്തികളിൽ കൂടി വെളിപ്പെടുത്തി. രക്ഷയെ സംബന്ധിച്ച വിഷയങ്ങളിൽ ദൈവശക്തി *സുവിശേഷത്തിലാണ്* കാണുന്നത്.

*സുവിശേഷ പദ്ധതി:* യേശു തന്റെ മഹാകല്പന നല്കുമ്പോൾ ശക്തീകരിച്ചുപറഞ്ഞത്, സുവിശേഷം ഓരോ വ്യക്തിയ്ക്കും എല്ലാവർക്കും വേണ്ടി ഉള്ളതാണെന്നാണ്. "ഭൂലോകമെങ്ങും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുക" (മർക്കൊ. 16:15) വീണ്ടും പറഞ്ഞു. "നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുക" എന്ന് (മത്തായി. 28:19). "ഫലത്തിൽ നിങ്ങൾ ഇരിന്നയിടത്തുനിന്നും പുറപ്പെട്ട് വടക്കോട്ടും, തെക്കോട്ടും, കിഴക്കോട്ടും, പടിഞ്ഞാറോട്ടും പോയി സുവിശേഷം പ്രചരിപ്പിക്കണം."

സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുൻപായി താൻ ശിഷ്യന്മാരോട് "നിങ്ങൾ യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമരിയയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു കല്പിച്ചു" (അ. പ്രവൃത്തി. 1:8). അവർ യെരുശലേമിൽ തുടങ്ങുകയും എല്ലാ ദിക്കുകളിലേക്കും പരക്കുകയും വേണം. ദൈവരാജ്യം സ്ഥാപിച്ചതിനുശേഷം ക്രിസ്തുവിന്റെ ശിഷ്യന്മാർ ഗുരുവിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കി. ശിഷ്യന്മാർ വചനം സുവിശേഷിച്ചുകൊണ്ട് എല്ലായിടത്തും സഞ്ചരിച്ചു (അ. പ്രവൃത്തി. 8:4). എത്യോപ്പ്യക്കാരൻ ഷണ്ഡൻ സുവിശേഷ ദൂത് കേട്ടനുസരിച്ചശേഷം (അ. പ്രവൃത്തി. 8) തെക്കോട്ട് യാത്ര ചെയ്തു. പൗലൊസ് വടക്കോട്ട് ഗലാത്യവരെയും പടിഞ്ഞാറോട്ട് ഗ്രീസ്‌വരെയും റോമാപട്ടണം വരെയും (പക്ഷേ സ്പെയിൻ വരെയും) പോയി സുവിശേഷം അറിയിച്ചു.

ശിഷ്യന്മാർ തെക്കും വടക്കുകിഴക്കും പടിഞ്ഞാറും യാത്ര ചെയ്കയിൽ ധാരാളം എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടിവന്നു. പക്ഷേ ധാരാളം പുരുഷാരം തങ്ങൾ പറഞ്ഞ സന്ദേശത്തിനായി ഒരുങ്ങിക്കാത്തിരിക്കുന്നതായി കണ്ടു. സുവിശേഷപ്രസംഗം കേൾക്കാൻ സന്തോഷമുള്ളവരായി കാണപ്പെട്ടു. എന്തുകൊണ്ട്? ഏതായാലും ഈ സുവിശേഷം എന്താണ്?

സുവിശേഷം എന്നത് "ഏവൻഗേലിയോൻ" εὐαγγέλιον (*euangelion*) എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം "നല്ലത്" (εὖ, *eu*) എന്നും "സന്ദേശം" (αγγελία, *angelia*) എന്ന് തർജ്ജമചെയ്യാവുന്ന ഗ്രീക്കുപദങ്ങൾ ചേർത്ത് "സുവാർത്ത" ഉണ്ടായി.

ഗോസ്പൽ എന്ന ഇംഗ്ലീഷ് പദം ''ദൈവം'' എന്നതും ''സ്പെൽ'' എന്ന തുമായ രണ്ടു ഇംഗ്ലീഷ് പദങ്ങൾ ചേർന്ന് ഉണ്ടായതാണ്. അതിന്റെ അർത്ഥം *ഏവൻഗേലിയോൻ* എന്നാണ്, ദൈവം സംസാരിച്ച നല്ല വാർത്തതന്നെ!

നല്ലവാർത്തയ്ക്കായി ലോകം വിശന്നുകൊണ്ടിരുന്നു. ചില വർഷങ്ങൾക്ക് മുൻപ് ആരോ ഒരാൾ നല്ല വാർത്തകൾ മാത്രം അച്ചടിക്കുന്ന ഒരു വാർത്താപ ത്രം തുടങ്ങണമെന്ന് തീരുമാനിച്ചു. പക്ഷേ അധികം കഴിയുന്നതിനുമുമ്പേ അത് നിർത്തിയെന്നറിയിക്കേണ്ടി വന്നു. കാരണം അങ്ങനെയൊരു പത്രം നിറ യ്ക്കാൻ തക്കവണ്ണം നല്ല വാർത്തകൾ ഇല്ലായിരുന്നു. ആ പത്രത്തിന് അതിന്റെ മരണവൃത്താന്തംപോലും അച്ചടിയ്ക്കുവാൻ കഴിഞ്ഞില്ല. എന്തെന്നാൽ അത് ഒരു നല്ല വാർത്തയല്ലല്ലോ.

വില്യം ടെയ്ലർ എന്ന ഒരു പ്രസംഗകൻ നല്ല വാർത്തയ്ക്കായുള്ള ലോകത്തിന്റെ വിശപ്പു മനസ്സിലാക്കി കാലിഫോർണിയായിലെ സ്വർണ്ണാ ന്വേഷണത്തിന്റെ കാലത്ത് അദ്ദേഹം ആണ് കൂടാരങ്ങളുടെ പട്ടണമായിരുന്ന സാൻഫ്രാൽസിസ്കോയിൽ എത്തി. അന്ന് അവിടെ പള്ളി ഇല്ലാതിരുന്നതിന ാൽ ടെയ്ലർ വിചാരിച്ചു അവിടുത്തെ സ്വർണ്ണനേട്ടക്കാർ അവന്റെ സഭാംഗ ങ്ങളായി വന്നേക്കുമെന്ന്. ഓരോഞായറാഴ്ച്ചയും അദ്ദേഹം ഒരു തിരക്കേറിയ തെരുവിൽ ഒരു വീപ്പയുടെ പുറത്ത് കയറിനിന്ന് എന്താണു വാർത്ത എന്ന് ഉച്ചൈസ്തരം വിളിച്ചു ചോദിക്കും. ജനങ്ങൾ കൂടുമ്പോൾ അദ്ദേഹം അവരോട് ''സഹോദരന്മാരെ, ഈ രാവിലെ നിങ്ങളോട് അറിയിക്കുവാൻ എന്റെ പക്കൽ ഒരു നല്ലവാർത്തയുണ്ട്'' എന്നു പറയും!

മുൻകൂറായി യെശയ്യാ പ്രവാചകൻ യേശുവിന്റെ സുവിശേഷത്തെ നോക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു (യെശയ്യാ 52:7; NKJV) ''സമാധാനത്തെ ഘോഷിച്ച് നന്മയെ സുവിശേഷിക്കയും, രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോട് നിന്റെ ദൈവം വാഴുന്നു എന്നു പറയുകയും ചെയ്യുന്ന സുവാർത്ത ദൂതന്റെ കാൽ പർവ്വതങ്ങളിൽ എത്ര മനോഹരം.'' രക്ഷയുടെ കഥ തലക്കെട്ടുള്ള വാർത്തയാണ്. അതിനെതിരായി ഇന്നത്തെ നമ്മുടെ വൻനഗരങ്ങളിലെ വലിയ തലക്കെട്ടോടുകൂടിയ പത്രങ്ങൾ വച്ചുനോക്കു മ്പോൾ എത്രയധികം മേന്മയുള്ളതായി സുവിശേഷത്തിന്റെ നല്ലവാർത്ത അറിയിക്കാൻ സാധിക്കും.

ആദ്യത്തെ ലക്കം മനുഷ്യവർഗ്ഗത്തിന്റെ ദുഃഖപര്യവസായിയായ വാർത്ത യായിരിക്കും. ''മനുഷ്യൻ പാപത്തിൽ നശിച്ചുപോയിരിക്കുന്നു. യാതൊരു പ്രത്യാശയ്ക്കും വകയില്ല'' സങ്കീർത്തനക്കാരൻ എഴുതിയത് (സങ്കീ. 14:3) അവർ എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യുന്നവനില്ല ഒരുത്തൻ പോലുമില്ല. ദു:ഖകരമായ അവസ്ഥയെ (യെഹെ. 18:20) ''പാപം ചെയ്യുന്ന ദേഹി മരിക്കും'' അപകടത്തിൽ പെട്ട ജീവിതങ്ങളെക്കുറിച്ചുള്ള വിവരം ജനങ്ങളുടെ ഹൃദയത്തെ സ്പർശിക്കും. കിണറ്റിൽ വീണ കുട്ടി, ഖനിയുടെ തുരങ്കത്തിൽ കുടുങ്ങിപ്പോയ ഖനിജോ ലിക്കാർ, പർവ്വതാരോഹണക്കാരുടെ അപകടങ്ങൾ ഇവയൊക്കെ ആളുകളെ സ്പർശിക്കും. ഒരു രക്ഷാവഴിയുമില്ലാതെ നഷ്ടപ്പെട്ട ലോകത്തെയോ ർത്ത് നാം എത്രയധികം മനമുരുകണം!

ഈ അവസ്ഥയിലേക്കു ഒരു പ്രത്യാശാകിരണം വന്നു. ഒരു മശിഹാ, ഒരു രക്ഷകൻ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ ലക്കമായ കൊടി ഇങ്ങ നെ. മശിഹാ വന്നു. രക്ഷ സാദ്ധ്യമാണ്. മനുഷ്യന്റെ നശിച്ച അവസ്ഥകണ്ടിട്ട്

ദൈവം അവനോടു മനസ്സലിഞ്ഞ് അവനെ സ്നേഹിച്ചു. തന്റെ ഏകജാതനായ മകനെ മനുഷ്യർ അവനാൽ രക്ഷപ്രാപിക്കേണ്ടതിന് ദൈവം നൽകി. എന്തുകൊണ്ടാണ് ഇതു നല്ല വാർത്തയാണെന്നുള്ളത് മനസ്സിലാക്കാൻ തുടങ്ങിയോ? (യോഹ. 3:16) ആത്മീയ വിശപ്പുള്ള ആത്മാക്കൾ എന്നതുകൊണ്ടാണ് ആർത്തിയോടെ ഈ സന്ദേശം സ്വീകരിക്കുന്നതെന്ന് മനസ്സിലായോ? ആദിമ ക്രിസ്ത്യാനികൾ ''ഈ ലോകം എങ്ങോട്ടാണ് പോകുന്നതെന്ന് പറഞ്ഞുകൊണ്ട് കറങ്ങി നടന്നില്ല. എന്നാൽ നോക്കുക ആരാണ് ഈ ലോകത്തിലേക്കു വന്നത്?'' എന്നാണ് പറഞ്ഞത്.

അവസാനം മ്ശിഹാ - യേശുക്രിസ്തു - കാൽവറിക്രൂശിന്മേൽ സർവ്വലോകത്തിന്റെയും പാപങ്ങൾക്കുവേണ്ടി മരിച്ചു (1 കൊരി. 15:1–4). അവൻ ഉയർത്തെഴുന്നേറ്റശേഷം അവന്റെ ക്രൂശിലെ യാഗം എങ്ങനെയാണ് പ്രയോജനപ്പെടുത്തേണ്ടത് എന്നതിന്റെ ലളിതമായ വ്യവസ്ഥകൾ വെളിപ്പെടുത്തി (മത്താ. 28:18–20; മർ. 16:15, 16). അവസാനത്തെ അറിയിപ്പ് - ''എല്ലാവർക്കും രക്ഷയുണ്ട് ലളിതമായ വ്യവസ്ഥകൾ വെളിപ്പെടുത്തിയിരിക്കുന്നു.'' യേശു നമുക്കോരോരുത്തർക്കും വേണ്ടി മരിച്ചു. നമുക്ക് തന്റെ മരണത്താൽ രക്ഷ സാദ്ധ്യമാണ്. ഈ വാർത്തയാണ് ലോകമെങ്ങും അറിയിക്കേണ്ടത്.

*സുവിശേഷം - പല ഭാഗങ്ങൾ:* ''സുവിശേഷം'' എന്ന വാക്ക് ചിലപ്പോൾ ബൈബിളിൽ ഒരു പൊതുവായ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവത്തിൽനിന്നുള്ള ഏതൊരുനല്ലവാർത്തയേയും സൂചിപ്പിച്ചു.[187] എന്നാൽ അതിന്റെ പ്രത്യേക അർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ അത് യേശുക്രിസ്തുവിന്റെ മരണം, കബറടക്കം, പുനരുത്ഥാനം എന്ന കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത് (1 കൊരി. 15:1–4). അത് പല ചെറിയ ഭാഗങ്ങളായി വിഭാഗിയ്ക്കാവുന്നതാണ്. വർഷങ്ങൾക്കു മുമ്പ് ഞാൻ ഒരു കഥ കേട്ടു. അതിന്റെ ചുരുക്കം:

ഒരു പ്രസംഗകൻ പട്ടണങ്ങൾതോറും സഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയായിരുന്നു. സ്കൂൾ കെട്ടിടം ഉപയോഗിച്ചുകൊള്ളുവാൻ അനുവദിക്കപ്പെട്ടിരുന്നു. ചുറ്റുപാടും നടന്ന് രാത്രിയിൽ സ്കൂളിൽ പ്രസംഗം ഉണ്ടെന്ന് അറിയിച്ചിരുന്നു. ഒരു ദിവസം അദ്ദേഹം തെരുവിൽ ഒരു കുട്ടിയെ കണ്ടുമുട്ടി.

കുട്ടി ചോദിക്കയാണ് ''നിങ്ങൾ ആരാണ്?''

''ഞാൻ ഒരുസുവിശേഷ പ്രസംഗകൻ ആണ്. രാത്രി സ്കൂൾ കെട്ടിടത്തിൽ സുവിശേഷപ്രസംഗമുണ്ടെന്ന് അമ്മയോടുപോയി പറയണം.''

കുട്ടി സംശയദൃഷ്ട്യാ നോക്കി ''സുവിശേഷ പ്രസംഗമോ എന്താണ് സുവിശേഷം?''

പ്രസംഗകൻ മൂന്നു വിരലുകൾ ഉയർത്തികാണിച്ചു പറഞ്ഞു ''സുവിശേഷത്തിന് മൂന്നു ഭാഗങ്ങളുണ്ട്'' വിരലിന്മേൽ കാണിച്ചു ''ഒന്ന് വിശ്വസിക്കേണ്ട വസ്തുതകൾ രണ്ട് അനുസരിക്കേണ്ട കല്പനകൾ മൂന്ന് ആസ്വദിക്കേണ്ട വാഗാദ്നങ്ങൾ.'' വീണ്ടും പറഞ്ഞു. മൂന്നു കാര്യങ്ങൾ വിശ്വസിക്കേണം. യേശുവിന്റെ മരണ, കബറടക്ക പുനരുത്ഥാനങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ വീണ്ടും മൂന്നു കല്പനകൾ അനുസരിയ്ക്കാനുണ്ട്. ''വിശ്വസിക്കുക, മാനസാന്തരപ്പെടുക, സ്നാനപ്പെടുക മൂന്നു വാഗ്ദത്തങ്ങൾ അനുഭവിക്കാനുണ്ട്. പാപമോചനം, പരിശുദ്ധാത്മദാനം, സ്വർഗ്ഗം ലഭിക്കുമെന്ന വാഗ്ദത്തം.''

ആഹ്ലാദിച്ച് കുട്ടി വീട്ടിലേക്കോടി. ''അമ്മേ ഞാനൊരു സുവിശേഷപ്ര

സംഗകനെ കണ്ടു. ഇന്നു രാത്രി സ്കൂളിൽ സുവിശേഷപ്രസംഗമുണ്ടെന്ന് അറിയിച്ചു'' എന്നു പറഞ്ഞു!

അമ്മ സംശയിച്ചു. ''എന്താണ് സുവിശേഷ പ്രസംഗകൻ?''

അവൻ മൂന്നു വരലുകൾ പിടിച്ചുകൊണ്ടു പറഞ്ഞു: ''സുവിശേഷത്തിന് മൂന്നുഭാഗങ്ങളുണ്ട് പിന്നെയും മൂന്നുണ്ട്, പിന്നെയും മൂന്നുണ്ട്'' പിന്നത്തേത് അവന് ഓർമ്മയില്ല. അവൻ പറഞ്ഞു, ''എനിക്ക് തോന്നുന്നത് സുവിശേഷപ്രസംഗകൻ എന്നു പറഞ്ഞാൽ വിരലുകൊണ്ട് സംസാരിക്കുന്നവനാണ്'' എന്ന്.

പ്രസംഗകൻ പറഞ്ഞുകൊടുത്ത ചുരുങ്ങിയ വാക്കുകൾ സുവിശേഷത്തിലെ കാര്യങ്ങൾ ആവശ്യത്തിൽ കൂടുതൽ ലളിതമാക്കി പറഞ്ഞതുകൊണ്ടാണ് എന്നാൽ നമുക്ക് സുവിശേഷത്തെ മനസിലാക്കുവാൻ സഹായകരമായ ഒരു വിധവും കാലങ്ങളായി മനുഷ്യരെ സന്തോഷിപ്പിച്ചതുമായ ഒരു രീതിയാണ് ഇത്.

1. വിശ്വസിപ്പാനുള്ള വസ്തുതകൾ: 1 കൊരിന്ത്യർ 15:1–4 ഇവിടെ പൗലൊസ് മൂന്ന് അടിസ്ഥാന കാര്യങ്ങൾ പറയുന്നു:

> എന്നാൽ സഹോദരന്മാരെ ഞാൻ നിങ്ങളോടു സുവിശേഷിച്ചതും, നിങ്ങൾക്കു ലഭിച്ചതും, നിങ്ങൾ നിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നുവരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്ന് നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൽ പ്രകാരം *മരിച്ചു*, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ *ഉയിർത്തെഴുന്നേറ്റു*.

സുവിശേഷം യേശുവിന്റെ മരണം, കബറടക്കം, ഉയർത്തെഴുനേൽപ്പ് എന്ന മൂന്നു കാര്യങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഇതാണ് നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രം. പുതിയനിയമത്തിന്റെ എല്ലാ ഉപദേശങ്ങൾക്കും ഇതാണ് അടിസ്ഥാനം.

2. അനുസരിക്കുവാനുള്ള കല്പനകൾ: സുവിശേഷത്തിൽ വിശ്വസിക്കുന്നതിനുള്ള വസ്തുതകൾ പലതുണ്ടെന്ന് പലർക്കും അറിയാമെങ്കിലും *അനുസരിയ്ക്കുന്നതിനുള്ള* കല്പനകളുണ്ടെന്ന് പലർക്കും അറിഞ്ഞുകൂടാ:

> ... കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നും അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ *സുവിശേഷം അനുസരിക്കാത്തവർക്കും* പ്രതികാരം കൊടുക്കുമ്പോൾ (2 തെസ്സ. 1:7, 8).

> ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ. അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ *സുവിശേഷം അനുസരിക്കാത്തവരുടെ* അവസാനം എന്താകും (1 പത്രോസ് 4:17).

*വസ്തുതകൾ* അനുസരിക്കുവാൻ സാധിക്കയില്ല. സുവിശേഷത്തിലും വ്യക്തമായും സ്പഷ്ടമായും അനുസരിക്കുവാനുള്ള *കല്പനകളു*ണ്ട്. അവിടെ ഒരു ചോദ്യം ഉദിക്കുന്നു. സുവിശേഷം യേശുവിന്റെ മരണ, കബറടക്ക, പുന

രുത്ഥാനങ്ങളുടെ സംഭവമാണെങ്കിൽ എങ്ങനെയാണ് ഒരാൾ അതനുസരിക്കുന്നത്? റോമർ 6:17, 18 പറയുന്നു: ''നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നു എങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ *ഹൃദയപൂർവ്വം അനുസരിച്ച്* പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് നീതിക്കു ദാസന്മാരായിതീർന്നു.'' റോമയിലുള്ള ക്രിസ്ത്യാനികൾ അക്ഷരപ്രകാരം യേശുവിന്റെ മരണ, കബറടക്കപുനരുത്ഥാനത്തിൽ പങ്കുകാരായിരുന്നില്ല. എന്നാൽ അതിന്റെ വേറൊരു രൂപത്തിൽ അവർ പങ്കാളികളായി. അവർ അത് എങ്ങനെ ചെയ്തു. ഈ അദ്ധ്യായത്തിലെ ചില ആദ്യ വാക്യങ്ങൾ അതു എങ്ങനെയാണെന്നു പറയുന്നു:

> യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും *അവന്റെ മരണത്തിൽ* പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ *അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു* മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ *ജീവിച്ചെഴുന്നേറ്റതു*പോലെ *നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുതന്നെ* (6:3, 4).

റോമയിലെ ക്രിസ്ത്യാനികൾ സുവിശേഷത്തിന്റെ ''രൂപം'' അനുസരിച്ചിരുന്നു. അത് പശ്ചാത്തപിച്ച പാപികൾ എല്ലാം വെള്ളത്തിൽ മുങ്ങി സ്നാനപ്പെട്ടുകൊണ്ടായിരുന്നു.

സുവിശേഷത്തിലെ കല്പനകൾ താഴെ പറയുന്ന തലക്കെട്ടുകളിൽ സംഗ്രഹിക്കാം. (1) സുവിശേഷത്തിന്റെ യഥാർത്ഥ വസ്തുതകൾ വിശ്വസിക്കുകയും ആ വിശ്വാസം ഏറ്റുപറകയും ചെയ്യണം (റോമർ. 10:9, 10). (2) നാം നമ്മുടെ പാപത്തെക്കുറിച്ച് അനുതപിക്കുകയും അങ്ങനെ പഴയ മനുഷ്യനെ ക്രൂശിക്കുകയും വേണം (ലൂക്കൊ. 13:3). (3) സ്നാനത്തിൽ നാം കുഴിച്ചിടപ്പെടുകയും അങ്ങനെ പാപങ്ങളെ കഴുകിക്കളയുകയും വേണം (മാർക്കൊ. 16:16, അ. പ്രവൃത്തി. 2:38; 22:16). വെള്ളത്താലുള്ള ശവക്കല്ലറയിൽനിന്നും എഴുന്നേറ്റ് ദൈവവചനപ്രകാരം പുതിയ ജീവനിൽ ജീവിക്കാം.

3. അനുഭവിച്ച് ആസ്വദിയ്ക്കാവുന്ന വാഗ്ദത്തങ്ങൾ: അവസാനമായി സുവിശേഷം നല്ല വാർത്തയാണ്. എന്തുകൊണ്ടെന്നാൽ അത് നല്ലവാഗ്ദത്തങ്ങൾ നിറഞ്ഞതാണ്. ഉദാഹരണമായി പൗലൊസ് അതിനെ സമാധാനത്തിന്റെ സുവിശേഷം എന്ന് വിളിച്ചു (എഫെ. 6:15).

പ്രത്യേകമായ രണ്ടു വാഗ്ദത്തങ്ങൾ അനുസരിയ്ക്കുവാനുള്ള കല്പനകളോട് ചേർത്തു വച്ചിരിക്കുന്നു. പത്രൊസ് യേശുവിനെ പ്രസംഗിക്കുന്നതു കേട്ട് (അപ്പൊ. പ്ര. 2:36, 37) ഹൃദയത്തിൽ കുത്തുകൊണ്ടവരായി ''സഹോദരന്മാരെ രക്ഷപ്രാപിപ്പാൻ ഞങ്ങൾ എന്തു ചെയ്യേണം?'' എന്നു ചോദിച്ചു (അപ്പൊ. പ്ര. 2:37). പത്രൊസ് ഉത്തരമായി ''നിങ്ങൾ മാനസാന്തപ്പെട്ടു *നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി* ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ. എന്നാൽ *പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും*'' (അ. പ്രവൃത്തി. 2:38). നമ്മുടെ കഴിഞ്ഞകാല പാപങ്ങൾ ക്ഷമിയ്ക്കപ്പെടും. ക്രിസ്തീയ ജീവിതം നയിപ്പാൻ പരിശുദ്ധാത്മാവ് സഹായിക്കും. എത്ര അതിശയകരമായ വാഗ്ദത്തം!

അതിലൊക്കെയും അത്ഭുതകരമായ വാഗ്ദത്തം 1 യോഹ. 2:25: ''ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം.'' *നിത്യജീവൻ തന്നെ* നാം തുടർന്നും

പുതുജീവനിൽ നടന്നാൽ അന്ത്യത്തിൽ നാം അവനോടുകൂടെ സ്വർഗ്ഗത്തിൽ ചെന്നുചേരും!

പറയപ്പെട്ടിട്ടുള്ളതിലേക്കും അത്ഭുതകരമായ കഥയുടെയും വെളിപ്പെടുത്തപ്പെട്ടിട്ടുള്ളതിലേക്കും ഏറ്റവും ശക്തിയേറിയ സത്യത്തിന്റെയും ഒരു ലളിതമായ രൂപരേഖ മാത്രമാണിത്. രക്ഷയ്ക്കായുള്ള ദൈവീക ശക്തിയുടെ കാതൽ!

*സുവിശേഷം: ശക്തി.* ബെർലിൻ മതിൽ നിലനിന്ന കാലത്ത് ഒരു ട്രക്കു നിറയെ വേദപുസ്തക പ്രതികൾ കിഴക്കൻ ബർലിനിലേക്ക് കൊണ്ടുപോയി. അതിരിനടത്തു ചെന്നപ്പോൾ മുന്നോട്ടു പോകാൻ അനുവദിച്ചില്ല. അധികാരികൾ പറഞ്ഞത് തിരുവെഴുത്ത് "വിദ്ധ്വംസക പ്രവർത്തനത്തിനുള്ള" പ്രചരണായുധമാണെന്നത്രെ. അങ്ങനെ ചെയ്‌വാൻ ഉദ്ദേശിച്ചിരുന്നില്ലെങ്കിലും അവർ സുവിശേഷത്തിന്റെ ശക്തിയ്ക്ക് സാക്ഷ്യം വഹിച്ചു.

ആദിയിൽ ദൈവം *ഉച്ചരിച്ച* വചനങ്ങൾക്കു ശക്തി ഉണ്ടായിരുന്നു എന്ന് കൂടുതൽ പേരും തിരിച്ചറിയുന്നു. അവൻ തന്റെ വചനത്താൽ ലോകങ്ങളെ ഉളവാക്കി. അവൻ ഉണ്ടാകട്ടെ എന്നു പറഞ്ഞു അവ ഉണ്ടായി. അവൻ കല്പിച്ചു. അവ സൃഷ്ടിക്കപ്പെട്ടു (സങ്കീ. 33:9). ദൈവം സംസാരിച്ച വാക്കിന് ശക്തി ഉണ്ടായിരുന്നു. അവൻ എഴുന്നേറ്റ് കാറ്റിനെയും കടലിനെയും "ശാന്തമാകുക. അടങ്ങുക" എന്നു പറഞ്ഞു. കാറ്റ് അമർന്നു വലിയ ശാന്തത ഉണ്ടായി (മർക്കൊ. 4:39). അവൻ ലാസറേ പുറത്തുവരിക (യോഹ. 11:43) എന്ന് ഉറക്കെ വിളിച്ചു. ലാസർ കല്ലറയ്ക്കു പുറത്തുവന്നു. ഇന്ന് നാം ഒരാളുടെ *എഴുതപ്പെട്ട* പത്രത്തിന് പറയപ്പെട്ട വചനങ്ങളേക്കാൾ വിലയുള്ളതായി കണക്കാക്കുന്നു. അതുപോലെ നല്ല വാർത്തയുടെ (സുവിശേഷത്തിന്റെ) എഴുതപ്പെട്ട രേഖകൾക്ക് പറയപ്പെട്ട വചനത്തെപ്പോലെ ശക്തിയുണ്ട്.

1. വെളിപ്പെടുത്തുന്ന ശക്തി: സുവിശേഷത്തിന് എന്തു ശക്തിയാണുള്ളത്. അതിനു *വെളിപ്പെടുത്തുന്ന* ശക്തിയാണുള്ളത്. പൗലൊസ് സുവിശേഷം ദൈവത്തിന്റെ ശക്തിയാണെന്നു പറഞ്ഞതിന്റെ ശേഷം അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായിക്കൊണ്ടും *വെളിപ്പെടുന്നു.* "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലോ (1:16, 17) എന്നെഴുതി. നമ്മെ നീതീകരിച്ചവരായി കാണുവാനുള്ള ദൈവത്തിന്റെ പദ്ധതിയിൽ ദൈവം തന്റെ ഹിതം മറ്റൊരുമാർഗ്ഗത്തിലും വെളിപ്പെടുത്തിയില്ല.

2. രക്ഷിക്കുന്ന ശക്തി: സുവിശേഷത്തിനു *രക്ഷിയ്ക്കുന്നതിനുള്ള* ശക്തിയുണ്ടെന്ന് നാം നേരത്തെ സ്ഥാപിച്ചു. വിശ്വസിക്കുന്ന ഏവർക്കും സുവിശേഷം രക്ഷയ്ക്കായി ദൈവശക്തിയാകുന്നു (1:16). ആദ്യം യഹൂദനും പിന്നെ യവനനും. പൗലൊസ് കൊരിന്ത്യർക്ക് എഴുതിയപ്പോൾ "ഞാൻ നിങ്ങളോടു പ്രസംഗിച്ചതും നിങ്ങൾ രക്ഷിയ്ക്കപ്പെടുന്നതുമായ സുവിശേഷം" (1 കൊരി. 15:1, 2) എന്നു പറയുന്നു.

3. രൂപാന്തരപ്പെടുത്തുന്ന ശക്തി: സുവിശേഷത്തിന് *രൂപാന്തരപ്പെടുത്തുവാനും* ശക്തിയുണ്ട്. ദിവ്യ ശക്തിയുടെ ഏറ്റവും വലിയ വെളിപ്പെടുത്തലാണത്.[188] പെന്തെക്കോസ്തുനാളിൽ ഉണ്ടായ ശബ്ദം കൊടുങ്കാറ്റടിക്കുന്നതുപോലെയുള്ള വലിയ മുഴക്കം അഥവാ അഗ്നിനാവുകൾ ഇതൊക്കെ ആയിരുന്നില്ലേ? (അ. പ്രവർത്തി. 2:2, 3) എന്നാൽ സുവിശേഷം പ്രസംഗിച്ചപ്പോൾ ആയിരങ്ങളിൽ ഉണ്ടായ ജീവിത രൂപാന്തരം (അ. പ്രവൃത്തി. 2:6–47). സുവിശേഷ പ്രസംഗം കേട്ടശേഷം ആർക്കും തന്നെ ഒരു മാറ്റവും സംഭവിക്കാതിരിപ്പാൻ സാദ്ധ്യമല്ല. പൗലൊസ് നമ്മെയെല്ലാം വെല്ലുവിളിക്കുന്നു. ക്രിസ്തുവിന്റെ

സുവിശേഷത്തിനു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ (ഫിലി. 1:27).

4. വളരുന്ന ശക്തി: കേട്ട് പ്രതികരിക്കുന്ന മാത്രയിൽ സുവിശേഷം നമ്മിൽ മാറ്റം വരുത്തുമെന്നുമാത്രമല്ല തുടർന്നും അതു നമ്മിൽ ക്രമേണ മാറ്റം വരുത്തിക്കൊണ്ടിരിക്കും. ക്രമേണ സുവിശേഷം നമ്മെ മഹത്വമുള്ള കർത്താവിനെപ്പോലെ മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്ക് രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കും (2 കൊരി. 3:18). ദൈവവചനത്തിന്റെ ഹൃദയമാണ് സുവിശേഷം അത് നമ്മെ പണിചെയ്തുകൊണ്ടേയിരിക്കും (അ. പ്രവൃത്തി. 20:32). ആ വചനത്തിനായി നാം കാംക്ഷിക്കണം. അതിനാൽ നാം *വളരേണ്ടതിന്* (1 പത്രൊ. 2:2).

5. ആശ്വസിപ്പിക്കയും (സൂക്ഷിക്കുകയും) ചെയ്യുന്ന ശക്തി: സുവിശേഷ കേന്ദ്രീകൃതമായ വചനത്തിന് നമ്മെ ആശ്വസിപ്പിപ്പാൻ കഴിയും (1 തെസ്സ. 4:18) സൂക്ഷിപ്പാനും കഴിയും. പൗലൊസ് കൊരിന്ത്യരെ ഓർപ്പിക്കുന്നത് (1 കൊരി. 15:1), ‘‘ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും, *നിങ്ങൾ നിൽക്കുന്നതും* ആയ സുവിശേഷം എന്നാണ് സുവിശേഷത്തിന്റെ *പ്രത്യാശ* (കൊലൊ. 1:23) വിഷമകരമായ സമയങ്ങളിൽ നമ്മെ സഹായിക്കുന്നു.

6. ന്യായം വിധിയ്ക്കുന്ന ശക്തി: ക്രിസ്തുവിന്റെ സുവിശേഷത്തിന് *ന്യായവിധിയുടെ* ശക്തിയുണ്ടെന്ന് നാം മനസ്സിലാക്കണം. യേശു പറഞ്ഞു (യോഹ. 12:48): ‘‘എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിയ്ക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ *ന്യായം വിധിക്കും.*’’ നെപ്പോളിയൻ വേദപുസ്തകത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞു. ‘‘അത് ഒരു വെറും പുസ്തകമല്ല പിന്നെയോ ജീവിയ്ക്കുന്ന ഒരു സൃഷ്ടിയാണ്. അതിന് അതിനെ എതിർക്കുന്ന ഏതിനെയും ജയിക്കുവാൻ കഴിവുണ്ട്. സുവിശേഷം കേട്ടിട്ട് തള്ളിക്കളയുന്നത് ആത്മീകമായ ആത്മഹത്യയാണ്.’’

*അവസാനമായി,* സുവിശേഷത്തിന്റെ ശക്തിയ്ക്ക് നിങ്ങളുടെ *ജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ* ഒരു അവസരം കൊടുക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അതിലെ വസ്തുതകൾ വിശ്വസിക്കുകയും കല്പനകൾ അനുസരിക്കുകയും ചെയ്ത് അതിലെ വാഗ്ദത്തങ്ങൾ അനുഭവിച്ച് ആസ്വദിപ്പാനുള്ള അവസരം, കഴിവ് ഇവ ഉണ്ടാകട്ടെ.

പലകാരണങ്ങളാലും കർത്താവിനെ അനുസരിപ്പാൻ നിങ്ങൾ പ്രേരിതരാകണം. നിശ്ചയമായും കർത്താവു തന്ന അനുഗ്രഹങ്ങൾ ലഭിയ്ക്കാൻ ആഗ്രഹിക്കുന്നു. കല്പനകളുടെ ലാളിത്യം നിങ്ങളെ സ്വാധീനിച്ചുകാണും. എല്ലാറ്റിനും മേലായി നിങ്ങൾക്കായി മരിച്ചു അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റ കർത്താവിന്റെ *സ്നേഹം* നിങ്ങളെ സ്വാധീനിക്കുന്നു.

സുവിശേഷത്തോടു ബന്ധപ്പെട്ടിട്ടുള്ള രണ്ടു വേദഭാഗങ്ങൾ കാണിച്ച് അവസാനിപ്പിയ്ക്കാം. സുവിശേഷം അനുസരിയ്ക്കാത്തവർക്ക് എന്തു ഭവിക്കും (1 പത്രൊ. 4:17). അതിനുത്തരം 2 തെസ്സലോ. 1:7, 8-ൽ കാണാം. ‘‘ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും.’’ നിങ്ങൾ സുവിശേഷം അനുസരിക്കേണ്ട ആവശ്യമുണ്ടെങ്കിൽ വേറൊരു ദിവസമാകട്ടെ എന്ന് മാറ്റിവെക്കരുത്!

**ആദ്യം ചീത്ത വാർത്ത (1:18-3:20)**

ഒരു സന്ദർഭത്തിൽ ഒരാൾ എന്നോട് ‘‘എനിയ്ക്ക് നിങ്ങളോടു പറയു

വാൻ നല്ലവാർത്തയും ചീത്ത വാർത്തയുമുണ്ട്. ഏതാണ് നിങ്ങൾക്ക് ആദ്യം വേണ്ടത്?'' എന്ന് ചോദിച്ചു. പൗലൊസിന് തന്റെ വായനക്കാർക്കു കൊടുക്കുവാൻ നല്ലവാർത്തയും ചീത്ത വാർത്തയും ഉണ്ടായിരുന്നു. നല്ലവാർത്ത എന്തെന്നാൽ കൃപയാൽ വിശ്വാസം മൂലം രക്ഷിയ്ക്കപ്പെടാൻ കഴിയും എന്നതായിരുന്നു. പക്ഷേ അദ്ദേഹം ആദ്യമായി ചീത്ത വാർത്തയാണ് കൊടുത്തത്. ദൈവത്തെ കൂടാതെ അവർ രക്ഷയ്ക്കു വഴിയില്ലാതെ പാപത്തിന്റെ ആഴത്തിലേക്കും വീണ്ടും ആഴത്തിൽ നിന്നും ആഴത്തിലേക്കും വീഴാൻ വിധിയ്ക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഈ സത്യം, ഏറ്റവും പ്രാധാന്യമുള്ളതാകയാൽ അതു സ്ഥാപിച്ചുറപ്പിക്കുവാനായി രണ്ട് അദ്ധ്യായത്തിലധികം ഉപയോഗിച്ചു (1:18–3:20).

എന്തുകൊണ്ടാണ് ''നാം എല്ലാവരും പാപികളാണ്'' എന്നു മാത്രം പൗലോസ് പറഞ്ഞു നിർത്താഞ്ഞത്? കാരണം അധികം ആളുകളും തങ്ങൾ പാപികളാണ് എന്ന് അറിയുന്നില്ല.

> അനേകരും വിചാരിച്ചിരിക്കുന്നത് അവർ പൊതുവേ നല്ല മാന്യരായ ആളുകളാണെന്നാണ്. പരിപൂർണ്ണരല്ലായിരിക്കാം. പക്ഷെ വലിയ പാപങ്ങളൊന്നും ചെയ്തിട്ടില്ല. ആരെയും കൊല്ലുകയോ ബാങ്കുകവർച്ചകളൊന്നും നടത്തുകയോ ചെയ്തിട്ടില്ല. ജീവിതപങ്കാളിയെ ചതിക്കയോ തങ്ങളുടെ കുഞ്ഞുങ്ങളെ തെറ്റായി ഉപയോഗിക്കയോ ചെയ്തിട്ടില്ല. വിശ്വാസ്തരും കഠിനാദ്ധ്വാനികളുമാണ്. നല്ല അയൽക്കാരായി ജീവിയ്ക്കുവാൻ ശ്രമിക്കുന്നു. അങ്ങനെ എടുത്തു പറയത്തക്ക യാതൊരു തെറ്റും ചെയ്തിട്ടില്ലാത്തതിനാൽ അവർ ചിന്തിക്കുന്നത് അവൾ ദൈവത്തോടും ശരിയായ ബന്ധത്തിലാണെന്നാണ്. എന്നാൽ *അവർ തങ്ങളുടെ സ്വന്തം* നിലവാരത്തിൽ എത്തിയിട്ടുണ്ടാകാമെങ്കിലും *ദൈവത്തിന്റെ* തോതിനനുസരിച്ച് ആയിട്ടില്ല എന്ന് അവർ മനസ്സിലാക്കുന്നില്ല.[189]

ഒരു മനുഷ്യൻ തലവേദനയുമായി ഡോക്ടറുടെ അടുത്തേക്ക് പോകുന്നു. തലവേദനക്ക് ഒരു ഗുളിക പ്രിതീക്ഷിച്ചുകൊണ്ടാണ് പോകുന്നത്. പക്ഷേ ഡോക്ടർ പറയുന്നു അവന് ഒരു ശസ്ത്രക്രിയ ആവശ്യമുണ്ട്. ഉടനെ തന്നെ വേണം – അയാൾ തന്റെ ഞെട്ടലിൽ നിന്നും ഉണർന്ന് *എന്തുകൊണ്ടാണ്* ശസ്ത്രക്രിയ വേണ്ടത് എന്ന് ചോദിച്ചേക്കും. പൗലൊസ്, തന്റെ വായനക്കാരോട്, മനുഷ്യവർഗ്ഗം തങ്ങളുടെ ''ആത്മീയരോഗം'' എത്ര കഠിനസ്ഥിതിയിലായി എന്നും ഒരു സന്മാർഗ്ഗോപദേശ ചികിത്സയോ നല്ല ജീവിതത്തിനായുള്ള ഉപദേശമോ കൂടുതൽ നന്മപ്രവർത്തികൾ ചെയ്യുകയോ ഒന്നും പരിഹാരമല്ല; ''അടിസ്ഥാനപരമായ ആത്മീയ ശസ്ത്രക്രിയ'' തന്നെയാണാവശ്യം. (യേശുവിൽ വെളിപ്പെട്ട ദൈവകൃപ) അതു കൂടാതെ മനുഷ്യവർഗ്ഗം നശിക്കുമെന്നുമാണ് പറയുന്നത്.

**കുറ്റവാളി എന്ന് വിധിയ്ക്കപ്പെട്ടിരിക്കുന്നു (1:18-32)**

ഒരു തെളിഞ്ഞ ദിവസം ചിക്കാഗോ പട്ടണത്തിലെ ഒരു കവലയ്ക്കടുത്തുനിന്ന് ഒരു മനുഷ്യൻ വളരെ ഗൗരവമുള്ള മുഖത്തോടു കൂടെ ഉച്ചത്തിൽ വിളിച്ചുപറയുന്നു. ''കുറ്റവാളി'' ധാരാളം പേർ ശ്രദ്ധിച്ചു. എന്നാൽ വേഗത്തിൽ അവരുടെ വഴിക്കുപോയി. എന്നാൽ ഒരു മനുഷ്യൻ തന്റെ കൂട്ടുകാരനോട്

ചോദിക്കുന്നു ‘‘അവൻ എങ്ങനെയാണറിഞ്ഞത്’’ എന്ന്.[190]

നമ്മൾ നമ്മുടെ നേരെ കൈചൂണ്ടിപ്പറയുന്ന ഒരു ഗൗരവക്കാരനെ കണ്ടി ല്ലെന്നു വരാം. എന്നാൽ നാം നമ്മോടുതന്നെ പരമാർത്ഥതയുള്ളവരാണെങ്കിൽ റോമർ 1:18–32 വരെ പഠിയ്ക്കുമ്പോൾ നാമും കുറ്റവാളിയാണെന്ന് സമ്മതിക്കും. എല്ലായ്പ്പോഴും നാം ദൈവം കാണിച്ചുതന്ന സത്യത്തിൽ നടന്നിട്ടില്ല. നമ്മുടെ ജീവിതത്തിൽ നിന്നും ചിന്തയിൽ നിന്നും ദൈവത്തെ വിട്ടുകളഞ്ഞിട്ടുണ്ട്. നമ്മുടെ സൃഷ്ടിതാവിനു മുമ്പിലായി സ്വയത്തെ അവരോധിച്ചിട്ടുണ്ട്, നാമും ‘‘കുറ്റവാളി’’ എന്നു വിധിയ്ക്കപ്പെട്ടവരാണ്!

1900 വർഷങ്ങൾക്കു മുൻപിലെപോലെതന്നെ ഇന്നും ‘‘സകല അഭക്തിക്കും, അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നും വെളിപ്പെടുന്നു’’ (1:18). ‘‘ജീവനുള്ള ദൈവത്തിന്റെ കൈയ്യിൽ വീഴുന്നതു ഭയങ്കരം’’ (എബ്രാ. 10:31) എന്നത് അന്നും ഇന്നും ഒരുപോലെ സത്യമാണ്. ഇന്നു നീ നിനക്ക് ദൈവകൃപ ആവശ്യമാണെന്ന് തിരിച്ചറിയുന്നു എങ്കിൽ സ്നേഹപൂർവ്വം ആശ്രയത്തോടും അനുസരണത്തോടുകൂടെയുള്ള വിശ്വാസത്തോടും അവങ്കലേക്ക് തിരിയുക (അ. പ്രവൃത്തി. 2:36–38).

### സ്വാഭാവിക ദൈവശാസ്ത്രം (1:20)

ചിലർ റോമർ 1:20–നെയും അനുബന്ധവാക്യങ്ങളെയും തെറ്റായി ഉപയോ ഗിക്കുന്നു. *സ്വാഭാവിക ദൈവശാസ്ത്രം* എന്ന് ഒരു സിദ്ധാന്തം വളർത്താൻ ശ്രമിക്കുന്നു. അവർ പറയുന്നത് നാം ദൈവഹിതത്തെക്കുറിച്ച് അറിയേണ്ട തെല്ലാം പ്രകൃതിയിൽ നിന്നും പഠിക്കാൻ കഴിയും എന്നാണ്. അങ്ങനെയുള്ള ഒരു നിഗമനം പൗലൊസിന്റെ ഉപദേശത്തെ തെറ്റായി ഉപയോഗിയ്ക്കുകയാ ണ്. പൗലൊസ് പറഞ്ഞത് നമുക്കു സൃഷ്ടിതാവിനെക്കുറിച്ച് കുറെകാര്യങ്ങൾ തന്റെ സൃഷ്ടിയെ നോക്കി ഗ്രഹിക്കാൻ കഴിയും എന്നാണ്. *എല്ലാ* കാര്യ ങ്ങളും അങ്ങനെ പഠിയ്ക്കുവാൻ സാധിക്കുമെന്നല്ല. ആഫ്രിക്കക്കാരനായ ഒരു യുവാവ് തന്റെ മാനസാന്തരവിവരം പങ്കുവെച്ചു:

> ഞാൻ ഒരു ചെറിയ ബാലനായിരിക്കുമ്പോൾ കാടുകളുള്ള നൈജീ റിയയിൽ ആ കാടുകളുടെ ഇടയിൽ ഓടിക്കളിച്ചു നടന്നിരുന്നു. ഒരു ദൈവമുണ്ടെന്ന് എനിയ്ക്കറിയാമായിരുന്നു. രാത്രിയിൽ മരങ്ങളുടെ ഇടയിൽ കൂടി ആകാശത്തേക്കു നോക്കി അപ്പോൾ ഈ ലോകത്തെ ആരോ ഉണ്ടാക്കിയെന്ന് മനസ്സിലായി. ആ ആളിനെ എന്തു വിളിക്കണ മെന്നറിഞ്ഞില്ല. ഒരു മിഷണറി ഞങ്ങളുടെ ഗ്രാമത്തിൽ വന്നു. കുട്ടികളെ വായന പഠിപ്പാക്കാനാണ് വന്നത്. വേദപുസ്തകം വായിക്കുവാൻ അവർ പഠിപ്പിച്ചു. അപ്പോൾ മരങ്ങളുടെ ഇടയിൽ കൂടി ഞാൻ മനസ്സിലാക്കിയ ദൈവത്തിന്റെ പേര് വെളിവായി.[191]

പ്രകൃതിയിൽ നിന്നു മാത്രമായി ദിവ്യമായ സത്യങ്ങളെല്ലാം അനുമാനിച്ച് ഒരു നിഗമനത്തിലെത്താൻ *സാധിക്കുകയില്ല.*[192] അതിൽ പ്രധാനമായത് ‘‘തന്റെ ഏകജാതനായ പുത്രനെ തരുവാന്തക്കവണ്ണം ദൈവം ലോകത്തെ അത്രയ്ക്കു സ്നേഹിച്ചു’’ (യോഹ. 3:16a) എന്നുള്ളതാണ്. പ്രകൃതിയിൽ നാം ദൈവ ത്തിന്റെ വിരലടയാളം കാണുന്നു. എന്നാൽ പാപികളായ നാം കാണേണ്ടത് ക്രിസ്തുവിന്റെ ആണിപ്പാടുകളാണ്.[193] ഒരാൾക്കു പാപബോധം ഉണ്ടാക്കുവാൻ

വരെ പക്ഷേ പ്രകൃതിയിൽ നിന്നും പഠിയ്ക്കുവാൻ കഴിഞ്ഞേക്കും എന്നാൽ പാപത്തിൽ നിന്നും രക്ഷപ്പെടാൻ മാത്രം അതു മതിയാകുന്നില്ല.

അഥേനയിൽ പൗലൊസ് സ്വാഭാവിക വെളിപാടിൽ കൂടി ഒരു വാദം ഉന്നയിച്ചപ്പോൾ ''ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം'' എന്നുപയോഗിച്ചു. ആ ദൈവത്തെ അന്വേഷിക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിന് (അ. പ്രവൃത്തി. 17:24, 27) പക്ഷെ അവർ ദൈവത്തെ തപ്പി നോക്കി ഇരുളിൽ തപ്പി കണ്ടെത്തുമോ എന്നറിയേണ്ടതിനുതന്നെ പ്രകൃതിയിൽ നിന്നും ഗ്രഹിക്കുന്ന കാര്യങ്ങൾ ആ ദൈവത്തെക്കുറിച്ച് കൂടുതലായി അറിയുവാൻ അവരെ പ്രേരിപ്പിക്കേണ്ടതാണ്. അങ്ങനെയുള്ള ആഗ്രഹം അവരെ അന്തിമമായി പ്രകൃത്യാതീതമായ വെളിപ്പെടുത്തലിൽ അഥവാ ബൈബിളിൽ കൊണ്ടുപോയി എത്തിക്കും. എബ്രായ ലേഖന കർത്താവ് പറയുന്നത് (എബ്രാ. 11:6) ദൈവം തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നവനാണ് എന്നത്രെ (എബ്രാ. 11:6). യേശു പറഞ്ഞു. ''അന്വേഷിപ്പീൻ എന്നാൽ നിങ്ങൾ കണ്ടെത്തും'' (എബ്രാ. 7:7).

### വിശ്വസിപ്പാനുള്ള വെല്ലുവിളി (1:20)

ലൂക്കൊസ് 18:8-ൽ യേശു ഒരു അന്വേഷിയ്ക്കുന്ന ചോദ്യം ചോദിച്ചു: ''മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?''

ഇക്കാലം സ്വസ്ഥതയില്ലായ്മയുടെയും കലക്കത്തിന്റെയും നാളുകളാണ്. വാർത്തപത്രങ്ങളോ റേഡിയോ വാർത്തകളോ ടെലിവിഷൻ വാർത്തകളോ ശ്രദ്ധിച്ചാൽ ഇതു മനസ്സിലാകും. ലോകമെമ്പാടും കലഹങ്ങളും വിപ്ലവങ്ങളും നടക്കുന്നു. എല്ലാവർക്കും ചോദ്യങ്ങളാണ്. ഉത്തരമറിയാവുന്നവർ ചുരുങ്ങും. ''പഴയതെല്ലാം'' ഉപേക്ഷിക്കപ്പെടുന്നു. തൽസ്ഥാനത്ത് പുതിയതൊന്നും സ്ഥിരമായി വരുന്നുമില്ല. ഫലമോ ശൂന്യമായ ഒരു അവസ്ഥ.

ഇതുപോലെയുള്ള കാലത്ത് ജനങ്ങൾ ഒരു കാലത്ത് സ്വന്തമെന്നും പ്രിയപ്പെട്ടതെന്നും കരുതിയിരുന്ന വിശ്വാസങ്ങളും വിശ്വാസവും ആക്രമിക്കപ്പെടും എന്നത് മറന്നുകൂടാനാവാത്ത സത്യമാണ്. *ദൈവ*വിശ്വാസത്തിനെതിരെയുള്ള ആക്രമണങ്ങളും നാം കണ്ടുകഴിഞ്ഞു. മനുഷ്യർക്കു പലർക്കും ദൈവത്തെ ആവശ്യമേയില്ല എന്ന നിലയിലേക്ക് വന്നു എന്നു തോന്നും. ആസ്ത്രേലിയയിൽ ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിയ്ക്കുന്ന മതം *നിരീശ്വരത്വം* ആണെന്ന് ഒരു കണക്കെടുപ്പിൽ തെളിഞ്ഞിരുന്നു.

ബൈബിളിൽ വിശ്വസിക്കുന്നതിനെതിരായി തുടർച്ചയായ ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ആധുനികമായ *കൃത്തിപ്പു*സംഘങ്ങൾ ബൈബിളിനെ വിമർശിച്ചു തള്ളി. ഇനിയും ഒന്നും ബാക്കിവെച്ചിട്ടില്ല. ദൈവവചനത്തിന്റെ ദൈവനിശ്വാസിയതയെ അവർ കളിയാക്കുന്നു. യേശുവിന്റെ ദിവ്യത്വവും അതുപോലെതന്നെ ഇതു വളരെ കൗശലമേറിയ ആക്രമണമാണ്. കാരണം അവർ വായ്കൊണ്ട് യേശുവിനെ ആരാധിക്കുകയും ബുദ്ധിമാനായ മനുഷ്യൻ, ഒരു വലിയ പ്രവാചകൻ അല്ലെങ്കിൽ, പ്രകാശിതനായ ഒരു ഉപദേഷ്ടാവ് എന്നു മാത്രം പറയുകയും വിചാരിയ്ക്കയും ചെയ്യുന്നു. എല്ലാം പറയുകയും ചെയ്യുകയും ചെയ്ത ശേഷം ഈ ആശയക്കാർ യേശുവിനെ എല്ലാ മുഴങ്കാലും തന്റെ മുമ്പിൽ മടങ്ങുന്ന ജീവന്റെ കർത്താവായി അംഗീകരിക്കുന്നില്ല (ഫിലിപ്പിയർ 2:9-11).

ഈ അവിശ്വാസത്തിന്റെ പ്രായോഗികഫലങ്ങളിലൊന്ന് ശരിയോ തെറ്റോ

എന്ന നിലപാടിനോടുള്ള യുദ്ധമാണ്. ആളുകൾ സന്ദർശത്തിനു അനുസാരമായ ഒരു തരം ധർമ്മശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ട്. ദൈവത്തിന്റെ കല്പനയോടോ വാക്കുകളോടോ ഒരു ആശ്രയവുമില്ല. ശരിയും തെറ്റും നിശ്ചയിക്കുവാൻ ബൈബിളോ യേശുക്രിസ്തുവോ ഒന്നും ആവശ്യമില്ല. മനുഷ്യൻ *തന്നെത്തന്നെ* ന്യായാധിപതി ആക്കിയിരിക്കുകയാണ്. അവന്റെ ഏക *നിയമം സ്നേഹപ്രമാണ*മാണ്.

ക്രിസ്തുവിന്റെ വാക്കുകൾ നമ്മുടെ ഈ കാലത്തേക്ക് എത്ര അനുയോജ്യമാണ്. "മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (ലൂക്കൊ. 18:8). ഇതിൽ നിന്നും നമുക്ക് ചോദിപ്പാൻ ഒരു ചോദ്യം ഉണ്ടാകുന്നു. ഈ ഇരുപത്തിയെന്നാം നൂറ്റാണ്ടിൽ ഒരാൾക്ക് ദൈവത്തിലും യേശുക്രിസ്തുവിലും ബൈബിളിലും വിശ്വസിക്കാമോ? എന്റെ ഉദ്ദേശം, വിശ്വാസം കാലഹരണപ്പെട്ടിട്ടില്ലെന്നും ഒരാൾക്ക് 21-ാം നൂറ്റാണ്ടിൽ ബൈബിളിന്റെ ഉപദേശങ്ങളെ വിശ്വസിക്കാമെന്നും ഉറക്കുന്നതിനുതന്നെയാണ്!

ഇത് പലവിധത്തിൽ തെളിയിച്ചുകാണിക്കാം എന്നാൽ ഒരു ചിന്താഗതിയിലൂടെ നിങ്ങളുടെ ചിന്തകളെനയിക്കാമെന്നു വിചാരിക്കുന്നു. 21-ാം നൂറ്റാണ്ടിൽ, വിശ്വസിക്കുന്നത് യുക്തിസഹമാണ് എന്നു അഭിപ്രായപ്പെടുവാനാണ് എന്റെ ഉദ്ദേശം. സത്യം എന്നതിനെ പൂർണ്ണമായി കണ്ടുപിടിക്കുവാൻ യുക്തികൊണ്ടു മാത്രം സാധിക്കയില്ല. അതെ സമയം ഒരാൾ ക്രിസ്ത്യാനിയാകുമ്പോൾ യുക്തിപൂർവ്വം ചിന്തിക്കുന്നതും കാര്യകാരണസഹിതം ചിന്തിക്കുന്നതും നിർത്തണമെന്ന് ദൈവം പ്രതീക്ഷിക്കുന്നില്ല.

നമ്മുടെ പഠനം ഒരു മാലപോലെ തുടരെ തടുരെ യോജിപ്പിച്ച് ഒന്നിനോടുഒന്നു ചേർത്തുണ്ടാക്കിയതാണ്. അവസാനത്തിൽ ശരിയായി നിർവചിക്കപെട്ടതിനെ നോക്കി നിങ്ങളുടെ വിശ്വാസം നിർവ്വചിക്കയും പരിശോധിക്കയും ചെയ്യാം.

*ഒന്നാമത് ഒരു ദൈവമുണ്ട് എന്നു വിശ്വസിക്കുന്നത് യുക്തിസഹമാണ്.* സങ്കീർത്തനം 14:1 ലും 53:1 ലും പറയുന്നത് "ദൈവം ഇല്ല എന്ന് *മൂഢൻ* തന്റെ ഹൃദയത്തിൽ പറയുന്നു എന്നാണ്." സങ്കീർത്തനക്കാരൻ സൂചിപ്പിക്കുന്നത് ബുദ്ധിയിൽ കുറഞ്ഞവൻ എന്നല്ല, പിന്നെയോ ഏതു മനുഷ്യന്റെയും ചുറ്റുപാടും കാണുന്ന തെളിവുകൾ കാണുവാൻ കണ്ണു തുറക്കാത്തവനെക്കുറിച്ചാണ് മൂഢൻ എന്നു പറഞ്ഞിരിക്കുന്നത്. 19-ാം സങ്കീർത്തനം ഒന്നാം വാക്യത്തിൽ "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു." റോമർ 1:20-ൽ "അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ പ്രവർത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനുതന്നെ."

ഞാൻ ഒരു ചെറിയ ബാലനായിരുന്നകാലത്ത് പ്രസംഗകർ സാധാരണമായി ഒരു ലളിതമായ ഉദാഹരണം ഉപയോഗിക്കുമായിരുന്നു. അവർ അവരുടെ വാച്ച് വലിച്ചൂരിയെടുത്ത് കാണിയ്ക്കും. ഈ വാച്ച് അതുണ്ടാക്കിയ ഒരു ആളുണ്ടെന്ന് ഓർപ്പിക്കുന്നതുപോലെ നമ്മുടെ ഈ ലോകം കാണുമ്പോൾ അതിനൊരു സൃഷ്ടികർത്താവുണ്ടെന്ന് പ്രഖ്യാപിക്കുന്നു. ഈ ഉദാഹരണം പഴഞ്ചനായി കാണപ്പെടുന്നു എങ്കിലും വിചാരിയ്ക്കുന്നതിലും അഗാധമായ, ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് ഒരു വാദം നടത്തുകയാണെങ്കിൽ ഞാൻ മൂന്നു നിലകളുള്ള ഒരു പിരമിഡ് വരച്ച് ആരംഭിക്കും. താഴത്തെ നിലയെ ദൈവത്തിന്റെ അസ്തിത്വം എന്ന് വിളിക്കാം 1) *അസ്തിത്വം.* അതിന്റെ മുക

ളിലത്തെ നില 2) *ക്രമം* മൂന്നാമത്തേത് 3) *ഉദ്ദേശം*. ഓരോന്നിനെയും ഞാൻ ചുരുക്കമായി വിവരിക്കാം.

*അസ്തിത്വം:* വാച്ച് ഉണ്ട്. അതിനൊരു അസ്തിത്വം ഉണ്ട്. അതിന്റെ സാന്നിദ്ധ്യം ഒരു യാഥാർത്ഥ്യം ആണ്. അതിനൊരു ഉത്ഭവം ഉണ്ട്.

*ക്രമം:* വാച്ച് ഉണ്ടെന്നുമാത്രമല്ല, അത് ഒരു ക്രമമനുസരിച്ച് പ്രവർത്തിയ്ക്കുന്നുമുണ്ട്. വിവിധഭാഗങ്ങൾ ഒരുമിച്ചുചേർത്ത് ഒന്നായി പ്രവർത്തിയ്ക്കുന്നുമുണ്ട്. വിവിധ ഭാഗങ്ങൾ ഒരുമിച്ചുചേർത്ത് ഒന്നായി പ്രവർത്തിയ്ക്കുന്ന ഒരു ഏകകമാണ്. എല്ലാഭാഗങ്ങളും ശരിയായ രീതിയിൽ പ്രവർത്തിയ്ക്കുന്നിടത്തോളം അതു ക്രമമായി ജോലി ചെയ്യുന്നു.

*ഉദ്ദേശം:* ക്രമമായി വാച്ച് പ്രവർത്തിയ്ക്കുന്നു എന്നു മാത്രമല്ല. അത് ഒരു ഉദ്ദേശം നിറവേറ്റുന്നമുണ്ട്. ഇതാരുണ്ടാക്കിയോ, അവർക്കു ഇതിനെക്കുറിച്ച് വ്യക്തമായ ഒരു *ഉദ്ദേശം* മനസ്സിലുണ്ട്. കൃത്യമായ സമയം കാണിച്ചുതരുമ്പോൾ അത് അതിനെക്കുറിച്ചുള്ള ഉദ്ദേശം നിവർത്തിച്ചു കഴിഞ്ഞു.

അതുപോലെ നാം ഈ പ്രപഞ്ചത്തെ നോക്കുമ്പോൾ ഇവയാണ്. ഈ പ്രപഞ്ചം ഒരു സൃഷ്ടികർത്താവിനാൽ ഉണ്ടാക്കപ്പെട്ടതാണെന്നുള്ളതിന്റെ മൂന്നു വാദഗതികൾ (1) *പ്രപഞ്ചം ഉണ്ട്.* (2) കൂടാതെ ഒരു *ക്രമമായ* രീതിയിൽ അത് പ്രവർത്തിയ്ക്കുകയും ചെയ്യുന്നുണ്ട്. നാം നമ്മുടെ ഘടികാരം ദൈവത്തിന്റെ സ്വർഗ്ഗീയ ഘടികാരമനുസരിച്ച് സമയം ക്രമീകരിയ്ക്കുകയും ചെയ്യുന്നു. (3) *ഉദ്ദേശം*. എല്ലാ പുൽക്കൊടിയിലും എല്ല മരങ്ങളിലും കാണപ്പെടുന്നു.

ദൈവീക അസ്തിത്വത്തിനെതിരായ പ്രധാന വാദഗതി എറ്റവും മുകളിലത്തെ രണ്ട് നിലകളോടാണ്. ചിലർ, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ഭൂകമ്പം ചില വ്യക്തിഗത ദുരന്തങ്ങൾ എന്നിവയെ ചൂണ്ടിക്കാണിച്ച് ദൈവമില്ല എന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ഇവ സംഭവിക്കണമെന്നില്ല.[194]

എല്ലാ ചിന്താഗതികളും പരിശോധിക്കുവാൻ സമയം അനുവദിക്കുന്നില്ല. അതുകൊണ്ട് നമുക്ക് പിരമിഡിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. അതായത് *അസ്തിത്വം*. ഘടികാരം അഥവാ വാച്ചിന്റെ ഉദാഹരണത്തിലേക്ക് തിരികെ വരാം. നടക്കുന്ന വഴിയിൽ ഒരു കേടുവന്ന വാച്ച് കിടക്കുന്നതു കണ്ടുവെന്നു കരുതുക. അത് വീണുപോയതാണെന്നും ആരോ ചവിട്ടിക്കളഞ്ഞതാണെന്നും ചിന്തിക്കാം. അത് ശരിയായി സമയം കാണിയ്ക്കുന്നില്ല. നടക്കുന്നുമില്ലായിരിക്കും. *അതുകൊണ്ട് ആ വാച്ച് ഉണ്ടാക്കിയ ആൾ ഇല്ലന്നുവരുമോ?* ഇല്ല. തെളിവ് അവിടെയുണ്ട്. തെളിവായും തെറ്റിക്കൂടാതെയും, കേടുപറ്റിയ നിലയിലും വാച്ച് ഇപ്പോഴുമുണ്ട്. അത് എവിടെ നിന്നാണ് വന്നത്?

രണ്ടു തരത്തിലുള്ള അസ്തിത്വം ഉണ്ടെന്നു പറയപ്പെടുന്നു: മനസ്സും വസ്തുവും. ഒന്നുമില്ലായ്മയിൽ നിന്നും എന്തെങ്കിലുമൊന്ന് ഉണ്ടാക്കുവാൻ സാധ്യമല്ല. അതുകൊണ്ട് ഒന്ന് നിത്യവും മറ്റെതിനെ ഉല്പാദിപ്പിച്ചതും ആയിരിക്കണം. ഒന്നുകിൽ മനസ്സ് എന്നും ഉണ്ടായിരുന്നതും വസ്തുവിനെ ഉല്പാദിപ്പിച്ചതും ആയിരിക്കും. അല്ലെങ്കിൽ വസ്തു എന്നും ഉണ്ടായിരുന്നതും മനസ്സിനെ ഉല്പാദിപ്പിച്ചതും ആയിരിക്കും. ജീവനില്ലാത്തതും, ചിന്തയില്ലാത്തതും ധാർമ്മികതയില്ലാത്തതും ആയ വസ്തുവിന് ജീവിക്കുന്നതും ജീവനുള്ളതും ചിന്തിക്കുന്നതും വികാരങ്ങളോടുകൂടിയതും ധാർമ്മിക മനസ്സാക്ഷിയുള്ളതുമായ മനസ്സിനെ ഉത്ഭവിപ്പിക്കുക എന്നത് ചിന്തിയ്ക്കുവാൻ പറ്റാത്ത കാര്യമാണ്. അങ്ങനെയെങ്കിൽ അത് മറ്റെ വിധത്തിലായിരിക്കണം. നിത്യമായ മനസ്സ് വസ്തുവിനെ ഉല്പാദിപ്പിച്ചു.

എന്റെ ഒരു സ്നേഹിതനായിരുന്ന ജിം വാൽഡ്രൺ ഈ സങ്കല്പത്തെ ഉദാഹരിച്ചിട്ടുണ്ട്. അദ്ദേഹം ഒരു വിമാനത്തിൽ പാക്കിസ്ഥാനിലേക്കു യാത്ര ചെയ്തുകൊണ്ടിരുന്നു. ഒരു റഷ്യക്കാരനായിരുന്നു അദ്ദേഹത്തിന്റെ അടുത്ത സീറ്റിൽ ഇരുന്നത്. അവർ തമ്മിൽ സംസാരം തുടങ്ങി. വേഗത്തിൽ മതപരമായ വിഷയത്തിലേക്ക് സംസാരം കടന്നു. ദൈവം ആണ് ലോകത്തെ സൃഷ്ടിച്ചതെന്ന കാര്യം റഷ്യക്കാരന് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവസാനം ജിം ചോദിച്ചു. ‘‘റഷ്യയിൽ ചെറിയ കുട്ടികൾ മണ്ണുകൊണ്ട് അപ്പമുണ്ടാക്കുമോ?’’ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് റഷ്യയിലെ കുട്ടികൾ അങ്ങനെ മണ്ണപ്പമുണ്ടാക്കുമെന്ന് പറഞ്ഞു.

അതിനു മറുപടിയായി ജിം പറഞ്ഞത് ‘‘അതു രസകരമാണല്ലോ. ഞങ്ങളുടെ നാട്ടിലും കുട്ടികൾ മണ്ണപ്പമുണ്ടാക്കും. ഞാൻ ലോകത്തിൽ പോയിട്ടുള്ള സ്ഥലങ്ങളിലെല്ലാം കുഞ്ഞുങ്ങൾ അങ്ങനെ ചെയ്യാറുണ്ട്. എന്നാൽ ഒരു കാര്യം ഞാൻ ഇതുവരെയും കണ്ടിട്ടില്ല. അത്, *ഒരു മണ്ണപ്പം ഒരു ചെറിയ കുട്ടിയെ നിർമ്മിയ്ക്കുന്നത് ഞാൻ ഒരിടത്തും കണ്ടിട്ടില്ല.*’’

വേഗം സംഭാഷണത്തിൽ ‘‘മനസ്സും വസ്തുവും’’ എന്ന വിഷയത്തിലേക്കുവന്നു. മനസ്സിന് വസ്തുവിനെ ഉപയോഗിച്ച് വസ്തുവിനെ കൈകാര്യം ചെയ്യുവാനുള്ള ത്രാണിയുണ്ട്. എന്നാൽ വസ്തുവിന് അതില്ല. ജിം പുഞ്ചിരിയോടെ ഇങ്ങനെ അവസാനിപ്പിച്ചു. ‘‘വ്യക്തിപരമായി പറഞ്ഞാൽ കുഞ്ഞുങ്ങൾ മണ്ണപ്പം ഉണ്ടാക്കുന്നതു വിശ്വസിക്കുവാൻ മണ്ണപ്പം കുഞ്ഞുങ്ങളെ ഉണ്ടാക്കുമെന്നു വിശ്വസിക്കുന്നതിനേക്കാൾ എത്രയോ എളുപ്പമാണ്.’’

വസ്തു എന്നും വസ്തുവാണ്. അങ്ങനെ ആയിരിക്കയാൽ ഒന്നുമില്ലായ്മയിൽ നിന്ന് ഉണ്മയിലേക്കു വരുവാൻ ഒന്നുമില്ലായ്മയ്ക്ക് കഴിയുകയില്ല. ഈ ലോകം എന്നും ഉണ്ടായിരുന്നുവോ. അതോ എപ്പോഴോ ഒരു സമയത്ത് ലോകം ഉണ്ടാക്കപ്പെട്ടുവോ?

ചില വർഷങ്ങൾക്കുമുൻപ് ഞാൻ ഒരു പുസ്തകം വായിച്ച് ആസ്വദിച്ചുകൊണ്ടിരുന്നു. അതിന്റെ പേര് *വികസിക്കുന്ന പ്രപഞ്ചത്തിൽ ദൈവത്തിന്റെ തെളിവുകൾ* എന്ന പുസ്തകം. പല മേഖലകളിൽനിന്നുള്ള നാല്പതു ശാസ്ത്രജ്ഞന്മാരാൽ എഴുതപ്പെട്ടതാണ്. അവരിൽ മിക്കപേരും തങ്ങളുടെ പ്രത്യേക പ്രവർത്തനരംഗത്തുനിന്നും പരീക്ഷണങ്ങളിൽനിന്നും ഈ ലോകം ‘‘അധഃപതിച്ചു’’ കൊണ്ടിരിക്കയാണെന്നുള്ളതിന് തെളിവുകൾ നിരത്തി. പലതരത്തിൽ പ്രപഞ്ചത്തെ എരിഞ്ഞു അടങ്ങാറായ ഒരു തീയോട് താരതമ്യപ്പെടുത്തി. എങ്ങനെ പറഞ്ഞാലും രണ്ടു കാര്യം തെളിവായി. ഒന്ന് ഈ പ്രപഞ്ചം നിത്യമായിട്ടുള്ളതല്ല. രണ്ട് എന്നോ ഒരിക്കൽ ഈ പ്രപഞ്ചത്തിന് ഒരു *ആരംഭം* ഉണ്ടായിരുന്നു.[195]

ഒരു വസ്തുവിന് ഒന്നുമില്ലായ്മയിൽ നിന്നും ഉണ്മയിലേക്കു വരുവാൻ കഴിയാത്തതുകൊണ്ട് പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്ന പ്രശ്നം ശക്തിയോടെ നമുക്കു മുൻപിൽ നിൽക്കുന്നു. ഉത്തരമായി അത് ഏതോ നിത്യമായ ഒരു മനസ്സ് – അഥവാ ദൈവം തന്നെ ഉണ്ടാക്കി.

ചുറ്റുപാടും കണ്ണോടിക്കുക – നീ താമസിക്കുന്ന വീട് തനിയെ ഉണ്ടായതാണോ? എബ്രായർ. 3:4 ഈ കാര്യം വിശദമാക്കുന്നു. ‘‘ഏതു ഭവനവും ചമെപ്പാൻ ഒരാൾ വേണം. സർവവും ചമച്ചവൻ ദൈവം തന്നെ.’’[196]

*രണ്ടാമത് ദൈവമാണ് സർവ്വവും സൃഷ്ടിച്ചതെന്ന് വിശ്വസിക്കുന്നത് യുക്തിക്കു ചേർന്നതാണ്.* ഈ ലോകത്തിന് ഒരു സൃഷ്ടികർത്താവുണ്ടെന്ന്

*വിശ്വസിക്കുന്നത് യുക്തിക്കു നിരക്കുന്നതാണെന്ന് കാണിയ്ക്കുന്നതിനാണ്* ഞങ്ങൾ ഈ ലോകം നിർമ്മിയ്ക്കപ്പെട്ടതാണെന്നുള്ളതിന് തെറ്റിക്കൂടാത്ത അടയാളങ്ങൾ ചൂണ്ടിക്കാണിച്ചത്. ഇനിയും നമ്മുടെ ചിന്ത തിരിച്ച് മറുഭാഗത്തു നിന്നുനോക്കാം. ഈ സൃഷ്ടിതാവ് യഥാർത്ഥമായി പ്രപഞ്ചത്തെ സൃഷ്ടിച്ചു അത് യാദൃച്ഛികമായി ഉണ്ടായതല്ല. അത് *ഉണ്ടാക്കപ്പെട്ടതാണ്*. അത് ഒരു പദ്ധതിയനുസരിച്ച് ക്രമീകൃതമായ രീതിയിൽ ഉണ്ടാക്കപ്പെട്ടതാണ്.

സംഗതിയുടെ ഹൃദയഭാഗത്തേക്കു കടന്നുവരാം. ദൈവം സകലവും സൃഷ്ടിച്ചുവെന്നുള്ള കാര്യം യുക്തിക്കുചേർന്നതാണെങ്കിൽ *ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നുള്ളതും യുക്തിയ്ക്കു നിരക്കുന്നതാണ്*. ദൈവം മനുഷ്യരെ, *എന്നെയും നിന്നെയും* ഉണ്ടാക്കി. മുമ്പേ പിരമിഡിന്റെ ഉദാഹരണം വിവരിച്ചപ്പോൾ ഞാൻ മനുഷ്യനെ സംബന്ധിച്ച് ഉപയോഗിച്ചില്ല. മനുഷ്യനെ ഏറ്റവും നല്ല മാതൃകയായി ഞാൻ പറയുന്ന കാര്യത്തിനു "തെളിവായി" ഉപയോഗിക്കാമെന്നു കരുതുന്നു. നിങ്ങളെത്തന്നെ ഒന്നു കാണുവാൻ ചില നിമിഷങ്ങൾ ചെലവാക്കുക. മനുഷ്യശരീരംപോലെയുള്ള ഒരു യന്ത്രവുമില്ല. മനുഷ്യന്റെ കൈപോലെയുള്ള യാതൊരു യന്ത്രവും ഇല്ല.[197] മനുഷ്യന്റെ കണ്ണുപോലെയുള്ള ഒരു ക്യാമറയും ഇല്ല. മനുഷ്യഹൃദയംപോലെയുള്ള ഒരു പമ്പും ഇല്ല. സ്വയം സൗഖ്യമാക്കുന്നതും സ്വയം തണുപ്പിക്കുന്നതും പോലെയുള്ള ഒരു ക്രമീകരണവും ഉണ്ടാക്കപ്പെട്ടിട്ടില്ല. മനുഷ്യന്റെ ആന്തരികാവയവങ്ങൾ പോലെ ചേർന്നു പ്രവർത്തിക്കുന്ന ഒരു ഫാക്ടറിയുംമില്ല. ദാവീദിന്റെ വാക്കിൽ പറഞ്ഞാൽ "ഞാൻ ഭയങ്കരവും അതിശയകരവുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (സങ്കീ. 139:14).

ഒരു ഉദാഹരണത്തിന് മനുഷ്യമനസ്സിനെ ശ്രദ്ധിയ്ക്കാം. നാം അതിശയകരമായി പ്രവർത്തിക്കുന്ന കമ്പ്യൂട്ടറിന്റെ കാലത്താണല്ലോ ജീവിക്കുന്നത്. നിങ്ങൾ ഒരു വലിയ കമ്പ്യൂട്ടർ സ്ഥാപിക്കുന്നു എന്നു വിചാരിക്കുക. അത് ന്യൂയോർക്കു നഗരത്തിലെ എല്ലാ അംബരചുംബികളെയും കവിയുന്ന ഒന്നാണെന്നു വിചാരിക്കുക. എന്നാൽ അതിന് ഒരു ചെറിയ കുട്ടിയുടെ തലച്ചോറിന്റെ സാദ്ധ്യതകൾ, കഴിവുകൾ എന്നിവയുടെ അടുക്കലെങ്ങും എത്തത്തക്കതായിരിക്കയില്ല. പരിണാമവാദം പറയുന്നത് നാം താണ ജീവിജാലങ്ങളിൽ നിന്നും പരിണമിച്ചുവന്നതാണെന്നാണ്. അവരുടെ സിദ്ധാന്തമനുസരിച്ച് നമ്മുടെ മനസ്സുകൾ ഇപ്പോൾ വികസനം പ്രാപിച്ചു വന്നതാണ്. എന്തെന്നാൽ നമ്മൾക്ക് മറ്റ് മൃഗങ്ങളോട് ഈ നിലയിൽ മത്സരിച്ചു ജയിക്കുവാൻ കഴിയാത്തതുകൊണ്ടാണ്. എന്നാൽ സത്യം എന്താണ്. നമ്മുടെ തലച്ചോറിന്റെ *ഒരു ചെറിയ ശതമാനം* മാത്രമെ നാം വികസിപ്പിച്ചിട്ടുള്ളൂ എന്നതാണ്. മനുഷ്യന്റെ മുന്നേറ്റം പരിണാമസിദ്ധാന്തംകൊണ്ട് തെളിയിക്കുവാൻ, വിശദമാക്കുവൻ കഴിയുന്നതല്ല. ദൈവമാണ് നമ്മുടെ തലച്ചോറിനെ നമുക്കു തന്നത് എന്നതാണ് വസ്തുത. ചിന്താശക്തിയുള്ളയാൾ നമ്മെ ചിന്താശക്തിയുള്ളവരായി സൃഷ്ടിച്ചു. ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നു പറയുന്നത് യുക്തിക്കു ചേർന്നതാണ്. അതിലും കൂടുതൽ യുക്തിസഹജമാണ് ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നത്. (ഉല്പ. 1:26) പൂർവ്വികനായ കുരങ്ങിൻ സ്വരൂപത്തിനേക്കാൾ ദൈവ സ്വരൂപത്തിൽ മനുഷ്യൻ സൃഷ്ടിയ്ക്കപ്പെട്ടു!

*മൂന്നാമത് ദൈവം മനുഷ്യന് ഒരു വെളിപ്പാടു നല്കി എന്ന് വിശ്വസിയ്ക്കുന്നത് യുക്തിയ്ക്കു നിരക്കുന്നതാണ്.* ദൈവം ലോകത്തെ സൃഷ്ടിച്ചു എങ്കിൽ അവൻ എവിടെ നിന്നു വന്നു എന്നും അവൻ എന്തിനുവേണ്ടി ഇവിടെ ആയി

രിക്കുന്നു എന്നും ജീവിതം എന്താണെന്നും അവനു വെളിപ്പെടുത്തികൊടുക്കുന്നതും വളരെ യുക്തിസഹജമാണ്.

സങ്കല്പിക്കുക - ഒരു ദിവസം നിങ്ങൾ വീട്ടിൽ വരുന്നു. വീടിനുമുമ്പിൽ ഒരു വലിയ തിളങ്ങുന്ന യന്ത്രം കാണുന്നു. അത് വളരെ സങ്കീർണ്ണമാണ് സുന്ദരമായി നിർമ്മിയ്ക്കപ്പെട്ട് ക്രമീകരിയ്ക്കപ്പെട്ടിട്ടുണ്ട്. പുതിയ കണ്ടുപിടുത്തങ്ങളെല്ലാം ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നു. എന്നാൽ അത് എന്തിനുള്ളതാണ്. എന്തുപയോഗത്തിനാണ് എന്നു അറിയുന്നില്ല. അതിനുള്ള ഒരു സൂചനയുമില്ല. ഒരു പുസ്തകവും ഇല്ല. യന്ത്രത്തിന്മേലും ഒന്നും എഴുതിയിട്ടില്ല. എങ്കിൽ ഒരു കാലത്തും നാം അതിനെക്കുറിച്ച് ഒന്നും അറിയുകയില്ല. ഒരു പക്ഷേ ഒന്നു രണ്ടു നിഗമനങ്ങളിലെത്തിയേക്കും: (1) ഇതുണ്ടാക്കിയ ആൾ തന്റെ ഉദ്ദേശം വെളിവാക്കുന്നതിനു മുൻപായി മരിച്ചുപോയി. (2) അല്ലെങ്കിൽ അയാളൊരു ഭ്രാന്തനാണ്.

നാം നമ്മുടെ ചുറ്റുപാടുമുള്ള ലോകത്തെ നോക്കുമ്പോൾ എത്രയോ സങ്കീർണ്ണവും കൂടിക്കുഴത്തും വിഷമമുള്ളതുമായ ഒരു ലോകമാണ് ഏതു സങ്കീർണ്ണമായ യന്ത്രങ്ങളെക്കാളും. എന്നാൽ ജീവിതം എന്തിനുള്ളതാണെന്ന് നമ്മോട് അറിയിച്ചിട്ടുമില്ലെങ്കിൽ നാം തീരുമാനിച്ചേക്കും. നിർമ്മാതാവ് മരിച്ചു കാണും അല്ലെങ്കിൽ ഭ്രാന്തനായിരിക്കും. എന്നൊക്കെ. എന്നാൽ നിർമ്മിതാവായ ദൈവം ഇതു രണ്ടുമല്ല. എബ്രായർ. 1:1, 2 വചനങ്ങളിൽ നാം കാണുന്നു. അത് പൂർണ്ണമായും ബുദ്ധിയ്ക്കും യുക്തിയ്ക്കും നിരക്കുന്നതു തന്നെ. ''ദൈവം സംസാരിച്ചിരിക്കുന്നു'' എന്നുള്ളതും യുക്തിയ്ക്കു ചേർന്നതുതന്നെ.

ദൈവം നമ്മോട് ആശയവിനിമയം നടത്തി എങ്കിൽ നമുക്ക് ചില *അടിസ്ഥാനമാതൃകകൾ* തന്നിട്ടുണ്ട്. ജീവിതത്തിന് ഒരു തോതും ശരിയേത് തെറ്റേത് എന്ന് തിരിച്ചറിയുവാനുള്ള നിലവാരവും കാണിച്ചുതന്നിട്ടുണ്ട്. മനുഷ്യന്റെ തോത് മനുഷ്യൻ തന്നെയല്ല. വേദപുസ്തകം പറയുന്നു: ''യഹോവേ മനുഷ്യനു തന്റെ വഴിയും നടക്കുന്നവന് തന്റെ കാലടികളെ നേരെയാക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു'' (യിരെ. 10:23).

ആ ആശയവിനിമയം ഏതാണ്? ഇന്ന് അനേകം പുസ്തകങ്ങൾ ഉന്നത ശക്തിയാൽ പ്രേരിപ്പിക്കപ്പെട്ടതായി അവകാശപ്പെടുന്നുണ്ട്. എല്ലാം തന്നെ മറ്റുള്ളതിന് പല കാര്യങ്ങളിലും വിരുദ്ധമായി കാണപ്പെടുന്നു. യഥാർത്ഥത്തിൽ ദൈവം വെളിപ്പെടുത്തിയതിനെ മാത്രമായി കാണേണം. നമ്മുടെ ചിന്തയും പഠനവും ഒരു പടികൂടെ മുന്നോട്ടുകൊണ്ടുപോകാം. *ദൈവം മനുഷ്യന് കൊടുത്ത വെളിപ്പാട് ബൈബിൾ അഥവാ സത്യവേദപുസ്തകമത്രെ എന്നു വിശ്വസിയ്ക്കുന്നത് യുക്തിപൂർവ്വമാണ്.*

ബൈബിളിന്റെ ദൈവ നിശ്വാസിയതയെ കാണിയ്ക്കുന്ന എണ്ണമില്ലാത്ത സൂചനകളുണ്ട്. ഏകത്വം, പുരാതനതത്വം, നൂതനത്വം, ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ കൃത്യത നിഷ്പക്ഷത, സ്വാധീനം, അനശ്വരത, നിവർത്തിയ്ക്കപ്പെട്ട പ്രവചനങ്ങൾ മുതലായവയെ വിശദമായി ചിന്തിയ്ക്കുന്നതിനു പകരം നാം മുമ്പേ ചിന്തിച്ചു പോരുന്ന ചിന്താധാരയിൽകൂടെ തന്നെചിന്തിക്കാം. ഇതു കരുതുക ദൈവം ഭൂമിയെ സൃഷ്ടിച്ചെങ്കിൽ, മനുഷ്യനെ അവിടെ ആക്കിയെങ്കിൽ അവന് ഒരു വെളിപ്പാടു കൊടുത്തെങ്കിൽ, കൊടുത്ത വെളിപ്പാട് *ദൈവത്തിന്റെ ഭൂമിയിൽ മനുഷ്യന് ജീവിക്കുവാൻ ഏറ്റവും അനുയോജ്യമായ ഒരു വെളിപ്പാട് ആയിരിക്കുമെന്നുള്ളതും* വളരെ യുക്തിപൂർവ്വമായ ഒരു കാര്യമാണ്.[198]

ലോകത്തെ ഒന്നാകെ ഒന്നു നോക്കുക. മനുഷ്യൻ ഏറ്റവുമധികം അഭിവൃദ്ധി പ്രാപിച്ച രാജ്യങ്ങൾ ഏവയെന്നു മനസ്സിലാക്കുക. മനുഷ്യന്റെ ആവശ്യങ്ങൾ ഏറ്റവും യോഗ്യമായി നിർവഹിയ്ക്കപ്പെടുന്നതും മനുഷ്യജീവനെ ഏറ്റവുമിധികം ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതും ആയ രാജ്യങ്ങളെ കാണുക. വിശുദ്ധ *വേദപുസ്തകത്തിന്* കഴിഞ്ഞകാലത്തെ ഏറ്റവും അധികം സ്വാധീനം ആ രാജ്യങ്ങളിൻമേൽ ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാം.[199]

പൗലൊസിന്റെ വാക്കുകൾ ലോകത്തിലെല്ലാം സത്യമെന്ന് തെളിഞ്ഞ് കഴിഞ്ഞിരിക്കുന്നു. അത് ഇങ്ങനെയാണ്, ‘‘എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ *സകല സൽപ്രവർത്തിക്കും* വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു’’ (2 തിമൊ. 3:16, 17).

വേദപുസ്തകത്തിന്റെ ദൈവ നിശ്വാസിയതയ്ക്ക് അതിനു ആന്തരികമായിത്തന്നെ തെളിവുകൾ ഉണ്ട്. വേദപുസ്തകം ദൈവത്തിൽ നിന്നു തന്നെ ലഭിച്ചതാണെന്നുള്ളതു വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ നിങ്ങൾ അത് തുറന്ന് അതിനോടു പരിചയപ്പെടുക. റോമാലേഖനത്തിൽ പൗലൊസ് പറയുന്നു. ‘‘വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു’’ എന്നാണ് (10:17).

ഉദാഹരണത്തിനായി കൊള്ളക്കാരെ ഭയമായതുകൊണ്ട് ഞാൻ ഒരു തോക്ക് തലയിണക്കീഴിൽ സൂക്ഷിയ്ക്കുന്നു എന്നു സങ്കല്പിക്കുക. വീണ്ടും ചിന്തിക്കാം ഒരു രാത്രി സത്യമായും ഞാനുണർന്നപ്പോൾ ഒരാൾ മുറിയിൽ നുഴഞ്ഞുകയറിയതായി കാണുന്നു. അയാളെ തോക്കിന്റെ സാന്നിദ്ധ്യം മനസിലാക്കി ഭയപ്പെടുത്തി ഓടിയ്ക്കുവാൻ ആഗ്രഹിക്കുന്നു. ഞാനെന്തു ചെയ്യണം?

കുറഞ്ഞപക്ഷം രണ്ടു കാര്യങ്ങളെങ്കിലും ചെയ്യാം. തോക്കു കാണിച്ചിട്ട് അവനോട്, ‘‘നീ എന്റെ കയ്യിലെ തോക്കു കണ്ടോ? അതിനൊരു കുഴലുണ്ട് അതിന്റെ ചുവട്ടിൽ ഒരു വെടിയുണ്ട വച്ചിട്ടുണ്ട്. വെടിയുണ്ടയ്ക്ക് ഒരു അടപ്പും ഉള്ളിൽ വെടിമരുന്നുമുണ്ട്, കറുത്തീയംകൊണ്ടുള്ള ഒരു ചെറിയ ഉണ്ട അതിലുണ്ട്. ഞാൻ തോക്കിന്റെ കാഞ്ചി വലിച്ചാൽ പുറകിലുള്ള കൊട്ടുവടിപോലെയുള്ള ഉപകരണം പ്രവർത്തിക്കുകയും വെടിയുണ്ട കുഴലിനു വെളിയിൽചാടി അമിതവേഗത്തിൽ വന്ന് നിന്നിലൊരു വലിയ ദ്വാരം ഉണ്ടാക്കും ഞാൻ ഇത് നീ നില്ക്കുന്നയിടത്തേക്ക് തിരിക്കുകയാണെങ്കിൽ’’.

അല്ലെങ്കിൽ വായുവിലോട്ട് ചില വെടികൾ വയ്ക്കാം, അതായിരിക്കും കൂടുതൽ ഫലവത്താകുന്നത്!

*വേദപുസ്തകത്തെക്കുറിച്ച്* നമുക്ക് വളരെധികം സംസാരിക്കാം. എന്നാൽ വേദപുസ്തകം *ശക്തിയുള്ളതാണെന്നുള്ള* കാര്യം മനസ്സിലാക്കണം, ‘‘ജീവനും ചൈതന്യവും ഉള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയുള്ളതാണ്’’ (എബ്രാ. 4:12). അനേക വ്യക്തിജീവിതങ്ങളെ അത് വഴി മാറ്റി വിട്ടിട്ടുണ്ട്. രാജ്യങ്ങളെയും ചരിത്രത്തെ തന്നെയും.

വേദപുസ്തകം ദൈവത്തിന്റെ വചനമാണെന്നുള്ളതിന് ഇനിയും തെളിവു വേണമെങ്കിൽ അതിന് നിന്റെ സ്വന്ത ജീവിതത്തിൽ ഒരു അവസരം ഉണ്ടാക്കുക. *അതു വായിക്കുക, പഠിയ്ക്കുക*. ശരിക്കും പഠിക്കുക. അത് ജീവിതത്തിൽ പ്രയോഗിക്കുക. ജെ. ബി. ഫിലിപ്സ് പറയും പോലെ ‘‘അതിന് സത്യത്തിന്റെ മണിന

ാദം ഉണ്ടെന്ന് അറിയും!''

*നാലാമത്, ദൈവം മനുഷ്യനെ സ്നേഹിക്കുന്നു എന്നു വിശ്വസിക്കുന്നതും സഹായിപ്പാൻ ആഗ്രഹിക്കുന്നു എന്നു വിശ്വസിക്കുന്നതും കാര്യ കാരണ സഹിതമാണ്.* നമ്മുടെ ചുറ്റുമുള്ള ലോകത്തെ നോക്കുമ്പോൾ നമുക്ക് ദൈവം നമ്മുടെ വ്യക്തിപരമായ എല്ലാ ആവശ്യങ്ങളിലും തല്പരനാണെന്നും ദൈവം ഒരു വ്യക്തിപരമായ ദൈവമാണെന്നും അറിഞ്ഞ് സന്തോഷിപ്പാൻ ഇടയാകും. നമുക്ക് അത് മുഴുവനായി മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും ദൈവം നമ്മെ *സ്നേഹിക്കുന്നു.*

ദൈവത്തിന് ഈ ലോകത്തെ തീർത്തും യാതൊരു സ്നേഹമൊന്നുമില്ലാതെ ജഡത്തിനാവശ്യമായതു മാത്രം തന്ന് നിലനിർത്താമായിരുന്നു. അതു മാത്രം. എന്നാൽ ദൈവം അങ്ങനെ ചെയ്തില്ല. എല്ലാം മനോഹരമായി ചെയ്തു. പുഷ്പങ്ങളെയും ഭംഗിയുള്ള വർണ്ണപകിട്ടുള്ള പക്ഷികളെയും ഉണ്ടാക്കി. ദൈവം ഉണ്ടാക്കിയതെല്ലാം നല്ലതായിരുന്നു (ഉല്പ. 1:31). (1) ഏദെൻ തോട്ടത്തിൽ ദൈവം ഓരോ വൃക്ഷവും നിലത്തുനിന്നും മുളപ്പിച്ചു, (2) കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ വൃക്ഷങ്ങൾ (ഉല്പ. 2:9) മനുഷ്യന് ഒരു തക്ക തുണയെ ഉണ്ടാക്കി കൊടുത്തപ്പോൾ പ്രസവിയ്ക്കുന്ന ഒരു മാംസക്കഷണത്തെ കൊടുക്കാമായിരുന്നു. പകരം ദൈവം ഒരു സൗന്ദര്യമുള്ള സൃഷ്ടിയെ പുരുഷനെ സഹായിപ്പാൻ കൊടുത്തു.

മനുഷ്യന്റെ ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അത്യന്തികമായ ആത്മീകവും ധാർമ്മികവുമായ ആവശ്യങ്ങളിലേക്കുവരുന്നു. എല്ലാ ആളുകളും ജീവിതത്തിൽ ഒരിക്കലെങ്കിലും ആത്മീകമായ ദാഹം അനുഭവിച്ചിട്ടില്ലേ? ദൈവത്തിന്റെ നിലവാരത്തിൽ നിന്നും ഒരിക്കലും കുറവു വന്നിട്ടില്ല എന്ന് ആർക്കെങ്കിലും പറയുവാൻ കഴിയുമോ? എല്ലാവർക്കും ഒരിക്കലെങ്കിലും നിസഹായവസ്ഥ ഉണ്ടായിട്ട് തന്നെക്കാൾ ഉയർന്നവന്റെ സഹായം വേണമെന്ന ആവശ്യം തോന്നാതിരുന്നിട്ടുണ്ടോ വേദപുസ്തകം പറയുന്നു ''എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു'' എന്ന് (3:23).

ദൈവത്തിന്റെ സ്നേഹവും കരുതലും അറിഞ്ഞ നമുക്കു വേണ്ടി ദൈവം ഉണ്ടാക്കിയിരിക്കുന്ന ആത്മീയ അനുഗ്രഹങ്ങളെക്കുറിച്ചു വായിക്കുമ്പോൾ അത്ഭുതം തോന്നാറില്ല. പാപത്തിന്റെ ശിക്ഷ അവൻ നമുക്കുവേണ്ടി തന്റെ പുത്രൻ മൂലം ഏറ്റു. തുടർന്നുള്ള ജീവിതത്തിനും ആവശ്യമായ ആത്മീയ സഹായം യേശുമൂലം നമുക്കു തരുന്നു. ദൈവസ്നേഹത്തിന്റെ വെളിച്ചത്തിൽ ഇതുപോലെയുള്ള വചനഭാഗങ്ങൾ യുക്തിക്ക് യോഗ്യമായതു തന്നെ:

> ''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപൊകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'' (യോഹ. 3:16).
>
> ... ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു, അടക്കം ചെയ്യപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു (1 കൊരി. 15:3, 4).
>
> ആകയാൽ ദൈവപുത്രനായ യേശു, ആകാശത്തിൽകൂടി കടന്നുപോയ ഒരു ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്കുള്ളതുകൊണ്ട് നാം നമ്മുടെ

> സ്വീകാരം മുറുകെ പിടിച്ചു കൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവത്തിലും നമുക്കു തുല്ല്യമായി പരീക്ഷയ്ക്കപ്പെട്ടവ നത്രെ നമുക്കുള്ളത്. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപ ാസനത്തിനടുത്തുചെല്ലുക (എബ്രാ. 4:14–16).

*അഞ്ചാമത് ദൈവം നമ്മുടെ ഒരു പ്രതികരണം ആഗ്രഹിക്കുന്നു എന്നു വിശ്വസിക്കുന്നതും ന്യായമായ ചിന്തയാണ്*. നമ്മുടെ ആത്മീയ നന്മയ്ക്കായി വേണ്ടതെല്ലാം കരുതിയിട്ടുണ്ടെങ്കിലും അവൻ നമ്മെ വെറും യന്ത്ര മനുഷ്യ രാക്കിയിട്ടില്ല. നാം അനുസരിക്കേണ്ടതിന് നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. അതേസ മയം ഇഷ്ടമുള്ളതു തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യവും തന്നിട്ടുണ്ട്. അവൻ നമ്മെ സ്വാതന്ത്ര്യമുള്ള ധാർമ്മിക ബോധമുള്ളവരായിട്ടാണ് ഉണ്ടാക്കിയിരി ക്കുന്നത്. ഇഷ്ടമുള്ളതു തെരെഞ്ഞെടുക്കുവാൻ അവകാശമുണ്ട്. നമുക്കു വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യാം. അനുസരിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യും. സ്നേഹിക്കുകയോ പങ്ക്വെക്കുകയോ ചെയ്യാം. യന്ത്ര മനുഷ്യരുടെ പ്രതികരണം യാന്ത്രികമാണ് അതിന് യാതൊരു മഹിമയുമില്ല. അതിനുവിപരീതമായി സ്വതന്ത്രമായ ആളുകളുടെ പ്രതികരണ ത്തിന് അർത്ഥമുണ്ട്.

വിശ്വാസത്തിന് ഉറപ്പായ അടിസ്ഥാനമുണ്ടാകേണ്ടതിന് ദൈവം നമുക്ക് തെളിവുകൾ തന്നിട്ടുണ്ട്. അവൻ തന്റെ സ്നേഹത്തെ എണ്ണമറ്റ വിധങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവം നമ്മിൽ നിന്ന് *വിശ്വാസം, അനുസരണം, സ്നേഹം* എന്ന പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നത് ന്യായമല്ലേ?

*വിശ്വാസം*: എബ്രായർ 11:6 ഇങ്ങനെപറയുന്നു, ''വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവന് ദൈവമുണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടു ക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.''

*അനുസരണം*: എബ്രായർ 5:9 പറയുന്നു, ''തന്നെ അനുസരിക്കുന്ന ഏവർക്കും അവൻ നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു.''

*സ്നേഹം*: 1 യോഹ. 4:8ൽ പറയുന്നു. ''സ്നേഹിക്കാത്തവൻ ദൈവത്തെ അറി ഞ്ഞിട്ടില്ല, ദൈവം സ്നേഹം തന്നെ.''

ദൈവം നമുക്കായി ചെയ്ത എല്ലാകാര്യങ്ങളും ചിന്തിയ്ക്കുമ്പോൾ അവൻ നമ്മിൽ നിന്നും ആഗ്രഹിക്കുകയും പ്രതീക്ഷിക്കയും ചെയ്യുന്ന പ്രതികരണം ഗലാത്യർ അഞ്ചിന്റെ ആറിൽ ചുരുക്കമായി പറഞ്ഞിരിക്കുന്നത് ''സ്നേഹ ത്താൽ വ്യാപരിക്കുന്ന വിശ്വാസം എന്നതാണ്.''

ഈ ചർച്ച ഇനിയും വളരെ വിസ്തൃതമാക്കാവുന്നതാണ്. എന്തെന്നാൽ പുതിയനിയമം മുഴുവനായി നമ്മിൽ നിന്നും പ്രതീക്ഷിയ്ക്കുന്ന, ആഗ്രഹി ക്കുന്ന പ്രതികരണങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. ഇപ്പോൾ അവസാനമായി ഒരു ''കണ്ണി'' കൂടി ചർച്ച ചെയ്തിട്ട് ഇതവസാനിപ്പിക്കാം.

*ആറാമത്തേത്* ഒരിക്കൽ മനുഷ്യൻ ദൈവത്തോടു കണക്കു ബോധിപ്പി ക്കുവാനായി വിളിയക്കപ്പെടും എന്ന വിശ്വാസവും യുക്തിയ്ക്കു ചേർന്നതു

തന്നെയാണ്. ഈ വർത്തമാനകാല ജീവിതം മാത്രമല്ല നമുക്കുള്ളതെന്ന് നമുക്കു ചുറ്റും എല്ലായിടത്തുനിന്നും സൂചനകൾ ലഭിക്കുന്നുണ്ട്. എല്ലാ മനുഷ്യവർഗ്ഗക്കാർക്കും ജന്മസിദ്ധമായിതന്നെ അമർത്യതയെക്കുറിച്ച് ഒരു ബോധമുണ്ട്. സത്യദൈവത്തിൽ നിന്നും വളരെ അകന്നു ജീവിയ്ക്കുന്ന ആളുകളിൽ പോലും ഈ ജീവിതത്തിനപ്പുറത്ത് ഒരു ജീവിതമുണ്ടെന്നുള്ള ബോധം ശേഷിക്കുന്നു.[200]

വരാനുള്ള ജീവിതത്തിൽ നമുക്കു നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ, അവസരങ്ങൾ വെല്ലുവിളികൾ ഇവരൊക്കെയും ദൈവത്തിന് കണക്കു കൊടുക്കേണ്ടിവരും. മാത്രമല്ല "ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ" (1 കൊരി. 4:2).

അങ്ങനെ കണക്കു ബോധിപ്പിക്കേണ്ടുന്ന ദിവസത്തെ "ന്യായവിധി ദിവസം" എന്നാണ് ബൈബിൾ പറയുന്നത് (മത്താ. 10:15; 11:22, 24; 12:36). എബ്രായർ 9:27 പറയുന്നു, ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയുടെ സിദ്ധാന്തം വളരെ ന്യായമായിട്ടുള്ളതുതന്നെ എന്ന് ഞാൻ വിശ്വസിക്കുന്നു. ഇഹലോകജീവിതത്തിൽ "കണക്കുബുക്കുകൾ അത്ര തുല്യമാകാറില്ല." ദുഷ്ടന്മാർ പലപ്പോഴും അഭിവൃദ്ധി പ്രാപിക്കുന്നു. നല്ല ആളുകൾ പലപ്പോഴും പീഢിപ്പിക്കപ്പെടുന്നു. കുറ്റവാളികൾ പലപ്പോഴും സ്വതന്ത്രരായിത്തീരുന്നു, നിർദ്ദോഷികൾ സഹിക്കേണ്ടിവരുന്നു. ഒരു ദൈവമുണ്ടെങ്കിൽ തെറ്റുകൾ തിരുത്തപ്പെടണം അതിരുകളൊക്കെ തീരുമാനിയ്ക്കപ്പെടണം.

അതിന്റെ അർത്ഥം എന്തെന്നാൽ ഒരു ദിവസം നീ ദൈവത്തിന്റെ മുമ്പിൽ നില്ക്കേണ്ടിവരും. ആ സമയത്ത് നാം ഓരോരുത്തരും ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടിവരും (14:12).

*സമാപനം.* നമ്മുടെ ചിന്താ ശ്രേണിയിലെ കണ്ണികളാണിവ. താഴെപറയുന്ന കാര്യങ്ങൾ വിശ്വസിക്കുന്നത് യുക്തിക്കും ബുദ്ധിക്കും ചേർന്നതാണ്:

ഒരു ദൈവമുണ്ട്.

അവൻ സർവത്തെയും സൃഷ്ടിച്ചു വിശേഷിച്ചും മനുഷ്യനെ.

അവൻ മനുഷ്യന് ഒരു വെളിപ്പാടു കൊടുത്തു. അത് ബൈബിൾ ആണ്.

ദൈവം മനുഷ്യനെ സ്നേഹിക്കുകയും സഹായിക്കയും ചെയ്യുന്നു. ക്രിസ്തുവിൽ കൂടി *ആത്മീകമായ* സഹായം പ്രത്യേകമായ വിധത്തിൽ നല്കുന്നു.

ദൈവം മനുഷ്യരിൽനിന്ന് ഒരു പ്രതികരണം ആഗ്രഹിക്കുകയും പ്രതീക്ഷിക്കയും ചെയ്യുന്നു.

അന്തിമമായി മനുഷ്യനെ ദൈവസന്നിധിയിൽ വരുത്തും. മനുഷ്യനുകൊടുത്തിരുന്ന ശാരീരികവും ആത്മീകവുമായ അനുഗ്രഹങ്ങളും അവസരങ്ങളും എങ്ങനെ ഉപയോഗിച്ചു എന്നുള്ളതിന് കണക്കുകൊടുക്കേണ്ടിവരും.

ന്യായവിധിദിവസത്തേക്കു ഒരുങ്ങുവാൻ അടുത്തകാലത്ത് നീ എന്തു ചെയ്തു?

ഈ പാഠം സമാപിയ്ക്കുമ്പോൾ നമുക്ക് യേശുവിന്റെ ചോദ്യത്തിലേക്കു വരാം. "മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" നമുക്ക് ചോദ്യം വ്യക്തിപരമാക്കാം. മനുഷ്യപുത്രൻ വരുമ്പോൾ അവൻ *നിന്റെ* ഹൃദയത്തിൽ വിശ്വാസം കണ്ടെത്തുമോ? അങ്ങനെ ഈ ചോദ്യമാണ് *നിന്നോടുള്ള* ചോദ്യത്തിലെ പ്രധാന കാര്യം.

പക്ഷേ നീ "കർത്താവേ ഞാൻ വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തിനു

സഹായിക്കേണമേ'' എന്നു നിലവിളിച്ച മനുഷ്യനെപ്പോലെ ആയിരിക്കും. (മർ. 9:24). നിന്റെ വിശ്വാസം ബലഹീനമായിരിക്കുന്നത് പഠനത്തിന്റെ കുറവാണെങ്കിൽ നിന്നെ പൂർണ്ണമായി കർത്താവിനു സമർപ്പിയ്ക്കുവാൻ തക്കവണ്ണം പോരാത്തതാണെങ്കിൽ വേദപുസ്തകം വായിച്ച് പഠിച്ച് വേദപുസ്തകത്തിൽ പറയുന്ന കാര്യങ്ങൾ അനുസരിക്കുക. എന്നാൽ കർത്താവു തിരിച്ചുവരുമ്പോൾ നിന്നിൽ സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസം കാണാനിടയാകും!

### നന്ദിയുള്ള ഹൃദയങ്ങൾ (1:21)

ഇന്നും നമ്മൾ ജീവിക്കുന്നു ഈ ലോകം ദൈവത്തെ മഹത്വപ്പെടുത്തുന്നതിനാൽ തോൽവി അടഞ്ഞിരിക്കുന്നു. അവന്റെ അത്ഭുതകരമായ അനുഗ്രഹങ്ങൾക്കായി നന്ദി കാണിയ്ക്കുന്നില്ല. റോമർ 1:21 ലോകത്തെ മാത്രമല്ല നമ്മെയും ചൂണ്ടിയാണ് പറഞ്ഞിരിക്കുന്നത്. പലപ്പോഴും നാം നമ്മുടെ അനുഗ്രഹങ്ങളെ എണ്ണുവാനും നന്ദി പ്രദർശിപ്പിക്കുവാനും കഴിഞ്ഞിട്ടില്ലാത്തവരാണ്. ദൈവമോ നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവമാണുതാനും (1 തിമൊ. 6:17; യാക്കോ. 1:17). ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയുന്ന കീഴ്പോട്ടുള്ള വഴിയിലെ ഒരു പടിയാണ് നന്ദികേട് എന്ന് മറക്കാതിരിക്കാം.

### ഈ കാലത്തിന്റെ ജ്ഞാനം (1:22)

റോമർ 1:22 പറയുന്നു, ''ജ്ഞാനികൾ എന്ന് പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി.'' പൗലൊസിന്റെ വാക്കുകൾ തന്റെ കാലത്തെ ലോകത്തെ മാത്രമല്ല നമ്മുടെ കാലത്തെയും വിവരിക്കുന്നതാണ്. തത്വജ്ഞാനികളുടെയും, ശാസ്ത്രജ്ഞന്മാരുടെയും വിദ്യാഭ്യാസ ശാസ്ത്രജ്ഞന്മാരുടെയും ദൈവത്തെ കൂടാതെയുള്ള ജ്ഞാനത്താൽ നാം ആക്രമിക്കപ്പെടുകയാണ്. ദൈവത്തെ ഒഴിവാക്കിയുള്ള സങ്കല്പങ്ങളും സിദ്ധാന്തങ്ങളും മൂലം നാം സഹിക്കേണ്ടിവരുന്നു. നിരീശ്വരത്വം, മാന്ത്രികത്വം മുതലായവയുടെ മൂഢത്വത്താൽ നമുക്ക് വളരെ ബുദ്ധിമുട്ടുണ്ട്. വലിയ പേരും ശബ്ദവുമുണ്ടാക്കുന്ന ഈ വക മൗഢ്യതയ്ക്കുള്ള ലോകം മുങ്ങിപ്പോകുകയാണ്.[201]

### വിഗ്രഹാരാധന (1:23, 25)

പൗലൊസ് വിഗ്രഹാരാധനയെ അപലപിയ്ക്കുന്നതു വായിക്കുമ്പോൾ നാമും ചില അപകടങ്ങൾ ഒഴിവാക്കണം. ഒരു അപകടം എന്താണെന്നു ചിന്തിച്ചാൽ നാം നമ്മുടെ ചിന്താഗതികളെ ഒന്നാം നൂറ്റാണ്ടിലേതിനോട് ബന്ധപ്പെടുത്തുവാൻ ശ്രമിയ്ക്കും. വിഗ്രഹവണക്കം ഇന്നും ചില രാജ്യങ്ങളിൽ സാധാരണയായി കാണപ്പെടുന്നു. ചില രാജ്യങ്ങളിൽ അത് കൂടുതൽ പ്രത്യക്ഷമാണ്. എന്നാൽ അത് എല്ലായിടത്തുമുണ്ട്. ചിലർക്ക് സാക്ഷാത്തായി ചിന്തിക്കുവാൻ പ്രയാസമാണ്. അവർക്ക് കാണപ്പെടുന്ന ഒരു ദൈവം വേണമെന്ന് ചിന്തിക്കുന്നു. കണ്ണിനു കാണുവാൻ സാധിയ്ക്കാത്ത ദൈവത്തെ ആരാധിക്കുവാൻ ബലവത്തായതും ഇളകാത്തതും ആയ വിശ്വാസം വേണം. പുതിയ നിയമം ഇന്നും പഠിപ്പിക്കുന്നത് ''വിഗ്രഹങ്ങളോട് അകന്ന് സൂക്ഷിച്ചുകൊൾവീൻ'' (1 യോഹ. 5:21) എന്നാണ്.

വേറൊരു അപകടം, കപടദൈവങ്ങൾക്കു പകരമായി സത്യദൈവത്തെ ത്യജിച്ചുകളയുമോ എന്ന ചിന്ത. വിഗ്രാഹാരാധനയെക്കുറിച്ച് തുടർന്നു ചിന്തിക്കാം.

> ആരോ ഒരുവൻ പറഞ്ഞത് ''നിന്റെ കൈ ഏതിൽ തുങ്ങുന്നുവോ, ഏതിൽ ആശ്രയിക്കുന്നവോ, അത് നിന്റെ ദൈവം ആകുന്നു.'' നിന്റെ ജീവിതത്തിൽ നീ ഏതിന് മുൻഗണന കൊടുക്കുന്നുവോ അത് നിന്റെ ദൈവം ആകുന്നു. നാം ഒരു പക്ഷേ വലിയ രാക്ഷസപക്ഷികളുടെ മുമ്പിലോ കൊത്തുപണിചെയ്ത കരിങ്കല്ലു പ്രതിമയുടെ മുമ്പിലോ മരംകൊണ്ടുള്ള പ്രതിമയുടെ മുമ്പിലോ വണങ്ങുന്നില്ലായിരിക്കും. എന്നാലും നമുക്കു യഹോവയോട് മത്സരിക്കുന്ന അന്യദൈവങ്ങളുണ്ട്. സ്വർണ്ണകാളക്കുട്ടിയുടെ മുമ്പിൽ നാം വണങ്ങിയിട്ടില്ലായിരിക്കും. എന്നാലും സ്വർണ്ണത്തെ ആരാധിപ്പാൻ സാധിക്കും. കൊത്തുപണിയായ ഒരു വിഗ്രഹത്തിനു മുമ്പിൽ മുട്ടുമടക്കിയിട്ടില്ലായിരിക്കും. എന്നാൽ പണമെന്ന വിഗ്രഹം നമുക്കുണ്ട്. നാം ഒരിക്കലും, സ്വയം പൊള്ളയായ, സ്വയം ശ്രേഷ്ഠതാഭാവമുള്ള ഇവയെ ദൈവാരാധനയ്ക്കു മേലായി കരുതിയിട്ടില്ല എന്ന് നമ്മിൽ ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ? ഈ ജീവിതത്തിൽ ഉള്ള പല കാര്യങ്ങളും *നല്ലതാണ്*. എന്നാൽ അതൊന്നും തന്നെ *ദൈവമല്ല*.[202]

അനേകരും ''സൃഷ്ടിതാവിനേക്കാൾ കൂടുതലായി സൃഷ്ടി ഭജിയ്ക്കുന്ന'' വിധം. ഏറ്റവും അധികമായി കാണുന്നത് ആളുകൾ ദൈവഷ്ടം അറിഞ്ഞ് ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുപകരമായി *തങ്ങളെത്തന്നെ* സേവിയ്ക്കയും തങ്ങളുടെ ഇഷ്ടവും ആഗ്രഹങ്ങളും നിവർത്തിക്കുന്നതിനായി പരിശ്രമിക്കയും ചെയ്യുന്നതു മൂലമാണ്. അനേകരും സ്വയത്തെ ഉയർത്തുകയും ദൈവത്തെ താഴ്ത്തുകയും ചെയ്യുന്നു. അവരുടെ ഭാവം ''ചെറിയ ദൈവം വലിയ നാം'' എന്നാണ്.

**ദൈവത്തെ തള്ളിക്കളയുന്ന ദുരന്തം (1:24-32)**

ദൈവത്തെ ഉപേക്ഷിച്ചുകളഞ്ഞതിന്റെ ഫലമായി (1:18-23) ജാതികൾക്ക് വലിയ ദുരന്തമുണ്ടായി. യഹൂദനായാലും, പുറജാതിയായാലും (1:24-32). ഒരുത്തർക്കും ഭയങ്കരമായ തിക്തഫലങ്ങളനുഭിക്കാതെ ദൈവത്തെ തള്ളിക്കളയുവാൻ സാധിക്കയില്ല. ജാതികളുടെ ഇടയിൽ നടമാടിക്കൊണ്ടിരുന്ന പാപങ്ങളുടെ പട്ടിക പൗലൊസ് വിവരിക്കുന്നതു ദൈവത്തെ ഉപേക്ഷിക്കുന്നതിന്റെ ദുരന്തം ഓർക്കാൻ നമ്മെ സഹായിക്കും:

ദുഃഖകരമായ യാഥാർത്ഥ്യം - (1:24, 26, 28).
ദുരന്തമായ ഫലം - (1:24-27).
സങ്കടകരമായ രേഖ - (1:28-32).

**ലൈംഗിക അസാന്മാർഗ്ഗികത (1:24)**

പൗലൊസ് ജീവിച്ചകാലത്ത് ഒരു സമൂഹം ദൈവത്തെ ഉപേക്ഷിച്ചുപോയതിന്റെ അടയാളമായി കാണപ്പെട്ടത് ലൈംഗികഭോഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും വിവേകശൂന്യമായ ലൈംഗികബന്ധത്തെ അനുവദിച്ച് സമ്മതിച്ചുകൊടുക്കയും ചെയ്യുന്നതായിട്ടാണ്. ഈ കാലത്ത് ദൈവത്തെ ഉപേക്ഷിയ്ക്കുന്നവർക്കു എന്തു ഭവിക്കുന്നു?

പുസ്തകങ്ങളും ചലച്ചിത്രങ്ങളും ടെലിവിഷനും പാട്ടുകളും എല്ലാംതന്നെ ലൈംഗികകാര്യങ്ങൾ നിറഞ്ഞവയാണ്. വിവാഹത്തിനു പുറത്തുള്ള ലൈംഗിക

ബന്ധം നിയമാനുസൃതമായി കണക്കാക്കപ്പെടുന്നു. അത് സ്വാഭാവികവും പ്രതീക്ഷിച്ചതും ആഗ്രഹിക്കത്തക്കതുമായി കണക്കാക്കപ്പെട്ടിരിക്കുന്നു. വിവാഹത്തിനു മുൻപ് ലൈംഗിക ബന്ധം പുലർത്താത്തവരെ ക്രമവിരുദ്ധരെന്ന് കരുതുന്നു. ലോകചിന്ത പുലർത്തുന്നവർക്ക് ''ഒരുമിച്ചു ജീവിക്കുക'' എന്നത് വിവാഹഭ്യർത്ഥന, സ്ത്രീ സേവ എന്നിവയുടെ ഒരു പടിയായിത്തീർന്നിരിക്കുന്നു. അത് വിവാഹത്തിൽ എത്തുകയോ എത്താതിരിക്കയോ ചെയ്യാം. പത്രോസും, യൂദായും പറഞ്ഞതുപോലെ മനുഷ്യർ ബുദ്ധിയില്ലാത്ത ജന്തുക്കളെപ്പോലെ പ്രവർത്തിക്കാൻ (2 പത്രോ. 2:12; യൂദാ 10). ഈ ജീവിത രീതിയെ എന്റെ വല്ല്യമ്മച്ചി ഇങ്ങനെ വർണ്ണിച്ചിരുന്നു. ''അവർക്കു ഒരു തെരുവു പൂച്ചയുടെ ധാർമ്മികതയാണുള്ളത്'' എന്ന്.

അസാന്മാർഗ്ഗികമായി ജീവിയ്ക്കുന്നവർക്ക് മറ്റുള്ളവർ അവരെ വിമർശിക്കുന്നതെന്തിനെന്ന് മനസ്സിലാകുകയില്ലായിരിക്കാം. അവർ തങ്ങളുടെ പെരുമാറ്റത്താൽ മറ്റുള്ളവരെ മുറിവേല്പിക്കുന്നു എന്നുള്ളത് അവർ ചിന്തിക്കുന്നില്ല. അവർ അവരുടെ കുടുംബാംഗങ്ങളേയും മറ്റ് അവരെക്കുറിച്ച് കരുതലുള്ളവരെയും മുറിപ്പെടുത്തുന്നു. ദൈവികമായ തോത് അപ്രത്യക്ഷമാകുമ്പോൾ സംസ്ക്കാരത്തിന്റെ അടിസ്ഥാനങ്ങളും നശിപ്പിയ്ക്കപ്പെടുന്നു. വിവാഹത്തിനു പുറത്തുള്ള ലൈംഗിക ബന്ധം വിവാഹത്തെയും ഭവനത്തെയും ബലഹീനമാക്കുന്നു. ഭവനമാണല്ലോ സമൂഹത്തിന്റെ മൂലക്കല്ല്.

അവർ അറിയുന്നുണ്ടെങ്കിലും ഇല്ലെങ്കിലും അവർ അവരെത്തന്നെ മുറിവേൽപ്പിക്കുകയാണ്. ''ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്ത ശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏല്പിച്ചു'' അപ്പോൾ അതിന്റെ സങ്കടകരമായ ഒരു ഫലം അവരുടെ ശരീരങ്ങൾ തമ്മിൽ അവമാനിക്കപ്പെടുന്നു (റോമ. 1:24).[203] പിന്നീട് റോമർക്കുള്ള ലേഖനത്തിൽ പൗലൊസ് തന്റെ വായനക്കാരെ തങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി അർപ്പിപ്പാൻ (12:1) വെല്ലു വിളിക്കുന്നു. വേറൊരു ഭാഗത്ത് ചൂണ്ടിക്കാണിക്കുന്നു നിങ്ങളുടെ ശരീരങ്ങൾ പരിശുദ്ധാത്മാവിന്റെ മന്ദിരമല്ലോ (1 കൊരി. 6:19, 20) എന്ന്. ഒരാൾ വിവാഹത്തിനു മുൻപോ വിവാഹത്തിനുപുറത്തോ ലൈംഗികവൃത്തിയിൽ ഏർപ്പെടുമ്പോൾ തന്റെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നതിനു പകരം സ്നേഹത്തിനു പ്രതിഷ്ഠിയ്ക്കയുമാണ് ചെയ്യുന്നത്. വാക്യങ്ങളിൽ പൗലൊസ് എഴുതി ''ശരീരമോ ദുർന്നടപ്പിനല്ല കർത്താവിനത്രെ. ദുർന്നടപ്പു വിട്ടോടുവിൻ. മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനുപുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്ത ശരീരത്തിനു വിരോധമായി പാപം ചെയ്യുന്നു'' (1 കൊരി. 6:13, 18).

**സ്വവർഗ്ഗരതിയേക്കുറിച്ച് എന്താണ്? (1:26, 27)**

*നമ്മുടെ ആധുനികസംസ്ക്കാരം.* പൗലൊസിന്റെ വചനങ്ങൾ എഴുതിയ കാലത്തെപ്പോലെതന്നെ സാഗത്യമുള്ളതുതന്നെ. മിക്ക സംസ്ക്കാരങ്ങളിലും സ്വവർഗ്ഗരതി കുറ്റകരമായി കണക്കാക്കിയിരുന്നു (സോദോമി എന്ന് അന്ന് പേര്) പ്രകൃതിയ്ക്കും, മനുഷ്യർക്കും, സംസ്ക്കാരത്തിനും എതിരായ കുറ്റം. അടുത്ത ചിലവർഷങ്ങളായി സ്വവർഗ്ഗരതിക്കാർ അവരെ സഹിയ്ക്കണം എന്നാണ് ആവശ്യപ്പെട്ടത്. പിന്നെ സഹതാപം കാണിയ്ക്കണമെന്ന് ഇപ്പോൾ പൂർണ്ണമായി അംഗീകരിക്കണമെന്നും അവരെ പ്രോത്സാഹിപ്പിക്കണമെന്നും

അതു അംഗീകരിക്കത്തക്ക ഒരു പകര നീതിയാണെന്നും മറ്റും പറയുന്നു.[204] മനുഷ്യരുടെയിടയിൽ ഒരു ചെറിയ ശതമാനം ആളുകൾ മാത്രമണവരിൽപ്പെടുന്നത്. അവരെ തിരിച്ചറിയാനും പ്രയാസമുണ്ട് കൂടുതൽ പേരും പുരുഷന്മാരായി കാണപ്പെടുന്നു.

രാഷ്ട്രിയക്കാർ സ്വവർഗ്ഗരതിക്കാരെ താങ്ങുകയും സഹായിക്കുകയും ചെയ്യുവാൻ ഒരുങ്ങിയിരുന്നു. ഉല്പതിഷ്ണുക്കളായ സഭകൾ അവരെ പരസ്യമായി ശുശ്രൂഷാസ്ഥാനത്തേക്ക് കൊണ്ടുവന്നു സ്ഥാനികളാക്കി (പട്ടം കൊടുത്തു). ഇവരുടെ അവകാശങ്ങളെ ചോദ്യം ചെയ്യുന്നവർക്ക് ഒരു പേരും കൊടുത്തു. "homophobic" അതായത് സ്വവർഗ്ഗരതിക്കാരെ ഭയപ്പെടുന്നവർ മുൻപ് ഈ പേര് സ്വവർഗ്ഗരതിക്കാർക്കു കൊടുത്തിരുന്നതാണ്.[205]

സ്വവർഗ്ഗരതിക്കെതിരായി സംസാരിക്കുന്നത് "രാഷ്ട്രീയമായി നിലനില്പ്പുള്ളവർക്ക്" ശരിയല്ലായിരിക്കും എന്നാൽ തിരുവെഴുത്തു പറയുന്നു. സ്വവർഗ്ഗരതി തെറ്റാണ്. അവരുടെ ജീവിതരീതി പാപമാണ്.

*സ്വവർഗ്ഗരതിക്കാരുടെ പ്രശ്നം?* ഈ കാര്യത്തിനായി ജീവിക്കുന്നവർ ഈ വിഷയത്തെക്കുറിച്ചുള്ള വേദപുസ്തകത്തിലെ വചനങ്ങളെ അവഗണിക്കുന്നു. ആ വാക്യങ്ങൾ ഈ കാലത്തിലേക്ക് അപ്രസക്തമാണെന്ന് വാദിക്കുന്നു. ചിലർ അവരുടെ ചെറുപ്പത്തിൽതന്നെ ദൈവത്തെയും ദൈവവചനത്തെയും മാനിയ്ക്കുവാൻ പഠിച്ചവരാണ്. തന്മൂലം അവർ എങ്ങനെയാണ് വചനം അനുസരിക്കേണ്ടത് എന്ന് വച്ച് വിഷമിക്കുന്നു. റോമർ 1:26, 27 വാക്യങ്ങൾ വിശുദ്ധീകരിച്ചുതള്ളുവാൻ ശ്രമിക്കുന്നു. വചന മറുപടികളോടെ ചില വാദങ്ങൾ അവതരിപ്പിക്കുന്നു.

വാദം 1: സ്വവർഗ്ഗരതിയെ സോദോമി എന്ന് വളിച്ചുവരുന്നു. പക്ഷേ സോദോമ്യരുടെ പാപം ഇതല്ലായിരുന്നു. അതിഥിസല്ക്കാരം നടത്താത്തതാണ് അവരുടെ പാപം അല്ലെങ്കിൽ കൂട്ടബലാത്സംഗം. ഉത്തരം: യെഹസ്ക്കേൽ പ്രവാചകന്റെ പുസ്തകത്തിൽ സോദോമ്യരുടെ പല പാപങ്ങളും എഴുതപ്പെട്ടിട്ടുണ്ട് (യെഹസ്ക്കേൽ. 16:49, 50) പക്ഷേ സോദോമിന്റെ ദുഷ്കീർത്തി പുരുഷൻമാർ പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതായിരുന്നു (ഉല്പ. 19:5).

വാദം 2: പ്രധാന വേദപുസ്തക കഥാപാത്രങ്ങൾ സ്വവർഗ്ഗരതിക്കാരായിരുന്നു. ഉദാ. ദാവീദ് യോനാനാഥനെ സ്നേഹിച്ചത് 1 ശമുവേൽ 18:1. ഉത്തരം: വേദപുസ്തക കഥാപാത്രങ്ങൾ പാപം ചെയ്തെങ്കിൽ അവർ ചെയ്തത് ശരിയാണെന്നു വാദിയ്ക്കാൻ സാധിക്കുകയില്ല. ദാവീദ് സ്വവർഗ്ഗരതിക്കാരനല്ലായിരുന്നു. അവന് വളരെ ഭാര്യമാരുണ്ടായിരിന്നു (2 ശമുവേൽ 11:2). ഒരു സ്നേഹിതനെന്ന നിലയിൽ അവർ തമ്മിൽ സ്നേഹിച്ചു. (യോനാഥാനും ദാവീദും) ഇതു വായിക്കുന്ന എല്ലാവരെയും ഞാൻ സ്നേഹിക്കുന്നു (യോഹ. 13:34) അതുകൊണ്ട് ഞാൻ സ്വവർഗ്ഗരതിക്കാരനല്ല.

വാദം 3: യേശു ഇതിനെ വിലക്കിയില്ല. തെറ്റായിരുന്നു എങ്കിൽ വിലക്കുമായിരുന്നു. ഉത്തരം: ലൈംഗിക പാപങ്ങളെ യേശു വിലക്കി അതിൽ ഇതും ഉൾപ്പെടും. മത്തായി. 5:27, 32; മർക്കൊ. 7:20–23). യേശു പഠിപ്പിച്ചത് ദൈവത്തിന്റെ പദ്ധതി ഒരു *പുരുഷനും സ്ത്രീയും* തമ്മിൽ ഒരു ശരീരമാകുന്നുവെന്നാണ് (മത്താ. 19:4). അപ്പൊസ്തൊലൻമാരുടെ ഉപദേശം യേശുവിന്റെ ഉപദേശമാണ് (ലൂക്കൊ. 10:16; റോമ. 1:26, 27).

വാദം 4: റോമർ 1:26, 27 ന്റെ ഉദ്ദേശം സ്വവർഗ്ഗരതിയെ തെറ്റായി കാണിക്കുക എന്നതായിരുന്നില്ല. മനുഷ്യൻ ദൈവത്തിന്റെ നീതി പ്രാപിക്കണം എന്നു

കാണിക്കുവാനായിരുന്നു. ഉത്തരം: ''ദൈവത്തിന്റെ നീതി പ്രാപിക്കേണ്ടതിന്റെ ആവശ്യം തെളിയിക്കുവാനായി മനുഷ്യൻ എത്ര പാപപങ്കിലനാണെന്നു കാണിക്കുവാൻ പൗലൊസ് എഴുതി. അതിന്റെ ഒരു പ്രാഥമിക ഉദാഹരണം സ്വവർഗ്ഗരതിയാ യിരുന്നു.''

വാദം 5: ''റോമർ 1:26, 27-ൽ പൗലോസ് ചിന്തിച്ചിരുന്നത് ബലാല്ക്കാരം ചെയ്യുന്നതിനെക്കുറിച്ചാണ്. മനസ്സോടെ സമ്മതിക്കുന്ന ലൈംഗിക വേഴ്ച്ചയെക്കുറിച്ചല്ല പൗലൊസ് പറഞ്ഞിരുന്നത്.'' ഉത്തരം: ''പുരുഷന്മാർ സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായതു പ്രവർത്തിച്ചു (1:27). അത് *പരസ്പര സമ്മതത്തോടുകൂടിയ* സ്വവർഗ്ഗരതിയാണ്. 27-ാം വാക്യത്തിൽ അവ്വണ്ണം പുരുഷന്മാരും എന്നുപറയുന്നതിൽ സ്ത്രീകളും അവ്വണ്ണം പുരുഷന്മാരും എന്ന് രണ്ട് കൂട്ടരുടെയും പാപത്തെ ചേർത്തു പറയുന്നു. പൗലൊസ് ഇതിന്റെ ശിക്ഷ വിധിക്കുന്നു. സ്ത്രീകൾ തമ്മിലായാലും പുരുഷന്മാർ തമ്മിലായാലും ഇതു പാപമാണ്.''

വാദം 6: ''മാന്യന്മാരായ പലരും സ്വവർഗ്ഗരതിക്കാരാണ് റോമാചക്രവർത്തികളും, തത്വജ്ഞാനികളും എല്ലാം ഇവരിലുണ്ട്.'' ഉത്തരം: ''അതെ, പൗലൊസ് അവർക്കെല്ലാം ശിക്ഷാവിധിയുണ്ടന്നാണ് പറഞ്ഞത്. അവരുടെ അധഃപതിച്ച പെരുമാറ്റങ്ങൾ, പ്രവർത്തികൾ തങ്ങളുടെതായ സമൂഹത്തിന്റെ സാന്മാർഗ്ഗിക നിലവാരം തകർക്കുവാൻ കാരണമായിത്തീർന്നു.''

*ഹൃദയപൂർവ്വമായ താല്പര്യം.* വേദപുസ്തകം സ്വവർഗ്ഗരതിയെ അപലപിയ്ക്കുന്നു എന്നതുകൊണ്ട് സ്വവർഗ്ഗരതിക്കാർ വിഷമിയ്ക്കുന്നതിനാൽ നാം സന്തോഷിയ്ക്കുന്നതു ശരിയാണോ സോദോമിലെ സ്വവർഗ്ഗരതിക്കാരെ നശിപ്പിക്കുമെന്ന് അബ്രഹാമിനെ ദൈവം അറിയിച്ചപ്പോൾ അവൻ ആഹ്ലാദിയ്ക്കയല്ല, പിന്നെയോ അവർക്കായി പ്രാർത്ഥിക്കുകയായിരുന്നു (ഉല്പത്തി 18). നമുക്കും അവരോട് അതേ സ്നേഹമാണാവശ്യം. മറ്റുള്ള എല്ലാ പാപപ്രവർത്തനത്തിൽ ഏർപ്പെട്ടവരെകുറിച്ച് നമുക്കുള്ള അതെ കരുതലായിരിക്കണം പുരുഷ മൈഥുനക്കാരോടും നമുക്കുണ്ടാകേണ്ടത്. തിമോഥെയോസിനോടുള്ള പൗലൊസിന്റെ ഈ നിർദ്ദേശം ഇന്നും വളരെ യോജ്യമായവയാണ്.

> തിമൊഥെയോസിനോടുള്ള പൗലൊസിന്റെ നിർദ്ദേശം പ്രത്യേകം സാംഗത്യമുള്ളതാണ്. ''കർത്താവിന്റെ ദാസൻ ശണ്ഠയിടാതെ എല്ലാവരോടും ശാന്തനും ദോഷം സഹിക്കുന്നവനുമായി അത്രെ ഇരിക്കേണ്ടത്. വിരോധികൾക്ക് ദൈവം സത്യത്തിന്റെ പരിജ്ഞാനത്തിനായി മാനസാന്തരം നല്കുമോ എന്നും പിശാചിനാൽ പിടിപെട്ടു കുടുങ്ങിയവരാകയാൽ അവർ സുബോധം പ്രാപിച്ച് അവന്റെ കണിയിൽ നിന്നൊഴിഞ്ഞ് ദൈവേഷ്ടം ചെയ്യുമോ എന്നുവച്ച് അവരെ സൗമ്യതയോടെ പഠിപ്പിക്കേണ്ടതും ആകുന്നു'' (2 തിമൊ. 2:24-26).

അവർ മാനസാന്തരപ്പെടുമ്പോൾ നാം സന്തോഷത്തോടെ അവരെ അംഗീകരിപ്പാൻ ഒരുക്കമായിരിക്കണം.

ഒരു പക്ഷെ വേദപുസ്തകം പഠിപ്പിക്കുന്നതെന്താണെന്ന് നന്നായി അറിയുന്ന സ്വവർഗ്ഗരതിയിൽ ഏർപ്പെടുന്നവർ ഉണ്ടാകും. ഈ കാര്യത്തിൽ അവർക്ക് ഒരു പോംവഴിയും ഇല്ലെന്നും അവർ ചിന്തിക്കുന്നുണ്ടാകും. നിന്നെ ദൈവം ഈ വിധത്തിലാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും തന്മൂലം നീ ഇങ്ങനെ

ആയി. മേലിൽ എന്നും ഇങ്ങനെതന്നെ ഇരിക്കും എന്നും ആരെങ്കിലും അവരെ പറഞ്ഞുവിശ്വസിപ്പിച്ചിട്ടുണ്ടാകും. പക്ഷെ ഈ വിധത്തിലുള്ള ഉപദേശം തിരുവചനത്തിനു കടകവിരുദ്ധമാണ്. പൗലൊസ് കൊരിന്ത്യരോട് പറഞ്ഞത് സ്വവർഗ്ഗരതി ചെയ്യുന്നവരും ഏത് അനീതി ചെയ്യുന്നവരും ദൈവരാജ്യം അവകാശമാക്കുകയില്ല എന്നാകുന്നു (1 കൊരി. 6:9, 10). ''നിങ്ങളും ചിലർ ഈ *വകക്കാരായിരുന്നു*. എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു'' (1 കൊരി. 6:11). ദൈവത്തിന്റെ സഹായത്താൽ ആളുകൾ സ്വവർഗ്ഗരതിയുടെ ജീവിതരീതി ഉപേക്ഷിച്ചിട്ടുണ്ട്.

ചിലപ്പോൾ ചിലർക്ക് സ്വവർഗ്ഗരതി ചെയ്യുവാനുള്ള ഒരു സഹജവാസന യുണ്ടായിരിക്കാം. വേറെ ചിലർക്ക് വിവേചന ശൂന്യമായ ലൈംഗികബന്ധമോ മദ്യാസക്തിയോ സഹജമ്മായിരിക്കാം. മിക്ക ആളുകളുകൾക്കും പാപം ചെയ്യുവാനുള്ള ജന്മവാസനയുണ്ട്. അല്ലെങ്കിൽ പിശാച് നമ്മെ പരീക്ഷിക്കുക ഇല്ലായിരുന്നു. അങ്ങനെ ദോഷങ്ങൾക്കായുള്ള സഹജവാസനയുണ്ട് എന്നതിനാൽ സ്വവർഗ്ഗരതി തെറ്റായ ലൈംഗിക ബന്ധങ്ങൾ മദ്യാസക്തി, മുതലായ മറ്റ് ഏതു പാപങ്ങളും ശരിയാണെന്നു വരുന്നില്ല. അത് നമ്മുടെ ബലഹീനതയെ എടുത്തുകാട്ടുകയും ബലത്തിനായി ദൈവത്തിലാശ്രയിക്കുവാൻ നമ്മെ പഠിപ്പിക്കയും ചെയ്യുന്നു (1 കൊരി. 10:13 കാണുക).

സ്വവർഗ്ഗരതി എന്ന പാപത്തെ ജയിക്കുവാനുള്ള ഒന്നാമത്തെ പടി അതൊരുപാപമാണെന്ന് മനസ്സിലാക്കുകയാണ്.[206] അതിനെ ഒരു രോഗമാണെന്ന് വിളിക്കുന്നതുമൂലം അതിൽനിന്നും രക്ഷപെടാൻ സാധിയ്ക്കുമെന്നുള്ള ആഗ്രഹത്തെ വർദ്ധിപ്പിക്കുവാൻ സാധിയ്ക്കുന്നില്ല എന്ന് ഒരു കൗൺസിലർ (ഉപദേഷ്ടാവ്) എഴുതിയിരുന്നു. എന്നാൽ വേദപുസ്തകം ചെയ്യുന്നത് അതിനെ പാപം എന്നു വിളിച്ച് രക്ഷപ്പെടാമെന്നുള്ള പ്രത്യാശ നൽകുകയാണ് സ്വവർഗ്ഗരതിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അതിൽനിന്നും രക്ഷപെടാൻ സാധിക്കുമെന്നുള്ള പ്രത്യാക നല്കുന്നതിനേക്കാൾ വലിയതായി ഒന്നും ചെയ്‌വാനില്ല.[207]

എന്തുകൊണ്ട് അവന് പ്രത്യാശ ലഭിക്കുന്നു? എന്തുകൊണ്ടെന്നാൽ അവന് അതിനെക്കുറിച്ച് അനുതപിക്കുവാൻ മനസ്സുണ്ടെങ്കിൽ ദൈവം അവനെ വീണ്ടും കൈക്കൊള്ളുമെന്നുള്ളതുകൊണ്ട് കൂടാതെ അവന്റെ പരീക്ഷകളിൽ ദൈവം കൂടെയിരിക്കുമെന്നും അവന്റെ ബലഹീനതയിന്മേൽ ജയം വരിക്കുവാൻ സഹായിക്കുമെന്നും അവന് ദൈവത്തിന്റെ ഉറപ്പ് ലഭിക്കുകയും ചെയ്യുന്നു (എബ്രാ. 2:18) ''കർത്താവ് പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിവുള്ളവനാകുന്നു.''

സ്വവർഗ്ഗരതിയെ ജയിക്കുന്നത് അനായാസമാണോ? അല്ല. ഒരുവൻ ഈ ജീവിതരീതിയിൽ ആഴമായി മുഴുകിയിരുന്നെങ്കിൽ തനിക്ക് വിശ്വസിക്കുവാൻ കൊള്ളാകുന്നവനും പരിശീലനം ലഭിച്ച് പരിചയ സമ്പന്നനായി പരിപോഷണം നൽകുന്ന ഒരു ക്രിസ്തീയ ഉപദേശകനിൽ (രവൃശമേശി രീൗിരലഹഹീൃ) നിന്നും സഹായം ലഭിയ്ക്കാൻ ശ്രദ്ധിയ്ക്കണം.[208] അവർ എന്തൊക്കെ ചെയ്താലും ''ദൈവത്താൽ സകലവും സാധിക്കും എന്നുള്ള സത്യം വിടാതെ മുറുകെ പിടിച്ചുകൊള്ളണം'' (മത്താ. 19:26) പൗലോസിന്റെ വാക്ക് മുദ്രാവാക്യമാക്കണം. ''എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു'' (ഫിലി. 4:13)!

**"ലോകത്തിന്റെ അവസ്ഥ" യെക്കുറിച്ച് പൗലൊസിന്റെ പ്രസംഗം (1:28-32)**

എല്ലാ വർഷവും അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റ് "ഐക്യ നാടുകളുടെ അവസ്ഥ" യെക്കുറിച്ച് ഒരു പ്രസംഗം നടത്താറുണ്ട്. സംസ്ഥാനങ്ങളുടെ ഗവർണർമാരും തങ്ങളുടെ സംസ്ഥാനങ്ങളുടെ സ്ഥിതിയെക്കുറിച്ച് വർഷത്തിലൊരു പ്രസംഗം നടത്താറുണ്ട്. ഈ ഭാഗത്ത് നാം പൗലൊസിന്റെ ഒന്നാം നൂറ്റാണ്ടിലെ "ലോകത്തിന്റെ അവസ്ഥ" എന്ന വിഷയത്തെക്കുറിച്ചുള്ള പ്രസംഗം ആണ് ഇവിടെ കാണുന്നത്.

പൗലൊസ് തന്റെ സന്ദേശത്തിൽ ചിത്രീകരിച്ചിരിക്കുന്നത്, ദൈവത്തെ ഉപേക്ഷിച്ച് പാപത്തിന് തങ്ങളെ കീഴ്പെടുത്തിയ ജാതീയലോകത്തെക്കുറിച്ചുള്ള ഒരു മറയില്ലാത്ത ചിത്രമാണ് (1:28). ജാതികൾക്ക് ദൈവിക നീതി ലഭിക്കേണ്ടതിന്റെ വലിയ ആവശ്യം ഉറപ്പിച്ചു പറയേണ്ടതിനായി പൗലൊസ് പാപങ്ങളെ ഒന്നിനുപുറത്ത് ഒന്നായി ഒരു കൂമ്പാരമായി കൂട്ടിക്കാണിച്ചിരിക്കുന്നു (1:29–31). ഇന്നത്തെ വായനക്കാർക്കു പലർക്കും ഇവയെ ഒരു ക്രമീകരണവുമില്ലാതെ ചേർത്തുപറഞ്ഞവയാണെന്നുതോന്നും. സൗകര്യാർത്ഥം അവയെ ആറു കൂട്ടങ്ങളായി വിഭജിക്കാം:

*സമഗ്രമായ പേരുകൾ (മുഴുവനും ഉൾക്കൊള്ളുന്ന)* – "അനീതി, ദുഷ്ടത, ദുർബുദ്ധി, ദൈവദ്വേഷം."

*സ്വാർത്ഥപരമായ ഭാവങ്ങളും പ്രവർത്തികളും* – "അത്യാഗ്രഹം, അസൂയ, കൊല, പിണക്കം, കപടം."

*ബന്ധങ്ങളെ നശിപ്പിക്കുന്നവ* – "ദുശ്ശീലം, കുരള, ഏഷണി."

*സ്വാർത്ഥത വെളിപ്പെടുത്തുന്നവ* – "നിഷ്ഠൂരൻമ്മാർ, ഗർവിഷ്ഠന്മാർ, ആത്മപ്രശംസക്കാർ."

*മരണകരമായ രണ്ട്* – "പുതുദോഷം സങ്കൽപ്പിക്കുന്നവർ, മാതാപിതാക്കൻമാരെ അനുസരിക്കാത്തവർ."

*അവസാനത്തെ നാല്* – "ബുദ്ധിഹീനർ, വിശ്വസിയ്ക്കാൻ കൊള്ളാത്തവർ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ."

നിർഭാഗ്യവശാൽ ഈ വാക്കുകളെല്ലാം നമ്മുടെ ഇന്നത്തെ ലോകത്തിന്റെ അവസ്ഥയെ വിവരിക്കുവാൻ ഉതകും. ഇന്നും ദൈവത്തെ വെറുക്കുന്ന ദുഷ്ടന്മാർ ഉണ്ട്. ചിലർ ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നു. തങ്ങളെത്തന്നെ സേവിക്കുന്നവരുണ്ട്. അവർ കള്ളം പറയുന്നു, ചതിക്കുന്നു, മോഷ്ടിക്കുന്നു. തങ്ങളുടെ ഉദ്ദേശനിവൃത്തിക്കായി കൊല ചെയ്യുന്നു. ചിലർ പകയും വിദ്വേഷവും വച്ചുകൊണ്ടിരിക്കുന്നു. ഏഷണി പറഞ്ഞ് ദോഷം ഉണ്ടാക്കി പറയുന്നു. ചിലർ സ്വാർത്ഥരാണ്. സ്വന്തം കാര്യത്തെക്കുറിച്ച് മാത്രം ഉയർത്തി സംസാരിക്കുന്നു. ദൈവം തന്ന കഴിവുകൾ യാതൊന്നും മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കാതെ തന്നെ. മാതാപിതാക്കനമാരെ അനുസരിക്കാത്ത ഒരു കാലത്താണ് നാം ജീവിക്കുന്നത്.

ഒരുത്തരേയും വിശ്വസിക്കുവാൻ കഴിയാതവണ്ണം ചതിവ് പെരുകിവരുന്നു. കച്ചവടക്കാരും തൊഴിൽക്കാരും അവരുടെ വിഭവങ്ങളിൽ ചതിവു ചെയ്യുന്നു. വിവാഹിതരായ ദമ്പതികൾ അവരുടെ വിവാഹപ്രതിജ്ഞ പാലിക്കുന്നില്ല. പലരും വാക്കു പാലിക്കുന്നില്ല. മുമ്പ് കാലത്ത് ഒരു കൈകൊടുക്കലിൽ ഇടപാടുകൾ തീരുമാനമാകുമായിരുന്നു. ഇപ്പോൾ ഒരു ഡസൻ വക്കീൽ ജോലിക്കാ

രെയും ധാരാളം എഴുത്തുകളും പ്രമാണങ്ങളും ഒരു കൈമാറ്റം ഉറപ്പിക്കുവാൻ ആവശ്യമായി വന്നിരിക്കുന്നു.

മാത്രമല്ല നാം എത്തിചേർന്നിരിക്കുന്ന ഈ കാലത്ത് സ്നേഹം ഒട്ടും തന്നെ ഇല്ല. സ്വാഭാവിക സനേഹം കുറഞ്ഞുപോയിരിക്കുന്നു. ഗർഭം അലസിപ്പിക്കുക, കുട്ടികളെ ഉപേക്ഷിക്കുക, കുട്ടികളെ ദുരുപയോഗപ്പെടുത്തുക എന്നിവയെല്ലാം അതിരുകൾ ലംഘിച്ചു കൊണ്ട് വർദ്ധിച്ചുവരുന്നു. "കരുണയുടെ കുറവ്" കാണുന്ന "വിനോദപരിപാടികളിൽ" പോലും കൂടുതൽ അക്രമവും ഹിംസാത്മകതയും വർദ്ധിച്ചുവരുന്നതിനാലും വെളിവാകുന്നു.

പൗലൊസ് തന്റെ പ്രസംഗം അവസാനിപ്പിക്കുമ്പോൾ ഈ വിധമായ ദോഷങ്ങൾ പ്രവർത്തിക്കുന്നവരുടെ കുറ്റവും അവർക്കു വരുന്ന ശിക്ഷയും ഉറപ്പിച്ചു പറയുന്നു (1:32). പൗലൊസിന്റെ ലോകത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള പ്രസംഗം വായിക്കുവാനും മറ്റുള്ളവരുടെ നേരെ നമ്മുടെ വിരൽ ചൂണ്ടുവാനും പ്രയാസമില്ല. എന്നാൽ നാം ഓരോരുത്തരും നമ്മുടെ സ്വന്തജീവിതത്തെക്കുറിച്ചു ചിന്തിക്കണം. നാം ദുഷ്ടന്മാരാണെന്നു ചിന്തിക്കേണ്ട. എന്നാൽ മറ്റുള്ളവരോട് അസൂയതോന്നിയിട്ടുണ്ടോ? വഴക്കുപോകട്ടെ നിഗളം നമ്മിലുണ്ടോ? നാം ആരേയും കൊന്നിട്ടില്ലായിരിക്കും എന്നാൽ നാം മറ്റുള്ളവരെക്കുറിച്ച് ദോഷം പറഞ്ഞുപരത്തി അവരെ തേജോവധം ചെയ്തിട്ടില്ലേ?

പൗലൊസ് ഈ വക കാര്യങ്ങൾ ചെയ്യുന്നവരിൽ പ്രസാദിയ്ക്കുന്നവരെയും കുറ്റം വിധിയ്ക്കുന്നുണ്ട് (1:32). ദോഷത്തെ പ്രോത്സാഹിപ്പിക്കുന്ന കുറ്റം നാം ചെയ്യുന്നുണ്ടോ? പാപപ്രവർത്തികളെ പ്രോത്സാഹിപ്പിക്കുന്ന പുസ്തകങ്ങൾ വായിക്കുകയും ചലചിത്രങ്ങൾ കാണുകയും ടി.വി. പരിപാടികൾ കാണുകയും പാപപ്രവർത്തികൾ പ്രോത്സാഹിക്കപ്പെട്ടുന്ന പാട്ടുകൾ കേട്ടുകൊണ്ടിരിക്കയും ചെയ്യാറുണ്ടോ? പാപ പ്രവർത്തികൾ ചെയ്തുകൊണ്ടു ജീവിക്കുന്നവരെ ആരാധ്യരായി കരുതാറുണ്ടോ? പ്രോത്സാഹനംപോലെ മറ്റൊന്നും പാപത്തിന്റെ തീയെ ആളിക്കത്തിക്കുന്നില്ല.

യേശുക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് ദൈവത്തിന്റെ കരുണയാൽ നമുക്ക് ലഭിക്കുന്ന വിശ്വാസത്തിന് നാം അനുസരണത്തോടെ പ്രതികരിക്കുന്നവരണോ (യോഹ. 14:15; മത്താ. 7:21; മർക്കൊ. 16:16)? നിങ്ങൾക്കു തെരഞ്ഞെടുക്കാം. പാപത്തിന് വിധേയപ്പെടുവാനാണ് തീരുമാനമെങ്കിൽ അതേ പരിണത ഫലം നിങ്ങൾ അനുഭവിക്കുവാൻ ദൈവം ഏല്പിച്ചുകൊടുക്കും. എന്നാൽ ദൈവത്തിന് നിങ്ങളെതന്നെ കൊടുത്താൽ അവന്റെ സ്നേഹത്തിന്റെ ഫലം നിങ്ങൾക്കുണ്ടാകും (6:23).

---

കുറിപ്പുകൾ

[1]Some modern translations divide the sentence into several shorter sentences, but in the Greek text it is one sentence. [2]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 30. [3]John R. W. Stott, *The Message of Romans: God's Good News for the World,* The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 47. [4]Anders Nygren, *Commentary on Romans* (Philadelphia: Fortress Press, 1949), 45–46. [5]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 36. [6]Larry Deason, *"The Righteousness of God": An In-depth Study of Romans*, rev. ed. (Clifton Park, N.Y.: Life Communications, 1989), 40, n. 2. [7]James Burton Coffman, *Commentary on Romans* (Austin, Tex.: Firm Foundation Publishing House, 1973), 7. [8]The Greek text literally means "resurrection of dead (ones)." Some therefore think that the passage refers to

Jesus' raising the dead as proof that He was divine. However, the same language is used in Acts 26:23, where the context indicates that Jesus' own resurrection is under consideration. Further, the emphasis throughout Romans is on Jesus' own resurrection (see 6:4, 5, 9; 7:4; 8:11, 34; 10:9). [9]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 69. [10]D. Stuart Briscoe, *Romans*, The Communicator's Commentary (Waco, Tex.: Word Books, 1982), 26.

[11]*The Analytical Greek Lexicon* (London: Samuel Bagster & Sons, 1971), 414. [12]Moo, *Romans*, 38. [13]Briscoe, 27. [14]Moo, *Romans*, 42. [15]Leslie C. Allen, "Romans," in *New International Bible Commentary*, ed. F. F. Bruce (Grand Rapids, Mich.: Zondervan Publishing House, 1979), 1317. [16]Charles R. Swindoll, *Coming to Terms with Sin: A Study of Romans 1—5* (Anaheim, Calif.: Insight for Living, 1999), 11. [17]William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 15. [18]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 410. [19]Stott, 56. [20]Vine, 376.

[21]Jack Cottrell, *Romans*, vol. 1, College Press NIV Commentary (Joplin, Mo.: College Press Publishing Co., 1996), 93. [22]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 60. [23]Cottrell, 93. [24]Charles Hodge, *Romans*, The Crossway Classic Commentaries (Wheaton, Ill.: Crossway Books, 1993), 25. [25]John Murray, *The Epistle to the Romans*, vol. 1, The New International Commentary on the New Testament (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1968), 22. [26]Douglas J. Moo, *The Epistle to the Romans*, The New International Commentary on the New Testament (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1996), 59. In English Bibles, the phrase "spiritual gifts" is found in 1 Corinthians 12:1; 14:1, but the word "gifts" is in italics. "Gifts" is not in the Greek text; it has been supplied by the translators. [27]John MacArthur, Jr., *Romans 1—8*, The MacArthur New Testament Commentary (Chicago: Moody Press, 1991), 43. [28]Stott, 57. [29]Vine, 206. [30]James Macknight, *A New Literal Translation, from the Original Greek of All the Apostolical Epistles with a Commentary and Notes* (N.p.: n.d.; reprint, Grand Rapids, Mich.: Baker Book House, 1984), 57.

[31]Stott, 57. [32]Ibid. [33]Bruce, 73. [34]Vine, 150. [35]Ibid., 508. [36]Briscoe, 34. [37]Warren W. Wiersbe, *The Bible Exposition Commentary*, vol. 1 (Wheaton, Ill.: Victor Books, 1989), 516. [38]Everett Ferguson, *Backgrounds of Early Christianity*, 2d ed. (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1993), 559–61. [39]Gerhard Friedrich, "*euangelízomai*," in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 269–70. [40]Robert H. Mounce, "Gospel," in *Evangelical Dictionary of Theology*, ed. Walter A. Elwell (Grand Rapids, Mich.: Baker Books, 1984), 472.

[41]Bruce Barton, David Veerman, and Neil Wilson, *Romans*, Life Application Bible Commentary (Wheaton, Ill.: Tyndale House Publishers, 1992), xxiii. [42]Chris Bullard, "Romans: How God Accepts People Like Us" (N.p., n.d.), cassette. [43]Coy Roper, "The Gospel," sermon preached at Walnut Grove church of Christ, Savannah, Tennessee, 13 August 2000. [44]W. J. Deane, "Habakkuk," in *The Pulpit Commentary*, vol. 14, Amos to Malachi, ed. H. D. M. Spence and Joseph S. Exell (Grand Rapids, Mich.: Wm. B.Eerdmans Publishing Co., 1950), 23. [45]Nygren, 88. [46]Stott, 69. [47]Vine, 651. [48]Ibid., 653. [49]There is such a thing as "righteous anger" against sin, but most of our anger is selfish. [50]Bauer, 582.

[51]Dave Miller, "The Meaning of Romans (3)," sermon presented on the *Truth in Love* television program, Fort Worth, Texas, 16 January 2002. [52]Morris, 76. [53]Briscoe, 40. [54]Stott, 72. [55]The text says that "God made it evident." Paul's emphasis is on the fact that God revealed Himself, not that man "discovered" God by looking at nature (as "natural theology" assumes). [56]Coffman, 32–38. [57]Halford E. Luccock, *Preaching Values in the Epistles of Paul, vol. 1, Romans and First Corinthians* (New York: Harper & Brothers, 1959), 23. Some believe that Paul was saying that, even though the Gentiles "held" the truth, they did not live by the truth, and thus were inconsistent. However, the emphasis in the context is on ignorance (willful ignorance) instead of inconsistency. [58]The Analytical Greek Lexicon, 208. [59]Morris, 82. [60]Vine, 178–79. *Theiotēs* is to be distinguished from θειότης *(theiotēs)*, which is found in Colossians 2:9. In Romans 1 and Colossians 2, the KJV translates both words as "Godhead"; but the first word refers to the characteristics of deity, while the second refers to the essence of deity. "Godhead" is from an Old English word meaning "God-hood."

[61]Barton, Veerman, and Wilson, 28. [62]Vine, 657. The KJV has "vain," which originally meant "empty" or "useless." [63]Ibid., 246. [64]In Latin, homo means "man," and sapiens means

"wise." [65]Coffman, 41. [66]Chester Warren Quimby, The Great Redemption (New York: Macmillan Co., 1950), 45–46. [67]F. Buschel, "didōmi," in Theological Dictionary of the New Testament, 166. [68]The Analytical Greek Lexicon, 302. [69]For instance, many writers emphasize the fact that God was not passive in "giving them up," but active. [70]Briscoe, 48.

[71]J. D. Thomas, Class Notes, *Romans*, Abilene Christian College (1955). [72]Richard Rogers, *Paid in Full: A Commentary on Romans* (Lubbock, Tex.: Sunset Institute Press, 2002), 33. [73]Barton, Veerman, and Wilson, 31. [74]C. S. Lewis, *The Problem of Pain* (Oxford: N.p., 1940; reprint, New York: Macmillan Co., 1962), 127–28. [75]Vine, 384. [76]Various usages are explained in Friedrich Hauck, "*katharós*," in *Theological Dictionary of the New Testament*, 381–82. [77]The terms "God-approved marriages" and "scriptural marriages" have been used to emphasize that some marriages are *not* God-approved (see Mk. 10:11). [78]The NASB has "had relations with," but "knew" is a literal rendering. [79]Both "fornication" and "adultery" are sometimes used as comprehensive terms for all sexual sin. When used in the same context, "fornication" generally refers to sexual relations between unmarried persons, while "adultery" involves at least one married individual. [80]J. W. McGarvey and Philip Y. Pendleton, *Thessalonians, Corinthians, Galatians and Romans*, The Standard Bible Commentary (Cincinnati: Standard Publishing, n.d.), 305.

[81]Vine, 16. [82]Ibid., 660, 567. [83]The Greek text uses the singular form here, meaning "woman," but it is obvious that "woman" refers to females as a group. Most translations, therefore, have the plural "women." [84]Morris, 92. [85]*The Analytical Greek Lexicon*, 62. [86]J. Schneider, "*schēma*," in *Theological Dictionary of the New Testament*, 1129. [87]Vine, 205. [88]Moo, Romans, 66–67. [89]Ibid., 62. [90]Stott, 78.

[91]Barclay, 25. [92]Charles Swindoll, "Sinnerama in Panorama" (Part 2) (Anaheim, Calif.: Insight for Living, 1976), cassette. [93]F. LaGard Smith, "The Gay-is-Good Sales Pitch Is a Rip-Off," *Gospel Advocate* (2 March 1978): 132. [94]Barton, Veerman, and Wilson, 36. [95]Quoted in Jim Townsend, *Romans: Let Justice Roll Down* (Elgin, Ill.: David C. Cook Publishing Co., 1988), 16. [96]Swindoll, "Sinnerama in Panorama," cassette. [97]Barton, Veerman, and Wilson, 36. [98]Jim McGuiggan, *The Book of Romans,* Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 88. [99]Vine, 526–27. [100]Stott, 78 (emphasis added).

[101]Morris, 94. [102]Ibid. [103]Fyodor Dostoevsky, The Brothers Karamazov; as quoted in Jeff Hood, "What About Homosexuality?" (tract) (Oklahoma City: By the author, n.d.), 2. [104]*The Analytical Greek Lexicon*, 186, 207. [105]Ibid., 207. [106]Based on a textual variant in some ancient Greek manuscripts, the KJV inserts "fornication" between "unrighteousness" and "wickedness." Most New Testament "vice lists" begin with "fornication" (sexual immorality). For instance, see Galatians 5:19–21. In this case, however, Paul had already covered sexual immorality (1:24–27). [107]Vine, 675; G. Harder, "ponērós," in *Theological Dictionary of the New Testament*, 913. [108]McGarvey and Pendleton, 305–6. [109]*The Analytical Greek Lexicon*, 210. [110]W. J. Conybeare and J. S. Howson, *The Life and Epistles of St. Paul* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1980), 501.

[111]Morris, 96. [112]Luccock, 27. [113]Ibid., 28. [114]*The Analytical Greek Lexicon*, 105. [115]Morris, 96. [116]Vine, 388. [117]Macknight, 60. [118]Vine, 388. [119]Moses E. Lard, *Commentary on Paul's Letter to Romans* (Lexington, Ky.: N.p., 1875; reprint, Delight, Ark.: Gospel Light Publishing Co., n.d.), 64–65. [120]Ibid., 65.

[121]*The Analytical Greek Lexicon*, 193. [122]Morris, 97. [123]Barclay, 37. [124]*The Analytical Greek Lexicon*, 412. [125]Barclay, 37. [126]Theophrastus; quoted in Barclay, 37. [127]Vine, 71. [128]Morris, 98; Barclay, 38. [129]Townsend, 17. Thomas Alva Edison (1847–1931) has been called the greatest inventor in history. He patented more than 1,100 inventions in sixty years. [130]Vine, 173.

[131]Ibid., 246. [132]*The Analytical Greek Lexicon*, 57, 404. [133]Morris, 99, n. 313. [134]Vine, 16. [135]Barclay, 39. [136]Based on a textual variant, the NKJV inserts "unforgiving" between "unloving" and "unmerciful." A failure to forgive is an expression of being unloving and unmerciful, and is thus covered in those terms. [137]Barclay, 39. [138]Stott, 78. [139]Hodge, 41. [140]Morris, 99.

[141]Ibid. [142]Hodge, 42. [143]Briscoe, 52. [144]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 16. [145]*Pistis* is the noun, *pisteuō* is the verb, and *pistos* is the adjective. [146]It should be noted that *pistis* is occasionally translated "faithfulness" (see comments on 3:3). Further, *pistis* sometimes refers to the body of teaching centered in faith in Jesus Christ. When this is the case, *pistis* is often preceded by a definite article ("the" in English). There is no obvious example of this use of *pistis* in Romans. [147]Although they do not use the same terminology, other writers recognize the threefold nature of saving faith. See Vine, 222; Swindoll, *Coming to Terms with Sin*, xiii. [148]Vine, 61. [149]Rudolf Bultmann, "*pisteuō*," in *Theological Dictionary of the New Testament*, 854–55. [150]For example, John 3:36 says, "He who *believes* in the Son has eternal life;

but he who does not *obey* the Son will not see life, but the wrath of God abides on him" (emphasis added). Also, compare Hebrews 3:19 and 4:6.

[151]Vine, 222. [152]Bultmann, 854. [153]Ibid. [154]*The Analytical Greek Lexicon*, 102. [155]A. W. Tozer, *The Knowledge of the Holy* (San Francisco: Harper & Row, 1961), 86. [156]Vine, 535. [157]This sentence refers to one who is in a right standing with God. The Bible would never refer to an unbeliever as "righteous," no matter how high his moral standards. [158]Some believe that Jesus just knocked on the door and someone let Him in. Such a mundane entrance would hardly have produced the reaction mentioned in Luke 24:36, 37. [159]Bauer, 546. [160]Homer Hailey, *That You May Believe: Studies in the Gospel of John* (Grand Rapids, Mich.: Baker Book House, 1973), 145.

[161]John Franklin Carter, *A Layman's Harmony of the Gospels* (Nashville: Broadman Press, 1961), 341. [162]Ibid. [163]Ibid. [164]"Eschatology" is "the study of the last things"—that is, the study of the end of the world, the judgment, heaven and hell, and so forth. An "eschatological" body is the kind of body we will receive "at the last," when Christ returns. [165]Robert Duncan Culver, *The Life of Christ* (Grand Rapids, Mich.: Baker Book House, 1976), 267. [166]Carter, 341. [167]Apparently, our spirits need to be "clothed" with spiritual bodies to function fully and to fulfill their eternal destiny. [168]Luke 24:39 in the LB says, "Touch me and make sure that I am not a ghost! For ghosts don't have bodies, as you see that I do!" [169]When Jesus instituted the Lord's Supper, He emphasized that it proclaimed His death (1 Cor. 11:23–26); but there is also a close relationship between the Lord's Supper and the resurrection. Since Jesus arose on the first day of the week (Mt. 28:1–6), the church meets on the first day—specifically for the purpose of having the Lord's Supper (Acts 20:7; see 1 Cor. 16:1, 2). [170]The one with Peter is identified as the "disciple whom Jesus loved" (Jn. 20:2), which most believe is John's way of referring to himself (see Jn. 13:23; 19:26; 21:7, 20).

[171]"Saw" is translated from a form of ὁράω (*horaō*). This Greek word indicates more than mere observance; it indicates comprehension. [172]Some have made this claim (Mt. 28:11–15; Jn. 20:2). [173]One way the Scriptures indicate this is with a word unfamiliar to many: "propitiation" (1 Jn. 2:2; 4:10). This term means "that which satisfies the justice of God." [174]Both the Sabbath and the first day were hallowed by events starting with "res": The Sabbath was hallowed by God's *resting* on the seventh day. The first day was hallowed by the resurrection of Jesus. [175]This illustration was adapted from Dick Marcear, "It's Time to Take a Stand," Hilltop Reflections, bulletin of the Central church of Christ in Ama- rillo, Texas, 13 April 1986. [176]These reasons were adapted from Deason, 51–52. [177]Quoted in David F. Burgess, comp., *Encyclopedia of Sermon Illustrations* (Saint Louis: Concordia Publishing House, 1988), 67. [178]Adapted from Roger Lovette, in *Illustrating Paul's Letter to the Romans*, comp. James E. Hightower (Nashville: Broadman Press, 1984), 10. [179]Adapted from Ray F. Chester, "The Powerful Gospel," *Abilene Christian College Annual Bible Lectures* (1959), 41–42. [180]Wiersbe, 516–17.

[181]James Meadows, Class Notes, *Romans*, East Tennessee School of Preaching and Missions, Knoxville (2003), 5. [182]Adapted from Brian Harbour, in *Illustrating Paul's Letter to the Romans*, 12. [183]Coy Roper (sermon). [184]Ibid. (emphasis added). [185]Richard C. Halverson, *No Greater Power*. Quoted in *The Answer* edition of the New Century Version (Dallas: Word Bibles, 1993), 1248. [186]In order to emphasize that we are saved by the gospel and not by some "feeling better felt than told," preachers have sometimes put the emphasis on the word "the": "It [the gospel] is *the* power of God for salvation." This passage does teach that the gospel is God's means of saving souls today (and therefore that "a direct operation" of the Holy Spirit is unnecessary), but not by putting stress on the word "the." As noted above, "the" is not in the original text. [187]For instance, it was good news that the kingdom/church was "at hand" (Mk. 1:14, 15) and that God's provisions were for all (Mt. 11:5). [188]Sometimes preachers say, "The greatest miracle that took place on Pentecost was not . . . but. . . ." Most who phrase the idea this way use "miracle" in an accommodative sense to mean "marvelous divine manifestation." As one who has often discussed the question of whether or not we still have miracles today, it is my conviction that it is better not to use the word "miracle" in this sense. [189]Adapted from a variety of sources, including Morris, 73; and Swindoll, *Coming to Terms with Sin*, 16. [190]Adapted from Alton H. McEachern, in *Illustrating Paul's Letter to the Romans*, 20–21.

[191]Adapted from Bill Bruster, in *Illustrating Paul's Letter to the Romans*, 20. [192]McGuiggan pointed out that we cannot even prove monotheism from nature alone. (McGuiggan, 76–77.) There *is* only one God, but Paul was discussing another matter here. [193]Quoted in Townsend, 14. [194]Our world is primarily one of *Order* and *Design*. While the believer must deal with "the problem of evil," the unbeliever has a greater challenge: to explain "the problem of *good*." [195]I realize that there is a "cycle" theory about the universe periodically renewing itself, but at the moment this remains an

unsupported theory that goes against known facts of science. [196]One of the writers in *The Evidence of God* noted that our understanding that everything had to be made is natural, not learned. Every child asks, "Where did that come from? Who made that?" [197]A television program once showed a device costing hundreds of thousands of dollars. It required much training and expertise to operate. The device had one purpose: to pick up and move fragile containers of radioactive materials. In other words, it could perform *one* of the capabilities of the human hand. [198]The Bible tells us that this world is just a stopping place on the way to eternity; but the fact still remains that *while we are here*, the Bible gives us "the abundant life." [199]In many of these countries, the Bible no longer has much influence. However, since the Bible was influential in earlier days, when philosophies of life were formed and national directions were set, the statement remains true. [200]Consider those who place food and other items in graves for the dead to use in the next life.

[201]Glen Pace, sermon preached at Judsonia church of Christ, Judsonia, Arkansas, 5 January 2003. [202]Adapted from David Roper, *"The Day Christ Came (Again)" and Other Sermons* (Dallas: Christian Publishing Co., n.d.), 64–65. [203]The idea of "dishonoring the body" probably has special application regarding homosexuality, which Paul discussed next (1:26, 27). Still, some general remarks on how any unscriptural sex dishonors the body are appropriate. [204]"Morality and Homosexuality," *Wall Street Journal* (24 February 1994): A18. [205]Bobby Dockery, "Homosexuality" (tract) (N.p.: Gospel Tracts International, n.d.). [206]Swindoll, *Coming to Terms with Sin*, 26. [207]Ibid., 6. [208]Barton, Veerman, and Wilson, 36.